# വക്രോക്തിഃ കാവ്യജീവിതം

ഡോ. എൻ. വി. പി. ഉണിത്തിരി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം

2001

## ആമുഖം

ഏറെ വാദവിവാദങ്ങൾക്കു വിധേയമായിട്ടുള്ള ഭാരതീയ കാവ്യസിദ്ധാന്തങ്ങളിലൊന്നാണ് കുന്തകന്റെ വക്രോക്തിസിദ്ധാന്തം. 'വളച്ചുകെട്ടിപ്പറയൽ' എന്നിടത്തോളം ഈ സിദ്ധാന്തത്തെ താഴ്ത്തിക്കെട്ടിയത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ്. പാഠപുസ്തകങ്ങൾക്കപ്പുറം പോകാത്ത പലരും മുണ്ടശ്ശേരിയുടെ പാഠമാണ് ശരിയെന്നു ധരിച്ചേക്കാനുമിടയുണ്ട്. ഈ ധാരണ തിരുത്തുന്ന ഏറ്റവും മികച്ച ആധികാരികപൗരസ്ത്യസൗന്ദര്യശാസ്ത്രഗ്രന്ഥമാണ് ഡോ. എൻ. വി. പി. ഉണിത്തിരിയുടെ *വക്രോക്തിഃ കാവ്യജീവിതം*.

വക്രോക്തിസിദ്ധാന്തത്തെക്കുറിച്ച് നാളിതുവരെ മലയാളത്തിലുണ്ടായിട്ടുള്ള പഠനങ്ങളിൽവെച്ച് ഏറ്റവും സമഗ്രവും സ്വീകാര്യവുമാണിത്. ഏറെ പുരാതനമെങ്കിലും ഇന്നും 'അതിസൂക്ഷ്മചാരുതകളെ അനാവരണം' ചെയ്യാനും സാഹിത്യകുതുകികളുടെ ആസ്വാദന–വിമർശനങ്ങളെ സുശക്തമാക്കാനും പോന്നതാണ് കുന്തകസിദ്ധാന്തമെന്ന് ഡോ. ഉണിത്തിരി സ്ഥാപിക്കുന്നു. സിദ്ധാന്തത്തിന്റെ നാനാവശങ്ങളും സൂക്ഷ്മവിശകലനത്തിനു വിധേയമാക്കി സോദാഹരണമാണ് അദ്ദേഹം തന്റെ വ്യാഖ്യാനങ്ങൾ ഭദ്രമാക്കുന്നത്. ആശാനെയും വള്ളത്തോളിനെയും ഇടശ്ശേരിയെയും വിപുലമായി ഉദ്ധരിച്ചുകൊണ്ടുള്ള വിശകലനം പഠിതാക്കൾക്ക് ഏറെ സഹായകവും ആസ്വാദ്യവുമായിരിക്കും.

'വക്രോക്തിയുടെ ആപ്ലിക്കേഷൻ മലയാളകവിതയിൽ' എങ്ങനെയാണ് സാധിക്കേണ്ടതെന്ന് ആസ്വാദകനെ പഠിപ്പിക്കാനും ഡോ. ഉണിത്തിരി ഒരധ്യായം മാറ്റിവെച്ചിരിക്കുന്നു. വൈലോപ്പിള്ളിയുടെ *ഋശ്യശൃംഗൻ* എന്ന കൃതിയാണ് സോദാഹരണപഠനത്തിന് ഉപയോഗിച്ചിട്ടുള്ളത്. വരട്ടുസിദ്ധാന്തത്തിന്റെ തലത്തിലല്ല, സജീവമായ പ്രയോഗതലത്തിലാണ് വക്രോക്തിയുടെ സ്ഥാനം എന്നു സ്ഥാപിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്.



സർവകലാശാലകളിലെ അധ്യാപകരും വിദ്യാർഥികളും മാത്രമല്ല, സഹൃദയലോകമാകെ ഈ ഗ്രന്ഥത്തെ അംഗീകരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

എസ്. വിജയം
വി. പത്മനാഭൻ

## ഡോ. എൻ. വി. പി. ഉണിത്തിരി

1945 ഡിസമ്പർ 15–ന് കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ കുളപ്പുറത്ത് ജനിച്ചു. അച്ഛൻ: ടി. സി. ഗോവിന്ദൻ നമ്പൂതിരി. അമ്മ: എൻ. വി. പാപ്പപ്പിള്ളയാതിരിയമ്മ. മാടായി ഗവ. ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. യും കണ്ണൂർ ഗവ. ബേസിക് ട്രയിനിംഗ് സ്കൂളിൽനിന്ന് ടി. ടി. സി. യും പാസ്സായ ശേഷം പ്രൈമറി സ്കൂൾ അധ്യാപകനായി 1965–ൽ ജോലി തുടങ്ങി. പ്രൈവറ്റായി പഠിച്ച് മലയാളം വിദ്വാൻ, ബി. എ. (മലയാളം), എം. എ. (സംസ്കൃതം) എന്നിവ പാസ്സായി. 1974–ൽ കല്യാശ്ശേരി ഗവ. ഹൈസ്കൂളിൽ ഭാഷാധ്യാപകനായി ജോലി ചെയ്യവേ, കേരളസർവകലാശാലാസംസ്കൃത വിഭാഗത്തിൽ പി. എച്ച്. ഡി. ക്കു ചേർന്നു. 1975–ൽ അവിടെത്തന്നെ ലക്ചററായി. 1978–ൽ കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലേക്കു മാറി. 1985 മുതൽ അവിടെ വകുപ്പധ്യക്ഷൻ. 1996 നവമ്പർ മുതൽ മൂന്നുവർഷം കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ ആദ്യത്തെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് (പ്രോവൈസ് ചാൻസലർ) ആയി സേവനമനുഷ്ഠിച്ചു. 1987–90 കാലത്ത് കേരളസർക്കാർ സാംസ്കാരികപ്രസിദ്ധീകരണവകുപ്പിന്റെ ഉപദേശകസമിതി ചെയർമാനായിരുന്നു. 2000 ഒക്ടോബർ മുതൽ ഏഴു മാസം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ. മുന്നൂ കൊല്ലം കേരളസാഹിത്യസമിതിയുടെ ജനറൽ സെക്രട്ടറിയും രണ്ടുകൊല്ലം പുരോഗമനകലാസാഹിത്യസംഘത്തിന്റെ പ്രസിഡണ്ടുമായി പ്രവർത്തിച്ചു. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗം പ്രൊഫസറായിരിക്കേ, 2006 മാർച്ച് 31–ന് റിട്ടയർ ചെയ്തു.

സന്ദേശകാവ്യപ്രസ്ഥാനം, ഗവേഷണപ്രബന്ധങ്ങൾ, ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, സമൂഹം മതം ദർശനം, പ്രയോഗദീപിക (സംശോധിതസംസ്കരണം), സംസ്കൃതസാഹിത്യവിമർശനം, ശാസ്ത്രവും ദർശനവും പ്രാചീനഭാരതത്തിൽ (വിവ.), വിവേകാനന്ദന്റെ സമകാലികപ്രസക്തി, പ്രാചീനഭാരതീയദർശനം, ശങ്കരദർശനം മാർക്സിസ്റ്റുവീക്ഷണത്തിൽ (എഡി.), അരാഷ്ട്രീയതയുടെ രാഷ്ട്രീയം, രാമായണപഠനവും മറ്റും, സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും, മതവും മതഭ്രാന്തും, ഹിന്ദുത്വവും ഹിന്ദുമതവും, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദദർശനം, ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം, നടന്നുവന്ന വഴികൾ (ആത്മകഥ), ഇന്ത്യൻ ഭൗതികവാദപൈതൃകം, സംസ്കാരപഠനങ്ങൾ, വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠനം, വൈദികം, പോരാളിയും തേരാളിയും – ഭഗവദ്ഗീതയുടെ



ഭൗതികവ്യാഖ്യാനം (വിവ.), ശാസ്ത്രവും സമൂഹവും, അത്യുത്തരകേരളീയം, വേദപാഠസംരക്ഷണം, പാഠവിമർശനം സംസ്കൃതത്തിൽ, രാമായണം (വാല്മീകിരാമായണത്തിന്റെ ഗദ്യപുനരാഖ്യാനം), ബഷീർ മുതൽ ഒ. എൻ. വി. വരെ, ശബ്ദാർഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ, എഴുത്തച്ഛൻകൃതികൾ കാളിദാസകൃതികൾ – ഒരു പഠനം, ശ്യാമമാധവം – ഒരു പഠനം, ഓർമകളിലെ എൻ. വി., മങ്ങാത്ത ഓർമകൾ എന്നിവ പ്രധാനമലയാളകൃതികൾ.

വള്ളത്തോളിന്റെ ശിഷ്യനും മകനും, മഗ്ദലനമറിയം, അച്ഛനും മകളും, കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒ. എൻ. വി. യുടെ ഉജ്ജയിനി, പി. കുഞ്ഞിരാമൻ നായരുടെ നരബലി, ഇടശ്ശേരിയുടെ അമ്പാടിയിലേക്കു വീണ്ടും, കാവിലെ പാട്ട്, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ജയം, പ്രഭാവർമയുടെ ശ്യാമമാധവം, കനൽച്ചിലമ്പ് എന്നീ കവിതകളുടെ സംസ്കൃതവിവർത്തനങ്ങൾ, മാക്ബതനാടകകഥ എന്ന സ്വതന്ത്രസംസ്കൃതകാവ്യം എന്നിവ മുഖ്യസംസ്കൃത കൃതികൾ.

മറ്റു കൃതികളിൽ സ്റ്റഡീസ് ഇൻ സാൻസ്ക്രിറ്റ് ലിറ്ററേച്ചർ, പൂർണസരസ്വതി, ക്യാറ്റ്ലോഗ് ഓഫ് മാനുസ്ക്രിപ്റ്റ്സ് (എഡി.), ഇൻഡ്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റ് (എഡി.), ഇൻഡ്യൻ സയന്റിഫിക് ട്രഡിഷൻസ് (എഡി.), പദപ്രദീപിക, കുമാരസംഭവം (സർവജ്ഞവനമുനിയുടെ ശിശുബോധിനീവ്യാഖ്യാനത്തോടുകൂടി), രഘുവംശം (സർവജ്ഞവനമുനിയുടെ സലക്ഷണാവ്യാഖ്യാനത്തോടുകൂടി, ശ്രീരാമകൃഷ്ണഗീത, നാരായണന്റെ തന്ത്രസാരസംഗ്രഹം (സ്വർണ്ണഗ്രാമവാസുദേവന്റെ മന്ത്രവിമർശിനീവ്യാഖ്യാനത്തോടുകൂടി), ഒ. കെ. മുൻഷിയുടെ ധാതുരൂപപ്രപഞ്ചം, പൂർണസരസ്വതിയുടെ ഭക്തിമന്ദാകിനീവ്യാഖ്യാനം (എച്ച്. എൻ. ഭട്ട്, എസ്. എ. എസ്. ശർമ എന്നിവരോടുകൂടി) എന്നീ സംസ്കൃകൃതികളുടെ എഡിഷൻ എന്നിവ ഉൾപ്പെടുന്നു.

*പ്രാചീനഭാരതീയദർശന*ത്തിനു പുത്തേഴൻ അവാർഡും *വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠന*ത്തിന് അബുദാബി ശക്തി അവാർഡും *വൈദിക*ത്തിന് കേരളസാഹിത്യഅക്കാദമിയുടെ കെ. ആർ. നമ്പൂതിരി അവാർഡും *രാമായണ*ത്തിന് തിരുവനന്തപുരം പുസ്തകമേള പുരസ്കാരവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗദ്യപുനരാഖ്യാനപുരസ്കാരവും ലഭിച്ചിട്ടുണ്ട്. വേദപഠനത്തിനും സംസ്കൃതസാഹിത്യത്തിനും നൽകിയ സമഗ്രസംഭാവനകൾക്ക് കടവല്ലൂർ അന്യോന്യപരിഷത്തിന്റെ വാചസ്പതിപുരസ്കാരത്തിനും

സാംസ്കാരികവകുപ്പിന്റെ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരത്തിനും, അബുദാബി ശക്തി തിയറ്റേഴ്സിന്റെ ടി. കെ. രാമകൃഷ്ണൻ പ്രത്യേകപുരസ്കാരത്തിനും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഐ. വി. ദാസ് അനുസ്മരണപുരസ്കാരത്തിനും അർഹനായി.

*ഡോ. ഉണിത്തിരിയുടെ രചനാപ്രപഞ്ചം* (എഡി. ഡോ. സി. രാജേന്ദ്രൻ) അദ്ദേഹത്തിന്റെ 2006 വരെയുള്ള പ്രധാനകൃതികളുടെ പഠനമാണ്.

ഭാര്യ: യു. കെ. ആനന്ദവല്ലി.

മക്കൾ: ആനന്ദവർധനൻ, (പൊഫസർ, ഐ. ഐ. ടി. ബോമ്പെ), പത്മജ (സോഫ്റ്റ്‌വെയർ എഞ്ചിനിയർ, പി. എസ്. എൽ, പൂന)

മരുമക്കൾ: രാജേശ്വരി (ഡയരക്ടർ, ഫ്രാക്റ്റൽ അനാലിറ്റിക്സ്, ബോംബെ), അജിത് (അസിസ്റ്റന്റ് പ്രൊഫസർ, എൻ. ഐ. ടി; സൂറത്കൽ)

പേരക്കിടാവ് : ആദിശങ്കരൻ (വിദ്യാർഥി)

വിലാസം: ആനന്ദമഠം, പോസ്റ്റ്. തേഞ്ഞിപ്പലം, മലപ്പുറം ജില്ല – 673 636.

ഫോൺ: 0494–2403058.

ഇ–മെയ്ൽ: unithiri n.v.p.@gmail.com



**ഉപക്രമം**

സംസ്കൃതസാഹിത്യവിമർശനത്തെക്കുറിച്ച് പഠനം നടത്തുന്ന ഒരാൾക്ക് വക്രോക്തിസിദ്ധാന്തത്തെ ഒഴിച്ചുനിർത്താനാവില്ല. പലരും വക്രോക്തി എന്നാൽ അനാവശ്യമായി വളച്ചുകെട്ടിപ്പറയുക എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. മലയാളത്തിലെ പ്രസിദ്ധനിരൂപകരിൽ ചിലർപോലും അതേക്കുറിച്ചെഴുതിയിട്ടുള്ളതും ഈ തെറ്റിദ്ധാരണ വളർത്തത്തക്കവിധത്തിൽത്തന്നെയാണ്. മുണ്ടശ്ശേരിയുടെ *കാവ്യപീഠിക*യിലെ അലങ്കാരത്തെപ്പറ്റിയുള്ള അധ്യായം തുടങ്ങുന്നതിങ്ങനെയാണ്: "ശബ്ദസ്വരൂപമാണ് സാഹിത്യമെന്നും അതിന്റെ ആസ്വാദ്യത മുഴുവൻ ഉക്തിവൈചിത്ര്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നുമുള്ള ധാരണയിന്മേൽ ഭാമഹൻ തൊട്ട് കുന്തകൻ വരെ ഒരു ഗണം ആലങ്കാരികന്മാർ കാവ്യസൗന്ദര്യമശേഷം കുറേ അലങ്കാരക്കള്ളറകളിൽ നുള്ളിപ്പകുത്തിട്ടുകളഞ്ഞു. രസവും ധ്വനിയും ഔചിത്യവും രീതിയുമൊക്കെ അവർക്ക് അലങ്കാരത്തിലടങ്ങി. വക്രോക്തി – വിചിത്രമായ ഉക്തി – അതിൽപ്പരം കാവ്യത്തിലൊന്നുമില്ലെന്നുവരെപ്പറഞ്ഞുകളഞ്ഞു കുന്തകൻ. രസധ്വനിപക്ഷത്തിൽനിന്നടരാടിയ ആനന്ദവർധനാദികളെ ജയിക്കാൻ കുന്തകന്റെ കക്ഷിക്കാർക്കു കഴിഞ്ഞില്ലെന്നിരുന്നാലും അവരുടെ 'ഗറില്ലാസമരം' തുടർന്നങ്ങനെ നടന്നുകൊണ്ടിരുന്നു."

ഈ പശ്ചാത്തലത്തിൽ വക്രോക്തി എന്നാലെന്താണ്, അതിന്റെ ഉല്പത്തിവികാസപരിണാമങ്ങൾ എങ്ങനെയൊക്കെയാണ് – ഇക്കാര്യങ്ങൾ സംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം.

രണ്ടു ഭാഗങ്ങളിലായി ഏഴധ്യായങ്ങളുൾക്കൊള്ളുന്നതാണ് ഈ കൃതി. ഒന്നാം ഭാഗം വക്രോക്തിയുടെ ഉല്പത്തിവികാസപരിണാമങ്ങളുടെ ഒരവലോകനം. അതിൽ നാലധ്യായങ്ങൾ. ഒന്നാമധ്യായത്തിൽ വക്രോക്തിയെക്കുറിച്ചുള്ള ആദ്യകാലസങ്കല്പങ്ങളുടെ രൂപരേഖ വരച്ചുകാട്ടുന്നു. ഭാമഹന്റെ സംഭാവന പ്രത്യേകിച്ചെടുത്തു വിവരിക്കുന്നു. രണ്ടാമധ്യായം ഈ വക്രോക്തിസങ്കല്പം പിൽക്കാലത്ത് നേരിടുന്ന അപചയം ചൂണ്ടിക്കാട്ടാൻ ഉപയോഗിച്ചിരിക്കുന്നു. രുദ്രടന്റെ *കാവ്യാലങ്കാര*ത്തിലാണ് ഈ സങ്കല്പത്തിന്റെ അപചയം ഏതാണ്ട് പൂർത്തിയാവുന്നത്. ധ്വനിദർശനത്തിന്റെ തണലിൽ വക്രോക്തി വീണ്ടും ഒന്ന് തലയുയർത്തിനിൽക്കുന്ന ചിത്രം അടുത്ത അധ്യായത്തിൽ വരച്ചുകാട്ടുന്നു. ഈ ഭാഗത്തിലെ അന്തിമാധ്യായത്തിൽ – നാലാമധ്യായത്തിൽ – കുന്തകനുശേഷം വക്രോക്തിസിദ്ധാന്തത്തിനു വന്നുചേർന്ന ഗതിവിഗതികളുടെ നഖചിത്രം കാണാം. വക്രോക്തിയെ

സിദ്ധാന്തപദവിയിലേക്കുയർത്തിയ കുന്തകന്റെ സമഗ്രസംഭാവന രണ്ടാം ഭാഗത്തിൽ പഠനവിഷയമാക്കിയിരിക്കുന്നു. സാഹിത്യസംബന്ധിയായ വിവിധവിഷയങ്ങളെക്കുറിച്ച് കുന്തകന്റെ വീക്ഷണങ്ങളെ വിശകലനം ചെയ്യാൻ ഇതിലെ ഒന്നാമധ്യായം ഉപയോഗിക്കുന്നു. സംസ്കൃതത്തിൽനിന്നുള്ള ഉദാഹരണങ്ങൾക്കുപുറമെ കുമാരനാശാന്റെയും വള്ളത്തോളിന്റെയും ഇടശ്ശേരിയുടെയും കവിതകളിൽനിന്നും ഇവിടെ ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. കുന്തകന്റെ ചില നിലപാടുകളോട് വിയോജിക്കേണ്ടിവന്നതും ഒളിച്ചുവെച്ചിട്ടില്ല. കുന്തകനും വക്രോക്തിയും എന്ന രണ്ടാമധ്യായത്തിൽ കുന്തകൻ ആവിഷ്കരിച്ച ആറു തരം വക്രതകളെക്കുറിച്ചുള്ള പഠനമാണ്. കുമാരനാശാന്റെയും വള്ളത്തോളിന്റെയും കവിതകളിൽനിന്ന് ഈ അധ്യായത്തിലും ധാരാളം ഉദാഹരണങ്ങൾ എടുത്തുചേർത്തിട്ടുണ്ട്. മൂന്നാമധ്യായത്തിൽ വൈലോപ്പിള്ളിയുടെ *ഋശ്യശൃംഗൻ* എന്ന നാടകത്തിൽ വക്രോക്തി സമന്വയിച്ചുകാട്ടിക്കൊണ്ട് പ്രാചീനമായൊരു സാഹിത്യസിദ്ധാന്തത്തെ ഇന്നത്തെ വിമർശനത്തിൽ എങ്ങനെ ഉപയോഗിക്കാമെന്നതിന് ഒരു മാതൃക അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നു. ഉപസംഹാരത്തിൽ കുന്തകന്റെ വക്രോക്തിസിദ്ധാന്തത്തിന്റെ ഹ്രസ്വമായ വിലയിരുത്തലാണ്.

കാവ്യശില്പം സുഭദ്രമാക്കുന്നതിനാവശ്യമായ രചനാമർമങ്ങൾ വിശദീകരിക്കുന്ന വക്രോക്തിസിദ്ധാന്തം മധ്യകാലഭാരതത്തിലെ ജാതിജന്മിനാടുവാഴിത്തക്ഷേത്രകേന്ദ്രിതവ്യവസ്ഥയുടെ സന്തതിയാണ്. ഈ സാമൂഹ്യപശ്ചാത്തലത്തെക്കുറിച്ച് എന്റെ *സംസ്കൃതസാഹിത്യവിമർശന*ത്തിൽ അനുബന്ധപ്രബന്ധങ്ങളിലൊന്നിൽ ചർച്ച ചെയ്തതുകൊണ്ട് ഈ പുസ്തകത്തിൽ അതേപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. അതേസമയം സാഹിത്യത്തിന്റെ രചനയെയും ആസ്വാദനത്തെയും മറ്റു പല കാര്യങ്ങളെയും കുറിച്ചുള്ള ആ പ്രാചീനമധ്യകാലതത്വങ്ങൾ ഇന്നും പ്രസക്തമാണെന്നു കാണാൻ കഴിയും. അതാണ് ഈ കൃതിയുടെ രചനയ്ക്ക് എന്നെ പ്രേരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട വസ്തുത. ഇത് സഫലമായോ എന്നു വിലയിരുത്തേണ്ടത് ഗുണദോഷവിവേകികളായ വായനക്കാരാണ്. അതിന് അവരെ ക്ഷണിച്ചുകൊള്ളുന്നു.

ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ താല്പര്യം കാണിച്ച കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിനോട് ഹൃദയം നിറഞ്ഞ കൃതജ്ഞത.

ഡോ. എൻ. വി. പി. ഉണിത്തിരി,
സംസ്കൃതവിഭാഗം,
കോഴിക്കോട് സർവകലാശാല

2000 ജൂൺ 15



**ഉള്ളടക്കം**

ഉപക്രമം
ഭാഗം ഒന്ന്:
വക്രോക്തി – ഉല്പത്തിവികാസപരിണാമങ്ങൾ
1. ഭാമഹന്റെ സംഭാവന
2. ഒരു സങ്കല്പത്തിന്റെ അപചയം
3. ധ്വനിദർശനത്തിന്റെ തണലിൽ
4. കുന്തകന്റെ പിന്മുറക്കാർ
ഭാഗം രണ്ട്:
കുന്തകനും വക്രോക്തിയും
1. കുന്തകന്റെ പൊതുനിലപാടുകൾ
2. ആറുതരം വക്രതകൾ
3. വക്രോക്തി വൈലോപ്പിള്ളിയുടെ 'ഋശ്യശൃംഗ'നിൽ
ഉപസംഹാരം

ഭാഗം ഒന്ന്:
വക്രോക്തി – ഉല്പത്തിവികാസപരിണാമങ്ങൾ



# 1

## ഭാമഹന്റെ സംഭാവന

*അലങ്കാരസർവസ്വ*വ്യാഖ്യാതാവായ സമുദ്രബന്ധൻ (ക്രി. പി. 14 –ാം ശതകം) സംസ്കൃതസാഹിത്യവിമർശനത്തിലെ മുഖ്യസിദ്ധാന്തങ്ങളെ ഇപ്രകാരം വിഭജിക്കുന്നു: "വിശിഷ്ടങ്ങളായ ശബ്ദാർഥങ്ങളാണ് കാവ്യം. അവയുടെ വൈശിഷ്ട്യം ധർമം മുഖേന, വ്യാപാരം മുഖേന, വ്യംഗ്യം മുഖേന എന്ന് മൂന്നഭിപ്രായങ്ങൾ. ആദ്യത്തേത് അലങ്കാരത്തിലൂടെ, ഗുണത്തിലൂടെ എന്ന് രണ്ടുവിധം. രണ്ടാമത്തേത് ഭണിതിവൈചിത്ര്യംകൊണ്ട്, ഭോഗകൃത്വംകൊണ്ട് എന്നിങ്ങനെ രണ്ടുവിധം. ഇങ്ങനെ അഞ്ചുവിധമുള്ളതിൽ ആദ്യത്തേത് ഉത്ഭടൻ തൊട്ടുള്ളവരും രണ്ടാമത്തേത് വാമനനും മൂന്നാമത്തേത് *വക്രോക്തിജീവിത*കാരനും നാലാമത്തേത് ഭട്ടനായകനും അഞ്ചാമത്തേത് ആനന്ദവർധനനും അംഗീകരിച്ചിരിക്കുന്നു." ആധുനികപണ്ഡിതന്മാർ ഈ പട്ടിക ഇനിയും നീട്ടുന്നു. രസം, രീതി, അലങ്കാരം, ധ്വനി, വക്രോക്തി, അനുമിതി, ഔചിത്യം, ചമൽക്കാരം എന്നിങ്ങനെയുള്ള അത്തരം വിഭജനങ്ങളിലും വക്രോക്തിക്ക് സ്ഥാനമുണ്ട്. പ്രസ്തുതസിദ്ധാന്തത്തിന് സംസ്കൃതസാഹിത്യവിമർശനത്തിലുള്ള സ്ഥാനമെന്തെന്ന് സൂചിപ്പിക്കാൻ ഇതിവിടെ പറഞ്ഞുവെന്നേയുള്ളൂ.

ഭാമഹനു (ആറാം ശതകം)മുൻപ് സാഹിത്യശാസ്ത്രകാരന്മാരാരും വക്രോക്തിയെ പരാമർശിച്ചുകാണുന്നില്ല. അതുകൊണ്ട് അങ്ങനെയൊരു സങ്കല്പം അദ്ദേഹത്തിനുമുൻപുണ്ടായിരുന്നില്ലെന്നു വരുന്നില്ല. പ്രാചീനകവികൾ ഇടയ്ക്കെല്ലാം ഈ വാക്കെടുത്തു പെരുമാറുന്നുണ്ട്. അത് ഈ ചർച്ചയുടെ പരിധിയിൽ പെടുന്നില്ലെങ്കിലും കാവ്യങ്ങളിലായാലും വിമർശനത്തോടു ബന്ധപ്പെട്ടവിധത്തിൽ വല്ലതും പറഞ്ഞുകാണുന്നുണ്ടെങ്കിൽ അത് നമുക്കിവിടെ പ്രസക്തമാണ്. സുബന്ധു *വാസവദത്ത*യിലെ "പ്രത്യക്ഷരശ്ലേഷമയപ്രബന്ധവിന്യാസവൈദഗ്ധ്യനിധിർനിബന്ധം," "അഗ്രഹേണാപി കാവ്യജീവജ്ഞേന" ഇത്യാദി വരികളിൽ വക്രോക്തിയെപ്പറ്റി തനിക്കുള്ള അഭിപ്രായം സൂചിപ്പിക്കുന്നുണ്ട്. ബാണഭട്ടൻ വ്യക്തമായിത്തന്നെ വക്രോക്തിയെ പരാമർശിച്ചിരിക്കുന്നു. "വക്രോക്തിനിപുണേന വിലാസിജനേന," "ഏഷാപി ബുധ്യത ഏവ ഏതാവതീർവക്രോക്തീഃ," "ഇയമപി ജാനാത്യേവ പരിഹാസജല്പിതാനി," "അഭൂമിരേഷാ ഭുജംഗഭംഗിഭാഷിതാനാം" (*കാദംബരി*). ഇവിടെ വക്രോക്തികൊണ്ടർഥമാക്കുന്നത് ക്രീഡാലാപമോ പരിഹാസജല്പിതമോ ആണെന്നത്രേ പണ്ഡിതമതം.

"സാ പത്യുഃ പ്രഥമാപരാധസമയേ സഖ്യോപദേശം വിനാ
നോ ജാനാതി സവിഭ്രമാംഗവലനാവക്രോക്തിസംസൂചനം"

(1. 29. അവൾക്ക് ഭർത്താവിന്റെ ആദ്യാപരാധസന്ദർഭത്തിൽ സഖിയുടെ ഉപദേശമില്ലാതെ സവിലാസസാവയവചലനങ്ങളോടെ വക്രോക്തിസൂചന മനസ്സിലാക്കാൻ കഴിയുന്നില്ല.) എന്ന *അമരുകശതക*പദ്യാർധത്തിലെ വക്രോക്തിക്കും ഇതുതന്നെയാണർഥം കല്പിക്കേണ്ടത്. *രാഘവപാണ്ഡവീയ*മഹാകാവ്യത്തിൽ കവിരാജൻ പറയുന്നു:

"സുബന്ധുർബാണഭട്ടശ്ച കവിരാജ ഇതി ത്രയഃ
വക്രോക്തിമാർഗനിപുണാശ്ചതുർഥോ വിദ്യതേ ന വാ"

(1. 41. സുബന്ധു, ബാണഭട്ടൻ, കവിരാജൻ എന്നീ മൂന്നുപേർ വക്രോക്തിമാർഗനിപുണന്മാരാണ്. നാലാമതൊരാളുണ്ടോ എന്നു സംശയം.) ഇവിടെ വക്രോക്തികൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നു തികച്ചും വ്യക്തമല്ല. ഭരതന്റെ (2–4 ശതകങ്ങൾക്കിടയിൽ) *നാട്യശാസ്ത്ര*ത്തിൽ വക്രോക്തിയെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ, അഭിനവഗുപ്തൻ (11–ാം ശതകം) തന്റെ വ്യാഖ്യാനമായ *അഭിനവഭാരതി*യിൽ വക്രോക്തിയെ പരാമർശിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "ബന്ധോ ഗുംഫഃ ഭണിതിഃ വക്രോക്തിഃ ഇതി ഹി പര്യായാത് ലക്ഷണം തു അലങ്കാരശൂന്യമപി ന നിരർഥകം" (ബന്ധം, ഗുംഫം, ഭണിതി, വക്രോക്തി, കവിവ്യാപാരം എന്നിവ പര്യായങ്ങളാകയാൽ 'ലക്ഷണം' അലങ്കാരശൂന്യമാണെങ്കിലും നിരർഥകമല്ല). ഉത്തരക്ഷണത്തിൽത്തന്നെ അദ്ദേഹം "സൈഷാ സർവൈവ വക്രോക്തിഃ" എന്നു തുടങ്ങുന്ന പ്രസിദ്ധമായ ഭാമഹകാരിക ഉദ്ധരിക്കുന്നുമുണ്ട്. അപ്പോൾ ഭരതന്റെ 'ലക്ഷണ'ത്തിൽ വക്രോക്തിസങ്കല്പത്തിന്റെ ഒരു പൊടിപ്പ് കണ്ടെത്താം.

"ഷട്ത്രിംശദേതാനി ഹി ലക്ഷണാനി
പ്രോക്താനി വൈ ഭൂഷണസമ്മിതാനി
കാവ്യേഷു ഭാവാർഥഗതാനി തജ്ജ്ഞൈഃ
സമ്യക് പ്രയോജ്യാനി യഥാരസം തു"

(*നാട്യശാസ്ത്രം*, 17. 4. അലങ്കാരതുല്യങ്ങളും ഭാവാർഥഗതങ്ങളുമായി ഇങ്ങനെ മുപ്പത്താറു ലക്ഷണങ്ങൾ. അവയറിയുന്നവർ കാവ്യങ്ങളിൽ രസത്തിനൊത്ത് നന്നായി പ്രയോഗിക്കണം.) എന്ന വിവരണത്തിൽനിന്ന് ലക്ഷണമെന്തെന്ന സൂചന നമുക്ക് കിട്ടും. സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ കാവ്യം എന്നതുകൊണ്ട് സാഹിത്യത്തെ മൊത്തത്തിലാണ് വിവക്ഷിക്കുന്നത്.

അലങ്കാരപ്രസ്ഥാനത്തിന്റെ പ്രതിഷ്ഠാപകനായ ഭാമഹനാണ് വക്രോക്തിസിദ്ധാന്തത്തിന് അടിസ്ഥാനമിട്ടത്. കാവ്യമെന്ന പേരിനർഹമാവണോ, 'വക്രസ്വഭാവോക്തിയുക്ത'മായിരിക്കണം അത് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ സമസ്തപദത്തെ വക്രോക്തിയോടും സ്വഭാവോക്തിയോടും കൂടിയത് എന്നു ചിലർ വ്യാഖ്യാനിക്കുന്നത് യുക്തമാണെന്നു തോന്നുന്നില്ല. വക്രരൂപമായ ഉക്തി (വക്രോക്തി)യോടുകൂടിയത് എന്ന വ്യാഖ്യാനമാണ് ഉചിതം. സ്വഭാവോക്തിയെപ്പറ്റി അത്ര നല്ല അഭിപ്രായം അദ്ദേഹത്തിനില്ല. "സ്വഭാവോക്തിരലങ്കാര ഇതി കേചിത് പ്രചക്ഷതേ" (*കാവ്യാലങ്കാരം*, 2. 93. സ്വഭാവോക്തി അലങ്കാരമാണെന്ന് *ചിലർ* പറയുന്നു) എന്ന പ്രസ്താവനയിലെ സൂചന അതാണല്ലോ. മാത്രമല്ല, വക്രോക്തിയെ പരാമർശിക്കുന്ന മറ്റു സന്ദർഭങ്ങളിലൊന്നും ഇങ്ങനെ തോളുരുമ്മിനിൽക്കുന്ന ഒരു വക്രോക്തിയെ കാണുന്നില്ലതാനും.



അലങ്കാരങ്ങളെ ഉദാഹരണപുരസ്സരം വിവരിക്കുമ്പോഴാണ് ഭാമഹന്റെ വക്രോക്തിസങ്കല്പം നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നത്. ഒന്നാം പരിച്ഛേദത്തിൽ കാവ്യത്തിന്റെ ലക്ഷണപ്രയോജനാദികൾ പറഞ്ഞുപോകുന്നിടത്തുതന്നെ അതിന്റെയൊരു തിരപ്പുറപ്പാട് കാണുന്നുണ്ട്.

"വക്രാഭിധേയശബ്ദോക്തിരിഷ്ടാ വാചാമലങ്കൃതിഃ"

(1. 36. വക്രമായ ശബ്ദാർഥവചനങ്ങൾ രണ്ടിനെയും വാക്കിന്റെ അലങ്കാരങ്ങളായി കണക്കാക്കുന്നത് നമുക്ക് സമ്മതമാണ്). എന്നാൽ,

"സൈഷാ സർവൈവ വക്രോക്തിരനയാർഥോ വിഭാവ്യതേ;
യത്നോസ്യാം കവിനാ കാര്യഃ, കോലങ്കാരോനയാ വിനാ?"

(2. 85. ഈ വക്രോക്തി സർവത്ര കാണാം. ഇതുകൊണ്ടത്രേ അർഥം തെളിഞ്ഞുമിന്നുന്നത്. ഇതിലാണ് കവി മനസ്സിരുത്തേണ്ടത്. ഇതില്ലാതെ പിന്നെന്തലങ്കാരമാണ്!) എന്ന കാരികയിലാണ് പ്രസ്തുതസങ്കല്പം തിര നീക്കി അരങ്ങത്തു വരുന്നത്. അലങ്കാരമാണ് കവിതയ്ക്ക് മോടി കൂട്ടുന്നത് എന്നാണ് ഭാമഹന്റെ അഭിപ്രായം.

"ന കാന്തമപി നിർഭൂഷം വിഭാതി വനിതാനനം"

(1. 13. മനോഹരമെങ്കിലും അലങ്കാരമണിയാത്ത മുഖത്തിന് ശോഭയില്ല). വക്രവചസ്സുകളെന്നാണ് അദ്ദേഹം കവികളെ വിശേഷിപ്പിക്കുന്നത് ("വക്രവാചാം കവീനാം" – 4. 23). അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അകവികളിൽനിന്ന് കവികളെ വ്യാവർത്തിപ്പിക്കുന്ന ധർമം തന്നെ ഈ വാഗ്വക്രത്വമാണ്. വക്രോക്തിയുടെ വൈദ്യുതിസ്പർശമേൽക്കുമ്പോഴേ കവിത കവിതയാവൂ എന്നദ്ദേഹം എടുത്തുപറയുന്നുണ്ട്. ഹേതു, സൂക്ഷ്മം, ലേശം എന്നിവയെ അലങ്കാരത്തിൽ പെടുത്താതെ കേവലം റിപ്പോർട്ടിങ്ങായി തള്ളിയതും അവയ്ക്ക് വക്രോക്തിസ്പർശം തീരെയില്ലെന്നതുകൊണ്ടാണ്. 'സൂര്യനസ്തമിച്ചു;

ചന്ദ്രൻ പ്രകാശിക്കുന്നു; പറവകൾ കൂടണയുന്നു' – ഇതൊക്കെ എങ്ങനെ സാഹിത്യമാവും? വെറും 'വാർത്ത'യാണിത്.

"ഹേതുശ്ച സൂക്ഷ്മോ ലേശോഥ നാലങ്കാരതയാ മതഃ
സമുദായാഭിധേയസ്യ വക്രോക്ത്യനഭിധാനതഃ
ഗതോസ്തമർക്കോ ഭാതീന്ദുർയാന്തി വാസായ പക്ഷിണഃ
ഇത്യേവമാദി കിം കാവ്യം? വാർത്താമേനാം പ്രചക്ഷതേ."
(2. 86–87)

ഈ വക്രോക്തിയെയാണ് ചിലർ കേവലം വളച്ചുകെട്ടിപ്പറയലായി ചുരുക്കിക്കാണുന്നത്. ഭാമഹന്റെ ചില പ്രയോഗങ്ങൾ അതിന് പഴുത് വെച്ചുകൊടുത്തിട്ടില്ലെന്നു പറഞ്ഞുകൂടാ. പ്രഹേളികാപ്രായങ്ങളായ കൃതികൾക്ക് ഉത്തമസമ്മതിപത്രം കൊടുക്കാൻ അദ്ദേഹം ഒരുമ്പെട്ടിട്ടുണ്ട്. നോക്കുക:

"നാനാധാത്വർഥഗംഭീരാ യമകവ്യപദേശിനീ
പ്രഹേളികാ സാ ഹ്യുദിതാ രാമശർമാച്യുതോത്തരേ.
കാവ്യാന്യപി യദീമാനി വ്യാഖ്യാഗമ്യാനി ശാസ്ത്രവത്
ഉത്സവഃ സുധിയാമേവ ഹന്ത! ദുർമേധസോ ഹതാഃ."

(2. 19–20. വിവിധധാത്വർഥങ്ങൾകൊണ്ട് ഗംഭീരവും യമകമെന്നു പറയാറുള്ളതുമായ പ്രഹേളിക രാമശർമയുടെ *അച്യുതോത്തര*ത്തിൽ കാണാം. ശാസ്ത്രങ്ങളെപ്പോലെ വ്യാഖ്യാനംകൊണ്ടുമാത്രം മനസ്സിലാവുന്ന ഇവയും കാവ്യങ്ങൾ തന്നെ. ബുദ്ധിമാന്മാർക്ക് ഉത്സവമാണിവ. കഷ്ടിപിഷ്ടിക്കാർ കുഴങ്ങിയതുതന്നെ!)

എന്നാൽ, ഹേതു–സൂക്ഷ്മ–ലേശങ്ങളെ അലങ്കാരങ്ങളായി പരിഗണിക്കാതിരിക്കാൻ കാരണം പറയുന്നിടത്ത് അദ്ദേഹത്തിന്റെ വക്രോക്തിസങ്കല്പം വളരെ വ്യക്തമാണ്. ഉക്തിവൈചിത്ര്യം തന്നെയാണ് അദ്ദേഹം വക്രോക്തികൊണ്ടുദ്ദേശിക്കുന്നത്. "ഗതോസ്മർക്കോ ഭാതീന്ദുഃ" മുതലായ സ്ഥലങ്ങളിൽ എന്തുക്തിവൈചിത്ര്യമാണുള്ളത്? അതുകൊണ്ടവിടെ അലങ്കാരവുമില്ല. അനാവശ്യമായി വളച്ചുകെട്ടിപ്പറയാത്തതുകൊണ്ടാണ് അവിടെ അലങ്കാരശോഭയില്ലാത്തത് എന്നത്രേ ആചാര്യോദ്ദിഷ്ടമെന്ന് ആർക്കു പറയാൻ കഴിയും? അങ്ങനെയെങ്കിൽ ഭാമഹനുദ്ധരിച്ച അലങ്കാരോദാഹരണങ്ങൾക്ക് ഈ വളച്ചുകെട്ടിപ്പറയൽകൊണ്ടാണ് ചമൽക്കാരം കൈവന്നിട്ടുള്ളതെന്ന് പറയേണ്ടിവരും. അതാകട്ടെ, യുക്തവുമല്ല.

"സ്വപുഷ്പച്ഛവിഹാരിണ്യാ ചന്ദ്രഭാസാ തിരോഹിതാഃ
അന്വമീയന്ത ഭൃംഗാളിവാചാ സപ്തച്ഛദദ്രുമാഃ."

(2. 82. സ്വന്തം പൂക്കളുടെ ശോഭ കവരുന്ന ചന്ദ്രപ്രകാശത്താൽ മറയ്ക്കപ്പെട്ട ഏഴിലാംപാലമരങ്ങളെ വണ്ടിൻനിരയുടെ മൂളൽകൊണ്ട് തിരിച്ചറിഞ്ഞു) മുതലായ ഉദാഹരണപദ്യങ്ങളിൽ അനുഭവവേദ്യമായ രാമണീയകം ഉക്തിവൈചിത്ര്യംകൊണ്ടുണ്ടായതല്ല, വേണ്ടാതെ വളച്ചുകെട്ടിപ്പറഞ്ഞതുകൊണ്ടുണ്ടായതാണെന്ന് ഏതു സഹൃദയന്നാണ് പറയാൻ തോന്നുക?



ഇത്രയുംകൊണ്ട് വന്നുകൂടുന്നത് ഭാമഹവിവക്ഷിതമായ വക്രോക്തിയുടെ ജീവാതു ഉക്തിവൈചിത്ര്യമാണെന്നത്രേ. ലോകാതിക്രാന്തഗോചരമായ അതിശയോക്തിയുമായി സമാശ്ലേഷിച്ചുകൊണ്ടാണ് ഈ വക്രോക്തി ചമൽക്കാരം ചമയ്ക്കുന്നതെന്നും ഭാമഹൻ ഉദ്ദേശിച്ചിട്ടുണ്ടെന്നു തോന്നുന്നു. "സൈഷാ സർവൈവ വക്രോക്തിഃ" എന്ന കാരികയുദ്ധരിച്ചുകൊണ്ട് *ധ്വന്യാലോക*ത്തിൽ ആനന്ദവർധനൻ (ഒൻപതാം ശതകം) ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഏതായാലും സാഹിത്യത്തിന്റെ അവശ്യഘടകമായി വക്രോക്തിയെ നിർവചിക്കാതിരുന്നത് നമ്മെ സംബന്ധിച്ചിടത്തോളം വലിയൊരു നഷ്ടം തന്നെ. തന്റെ കാലത്ത് വ്യക്തമായ അർഥസങ്കല്പത്തോടുകൂടി പ്രചുരപ്രചാരമായിരുന്ന ഒരു സാങ്കേതികപദമായിരിക്കണം അത്. അതുകൊണ്ടാവാം, വിശേഷിച്ചൊരു നിർവചനത്തിന് അദ്ദേഹം തുനിയാതിരുന്നത് എന്ന് എസ്.കെ. ഡേ ന്യായമായും ഊഹിക്കുന്നു. (*സാൻക്രിട്ട് പോയറ്റിക്സ്,* വാള്യം 2, പേജ് 50)

★

## 11

## ഒരു സങ്കല്പത്തിന്റെ  അപചയം

ഭാമഹനെത്തുടർന്നു വന്ന സാഹിത്യവിമർശകരിൽ പ്രാമാണികനായ ദണ്ഡി (ഏഴാം നൂറ്റാണ്ട്) വക്രോക്തിയെയും പരാമർശവിഷയമാക്കുകയുണ്ടായി. ഭാമഹൻ കല്പിച്ച പ്രാധാന്യമൊന്നും, പക്ഷേ, ദണ്ഡി അതിന് നൽകുന്നില്ല. അദ്ദേഹം വക്രോക്തിയെപ്പറ്റി പറയുന്നത് രണ്ടിടത്തു മാത്രം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വാങ്മയമാകെ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു – സ്വഭാവോക്തി, വക്രോക്തി എന്നിങ്ങനെ (*കാവ്യാദർശം,* 2. 363). സ്വഭാവോക്തിയുടെ നേരെ ഭാമഹനെപ്പോലെ ഉദാസീനതയല്ല ദണ്ഡിക്ക്. അലങ്കാരങ്ങളിൽ പ്രഥമസ്ഥാനം നൽകി അദ്ദേഹം അതിനെ ആദരിക്കുന്നുണ്ട്.

"നാനാവസ്ഥം പദാർഥാനാം രൂപം സാക്ഷാദ് വിവൃണ്വതീ
സ്വഭാവോക്തിശ്ച ജാതിശ്ചേത്യാദ്യാ സാലങ്കൃതിർയഥാ."

(2. 8. വസ്തുക്കളുടെ പല അവസ്ഥയിലുള്ള രൂപത്തെ യഥാർഥമായി വിവരിക്കുന്ന, ജാതി എന്നുകൂടി പേരുള്ള സ്വഭാവോക്തി ഒന്നാമത്തെ അലങ്കാരമാണ്. )

"ജാതിക്രിയാഗുണദ്രവ്യസ്വഭാവാഖ്യാനമീദൃശം;
ശാസ്ത്രേഷ്വസ്യൈവ സാമ്രാജ്യം കാവ്യേഷ്വപ്യേതദീപ്സിതം"

(3. 13. ജാതിക്രിയാഗുണദ്രവ്യസ്വഭാവാഖ്യാനമാണ് ഈ സ്വഭാവോക്തി. ശാസ്ത്രങ്ങളിൽ ഇതിന്റെ സാമ്രാജ്യംതന്നെയാണ്. കാവ്യങ്ങളിലും ഇത് അഭികാമ്യമത്രേ.) എന്നാണ് ദണ്ഡി വാദിക്കുന്നത്.

വക്രോക്തിസ്പർശമില്ലെന്നു പറഞ്ഞ് ഭാമഹൻ തിരസ്കരിച്ച ഹേതു–സൂക്ഷ്മ–ലേശങ്ങളെ ഉത്തമാലങ്കാരങ്ങളായി ദണ്ഡി അംഗീകരിക്കുന്നു.

"ഹേതുശ്ച സൂക്ഷ്മലേശൗ ച വാചാമുത്തമഭൂഷണം."

(2. 235. ഹേതുവും സൂക്ഷ്മവും ലേശവും വാക്കിന്റെ ഉത്തമാലങ്കാരങ്ങളത്രേ.)

തുടർന്ന് മുപ്പതോളം കാരികകളിലായി അവയുടെ അവാന്തരഭേദങ്ങൾ വിവരിക്കുന്നുമുണ്ട്. ഇവയെ അലങ്കാരങ്ങളായി പരിഗണിക്കാതിരുന്നതിന് ഭാമഹൻ പറഞ്ഞ ഹേതുവിൽ ദണ്ഡി  അസംഗതത്വം ദർശിക്കുന്നു. മറ്റലങ്കാരോദാഹരണങ്ങളിൽ കാണാവുന്ന വക്രോക്തിശോഭയൊക്കെ ഇവയുടെ ഉദാഹരണങ്ങളിലും കാണാമെന്നത്രേ അദ്ദേഹം അഭിപ്രായപ്പെടുന്നത്. നോക്കുക:

"തദപാംഗാഹ്വയം ജൈത്രമനംഗാസ്ത്രം യദംഗനേ!



മുക്തം മദന്യതസ്തേന സോസ്മ്യഹം മനസി ക്ഷതഃ."

(2. 255. സുന്ദരീ, നിന്റെ കടക്കണ്ണെന്ന കാമന്റെ വിജയാസ്ത്രം പ്രയോഗിച്ചത് മറ്റൊരിടത്താണെങ്കിലും ഈ എന്റെ മനസ്സിലാണല്ലോ മുറിവേറ്റത്!)

"ആവിർഭവതി നാരീണാം മനഃ പര്യസ്തശൈശവം
സഹൈവ വിവിധൈഃ പുംസാമംഗജോന്മാദവിഭ്രമൈഃ."

(2. 256. സ്ത്രീകളുടെ ശൈശവാനന്തരകാലം, പുരുഷന്മാരുടെ പലതരം കാമോന്മാദവിഭ്രമങ്ങളോടൊപ്പം, ആരംഭിക്കുകയായി.) ദണ്ഡി ഉദ്ധരിക്കുന്ന ഇത്തരം വാക്യങ്ങളിൽ വചോഭംഗിക്ക് എന്തൊരു കുറവാണുള്ളത്?

ഭാമഹൻ അനുവദിച്ചുനിഷേധിച്ച ലക്ഷ്യത്തിൽത്തന്നെ അലങ്കാരത്വം ഉപപാദിക്കാനും ദണ്ഡി മറന്നുപോകുന്നില്ല.

"ഗതോസ്തമർക്കോ ഭാതീന്ദുർയാന്തി വാസായ പക്ഷിണഃ
ഇതീദമപി സാധ്വേവ കാലാവസ്ഥാനിവേദനേ."

(2. 244. സൂര്യൻ അസ്തമിച്ചു; ചന്ദ്രൻ പ്രകാശിക്കുന്നു; പറവകൾ കൂടണയുകയായി. – ഇതും കാലാവസ്ഥ അറിയിക്കുന്നിടത്താണെങ്കിൽ എന്തനൗചിത്യമാണുള്ളത്?) ഈ ആശയത്തിന്റെ വികസിതരൂപം നമുക്ക് പിൽക്കാലത്ത് ജഗന്നാഥപണ്ഡിതരാജന്റെ (17–ാം ശതകം) *രസഗംഗാധര*ത്തിൽ കാണാവുന്നതാണ്.

"ഉദിതം മണ്ഡലം വിധോഃ" ഇതി കാവ്യേ ദൂത്യഭിസാരികാവിരഹിണ്യാദിസമുദീരിതേ അഭിസരണവിധിനിഷേധജീവനാഭാവാദിപരേ 'ഗതോസ്തമർക്കോ' ഇത്യാദൗ ച... (*രസഗംഗാധരം*, പേജ് 7. ദൂതി, അഭിസാരിക, വിരഹിണി മുതലായവർ പറയുന്നതും അഭിസരണവിധി, അഭിസരണനിഷേധം, മരണം എന്നിവ ഉദ്ദേശിച്ചുകൊണ്ടുള്ളതുമായ 'ചന്ദ്രബിംബം ഉദിച്ചു', സൂര്യൻ അസ്തമിച്ചു' മുതലായ കാവ്യത്തിൽ ... പ്രകരണത്തിനൊത്ത് ഈ 'വാർത്ത'കൾ സാഹിത്യസൗന്ദര്യമാർജിക്കുന്നു എന്നാണല്ലോ ഇവിടത്തെ വിവക്ഷിതം.

ഏതായാലും, വക്രോക്തിക്ക് ഭാമഹൻ നൽകിയതിൽനിന്ന് എത്രയോ താഴ്ന്ന ഒരു സ്ഥാനമേ ദണ്ഡി അനുവദിക്കുന്നുള്ളൂ. സ്വഭാവോക്തിക്കും വക്രോക്തിക്കും തുല്യപ്രാധാന്യം കൊടുത്തുതന്നെ കാരണം. ദണ്ഡിയുടെ അഭിപ്രായത്തിൽ ശ്ലേഷം വക്രോക്തിയുടെ ശോഭ വർധിപ്പിക്കുന്നു.

"ശ്ലേഷഃ പുഷ്ണാതി സർവാസു പ്രായോ വക്രോക്തിഷു ശ്രിയം."
(2. 363)

അതിശയോക്തി കലർന്ന ഉക്തിവൈചിത്ര്യമാണ് വക്രോക്തി എന്ന ഭാമഹന്റെ സങ്കല്പം ദണ്ഡിക്കും സമ്മതമാണെന്ന്, അതിശയോക്തി സ്പർശം കലരാത്ത സ്വഭാവോക്തിയെ അതിൽനിന്നു വേർതിരിച്ചു നിർത്തിയതുകൊണ്ടുതന്നെ വ്യക്തമാണ്. ശ്ലേഷം അതിന്റെ ശോഭ കൂട്ടുന്നു എന്ന പ്രസ്താവനയിലൂടെ ഈ അതിശയോക്തിസാങ്കല്യം ഒന്നുകൂടി തെളിച്ചുകാട്ടുകയാണ് ദണ്ഡി. സ്വഭാവോക്തിയൊഴിച്ചുള്ള അലങ്കാരങ്ങൾക്ക് മൊത്തത്തിലുള്ളൊരു പേരാണ് ദണ്ഡിയുടെ വക്രോക്തി എന്ന് ഡോ. എസ്. കെ. ഡേ നിരീക്ഷിച്ചത് (*ഇൻട്രൊഡക്ഷൻ ടു വക്രോക്തിജീവിതം*, പേജ് 33–34) ഇവിടെ ഓർക്കാം

ദണ്ഡിക്കുശേഷം വരുന്ന പ്രസിദ്ധസാഹിത്യവിമർശകനായ വാമനൻ (8–ാം ശതകം) വക്രോക്തിയെ ദർശിക്കുന്നത് ഈ രണ്ടു പേരിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലൂടെയാണ്. അർഥാലങ്കാരങ്ങളെ മുഴുവൻ ഉപമാപ്രപഞ്ചത്തിലുൾപ്പെടുത്തിയ വാമനൻ ശ്ലേഷാലങ്കാരത്തെ വിവരിച്ചതിനുശേഷം "ഗൗണമായ അർഥത്തിലെന്നപോലെ ലാക്ഷണികമായ അർഥത്തിനും അലങ്കാരത്വമുണ്ടെന്നു കാണിക്കാൻ" (*കാവ്യാലങ്കാരസൂത്രവൃത്തി,* പേജ് 65) കൊടുത്ത സൂത്രത്തിലാണ് വക്രോക്തിയെ നിർവചിക്കുന്നത്: "സാദൃശ്യാല്ലക്ഷണാ വക്രോക്തിഃ" (4. 3. 8. സാദൃശ്യംകൊണ്ടുളവാകുന്ന ലക്ഷണയാണ് വക്രോക്തി). അർഥത്തോടുള്ള സംബന്ധം സാദൃശ്യം, സമവായം – നിത്യസംബന്ധം –, വൈപരീത്യം, ക്രിയായോഗം എന്നിവകൊണ്ട് അഞ്ചു തരത്തിൽ ലക്ഷണ പ്രവർത്തിക്കും. അക്കൂട്ടത്തിൽ സാദൃശ്യവശാൽ ഉളവാകുന്ന ലക്ഷണയേ വക്രോക്തിയാവൂ. ഉദാഹരണങ്ങളുദ്ധരിച്ച് ഇത് വ്യക്തമാക്കുന്നുണ്ടദ്ദേഹം:

"ഉന്മിമീല കമലം സരസീനാം
കൈരവം ച നിമിമീല മുഹൂർത്താത്" .

(പൊയ്കകളിൽ ക്ഷണനേരംകൊണ്ട് താമര വിരിയുകയും ആമ്പൽ കൂമ്പുകയും ചെയ്തു). ഇവിടെ കണ്ണിന്റെ ധർമങ്ങളായ വികാസസങ്കോചങ്ങൾ സാദൃശ്യത്താൽ വിരിയലിനെയും കൂമ്പലിനെയും ലക്ഷണയാ നിർദേശിക്കുന്നു.

"ആലസ്യ*മാലിംഗതി* ഗാത്രമസ്യാഃ" (ആലസ്യം ഇവളുടെ ശരീരത്തെ *ആലിംഗനം ചെയ്യുന്നു.*)

"പ്രത്യൂഷേഷു സ്ഫുടിതകമലാമോദ*മൈത്രീ*കഷായഃ" (പുലർകാലങ്ങളിൽ വിടർന്ന താമരയുടെ ഗന്ധത്തോട് *മൈത്രി* പുലർത്തുന്ന ... കാറ്റ്)



"ഊരുദ്വന്ദ്വം തരുണകദളീകാണ്ഡ*സബ്രഹ്മചാരി*" (തുട രണ്ടും യൗവനമാർന്ന വാഴത്തടിയുടെ *സഹപാഠി*)

തുടർന്ന് വാമനൻ എഴുതുന്നു: "ഝടിത്യർഥപ്രതിപത്തിക്ഷമത്വമാണ്, കേട്ടപാടേ അർഥബോധമുളവാക്കാനുള്ള കഴിവാണ്, ലക്ഷണയുടെ രഹസ്യം (പജ് 66. പ്രത്യുദാഹരണംകൊണ്ട് അദ്ദേഹം സ്വാശയം വെളിപ്പെടുത്തുന്നു. "സാദൃശ്യം നിമിത്തമല്ലാതെ വരുന്ന ലക്ഷണ വക്രോക്തിയാവില്ല. 'ജരഠകമലകന്ദച്ഛേദകന്ദൈർമയൂഖൈഃ' – മൂത്ത താമരക്കിഴങ്ങിന്റെ കഷണംപോലെ വെളുത്ത രശ്മികളാൽ – എന്നിടത്ത് 'ഛേദഃ' എന്നത് സാമീപ്യത്താൽ വസ്തുവെത്തന്നെയാണ് ലക്ഷിക്കുന്നത്" (പേജ് 66). അതുകൊണ്ട് വക്രോക്തിക്ക് അത് ഉദാഹരണമല്ല.

ഭാമഹനിൽനിന്ന് ദണ്ഡിയിലൂടെ വാമനനിലെത്തിയപ്പോഴേക്ക് വക്രോക്തിയുടെ വ്യാപ്തി വളരെ ചുരുങ്ങി. ആദ്യത്തെ രണ്ടുപേർ, സ്ഥൂലമായി പറഞ്ഞാൽ അതിനെ അലങ്കാരസാമാന്യവചനമായാണ് എണ്ണിയത്. വാമനനാകട്ടെ അതിനെ ഒരു പ്രത്യേകാലങ്കാരമായി ചുരുക്കി. അദ്ദേഹം സ്വയം ഇതേപ്പറ്റി ബോധവാനാണെന്നു തോന്നുന്നു. അതുകൊണ്ടല്ലേ, ലക്ഷണസൂത്രവും വൃത്തിയും രചിച്ച് കേവലം അങ്ങനെയൊരലങ്കാരത്തിലൊതുക്കാവുന്ന ഒന്നല്ല വക്രോക്തി എന്ന് സംശയിച്ചുകൊണ്ട്, പതിവില്ലാത്തവിധം, ഒട്ടേറെ ഉദാഹരണങ്ങൾ നിരത്തിയത്? ആവശ്യമില്ലാതെ വളച്ചുകെട്ടിപ്പറയലല്ല, മറിച്ച് അഭികാമ്യമായ ഉക്തിവൈചിത്ര്യമാണ് വക്രോക്തി എന്നു വിളിച്ചറിയിക്കാൻ പോരുന്നതാണ് ആ ഉദാഹരണങ്ങളോരോന്നും. വളച്ചുകെട്ടിപ്പറയലായി അതിനെ വ്യഭിചരിപ്പിച്ചേക്കുമോ എന്നു ഭയന്നാവണം, ഒന്നുകൂടി അനുസ്മരിപ്പിച്ചത്: കേട്ടപാടേ അർഥബോധമുളവാക്കുക എന്നതത്രേ ലക്ഷണയുടെ രഹസ്യം. കാവ്യശോഭാധായകമായ ഉക്തിവൈചിത്ര്യംതന്നെയാണ് ഈ വക്രോക്തി. സാദൃശ്യംകൊണ്ടല്ലാതെ വരുന്ന ലക്ഷണ വക്രോക്തിയാവില്ലെന്നു പറഞ്ഞ് ഉദ്ധരിച്ച പ്രത്യുദാഹരണം സൂക്ഷിച്ചുനോക്കിയാൽ ഇത് വ്യക്തമാവും.

വാമനന്റെ ഈ വക്രോക്ത്യലങ്കാരത്തെയാണ് ദണ്ഡി സമാധിഗുണമായി പരിഗണിച്ചതെന്ന് ഇവിടെയോർക്കാം.

"അന്യധർമസ്തതോന്യത്ര ലോകസീമാനുരോധിനാ
സമ്യഗാധീയതേ യത്ര സ സമാധിഃ സ്മൃതോ..."

(1. 93. ലോകമര്യാദയെ അനുസരിക്കുന്ന കവി ഒന്നിന്റെ ധർമം മറ്റൊന്നിൽ വഴിപോലെ ആരോപിക്കുന്നത് സമാധി).

ഉദാഹരണങ്ങൾ വാമനൻ നൽകിയതുമായി സാദൃശ്യമുള്ളവതന്നെ.

"കുമുദാനി നിമീലന്തി കമലാന്യുന്മിഷന്തി ച
ഇതി നേത്രക്രിയാഭ്യാസാല്ലബ്ധാ തദ്വാചിനീ ശ്രുതിഃ"

(1. 94. ആമ്പലുകൾ കൂമ്പുന്നു; താമരകൾ വിടരുന്നു – ഇങ്ങനെ കണ്ണിന്റെ പ്രവൃത്തികളെ ആരോപിക്കുകയാൽ ആ ശബ്ദങ്ങൾതന്നെ പറഞ്ഞിരിക്കുന്നു.) ഇതിനെ ഇനിയും വിവരിച്ചുകൊണ്ട് ഒടുവിൽ കാവ്യസർവസ്വമായ ഈ സമാധിഗുണത്തെ കവികൾ മുഴുവൻ അനുവർത്തിക്കുന്നുവെന്ന് ദണ്ഡി നിർദേശിക്കുകയും ചെയ്യുന്നു:

"തദേതദത് കാവ്യസർവസ്വം സമാധിർനാമ യോ ഗുണഃ
കവിസാർഥഃ സമഗ്രോപി തമേനമനുഗച്ഛതി."

(1. 100. കാവ്യസർവസ്വമായ സമാധി എന്ന ഈ ഗുണമുണ്ടല്ലോ, അതിനെ സമസ്തകവികളും അനുവർത്തിക്കുന്നു.)

അപ്പോൾ, ദണ്ഡിയുടെ സമാധിഗുണംതന്നെയാണ് വാമനന്റെ വക്രോക്ത്യലങ്കാരമെന്നു വ്യക്തം. പക്ഷേ, വെറുമൊരർഥാലങ്കാരത്തിൽനിന്നുളവാകുന്ന ചമത്കാരമൊന്നുമല്ല പ്രസ്തുതാലങ്കാരത്തിൽനിന്ന് അനുഭവഗോചരമാകുന്നത്. ആനന്ദവർധനൻ പിന്നീട് വിവരിക്കുന്ന അവിവക്ഷിതവാച്യധ്വനിയുടെ അടിവേര് വാമനാഭിമതമായ ഈ വക്രോക്തിയിൽ കാണാം. "അമുഖ്യവൃത്തി – ലക്ഷണാവ്യാപാരം – കാവ്യങ്ങളിലുണ്ടെന്നു കാട്ടിക്കൊണ്ട് ധ്വനിയുടെ മാർഗത്തെ ഒട്ടൊന്ന് സ്പർശിച്ചിരിക്കുന്നു." (*ധ്വന്യാലോകം*, പേജ് 31–32) എന്നിങ്ങനെ ആനന്ദവർധനനും, "സാദൃശ്യംകൊണ്ടുണ്ടാകുന്ന ലക്ഷണയിൽ വക്രോക്ത്യലങ്കാരം കാണുന്ന വാമനനാകട്ടെ, ധ്വനിയുടെ ഒരുൾപ്പിരിവിനെ അലങ്കാരമായിത്തന്നെ പറഞ്ഞിരിക്കയാണ് (*അലങ്കാരസർവസ്വം*, പേജ് 8–9) എന്നിങ്ങനെ രുയ്യകനും (11–ാം നൂറ്റാണ്ട്) ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എങ്കിലു ഭാമഹനും ദണ്ഡിയും അലങ്കാരസാമാന്യമായി നിർദേശിച്ച വക്രോക്തിയെ വാമനൻ ഒരലങ്കാരമാക്കി ചുരുക്കി എന്നത്, ഒരർഥത്തിൽ, വക്രോക്തിസങ്കല്പത്തിന്റെ അപചയത്തെയാണ് കുറിക്കുന്നത്.

*കാവ്യാലങ്കാര*കർത്താവായ രുദ്രടനിൽ (ഒൻപതാം നൂറ്റാണ്ട്) ഈ അപചയത്തിന്റെ അങ്ങേയറ്റം നാം കാണുന്നു. വാമനൻ വക്രോക്തിയെ ഒരലങ്കാരമാക്കിച്ചുരുക്കിയെങ്കിലും അതിന്റെ ഉക്തിവൈചിത്ര്യശോഭയും അതുവഴി കാവ്യസൗന്ദര്യാധായകത്വവും നിലനിർത്തിക്കൊണ്ടാണങ്ങനെ ചെയ്തത്. ഇന്നു പലരും തെറ്റിദ്ധരിച്ച വിധത്തിൽ അനാവശ്യമായി വളച്ചുകെട്ടിപ്പറയുന്നതാണ് വക്രോക്തി എന്നു രുദ്രടൻ സിദ്ധാന്തിക്കുകതന്നെ ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ



ഒരു ശബ്ദാലങ്കാരം മാത്രമാണ് വക്രോക്തി. അത് ശ്ലേഷവക്രോക്തിയും കാകുവക്രോക്തിയുമെന്ന് രണ്ടുവിധം. വക്താവ് ഒന്നു പറഞ്ഞാൽ അത് മറ്റൊരു തരത്തിൽ വ്യാഖ്യാനിച്ച് അപരൻ ഉത്തരം പറയുന്നു. വ്യത്യസ്തമായ പദച്ഛേദംകൊണ്ടാണ് ഈ കസർത്ത് കാട്ടുന്നത്. ഇതിന് ശ്ലേഷവക്രോക്തി എന്നു പേർ.

"വക്താ തദന്യഥോക്തം വ്യാചഷ്ടേ തദന്യഥാ തദുത്തരദഃ
വചനം തത് പദഭംഗൈഃ ജ്ഞേയാ സാ ശ്ലേഷവക്രോക്തിഃ"
(*കാവ്യാലങ്കാരം*, 2. 14)

ഉദാഹരണമായി കൊടുത്തിരിക്കുന്നത് ഈ ശ്ലോകമാണ്:

"കിം ഗൗരിമാം പ്രതി രുഷാ? നനു ഗൗരഹം കിം?
കുപ്യാമി കാം പ്രതി? മയീത്യനുമാനതോഹം;
ജാനാമ്യതസ്ത്വമനുമാനത ഏവ സത്യ–
മിത്ഥം ഗിരോ ഗിരിഭുവഃ കുടിലാ ജയന്തി."

(2. 15. പ്രണയകുപിതയായ ഗൗരിയെ ശിവൻ അനുനയിപ്പിക്കുകയാണ്: "കിം ഗൗരി, മാം പ്രതി രുഷാ?" ഗൗരീ, എന്താണെന്നോട് ദ്വേഷ്യം? – അവളുടെ മറുപടി: "കിം ഗൗഃ ഇമാം പ്രതി രുഷാ?" – പശു ഇവളോട് കോപിക്കുന്നതെന്തിനാണ്? എന്നിങ്ങനെ വ്യത്യസ്തമായി പദച്ഛേദം ചെയ്ത് അർഥമെടുത്തുകൊണ്ടാണ്: "നു ഗൗരഹം കിം? കുപ്യാമി കാം പ്രതി?" – എന്താ? ഞാൻ പശുവാണോ? ഞാൻ ആരോടാണ് കോപിക്കുന്നത്? വീണ്ടും ശിവൻ: "മയി ഇത്യനുമാനതഃ ജാനാമി" – എന്നോടാണെന്നുതന്നെ ഞാൻ, ഇങ്ങനെ വളച്ചുകെട്ടിപ്പറയുന്നതിൽനിന്ന്, അനുമാനിച്ചറിയുന്നു. അനുമാനതഃ എന്നതിനെ മറ്റൊരു തരത്തിൽ വ്യാഖ്യാനിച്ച് പാർവതി മറുപടി പറയുകയാണ്: "ത്വം അനുമാനത ഏവ സത്യം" – അങ്ങയെ ഉമ വണങ്ങിയില്ല എന്നത് സത്യംതന്നെ – ഇപ്രകാരമുള്ള പാർവതിയുടെ വക്രമായ വാക്കുകൾ സർവോത്കർഷത്തോടെ വർത്തിക്കുന്നു.)

ഇത്രയും കാണുമ്പോൾ, "ശ്ലേഷം വക്രോക്തിയുടെ ശോഭ വർധിപ്പിക്കുന്നു" എന്ന ദണ്ഡിവചനം എത്രമേൽ അനിഷ്ടഫലമാണുളവാക്കിവിട്ടതെന്ന് സഹൃദയർ ശോചിക്കാതിരിക്കില്ല. ആ കാരിക കുറിക്കുമ്പോൾ ആചാര്യദണ്ഡി തീരെ ഓർത്തുകാണില്ല, ഇമ്മട്ടുദാഹരണങ്ങൾകൊണ്ടത് വിശദീകരിക്കപ്പെടുമെന്ന്! വാമനൻ ഉപദേശിച്ച "ഝടിത്യർഥപ്രതിപത്തിക്ഷമത്വ"മെന്ന രഹസ്യം വനരോദനമായി രുദ്രടനിൽ!

രുദ്രടൻ കാകുവക്രോക്തിയെ നിർവചിക്കുന്നതിങ്ങനെ:

"വിസ്പഷ്ടം ക്രിയമാണാദക്ലിഷ്ടാ സ്വരവിശേഷതോ ഭവതി
അർഥാന്തരപ്രതീതിര്യത്രാസൗ കാകുവക്രോക്തിഃ."

(2. 16. വ്യക്തമായി ഉച്ചരിക്കപ്പെടുന്ന വാക്യത്തിൽനിന്ന് സ്വരഭേദം കൊണ്ട് ക്ലേശരഹിതമായ മറ്റൊരർഥം തോന്നുന്നത് കാകുവക്രോക്തി.) ഉദാഹരണം:

"ശല്യമപി സ്ഖലദന്തഃ സോഢും ശക്യേത ഹാലഹലദിഗ്ധം,
ധീരൈർന പുനരകാരണം കുപിതഖലാളീകദുർവചനം."

(2. 17. ഉള്ളിൽ ഇടറിക്കൊണ്ടിരിക്കുന്ന കൊടുംവിഷം തേച്ച ഉടക്കുളിയമ്പും സഹിക്കാൻ കഴിഞ്ഞേക്കും, അകാരണമായുണ്ടാകുന്ന ദുഷ്ടരുടെ വ്യാജമായ ദുർവാക്കുകൾ ബുദ്ധിമാന്മാർക്ക് സഹിക്കാൻ കഴിയില്ല. സ്വരഭേദംകൊണ്ട് ഖലദുർവചനം സഹ്യമെന്നും അസഹ്യമെന്നുമുള്ള അർഥം തോന്നും.)

ശ്ലേഷവക്രോക്തിയെ അപേക്ഷിച്ച് ഇതല്പം ഭേദമാണെങ്കിലും മനോഹരമായ ഉക്തിവൈചിത്ര്യം ഇവിടെയും കാണുന്നില്ല. മറിച്ച്, വളച്ചുകെട്ട് വേണ്ടത്രയുണ്ടുതാനും.

അങ്ങനെ ഭാമഹനിൽനിന്ന് രുദ്രടനിലെത്തുമ്പോഴേക്കും രൂപത്തിലും ഭാവത്തിലും സാരമായ പരിവർത്തനമാണ് വക്രോക്തിക്ക് വന്നുപെട്ടത്. സമഗ്രസാഹിത്യാവയവസ്പർശിയായ ഭാമഹസങ്കല്പത്തിലെ വക്രോക്തി ഇവിടെ കേവലം ശബ്ദൈന്ദ്രജാലികന്റെ കൈയിലെ കളിപ്പാവയായിത്തീർന്നിരിക്കയാണ്. പിൽക്കാലത്തുവന്ന ആലങ്കാരികരിൽ പലരുടെയും വക്രോക്തിസങ്കല്പത്തിന്റെ (അത് കേവലമൊരു ശബ്ദാലങ്കാരമാണ് എന്ന സങ്കല്പത്തിന്റെ) പ്രഭവകേന്ദ്രം രുദ്രടന്റെ ഈ കാരികകളും ഉദാഹരണങ്ങളുമാണ്. ക്രി. പി. ഒൻപതാം ശതകത്തിൽ ജീവിച്ച *വക്രോക്തിപഞ്ചാശിക*യിൽ രുദ്രടാഭിമതമായ വക്രോക്തിയെ ധാരാളം ഉദാഹരണങ്ങളോടുകൂടി വിവരിച്ചിട്ടുണ്ട്. അങ്ങനെ ആ സങ്കല്പത്തിന് അതിയായ പ്രചാരം ലഭിച്ചു.

★



## 111

## ധ്വനിദർശനത്തിന്റെ തണലിൽ

രുദ്രടന്റെ കൈയിൽ കേവലം ശബ്ദക്കസർത്തായി അധഃപതിച്ച വക്രോക്തിയെ പ്രബന്ധവ്യാപിയായൊരു പ്രതിഭാസമായി വളർത്തിയെടുത്ത ആചാര്യനത്രേ ആനന്ദവർധനൻ. അക്കാര്യത്തിൽ ഉള്ളഴിഞ്ഞു സഹായിച്ച അഭിനവഗുപ്തനെയും സ്മരിക്കണം.

*ധ്വന്യാലോകം* രണ്ടാമുദ്യോതത്തിൽ സംലക്ഷ്യക്രമവ്യംഗ്യത്തിന്റെ പ്രഭേദങ്ങളിലൊന്നായ അർഥശക്തിമൂലാനുരണനരൂപധ്വനിയെ നിരൂപണം ചെയ്യുന്നിടത്താണ് ആനന്ദവർധനന്റെ വക്രോക്തിസങ്കല്പത്തെ സംബന്ധിച്ച സൂചനകൾ ലഭിക്കുന്നത്. അർഥശക്തിമൂലധ്വനിക്ക് മൂന്നു വിഭാഗങ്ങൾ: കവിപ്രൗഢോക്തിമാത്രസിദ്ധം, കവിനിബദ്ധവക്തൃപ്രൗഢോക്തിമാത്രസിദ്ധം, സ്വതഃസംഭവി. പ്രൗഢോക്തിശബ്ദത്തെ അഭിനവഗുപ്തൻ *ലോചന*ത്തിൽ ഇങ്ങനെ വിവരിക്കുന്നു: "പ്രകർഷേണ ഊഢഃ, സമ്പാദയിതവ്യേന വസ്തുനാ പ്രാപ്തഃ തത്കുശലഃ പ്രൗഢഃ ഉക്തിരപി സമർപ്പണോചിതവസ്ത്വർപ്പണോചിതാ പ്രൗഢേത്യുച്യതേ." (*ധ്വന്യാലോകം*, പേജ് 254) പ്രതിഭാദികളാൽ നേടിയെടുക്കേണ്ടുന്ന കാവ്യവസ്തു കരസ്ഥമാക്കുന്നതിൽ അതീവകുശലൻ പ്രൗഢൻ. അങ്ങനെ കൈയിൽ കിട്ടിയ കാവ്യാർഥത്തെ സഹൃദയർക്ക് പ്രീതികരമാക്കുമാറ് സമർപ്പിക്കുന്നതിന് സമുചിതമായ വാക്കും പ്രൗഢംതന്നെ. കാവ്യാർഥത്തെ ഉദാരമോഹനമാക്കുന്നതിലും അത് ഭാവുകഹൃദയത്തിൽ സമർപ്പിക്കുന്നതിലുമുള്ള കൗശലവിശേഷമാണ് ചുരുക്കത്തിൽ പ്രൗഢത എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.

ആ പ്രകരണത്തിലുദ്ധരിച്ച,

"സാദരവിതീർണയൗവനഹസ്താലംബം സമുന്നമദ്ഭ്യാം
അഭ്യുത്ഥാനമിവ മന്മഥസ്യ ദത്തം തവ സ്തനാഭ്യാം."

(ബാലേ, യൗവനം സാദരം നീട്ടിത്തന്ന കൈകൾ പിടിച്ചുയർന്നുപൊങ്ങുന്ന നിന്റെ വാർമുലകൾ കാമനെ സ്വാഗതം ചെയ്യാൻ എഴുന്നേറ്റു നിന്നിരിക്കയാണോ എന്നു തോന്നും.) മുതലായ പദ്യങ്ങൾ ഉക്തിവൈചിത്ര്യത്തിന്റെ ഉത്തമോദാഹരണങ്ങളത്രേ. ഈ ശ്ലോകത്തെ വ്യാഖ്യാനിച്ചുകൊണ്ട് അഭിനവഗുപ്തൻ അത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്: സ്തനങ്ങളാണിവിടെ മുഖ്യം (വർണ്യം). അവ കാമനെ എഴുന്നേറ്റു നിന്ന് പരിചരിക്കുന്നുവെന്ന് വർണിച്ചിരിക്കകൊണ്ട് കാമന് ഗൗരവം കൂടുന്നു. യൗവനം അവയുടെ ഭൃത്യനെന്ന ഭാവത്തിൽ നിൽക്കുകയാണ്. ഈ ഉക്തിവൈചിത്ര്യംകൊണ്ട് "നിന്റെ മുഴുമുഴുപ്പാർന്നുവളരുന്ന സ്തനങ്ങൾ കണ്ട് കാമാതുരനാവാത്തതാരാണ്?" എന്ന കാമു

കന്റെ അഭിപ്രായം ധ്വനിക്കുന്നു.

ഉക്തിഭംഗിയൊന്നും കലർത്താതെ " താരുണ്യത്താൽ നിന്റെ കൊങ്കകൾ കൊഴുത്തുവളർന്നിരിക്കുന്നു" എന്നുമാത്രം പറയുകയാണെങ്കിൽ, വല്ല ഹൃദയാവർജകതയും ഉണ്ടാവുമായിരുന്നുവോ? സ്വതഃസംഭവിയെ വിവരിക്കുന്ന, "സ്വതഃസംഭവീ ച ഔചിത്യേന ബഹിരപി സംഭാവ്യമാനസദ്ഭാവോ, ന കേവലം ഭണിതിവശേനൈവാഭിനിഷ്പന്നശരീരഃ" എന്ന *ധ്വന്യാലോക*വാക്യത്തിലെ 'ന കേവലം' എന്ന ഭാഗത്തെ വ്യാഖ്യാനിച്ചുകൊണ്ട് *ലോചന*കാരൻ 'ഉക്തിവൈചിത്ര്യമാണ് സർവഥാ ഉപയോഗപ്പെടുന്നതെന്നു ഭാവം.' (പേജ് 256) എന്നു പറയുന്നു.

അർഥാലങ്കാരങ്ങൾ മുഴുവൻ ഗുണീഭൂതവ്യംഗ്യമെന്ന കാവ്യഭേദവുമായി കലർന്നുനിൽക്കുമ്പോൾ ശോഭാതിശയം നേടുന്നുവെന്ന് ഉപന്യസിച്ചശേഷം എല്ലാ അലങ്കാരങ്ങളിലും അന്തര്യാമിയായി നിലകൊള്ളുന്നതാണ് അതിശയോക്തി എന്ന് ധ്വനികാരൻ സിദ്ധാന്തിക്കുന്നു. ആ സന്ദർഭത്തിൽ പ്രസിദ്ധമായ "സൈഷാ സർവൈവ വക്രോക്തി..." എന്ന ഭാമഹകാരിക ഉദ്ധരിക്കുകയും ചെയ്യുന്നു. "അതിശയോക്തി ഏതലങ്കാരത്തിലുണ്ടോ അതിനു മാത്രമേ കവിപ്രതിഭാകൗശലം നിമിത്തം സൗന്ദര്യവായ്പ് കൈവരുന്നുള്ളൂ. അങ്ങനെയല്ലാത്തത് വെറും അലങ്കാരം മാത്രം. അതുകൊണ്ട് അതിശയോക്തി സർവാലങ്കാരരൂപമത്രേ." (*ധ്വന്യാലോകം*, പേജ് 466–68) ഇവിടെ ആനന്ദവർധനൻ വക്രോക്തിക്ക് അർഥം കൊടുത്തിരിക്കുന്നത് ഭാമഹവിവക്ഷിതമറിഞ്ഞുകൊണ്ടുതന്നെ. അതായത്, അതിശയോക്തിസങ്കലിതമായ അർഥം സങ്കല്പിച്ചുകൊണ്ട്. എന്നാൽ അഭിനവഗുപ്തൻ ആ കാരികയെ വ്യാഖ്യാനിച്ചുകൊണ്ടെഴുതിയ അഭിപ്രായം ഭാമഹന് സമ്മതമാവുമോ എന്ന് സംശയം. "അനയാർഥോ വിഭാവ്യതേ" എന്ന ഭാഗത്തെ "വിഭാവാനുഭാവാദി"യിലെ വിഭാവവുമായും രസവുമായും മറ്റും ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിരിക്കയാണദ്ദേഹം. എല്ലാവരും പരിചയിച്ചുപഴകിയ ആശയങ്ങൾപോലും വക്രോക്തിസ്പർശത്താൽ വിചിത്രവും രസമയവുമായിത്തീരുന്നു എന്ന തന്റെ വക്രോക്തിസങ്കല്പം അഭിനവഗുപ്തൻ ഭാമഹാഭിപ്രായമായി ഉപന്യസിക്കുകയാണ്. പ്രാചീനവ്യാഖ്യാനങ്ങളുടെ ഒരു പ്രത്യേകതയായി ഇതിനെ കണ്ടാൽ മതി. (അഭിനവഗുപ്തന്റെ ശാന്തരസസമർഥനത്തെക്കുറിച്ച് ചർച്ച ചെയ്യവേ, ഡോ. വി. രാഘവൻ ഈ പ്രത്യേകതയിലേക്ക് വിരൽ ചൂണ്ടുന്നത് നോക്കുക. *നമ്പർ ഓഫ് രസാസ്*, അഡയാർ ലൈബ്രറി സീരീസ്, പേജ് 88) ഏതായാലും ഈ വ്യാഖ്യാനം ആനന്ദവർധനന് സമ്മതമാണ്. *ധ്വന്യാലോകം* നാലാമുദ്യോതംതന്നെ തെളിവ്. അവിടെ



ധ്വനികാരൻ കാവ്യത്തിലുടനീളം വ്യാപിച്ചുനിൽക്കുന്നൊരു പ്രതിഭാസമായാണ് വക്രോക്തിയെ ദർശിക്കുന്നത്.

ധ്വനി, ഗുണീഭൂതവ്യംഗ്യം എന്നിവകൊണ്ട് പ്രതിഭയ്ക്ക് ആനന്ത്യം സംഭവിക്കുമെന്ന് ആനന്ദവർധനൻ സ്ഥാപിക്കുന്നു. അദ്ദേഹം പറയുകയാണ്:

"അതോ ഹ്യന്യതമേനാപി പ്രകാരേണ വിഭൂഷിതാ
വാണീ നവത്വമായാതി പൂർവാർഥാന്വയവത്യപി."

(*ധ്വന്യാലോകം,* 4. 2. ഈ ധ്വനിപ്രഭേദങ്ങളിൽ ഏതെങ്കിലുമൊന്നുകൊണ്ട് അലങ്കൃതമായാലും മതി, കവിഭാരതി പണ്ടുള്ളവർ പറഞ്ഞുവെച്ച ആശയത്തെത്തന്നെ വർണിച്ചാലും പുതുമ കൈക്കൊള്ളും). ഈ കാരിക വ്യാഖ്യാനിക്കേ അഭിനവഗുപ്തൻ വർണനീയവസ്തുനിഷ്ഠമാണ് പ്രതിഭ എന്നും, വർണനീയവസ്തുക്കൾ പരിമിതമാകയാലും, പൂർവകവികൾതന്നെ അവയെല്ലാം സ്പർശിച്ചിരിക്കയാലും, അവയിൽത്തന്നെ പിന്നെയും പ്രതിഭ പ്രവർത്തിക്കുമ്പോൾ കാലംകൊണ്ട് പുതുതായാലും കാവ്യം പഴയതുതന്നെ ആയിരിക്കുമെന്നതിനാൽ കവികർമംകൊണ്ടെന്തു കാര്യം എന്നു വേവലാതിപ്പെടേണ്ടതില്ലെന്നും, മുൻപ് കൈകാര്യം ചെയ്ത അതേ ആശയങ്ങൾ ഉക്തിവൈചിത്ര്യംകൊണ്ട് എണ്ണമറ്റവയായിത്തീരുമെന്നും അങ്ങനെ പ്രതിഭയ്ക്ക് ആനന്ത്യം വരുമെന്നൊക്കെ വിവരിക്കുന്നു (പേജ് 522).

പ്രാചീനകവികൾ കൈകാര്യം ചെയ്ത വസ്തുക്കൾതന്നെ എടുത്തുപെരുമാറുന്ന കവിവാണിക്ക് ധ്വനിപ്രഭേദങ്ങളോരോന്നും എങ്ങനെ നവീനത ചാർത്തുമെന്ന് ഈ പ്രകരണത്തിൽ ധ്വന്യാചാര്യൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഒരുദാഹരണം മാത്രം ഇവിടെ പകർത്താം.

"സ്വതേജഃക്രീതമഹിമാ കേനാന്യേനാതിശയ്യതേ?
മഹദ്ഭിരപി മാതംഗൈഃ സിംഹഃ കിമഭിഭൂയതേ?"

(സ്വന്തം കഴിവുകൊണ്ട് മഹത്വം നേടിയവനെ ആർ അതിക്രമിക്കുന്നു? വൻപാർന്ന കൊമ്പനാനകൾക്കും സിംഹത്തെ അതിക്രമിക്കാനൊക്കുമോ?) എന്നിത്യാദി ശ്ലോകങ്ങളുണ്ടായിട്ടും,

"യഃ പ്രഥമഃ പ്രഥമഃ സ തു തഥാഹി ഹതഹസ്തിബഹളപലലാശീ
ശ്വാപദഗണേഷു സിംഹഃ സിംഹഃ കേനാധരീക്രിയതേ?"

(ഒന്നാമൻ ഒന്നാമൻതന്നെ. എന്തെന്നാൽ, താൻതന്നെ കൊന്നിട്ട ഗജവീരന്മാരുടെ കൊഴുത്ത ഇറച്ചി തിന്നുക ശീലമായ സിംഹമാണ്, മൃഗങ്ങളുടെ കൂട്ടത്തിൽ, സിംഹം. അവനെയാരടിപ്പെടുത്തും?) എന്ന ശ്ലോകത്തിനുള്ള അപൂർവസൗകുമാര്യം അനുഭവവേദ്യമാണ്. അർഥാന്തരസംക്രമിതവാച്യധ്വനിയാണ് ഇതിന് ഈ നവത്വശോഭ കൈവരുത്തിയത്. ഇവിടെ രണ്ടാം "പ്രഥമ"ശബ്ദം നിരാകരിക്കാനാവാത്ത

പ്രാധാന്യം, അസാധാരണത്വം മുതലായ വ്യംഗ്യങ്ങൾ കലർന്ന മറ്റൊരർഥത്തിലേക്ക് സംക്രമിച്ചുകൊണ്ട് അർഥസംവേദനം നടത്തുന്നു. ഇതുപോലെ, രണ്ടാമത്തെ സിംഹശബ്ദവും വീര്യം, അനന്യാപേക്ഷിത, വിസ്മയനീയത മുതലായ വ്യംഗ്യധർമങ്ങളുള്ള അർഥാന്തരത്തിലേക്ക് സംക്രമിച്ചുകൊണ്ട് സ്വാർഥം ധ്വനിപ്പിക്കുന്നു.

ആശയത്തിന്റെ എന്നതിനേക്കാൾ ആവിഷ്കരണത്തിന്റെ അപൂർവതയിലാണ് ആചാര്യൻ ഇവിടെ നിഷ്കർഷിക്കുന്നത്. ആനന്ദവർധനന്റെ വക്രോക്തിസങ്കല്പം, അങ്ങനെ, ഈ രൂപത്തിൽ പ്രത്യക്ഷപ്പെടുകയാണ്. ചിത്രകാവ്യത്തെ നിരൂപണം ചെയ്യവേ,

"ഭാവാനചേതനാനപി ചേതനവച്ചേതനാനചേതനവത്
വ്യവഹാരയതി യഥേഷ്ടം സുകവിഃ കാവ്യേ സ്വതന്ത്രതയാ".

(*ധ്വന്യാലോകം*, പേജ് 498. സത്കവി കാവ്യത്തിൽ അചേതനവസ്തുക്കളെപ്പോലും ചേതനങ്ങളാക്കിയും ചേതനങ്ങളെ അചേതനങ്ങളാക്കിയും ഇഷ്ടംപോലെ പ്രവർത്തിപ്പിക്കുന്നു) എന്നു പറയുന്നതും ഉക്തിവൈചിത്ര്യത്തിന്റെ പ്രാധാന്യത്തിൽത്തന്നെ പര്യവസാനിക്കുന്നു.

ഇങ്ങനെ പേർത്തും പേർത്തും പ്രസ്താവിക്കപ്പെടുന്നുണ്ട്. ഇതേപ്പറ്റിയുള്ള ആലോചനാമൃതമായ ഒരു ധ്വന്യാലോകകാരികയിതാ:

"ദൃഷ്ടപൂർവാ അപി ഹ്യർഥാഃ കാവ്യേ രസപരിഗ്രഹാത്
സർവേ നവാ ഇവാഭാന്തി മധുമാസ ഇവ ദ്രുമാഃ."

(*ധ്വന്യാലോകം*, 4. 4. കണ്ടുപഴകിയ അർഥങ്ങളും കാവ്യത്തിൽ രസം കൈക്കൊണ്ട്, പൂക്കാലത്ത് മരങ്ങളെന്ന കണക്കെ, പുതുതെന്നപോലെ വിളങ്ങുന്നു.) ഒരുപാടുദാഹരണങ്ങൾകൊണ്ട് ആനന്ദവർധനൻ ഇക്കാര്യം വിവരിച്ചുതരുന്നു.

ആകെക്കൂടി ധ്വനികാരന്റേതായി ഊറിക്കൂടുന്ന വക്രോക്തിസങ്കല്പം ഭാമഹന്റേതിൽനിന്നും കുറേക്കൂടി വികാസം പ്രാപിച്ച ഒന്നത്രേ. അതിശയോക്തി കലർന്ന ഉക്തിവൈചിത്ര്യമാണല്ലോ ഭാമഹാഭിമതമായ വക്രോക്തി. എന്നാൽ അത് കേവലം ശബ്ദാധിഷ്ഠിതമല്ല, കുറേക്കൂടി അന്തഃസ്പർശിയാകുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ ധ്വനിയുടെ അന്തഃസത്തയെപ്പോലും ഉൾക്കൊള്ളുന്ന ഒന്നാകുന്നു. കൃതി മുഴുക്കെ വ്യാപിച്ച് സ്വയം പ്രകാശിക്കുകയും ചുറ്റും കൂടിനിൽക്കുന്നവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന വക്രോക്തിയെയാണ് നാമിവിടെ ദർശിക്കുന്നത്. ഉക്തിവൈചിത്ര്യത്തെക്കുറിച്ചുള്ള ധ്വനികാരന്റെ ചർച്ച ഇതിലേക്ക് കൂടുതൽ വെളിച്ചം വീശും; 'എന്താണീ ഉക്തിവൈചിത്ര്യം? ഉക്തി എന്നത് വാച്യ(അർഥ)വിശേഷത്തെ പ്രതിപാദിക്കുന്നതാണല്ലോ. അതിന്റെ വൈചിത്ര്യം എന്നു



പറഞ്ഞാൽ എങ്ങനെ വാച്യവൈചിത്ര്യമല്ലാതാവും? ശബ്ദവും അർഥവും (വാച്യവും) ഒന്നിച്ചേ നിൽക്കുകയുള്ളുവല്ലോ. കാവ്യത്തിൽ പ്രതിഭാസിക്കുന്ന വാച്യങ്ങളുടെ രൂപമാകട്ടെ, ഗ്രാഹ്യവിശേഷവുമായി അഭിന്നമായിത്തന്നെയാണ് പ്രതീതമാവുന്നത്. അതായത്, കാവ്യത്തിൽ പ്രതിപാദിക്കുന്ന ഏതു സാമാന്യാർഥവും വിശേഷരൂപത്തിലാണ് നാം ഗ്രഹിക്കുന്നത്. അതിനാൽ ഉക്തിവൈചിത്ര്യവാദിക്ക് അഭിമതമല്ലെങ്കിലും വാച്യവൈചിത്ര്യം അവശ്യം അംഗീകരിച്ചേ തീരൂ... ഇനി, കാവ്യത്തിൽ പുതുമ കൈവരുത്തുമെന്നു പറഞ്ഞ ഉക്തിവൈചിത്ര്യമുണ്ടല്ലോ, അത് നമ്മുടെ അഭിപ്രായത്തിന് അനുഗുണമാകുന്നു. കാവ്യാർഥങ്ങളുടെ അനന്തതയ്ക്ക് കാരണമായി പറയപ്പെട്ട സകലതും ഉക്തിവൈചിത്ര്യംകൊണ്ട് പതിന്മടങ്ങായിത്തീരുകയാണ്. ഉപമ, ശ്ലേഷം മുതലായ അലങ്കാരങ്ങൾ വിവിധഭണിതിവൈചിത്ര്യങ്ങൾ കലർത്തി നിബന്ധിക്കുമ്പോൾ ഇപ്പോൾത്തന്നെ എണ്ണമറ്റുകിടക്കുന്ന അവ പിന്നെയും നൂറുകണക്കിൽ വളരുന്നു." (പേജ് 542–44)

ആനന്ദവർധനനുശേഷം വരുന്ന രാജശേഖരൻ (ഒൻപതാം നൂറ്റാണ്ട്) വക്രോക്തിയെ പേരെടുത്തുപറഞ്ഞ് പരാമർശിക്കുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ *കാവ്യമീമാംസ*യിൽ അവിടവിടെയുള്ള ചില സൂചനകളിൽനിന്ന് എന്താണ് വക്രോക്തിയെക്കുറിച്ച് അദ്ദേഹത്തിനുള്ള സങ്കല്പമെന്ന് ഏതാണ്ട് ഊഹിക്കാൻ കഴിയും. കവികളെ ശാസ്ത്രകവി, കാവ്യകവി, ഉഭയകവി എന്നു മൂന്നുവിധത്തിലും പിന്നീട് കാവ്യകവിയെ രചനാകവി, ശബ്ദകവി, അർഥകവി, അലങ്കാരകവി, ഉക്തികവി, രസകവി, മാർഗകവി, ശാസ്ത്രാർഥകവി എന്ന് എട്ടുവിധത്തിലും വിഭജിക്കുന്നുണ്ടദ്ദേഹം. ശാസ്ത്രത്തിലെ തർക്കകർക്കശമായ ആശയവും ഉക്തിവൈചിത്ര്യംകൊണ്ട് അയവുള്ളതാക്കുന്നവൻ, അതായത്, രസമയമാക്കുന്നവൻ എന്നു കാവ്യകവിയെ നിർവചിക്കുന്നു (പേജ 81). ഉക്തികവി എന്ന പേരുകൊണ്ടുതന്നെ ഉക്തിവിശേഷത്തിന് – വക്രോക്തിക്ക് – അദ്ദേഹം കൊടുക്കുന്ന പ്രാധാന്യം സ്പഷ്ടം. ആ പദത്തെ മധുസൂദനൻ തന്റെ *കാവ്യമീമാംസാവിവൃതി*യിൽ ഇങ്ങനെ വിവരിക്കുന്നു:

തനതായ അർഥത്തെ ഭംഗിയിൽ പറയുന്നത് ഉക്തി. അങ്ങനെയുള്ള ഉക്തിയെ – ആറു വിധത്തിൽ പിരിഞ്ഞുനിൽക്കുന്ന വക്രോക്തിയെ – വർണിക്കുന്നവനാണ് ഉക്തികവി. *വക്രോക്തിജീവിത*ത്തിൽ കുന്തകൻ വിവരിക്കുന്ന ആറുതരം വക്രോക്തിയെയാണ് ഇവിടെ മധുസൂദനൻ സൂചിപ്പിക്കുന്നത്. ഉക്തി എന്നതുകൊണ്ട് രാജശേഖരൻ, ഏതായാലും, കുന്തകാഭിമതമായ വക്രോക്തിയെ ഉദ്ദേശിച്ചിരിക്കാനിടയില്ല.

ആനന്ദവർധനനും അഭിനവഗുപ്തനും കൊടുത്ത വിപുലമായ അർഥ ത്തിലേക്കെത്തിയിട്ടുമില്ല, രുദ്രടൻ നൽകിയ അതിസങ്കുചിതമായ അർത്ഥത്തിൽനിന്ന് എത്രയോ ദൂരം വരികയും ചെയ്തു. (രാജശേ ഖരൻ വക്രോക്തി എന്ന ശബ്ദാലങ്കാരത്തെ പരാമർശിക്കാതിരിക്കു ന്നില്ല. രുദ്രടൻ ശ്ലേഷം, കാകു എന്നു രണ്ടായി വിഭജിച്ചതിൽ കാകു വക്രോക്തിയെ പാഠധർമം – വായിക്കുമ്പോഴുണ്ടാകുന്ന ഉച്ചാരണ ത്തിലെ പ്രത്യേകത – ആണ് കാകു എന്ന കാരണത്താൽ രാജശേഖ രൻ അംഗീകരിക്കുന്നില്ല.) – ഇതാണ് രാജശേഖരന്റെ നില എന്നു പറയാം. വക്രോക്തിയെ സംബന്ധിച്ചിടത്തോളം ഉക്തിവൈചിത്ര്യാ ത്മകമായ ഒരാശയം അദ്ദേഹം വെച്ചുപുലർത്തിയിരുന്നുവെന്നു വിചാ രിക്കുന്നതിൽ തെറ്റില്ല.

വക്രോക്തിയെ സിദ്ധാന്തപദവിയിലേക്കുയർത്തിയ കുന്തകന്റെ (11–ാം നൂറ്റാണ്ട്) അതേ കാലത്തോ തൊട്ടുപിൻപോ ജീവിച്ച സാഹി ത്യവിമർശകനാണ് ഭോജൻ. പക്ഷേ, അദ്ദേഹം കുന്തകന്റെ *വക്രോ ക്തിജീവിതം* കണ്ടതായി തോന്നുന്നില്ല. ദണ്ഡിയുടെ വക്രോക്തിസ ങ്കല്പത്തിന്റെ അനുക്രമവികാസമാണ് നാം ഭോജനിൽ കാണുന്നത്. കുന്തകൻ അതിനെ ഒരു സിദ്ധാന്തമായി ഉയർത്തിക്കാട്ടി. ഭോജൻ അത്രയ്ക്കൊന്നും പോയില്ലെന്നു മാത്രം.

*സരസ്വതീകണ്ഠാഭരണം, ശൃംഗാരപ്രകാശം* എന്നീ രണ്ടു സഹി ത്യശാസ്ത്രഗ്രന്ഥങ്ങളിലെ ഉക്തി–വക്രോക്തിവിചാരങ്ങളിൽ ഭോജന്റെ വക്രോക്തിസങ്കല്പം ദർശിക്കാം.

"വിശിഷ്ടാ ഭണിതിർയാ സ്യാ–
ദുക്തിം താം കവയോ വിദുഃ."

(*സരസ്വതീകണ്ഠാഭരണം* 1. പേജ് 60) എന്നിങ്ങനെ അദ്ദേഹം ഉക്തിയെ വിവരിക്കുന്നു. സാധാരണക്കാർ സംസാരിക്കുന്ന ഭാഷയിൽനിന്ന് എന്തോ ഒരു വിശേഷം കവികളുടെ വാക്കുകൾക്കുണ്ടല്ലോ, അതുത ന്നെയാണ് ഉക്തി (വിശിഷ്ടമായ ഭണിതി). നേരേ പറഞ്ഞാൽ, 'ഓ, ഇതിലെന്തിരിക്കുന്നു' എന്നു തോന്നുന്ന കാര്യങ്ങൾ പോലും കവി യുടെ ഭാവനയിലൂടെ വന്നാൽ നമുക്ക് അതീവ ഹൃദ്യമായനുഭവപ്പെ ടുന്നു. "ഉക്തിപ്രധാനം കാവ്യം" എന്നു ഭോജൻ ഉക്തിയെ ആസ്പദ മാക്കി കാവ്യത്തിനു ലക്ഷണം പോലും ചെയ്യുന്നത് അതുകൊണ്ട ത്രേ.

ഭാമഹൻ വക്രോക്തിയെ സർവാലങ്കാരങ്ങൾക്കും അടിസ്ഥാന മായി കല്പിച്ചു. ദണ്ഡി സ്വഭാവോക്തിക്കുകൂടി ആ സ്ഥാനം പങ്കി ട്ടു. ഭോജൻ കൂട്ടത്തിൽ ഒന്നുകൂടി ചേർക്കുകയാണ്.

"വക്രോക്തിശ്ച രസോക്തിശ്ച സ്വഭാവോക്തിശ്ച വാങ്മയം."



(*സരസ്വതീകണ്ഠാഭരണം,* 5. 8)

"ഉപമാദികളായ അലങ്കാരങ്ങൾക്കു പ്രാധാന്യം വന്നാൽ വക്രോക്തി; ഗുണങ്ങൾക്കു പ്രാധാന്യം വന്നാൽ സ്വഭാവോക്തി; വിഭാ വാനുഭാവവ്യഭിചാരിസംയോഗത്താൽ രസോക്തി – ഇങ്ങനെ അല ങ്കാരവർഗങ്ങൾ മൂന്നുവിധം." (*ശൃംഗാരപ്രകാശം,* 2. പേജ് 372) എന്ന് അവയെ വിവരിക്കുകയും മൂന്നിനെയും അലങ്കാരവർഗത്തിൽ പെടു ത്തുകയും ചെയ്തിരിക്കയാണ് ഭോജൻ. ഗുണം, രസം എന്നിവയെ ക്കൂടി അലങ്കാരമായി ഗണിക്കുന്ന അദ്ദേഹം, "കാവ്യം ഗ്രാഹ്യ,മല ങ്കാരാത്, സൗന്ദര്യമലങ്കാരഃ" (അലങ്കാരമുണ്ടെന്നതുകൊണ്ട് കാവ്യം സ്വീകാര്യമാണ്; സൗന്ദര്യമാണലങ്കാരം) എന്ന വാമനമതത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടതുപോലെ തോന്നുന്നു. ഏതായാലും ഉപമാ ദികളായ അലങ്കാരങ്ങൾക്ക് ഒരു പൊതുപേരായിട്ടാണ് ഭോജൻ ഇവിടെ വക്രോക്തിയെ നിർദേശിക്കുന്നത്. എന്നാൽ,

"യദവക്രം വചഃ ശാസ്ത്രേ ലോകേ ച വച ഏവ തത്;
വക്രം യദർഥവാദാദൗ തസ്യ കാവ്യമിതി സ്ഥിതിഃ."

(*ശൃംഗാരപ്രകാശം,* 1. പേജ് 427. ശാസ്ത്രത്തിലും ലൗകികവ്യവഹാ രത്തിലുമുള്ള വാക്കിന് വാക്ക് എന്നുതന്നെയാണ് പറയുക. അർഥ വാദാദികളിലെ വക്രമായ വാക്കാകട്ടെ കാവ്യമാകുന്നു. അർഥവാദ മെന്നതുകൊണ്ട് അതിശയോക്തി കലർന്ന സ്തുതിനിന്ദാദികളെ യെല്ലാം വിവക്ഷിച്ചിരിക്കുന്നു.) എന്ന കാരികയിൽ കുറേക്കൂടി വ്യാപ കമായ അർഥത്തിലാണ് വക്രോക്തിശബ്ദം പ്രയോഗിക്കുന്നത്.

ഇവയ്ക്കു പുറമേ, വാകോവാക്യം എന്ന ശബ്ദാലങ്കാരത്തിലെ ആറു വിഭാഗങ്ങളിലൊന്നായും വക്രോക്തി പ്രത്യക്ഷപ്പെടുന്നു.

"ഉക്തിപ്രത്യുക്തിമദ് വാക്യം വാകോവാക്യം വിദുർബുധാഃ."

(*സരസ്വതീകണ്ഠാഭരണം*, 2. 143)

ചോദ്യോത്തരരൂപത്തിലുള്ള രുദ്രടാഭിമതമായ വക്രോക്തിതന്നെ ഇത്. അങ്ങനെ ഭോജൻ വിഭിന്നമായ മൂന്നർഥങ്ങളിൽ വക്രോക്തിയെ വിവരിക്കുന്നു. ആനന്ദവർധനന്റെ പ്രബന്ധവ്യാപിയായ വക്രോക്തി, രുദ്രടന്റെ ശബ്ദാലങ്കാരമാത്രമായ വക്രോക്തി എന്നിവയുൾപ്പെടെ അതുവരെ കാണായ എല്ലാ വക്രോക്തിസങ്കല്പങ്ങളെയും സമാഹ രിക്കുകയാണ് ഭോജൻ ചെയ്തത്.

★

## 1V
## കുന്തകന്റെ പിന്മുറക്കാർ

കുന്തകന്റെ വക്രോക്തിവിചാരത്തെപ്പറ്റിയുള്ള പഠനത്തെ രണ്ടാം ഭാഗത്തിലേക്കു മാറ്റിവെച്ചുകൊണ്ട്, നമുക്കിനി അദ്ദേഹത്തിന്റെ പിന്നാലെ വന്ന സാഹിത്യവിമർശകരുടെ വക്രോക്തിയോടുള്ള നിലപാടിനെക്കുറിച്ചു ചിന്തിക്കാം.

അനുമാനവാദിയായ മഹിമഭട്ടൻ (11–ാം ശതകം) ധ്വനിയെ കാവ്യത്മാവായി അംഗീകരിക്കാത്തവരുടെ കൂട്ടത്തിൽ കുന്തകന്റെ അനുയായിയാണ്. എന്നാൽ അദ്ദേഹത്തിന്റെ വക്രോക്തിസങ്കല്പത്തെ ആദ്യമായി ഖണ്ഡിക്കുന്നത് മഹിമഭട്ടനത്രേ. കാരണം, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വക്രോക്തി ധ്വനിയല്ലാതെ മറ്റൊന്നുമല്ല. പേരു മാറ്റിയതുകൊണ്ടുമാത്രം ആശയം മാറില്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

"കാവ്യകാഞ്ചനകഷാശ്മമാനിനാ കുന്തകേന" (*വ്യക്തിവിവേകം*, പേജ് 285. കാവ്യമാകുന്ന സ്വർണത്തിന്റെ ഉരകല്ലാണെന്നു ഭാവിക്കുന്ന കുന്തകനാൽ) എന്നിങ്ങനെ പരിഹാസപൂർവമാണ് മഹിമഭട്ടൻ കുന്തകനെ പരാമർശിക്കുന്നത്.

കുന്തകാഭിമതമായ "ശബ്ദാർഥൗ സഹിതൗ" ഇത്യാദി കാവ്യലണമുദ്ധരിച്ച് തന്റെ ഉദ്ധതശൈലിയിൽ മഹിമഭട്ടൻ വക്രോക്തിസിദ്ധാന്തത്തെ ഇങ്ങനെ ഖണ്ഡിക്കുന്നു: "'ശബ്ദാർഥൗ സഹിതൗ" എന്നു തുടങ്ങിയ കാവ്യലക്ഷണത്തിലൂടെ ശാസ്ത്രാദികളിൽ പ്രസിദ്ധമായ ശബ്ദാർഥോപനിബന്ധത്തിൽനിന്ന് വ്യതിരിക്തമായ വൈചിത്ര്യരൂപമായ വക്രതയാണ് കാവ്യത്തിന്റെ ജീവനെന്ന് ചിലർ പറയുന്നത് സമീചീനമല്ല. എന്തെന്നാൽ പ്രസിദ്ധോപനിബന്ധത്തിൽനിന്നുള്ള വ്യതിരേകിത്വം ശബ്ദാർഥങ്ങളുടെ ഔചിത്യത്തിൽ മാത്രമോ, പ്രസിദ്ധമായ അഭിധേയാർഥത്തിൽനിന്നു വ്യതിരിക്തമായ പ്രതീയമാനാഭിവ്യക്തിയിലോ ആണ് ചെന്നെത്തുക. എന്തുകൊണ്ടെന്നാൽ, പ്രസിദ്ധപ്രസ്ഥാനവ്യതിരേകിയായ ശബ്ദാർഥോപനിബന്ധവൈചിത്ര്യത്തിന് മറ്റൊരു പ്രകാരം സംഭവിക്കുകയില്ല.

"ഇതിൽ ആദ്യത്തെ പക്ഷത്തെപ്പറ്റി ശങ്കിക്കുകയേ വേണ്ട. കാവ്യസ്വരൂപനിരൂപണസാമർഥ്യസിദ്ധമായ അത് വേറിട്ടെടുത്തു പറയേണ്ടതില്ല. വിഭാവാദ്യുപനിബന്ധമല്ലാതെ മറ്റൊന്നുമല്ല കവിവ്യാപാരം. വിഭാവാദികൾ യഥാവിധി ഉപനിബന്ധിക്കുമ്പോഴാണ് രസാഭിവ്യക്തിയുണ്ടാകുന്നത്. മറ്റു വിധത്തിലല്ല. രസാത്മകമാണ് കാവ്യമെന്നതുകൊണ്ട് അവിടെ എങ്ങനെയാണ് അനൗചിത്യസ്പർശം സംഭവിക്കുക? അങ്ങനെ വരാവുന്ന അനൗചിത്യസ്പർശത്തെ ഒഴിവാക്കുന്നതിനുവേണ്ടിയാണല്ലോ ഈ പണ്ഡിതമ്മന്യന്മാർ ഇപ്രകാരം കാവ്യലക്ഷണം ചെയ്തത്!

"രണ്ടാമത്തെ പക്ഷം സ്വീകരിക്കുകയാണെങ്കിൽ, ധ്വനിയുടെ ലക്ഷണം തന്നെയാണ് ഇവിടെ ഭംഗിയായി പറഞ്ഞിട്ടുള്ളത് – വസ്തു അഭിന്നമാകയാൽ. അതുകൊണ്ടാണ് വക്രോക്തിക്കും അതേ ഭേദങ്ങൾ, അതേ ഉദാഹരണങ്ങൾ, നൽകിയത്. അതാകട്ടെ അയുക്തമാണെന്ന് മുൻപ് നാം പറഞ്ഞിട്ടുണ്ട്. ഇനി പറയുകയും ചെയ്യും"

തുടർന്ന് വക്രോക്തി മൂന്നു സംഗ്രഹശ്ലോകങ്ങളെക്കൊണ്ട് സംക്ഷേപിച്ചുദ്ധരിച്ച് രണ്ടു ശ്ലോകംകൊണ്ട് അതിനെ ഖണ്ഡിക്കുന്നു:

"വാച്യാദർഥാന്തരം ഭിന്നം യദി തല്ലിംഗമസ്യ സഃ
തന്നാന്തരീയകതയാ നിബന്ധം ഹ്യസ്യ ലക്ഷണം.
അഭേദേ ബഹുധാ ന സ്യാദുക്തേർമാർഗാന്തരാഗ്രഹാത്
തേന ധ്വനിവദേഷാപി വക്രോക്തിരനുമാ ന കിം?"

(*വ്യക്തിവിവേകം*, 1. 72–73. വാച്യത്തിൽനിന്ന് അർഥാന്തരം ഭിന്നമാണെങ്കിൽ അത് മറ്റേതിന് ലിംഗമാണ്. അത് നാന്തരീയകമായി നിബന്ധിക്കുകയാണ് അതിന്റെ ലക്ഷണം. അഭിന്നമാണെങ്കിൽ പല പ്രകാരത്തിൽ വരികയില്ല. ഉക്തി മറ്റൊരു മാർഗത്തെ ഗ്രഹിക്കാത്തതുകൊണ്ട്. ആകയാൽ ധ്വനിയും വക്രോക്തിയെപ്പോലെ അനുമാനംതന്നെയല്ലേ?) ചുരുക്കത്തിൽ വക്രോക്തി എന്ന സങ്കല്പത്തെ തീർത്തും നിരാകരിക്കുകയാണ് മഹിമഭട്ടൻ.

ധ്വന്യനുയായിയായ മമ്മടന് (11–ാം ശതകം) കുന്തകന്റെ വക്രോക്തിസിദ്ധാന്തത്തോട് വിശേഷിച്ച് ആദരമൊന്നുമില്ല. *കാവ്യപ്രകാശ*ത്തിൽ അദ്ദേഹം വക്രോക്തി എന്നൊരലങ്കാരത്തിന്റെ വിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്. ശബ്ദാലങ്കാരമാണത്. രുദ്രടനെ അനുസരിച്ചുകൊണ്ടുള്ളതാണ് ലക്ഷണം.

"യദുക്തമന്യഥാ വാക്യമന്യഥാന്യേന യോജ്യതേ
ശ്ലേഷേണ കാകാ വാ ജ്ഞേയാ സാ വക്രോക്തിസ്തഥാ ദ്വിധാ."

(9. 78. ഒരു തരത്തിൽ പറഞ്ഞതിനെ വേറൊരു തരത്തിൽ വേറൊന്നിനോട് യോജിപ്പിക്കുന്നിടത്ത് വക്രോക്തി. അത് ശ്ലേഷം കൊണ്ടോ കാകുകൊണ്ടോ എന്നിങ്ങനെ രണ്ടു തരത്തിൽ അറിയപ്പെടുന്നു."

മമ്മടൻ കുന്തകാഭിമതമായ വക്രോക്തിയെ സ്വീകരിക്കുന്നില്ലെങ്കിലും അലങ്കാരവിവേചനത്തിൽ അദ്ദേഹം കൈക്കൊണ്ട മാനദണ്ഡം അംഗീകരിക്കുന്നുണ്ട്. ഉക്തിവൈചിത്ര്യമാണ് അദ്ദേഹം ആ വിഷയത്തിൽ സ്വീകരിക്കുന്ന അളവുകോൽ. നോക്കുക: "വാചക–വാച്യരൂപമായ അംഗങ്ങൾക്ക് അതിശയം വരുന്നതുവഴി മുഖ്യരസ

മുള്ളിടത്ത് അതിനുപകാരകമാകുന്ന അലങ്കാരങ്ങൾ, കണ്ഠാദികളായ അംഗങ്ങൾക്ക് ഉൽക്കർഷമുണ്ടാക്കുന്നതുമുഖേന ആത്മാവിനും ഉപ കാരകമാകുന്ന ഹാരാദികളെപ്പോലെയാണ്. രസമില്ലാത്തിടത്ത് ഉക്തി വൈചിത്ര്യം മാത്രമായി പര്യവസാനിക്കുന്നു. രസമുണ്ടായാലും ചിലേ ടത്ത് അതിന് ഉപകാരകമാവുന്നില്ല." (പേജ് 189). "വൈചിത്ര്യം ചാല ങ്കാരഃ" (പേജ് 223. വൈചിത്ര്യമാണലങ്കാരം) എന്നിങ്ങനെ മമ്മടൻ മറ്റൊരിടത്ത് വ്യക്തമായി രേഖപ്പെടുത്തുന്നു. മാത്രമല്ല, പരികരം പ്രത്യേകാലങ്കാരമാണെന്നു സ്ഥാപിച്ചുകൊണ്ട് മമ്മടൻ എഴുതുന്നു: "അപുഷ്ടാർഥം ദോഷമാകയാൽ അതിനെ നിരാകരിക്കുന്നതുകൊണ്ട് പുഷ്ടാർഥത്തെ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഏകനിഷ്ഠമായ പല വിശേ ഷങ്ങളെ ഉപന്യസിക്കുമ്പോൾ വൈചിത്ര്യം കൈവരുന്നതുകൊണ്ട് (പരികരത്തെ) അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഗണിച്ചിരിക്കുകയാണ്. (പേജ് 276). ഹേതുവെ പ്രത്യേകം അലങ്കാരമായി അംഗീകരിക്കാതി രിക്കുന്നതിനും കാരണം ഇതുതന്നെ. "നെയ്യ് ആയുസ്സാണ" എന്നി ങ്ങനെയുള്ള ഇത് (ഹേതു) വൈചിത്ര്യമില്ലാത്തതിനാൽ, അലങ്കാര മാകാൻ അർഹമല്ല." (പേജ് 279).

ഭാമഹാഭിമതമായ അതിശയോക്ത്യാത്മകവക്രോക്തി മമ്മടനും സമ്മതം തന്നെ. "എല്ലായിടത്തും ഇത്തരം വിഷയങ്ങളിൽ അതിശ യോക്തിയാണ് പ്രാണനായി നിലകൊള്ളുന്നത്. അതില്ലാതെ പൊതു വിൽ അലങ്കാരം ഉണ്ടാവില്ലല്ലോ." (പേജ് 295) എന്നു പറഞ്ഞതിനു ശേഷം മമ്മടൻ "സൈഷാ സർവൈവ വക്രോക്തിഃ..." എന്ന ഭാമഹ കാരിക ഉദ്ധരിക്കുന്നതിൽനിന്ന് ഇക്കാര്യം മനസ്സിലാക്കാം.

ധ്വനിയെ കാവ്യാത്മാവായി അംഗീകരിക്കുക, അലങ്കാരവിവേച നത്തിൽ ഉക്തിവൈചിത്ര്യത്തെ മാനദണ്ഡമാക്കുക – മമ്മടപ്രദർശി തമായ ഈ മാർഗത്തിലൂടെയാണ് പിൽക്കാലത്തെ ആലങ്കാരികർ മിക്ക വാറും സഞ്ചരിച്ചിട്ടുള്ളത്. സൂക്ഷ്മമാലോചിച്ചാൽ കുന്തകനിൽനിന്നു കിട്ടിയ സൂചന ഉപയോഗിച്ച് ധ്വനിസിദ്ധാന്തത്തെ പൂരിപ്പിക്കുകയാണ് മമ്മടൻ ചെയ്തതെന്നു വ്യക്തമാവും. ധ്വനി, ഗുണീഭൂതവ്യംഗ്യം എന്നീ കാവ്യഭേദങ്ങളെ വിസ്തരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചതുകൊണ്ട് ആനന്ദവർധനന് ചിത്രകാവ്യഭേദത്തെ യഥാർഹം വിവരിക്കാൻ കഴി ഞ്ഞില്ല. ഈ പോരായ്മ നികത്തിയത് മമ്മടനാണ്. കുന്തകനിർദിഷ്ട മായ അലങ്കാരവിവേചനമാനദണ്ഡമുപയോഗിച്ചാണ് അദ്ദഹം ഇത് നിർവഹിച്ചതെന്നു നമുക്ക് കാണാൻ കഴിയും.

രുയ്യകന്റെ (12–ാം ശതകം) *അലങ്കാരസർവസ്വം* ധ്വനിമതാനു സാരം അലങ്കാരങ്ങളെ നിരൂപണം ചെയ്യുന്ന ഗ്രന്ഥമാണ്. ഗ്രന്ഥാരം ഭത്തിലെ സംക്ഷിപ്തമായ സാഹിത്യസിദ്ധാന്തവിശകലനം (ഈ പു



സ്തകത്തിന്റെ ആരംഭത്തിൽ ആ ഭാഗമുദ്ധരിച്ചിട്ടുള്ളതോർക്കുക) ഇത് വ്യക്തമാക്കും. ധ്വനികാരൻ വിവരിക്കാത്ത ചിത്രകാവ്യത്തെ മാത്ര മെടുത്ത്, ധ്വനിസിദ്ധാന്തത്തിന്റെ അന്തഃസത്തയ്ക്കനുസരിച്ച്, വിവ രിക്കുകയാണ് രുയ്യകൻ ചെയ്തിരിക്കുന്നത്. വക്രോക്തിയാണ് കാവ്യ ജീവിതമെന്ന സിദ്ധാന്തത്തെ രുയ്യകൻ അംഗീകരിക്കുന്നില്ലെങ്കിലും കവിപ്രതിഭാനിർവർത്തിതത്വവും വിച്ഛിത്തിവിശേഷവുമാണ് അലങ്കാ രവിഭജനമാനദണ്ഡമെന്ന കുന്തകമതത്തെ കൃത്യമായി പിന്തുടർന്നു കൊണ്ടാണ് അദ്ദേഹത്തിന്റെ പോക്ക്. ഉദാഹരണമായി സന്ദേഹാല ങ്കാരത്തിന്റെ നിഷ്കൃഷ്ടലക്ഷണം നിർവഹിച്ചുകൊണ്ട് രുയ്യകൻ എഴു തുന്നു: "കവിപ്രതിഭോത്ഥാപിതമായ സന്ദേഹം പ്രകൃതാപ്രകൃതങ്ങ ളിൽ ഉള്ളതായി കല്പിക്കുന്നിടത്ത് സന്ദേഹാലങ്കാരം." (പേജ് 55). ഇതിന്റെ *സഞ്ജീവനീ*വ്യാഖ്യാനംകൂടി ഉദ്ധരിക്കാം: "ഇപ്രകാരം പ്രകൃ താപ്രകൃതങ്ങളിൽ ഉള്ളതായി പ്രതിഭകൊണ്ടുതന്നെ ഉത്ഥാപിക്കപ്പെ ടുന്നെങ്കിലേ സന്ദേഹാലങ്കാരമാവൂ. തൂണു കണ്ട് പുരുഷനാണെന്നു സന്ദേഹിക്കുന്നിടത്ത് ലോകസിദ്ധമാണത് എന്നതിനാൽ സന്ദേഹാല ങ്കാരമില്ല. (പേജ് 55).

ഭ്രാന്തിമദലങ്കാരനിരൂപണത്തിൽ രുയ്യകൻ പറയുന്നു: "ഭ്രാന്തി സാദൃശ്യഹേതുകമായാലും വിച്ഛിത്തിക്കുവേണ്ടി കവിപ്രതിഭാ നിർവർത്തിതമായാലേ അലങ്കാരമാവൂ. സ്വാഭാവികമായ, ശുക്തി കാണുമ്പോഴത്തെ രജതഭ്രാന്തി അലങ്കാരമല്ല" (പേജ് 58). വിച്ഛിത്തിക്ക് അലൗകികശോഭയെന്ന് വിദ്യാചക്രവർത്തി അർഥം നൽകുന്നു (പേജ് 58).

ഇപ്രകാരം അലങ്കാരങ്ങളുടെ വ്യാവർത്തകധർമത്തിന്റെ കാര്യ ത്തിൽ കുന്തകന്റെ പിൻഗാമിയാണ് രുയ്യകൻ എന്നതിന് എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും.

*സാഹിത്യദർപ്പണ*കർത്താവായ വിശ്വനാഥനും (14–ാം ശതകം) *കുവലയാനന്ദം, ചിത്രമീമാംസ* എന്നീ അലങ്കാരവിവരണഗ്രന്ഥങ്ങ ളുടെ കർത്താവായ അപ്പയ്യദീക്ഷിതരും (17–ാം നൂറ്റാണ്ട്) വൈചിത്ര്യ മാണലങ്കാരം എന്ന അഭിപ്രായംതന്നെയാണവലംബിക്കുന്നത്. ജഗന്നാ ഥപണ്ഡിതരാജൻ (17–ാം നൂറ്റാണ്ട്) *രസഗംഗാധര*ത്തിലുടനീളം അംഗീ കരിക്കുന്ന അലങ്കാരവിഭാജകോപാധി കുന്തകന്റേതുതന്നെ.

ചുരുക്കത്തിൽ, ഭരതന്റെ 'ലക്ഷണ'ത്തിൽ (അഭിനവഗുപ്തന്റെ വ്യാഖ്യാനമനുസരിച്ച്) അങ്കുരിച്ച്, ഭാമഹാദികളായ ആദിമാലങ്കാരി കരാൽ പരിപോഷിപ്പിക്കപ്പെട്ട് , കുന്തകനാൽ കാവ്യജീവിതമെന്ന നില യിൽ സിദ്ധാന്തപദവിയിൽ അവരോധിക്കപ്പെട്ട വക്രോക്തിയെ, മമ്മടാദികളായ പിൽക്കാലസാഹിത്യവിമർശകർ ഭാഗികമായി തിരസ്ക

രിക്കുകയും ഭാഗികമായി അംഗീകരിക്കുകയുമാണുണ്ടായതെന്ന് സംസ്കൃതസാഹിത്യവിമർശനത്തിലെ ഈ വക്രോക്തിചരിത്രാവലോകനം വ്യക്തമാക്കുന്നു.

★



## ഭാഗം രണ്ട്:
## കുന്തകനും വക്രോക്തിയും

1

## കുന്തകന്റെ പൊതുനിലപാടുകൾ

പണ്ടേക്കുപണ്ടേ കാവ്യലോകത്തു പ്രചരിച്ചുവന്ന, ആരും സ്പഷ്ടമായി നിർവചിക്കുകമാത്രം ചെയ്തിട്ടില്ലാത്ത, കാവ്യാത്മാവായ ധ്വനിയെ സപ്രഭേദം വിവരിച്ച് സിദ്ധാന്തപദവിയിലേക്കുയർത്തുകയാണല്ലോ ആനന്ദവർധനൻ ചെയ്തത്. അതുപോലെ ഭാമഹൻ മുതൽക്കുള്ള സാഹിത്യവിമർശകർ നിരൂപണം ചെയ്ത അവ്യക്തമധുരമായ വക്രോക്തിയെ ശരിയാംവണ്ണം നിർവചിച്ച് സവിസ്തരം വിവരിക്കുകയും അതിന്റെ വെളിച്ചത്തിൽ കാവ്യഘടകങ്ങളെയാകെയൊന്ന് പുനഃപരിശോധിക്കുകയും ചെയ്തുകൊണ്ട് വക്രോക്തിയാണ് കാവ്യജീവിതമെന്നു സിദ്ധാന്തിച്ച സാഹിത്യശാസ്ത്രജ്ഞനാണ് കുന്തകൻ (11–ാം ശതകം).

വക്രോക്തിസിദ്ധാന്തത്തെപ്പറ്റി മാത്രം വിവരിക്കുന്ന ഒരു പുസ്തകമാണ് കുന്തകന്റെ *വക്രോക്തിജീവിത*മെങ്കിലും അദ്ദേഹത്തിന്റെ പൊതുസാഹിത്യചിന്തകളുടെ സ്ഥൂലരൂപമെങ്കിലും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

**പ്രയോജനം**

കാവ്യപ്രയോജനത്തെപ്പറ്റി കുന്തകൻ പറയുന്നതിതാണ്:

"ധർമാദിസാധനോപായഃ സുകുമാരക്രമോദിതഃ
കാവ്യബന്ധോഭിജാതാനാം ഹൃദയാഹ്ലാദകാരകഃ."

(1. 3. ധർമാർഥകാമമോക്ഷങ്ങളെന്ന പുരുഷാർഥങ്ങൾ സാധിക്കുന്നതിനുള്ള ഉപായവും മനോഹരമായ രീതിയിൽ ആവിഷ്കരിക്കപ്പെട്ടതും അഭിജാതർക്കു ഹൃദയഹാരിയുമാണ് കാവ്യം)

ആരെ ഉദ്ദേശിച്ചാണ് അക്കാലത്ത് സാഹിത്യം രചിക്കപ്പെട്ടിരുന്നത് എന്ന കാര്യം അഭിജാതപദം വ്യാഖ്യാനിച്ചുകൊണ്ട് കുന്തകൻ വൃത്തിയിൽ വ്യക്തമാക്കുന്നുണ്ട്. അഭിജാതർ രാജകുമാരന്മാരാണല്ലോ. അവർ ധർമാർഥകാമമോക്ഷങ്ങളെന്ന ഉപേയങ്ങളെ അർഥിക്കുന്നവരും വിജയേച്ഛുക്കളും ക്ലേശഭീരുക്കളുമാകുന്നു. ലളിതമനസ്കരാകയാൽ അവരെ ആഹ്ലാദിപ്പിക്കുന്നതായിരിക്കണം കാവ്യം. അങ്ങനെ അത് ധർമാദിപ്രാപ്ത്യുപായമായിത്തീരുന്നു.അപ്പോൾ അത് കളിപ്പാട്ടംപോലെ മാത്രമാവും. അതല്ല. അവർക്ക് അത്തരം പുരുഷാർഥങ്ങൾ ഉപദേശിക്കുന്ന മറ്റു ശാസ്ത്രങ്ങൾ – ധർമശാസ്ത്രം, അർഥശാസ്ത്രം, കാമശാസ്ത്രം, മോക്ഷശാസ്ത്രം എന്നിവ ഉണ്ടല്ലോ. അതു പോരാ. അവ കാര്യമാത്രപ്രസക്തങ്ങളും വിരസങ്ങളുമത്രേ. കാവ്യം അങ്ങനെയല്ല. സുകുമാരക്രമോദിതമാണ് – സഹൃദയഹൃദയാഹ്ലാദകമായ ശൈലിയിൽ വിരചിതമാണ്. അഭിജാതർക്ക് ആഹ്ലാദകരവും പ്രവർത്തനപ്രേരകവുമായിരിക്കണം കാവ്യം. അങ്ങനെ അത് ധർമാദിപ്രാപ്ത്യുപായമായിത്തീരുന്നു. ധർമാദിശാസ്ത്രങ്ങളിൽ കഠോരക്രമമാണ് സ്വീകരിച്ചിട്ടുള്ളതെന്നതിനാൽത്തന്നെ ധർമാദ്യുപദേശം ദുർഗ്രഹമാണ്. ഇനി വല്ലതും ഗ്രഹിക്കാൻ കഴിഞ്ഞാൽത്തന്നെ അതത്ര കര്യമാക്കാനുമില്ല. രാജകുമാരന്മാർ സകലൈശ്വര്യങ്ങളും നേടി, ലോകം മുഴുവൻ ഭരണത്തിലൂടെ വ്യവസ്ഥപ്പെടുത്താൻ ബാധ്യസ്ഥരായി, ശ്ലാഘ്യമായ ഉപദേശങ്ങളുടെ അഭാവത്തിൽ സർവതന്ത്രസ്വതന്ത്രരായി സമുചിതമായ സകലവ്യവഹാരങ്ങളെയും ലംഘിച്ചുകൊണ്ട് പ്രവർത്തിക്കാൻ ശക്തരായിത്തീരുന്നു. അതുകൊണ്ട് ധർമാദികാര്യങ്ങൾ അവരെ പഠിപ്പിക്കുന്നതിന് കഴിഞ്ഞുപോയ നല്ല നല്ല രാജാക്കന്മാരുടെ ചരിതം അവർക്കു മാതൃകയായി കവികൾ നിബന്ധിക്കുന്നു. ഇപ്രകാരം ധർമാദിശാസ്ത്രങ്ങളിൽനിന്നു വ്യതിരിക്തമായി കാവ്യത്തിന് പ്രകൃഷ്ടമായ പ്രയോജനമുണ്ട്.



പുരുഷാർഥവ്യുല്പത്തി എന്ന മുഖ്യപ്രയോജനത്തിനു പുറമെ ലോകജീവിതാനുഭവങ്ങൾ നേടുക എന്നതും കാവ്യത്തിന്റെ ലക്ഷ്യമാണ്. പ്രസക്തകാരിക ഉദ്ധരിക്കാം:

"വ്യവഹാരപരിസ്പന്ദസൗന്ദര്യം വ്യവഹാരിഭിഃ
സത്കാവ്യാധിഗമാദേവ നൂതനൗചിത്യമാപ്യതേ."

(1. 4. ലോകവ്യവഹാരത്തിൽ സദാ പ്രവർത്തിക്കുന്ന ആളുകൾക്ക് നൂതനൗചിത്യത്തോടുകൂടി ലോകവ്യവഹാരം നടത്താൻ സത്കാവ്യങ്ങളുടെ പഠനംകൊണ്ട് സാധിക്കുന്നു.) മഹാന്മാരായ രാജാക്കന്മാരുടെ ജീവിതവ്യവഹാരത്തെ വർണിക്കുമ്പോൾ, അവരുടെ കീഴിൽ കഴിയുന്ന മന്ത്രിമാർ മുതലായവരെ സമുചിതമായ സ്വകർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ നിപുണരെന്ന നിലയിൽ നിബന്ധിക്കുമ്പോൾ, സകലവ്യവഹാരങ്ങളുടെയും ഉപദേശം സഹൃദയർക്കു സിദ്ധിക്കുന്നു.

ഭൃത്യന്മാർ, സുഹൃത്തുക്കൾ മുതലായവർ അന്യോന്യവും രാജാക്കന്മാർ മുതലായവരോടും പെരുമാറുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ അവർക്കു കഴിയുന്നു. സത്കാവ്യപഠനത്തിലൂടെ ലോകവ്യവഹാരപരിചയം നേടി ശ്ലാഘനീയമായ ഫലമനുഭവിക്കാൻ രാജാക്കന്മാർക്കു കഴിയുന്നു.

ചതുർവിധപുരുഷാർഥവ്യുല്പത്തിക്കു പുറമെ കാവ്യാമൃതരസംകൊണ്ടുള്ള ചമത്കാരവും അവർ അനുഭവിക്കുന്നു. അവർ രസിച്ചുകൊണ്ട് പഠിക്കുന്നു. ഉപദേശമെന്നറിയാതെ ഉപദേശം അവരിലെത്തുന്നുവെന്നു ചുരുക്കം.

"കടുകൗഷധവച്ഛാസ്ത്രമവിദ്യാവ്യാധിനാശനം;
ആഹ്ലാദ്യമൃതവത് കാവ്യമവിവേകഗദാപഹം."

എന്ന പദ്യത്തിലൂടെ കാവ്യവും ശാസ്ത്രവും തമ്മിലുള്ള വ്യത്യാസം കുന്തകൻ വിശദമാക്കുന്നു. കയ്പേറിയ കഷായംപോലെ ധർമാദി ശാസ്ത്രങ്ങൾ അജ്ഞാനമാകുന്ന രോഗം ശമിപ്പിക്കുന്നു; ആഹ്ലാദക രമായ അമൃത് പോലുള്ള കാവ്യം അവിവേകമെന്ന രോഗം മാറ്റുന്നു.

ഇത്ര സുവ്യക്തമായി സാഹിത്യപ്രയോജനത്തെപ്പറ്റി ചർച്ച ചെയ്ത ആചാര്യന്മാർ വിരളമായേ ഉണ്ടായിരുന്നുള്ളൂ.

**കാവ്യലക്ഷണം**

"സാലങ്കാരസ്യ കാവ്യതാ" (1. 6. അലങ്കാരത്തോടുകൂടിയതാണ് കാവ്യം) എന്നു സാമാന്യമായി കാവ്യസ്വരൂപം സൂചിപ്പിച്ചതിനുശേഷം കുന്തകൻ നിഷ്കൃഷ്ടമായി കാവ്യത്തെ ഇങ്ങനെ നിർവചിക്കുന്നു:

"ശബ്ദാർഥൗ സഹിതൗ വക്രകവിവ്യാപാരശാലിനി
ബന്ധേ വ്യവസ്ഥിതൗ കാവ്യം തദ്വിദാഹ്ലാദകാരിണി."

(1. 7. വക്രമായ, അതായത്, ശാസ്ത്രാദികളിൽ പ്രസിദ്ധമായ ശബ്ദാർഥ പ്രയോഗങ്ങളിൽനിന്നു വ്യതിരിക്തമായ, കവിവ്യാപാരംകൊണ്ടു ശോഭ നവും സഹൃദയഹൃദയാഹ്ലാദകരവുമായ വാക്യവിന്യാസത്തിൽ പര സ്പരസമ്മിളിതരൂപത്തിൽ സ്ഥിതി ചെയ്യുന്ന ശബ്ദാർഥങ്ങളാണ് കാവ്യം. ഈ നിർവചനത്തിലെ ഓരോ 'ദള'ത്തെയും സവിസ്തരം ചർച്ച ചെയ്ത് സ്വഹൃദയം ഭംഗിയായി വെളിപ്പെടുത്തുന്നുണ്ട് കുന്ത കൻ.

"ശബ്ദാർഥൗ സഹിതൗ കാവ്യം" എന്നു പറഞ്ഞതുകൊണ്ട് കവികൗശലകല്പിതകമനീയാതിശയശബ്ദമാണ് കാവ്യമെന്നും, രച നാവൈചിത്ര്യചമത്കാരകാരിയായ അർഥമാണ് കാവ്യമെന്നുമുള്ള രണ്ടു പക്ഷവും ശരിയല്ലെന്നു വ്യക്തമാക്കുന്നു. ശബ്ദത്തിലും അർഥ ത്തിലും, ഓരോ എള്ളിൻമണിയിലും എണ്ണയെന്നപോലെ, സഹൃദയ ഹൃദയാഹ്ലാദകത്വം നിലകൊള്ളുന്നു. ശബ്ദത്തിലോ അർഥത്തിലോ ഏതെങ്കിലും ഒന്നിൽ മാത്രമല്ല. നോക്കൂ:

"ഭണ തരുണി, രമണമന്ദിരമാനന്ദസ്യന്ദിസുന്ദരേന്ദുമുഖി,
യദി സല്ലീലോല്ലാപിനി, ഗച്ഛസി തത് കിം ത്വദീയം മേ
അനണുരണന്മണിമേഖലമവിരതശിഞ്ജാനമഞ്ജുമഞ്ജീരം
പരിസരണമരുണചരണേ, രണരണകമകാരണം കുരുതേ."

(രുദ്രടന്റെ *കാവ്യാലങ്കാരം*, 2. 22–23. ആനന്ദമൊഴുക്കുന്ന സുന്ദരമായ ചന്ദ്രനെപ്പോലുള്ള മുഖത്തോടുകൂടിയവളേ, ലീലാവിലാസങ്ങളോടെ മൊഴിയുന്നവളേ, പറയൂ, നീ പ്രിയതമന്റെ വീട്ടിലേക്ക് പോകുന്നു വെങ്കിൽ, മണിമേഖല ഏറെ ഒച്ച പുറപ്പെടുവിച്ചുകൊണ്ടും മനോഹ രമായ പാദസരങ്ങൾ കിലുക്കിക്കൊണ്ടുമുള്ള നിന്റെ ഗമനം, ചെമപ്പാർന്ന കാലുകളോടുകൂടിയവളേ, അകാരണമായി എനിക്ക് ഉത്കണ്ഠയുള



വാക്കുന്നതെന്തിന്?) ഇവിടെ പ്രതിഭാദാരിദ്ര്യദൈന്യത്താൽ വളരെക്കു റച്ചു നല്ല വാക്കുകൾ മാത്രം കൈമുതലുള്ള കവി വർണ്യാവർണ്യ ത്തിൽ പൊതിഞ്ഞവതരിപ്പിച്ചിരുക്കുകയാണ്. അല്പം പോലും വാച്യ വൈചിത്ര്യം ഇവിടെയില്ല. ആശയമാകട്ടെ തികച്ചും ഗ്രാമ്യവും. അതുതന്നെ പരസ്പരവിരുദ്ധവുമായിരിക്കുന്നു. അകാരണമെന്നു പറ ഞ്ഞതു ശരിയല്ല. കാരണമുണ്ടല്ലോ. മാത്രമല്ല, മുനിപ്രണീതസ്തോ ത്രങ്ങളിലെപ്പോലെ എത്രയാണ് സംബോധനകൾ! ആകെക്കൂടി നോക്കിയാൽ, സഹൃദയഹൃദയാഹ്ലാദകമായി ഈ പദ്യങ്ങളിൽ യാതൊന്നുമില്ല. ശബ്ദഭംഗി മാത്രമായാൽ കവിതയാവില്ലെന്നു സാരം.

ശബ്ദഭംഗിയേതുമില്ലാതെ വസ്തു മാത്രം പ്രതിപാദിച്ചാലും കവി തയാവില്ല. ഉദാഹരണണമായി ഈ പദ്യം പരിശോധിക്കുക:

"പ്രകാശസ്വാഭാവ്യം വിദധതി ന ഭാവാസ്തമസി യത്
തഥാ നൈതേ തേ സ്യുർയദി കില തഥാ യത്ര ന കഥം
ഗുണാധ്യാസാഭ്യാസവ്യസനദൃഢദീക്ഷാഗുരുഗുണോ
രവിവ്യാപാരോയം കിമഥ സദൃശം തസ്യ മഹസഃ!"

(പ്രകാശങ്ങൾ ഇരുട്ടിൽ സ്വയം പ്രകാശിപ്പിക്കപ്പെടുന്നില്ല. അവ സ്വ യംപ്രകാശകമായിരുന്നെങ്കിൽ അപ്പോഴും സ്വയം പ്രകാശിപ്പിക്കുമാ യിരുന്നു. പദാർഥങ്ങളെ മുഴുവൻ പ്രകാശിപ്പിക്കുന്നതിനു മാത്രമായി സദാ പ്രവർത്തിക്കുന്ന സൂര്യന്റെ വ്യാപാരമാണ് എല്ലാ പദാർഥങ്ങ ളെയും പ്രകാശിപ്പിക്കൽ. ആ തേജഃപുഞ്ജത്തിനു തുല്യമായി മറ്റെ ന്തുണ്ട്?) വരട്ടുതർക്കവാക്യംപോലെ അവതരിപ്പിക്കപ്പെട്ട ഈ വാക്യ ത്തിൽ പ്രതിഭാസ്പർശമുള്ള ആശയം ഇല്ലായ്കയില്ല. പക്ഷേ വാച കവക്രത തൊട്ടുതെറിപ്പിച്ചിട്ടുപോലുമില്ല. ഈ വാക്യത്തിന് തർക്ക വാക്യത്തിന്റെ രൂപമാണുള്ളത്. "ഇരുട്ടൊഴിച്ചുള്ള പദാർഥങ്ങളായ ധർമികൾ പ്രകാശസ്വഭാവങ്ങളായി ഭവിക്കുന്നില്ല" എന്ന് സാധ്യം; "ഇരുട്ടിൽ അങ്ങനെയല്ലാത്തതുകൊണ്ട്"എന്ന് ഹേതു; ദൃഷ്ടാന്തം പ്രദർശിപ്പിച്ചിട്ടില്ല. തർക്കവാസന കവിഹൃദയത്തിൽ അത്രയേറെ നിറ ഞ്ഞുനിൽക്കയാൽ ദൃഷ്ടാന്തമില്ലാതെ ഹേതുമാത്രം പറഞ്ഞാൽ മതി യാവും എന്നതുകൊണ്ടാണത്. കൂടാതെ, ക്ലേശാനീതമാണ് ഈ പദ്യ ത്തിലെ അർഥമെന്നും കാണുക. 'രവിവ്യാപാരം' എന്നതിലെ വ്യാപാരപദം സമാസത്തിൽ അപ്രധാനമായിപ്പോയതും ദോഷംതന്നെ. 'രവേഃ' (സൂര്യന്റെ) എന്നാക്കിയാൽ ആ ദോഷം പരിഹരിക്കാം. ഏതാ യാലും അർഥമാത്രപ്രതിപാദകമായ ഈ പദ്യത്തിൽ കവിതയില്ലെ ന്നുറപ്പിച്ചു പറയാം.

ഈ വസ്തുത ഒരേ ആശയം പ്രതിപാദിക്കുന്ന രണ്ടു ശ്ലോകങ്ങ ളുദ്ധരിച്ചുകൊണ്ട് കുന്തകൻ തുടർന്നു വ്യക്തമാക്കുന്നു:

"മാനിനീജനവിലോചനപാതാ-
നുഷ്ണബാഷ്പകലുഷാനനുഗൃഹ്ണൻ
മന്ദമന്ദമുദിതാ പ്രയയൗ ഖം
ഭീതഭീത ഇവ ശീതമയൂഖഃ."

(ചുടുകണ്ണീർകൊണ്ടു കലങ്ങിയ പ്രണയകലഹിതയായ യുവതിയുടെ കൺനോട്ടങ്ങളെ സ്വീകരിച്ചുകൊണ്ട് പേടിച്ചുപേടിച്ചെന്നപോലെ ശീതരശ്മി – ചന്ദ്രൻ – പതുക്കെപ്പതുക്കെ ആകാശത്തിൽ ഉദിച്ചുയരന്നു.)

"ക്രമാദേകദ്വിത്രിപ്രഭൃതിപരിപാടീഃ പ്രകടയൻ
കലാഃ സ്വൈരം സ്വൈരം നവകമലകന്ദാങ്കുരരുചഃ
പുരന്ധ്രീണാം പ്രേയോവിരഹദഹനോദ്ദീപിതദൃശാം
കടാക്ഷേഭ്യോ ബിഭ്യൻ നിഭൃത ഇവ ചന്ദ്രോഭ്യുദയതേ."

(പുതുതാമരക്കിഴങ്ങിൻപൊടിപ്പുകളുടെ ശോഭയാർന്ന കലകളെ സ്വൈരമായി ഒന്ന്, രണ്ട്, മൂന്ന് മുതലായ ക്രമത്തിൽ വെളിപ്പെടുത്തിക്കൊണ്ട്, പ്രിയതമവിരഹത്തിനാൽ ജ്വലിപ്പിക്കപ്പെട്ട കൺകളോടുകൂടിയ നാഗരികവനിതകളുടെ കടാക്ഷങ്ങളെ പേടിച്ചിട്ട് ഒളിച്ചിട്ടെന്നപോലെ, ചന്ദ്രൻ ഉദിച്ചുയരുന്നു.)

ഈ രണ്ടു ശ്ലോകങ്ങൾ തമ്മിലുള്ള അന്തരം സഹൃദയസംവേദ്യമത്രേ. രണ്ടാമത്തേതിൽ ശബ്ദാർഥസാഹിത്യം അനുഭവവേദ്യമെന്നു പറയേണ്ടതില്ലല്ലോ.

അതിനാൽ രമണീയതാവിശിഷ്ടമായ കേവലശബ്ദത്തിനോ താദൃശമായ കേവലാർഥത്തിനോ കാവ്യത്വമില്ലെന്നു ചുരുക്കം.

"സഹിതൗ" എന്നതിന് ശബ്ദാർഥങ്ങളുടെ വക്രതാവിചിത്രഗുണാലങ്കാരസമ്പത്തുകളുടെ പരസ്പരസ്പർധാതിശയമെന്നർഥം.

"സമസർവഗുണൗ സന്തൗ സുഹൃദാവിവ സംഗതൗ
പരസ്പരസ്യ ശോഭായൈ ശബ്ദാർഥൗ ഭവതോ യഥാ
തതോരുണപരിസ്പന്ദമന്ദീകൃതവപുഃ ശശീ
ദധ്രേ കാമപരിക്ഷാമകാമിനീഗണ്ഡപാണ്ഡുതാം."

(1. 18–19. സർവഗുണങ്ങളും തുല്യമായി, സുഹൃത്തുക്കളെന്നപോലെ സംഗതങ്ങളായി, അന്യോന്യം ശോഭാവർധകമായി, ശബ്ദാർഥങ്ങൾ ഭവിക്കുന്നു. ഉദാഹരണം: സൂര്യന്റെ പ്രഭ നിമിത്തം മങ്ങലേറ്റ ശരീരത്തോടുകൂടിയ ചന്ദ്രൻ കാമാതുരത്വംകൊണ്ട് ക്ഷീണമായ കാമിനിയുടെ കവിൾത്തടത്തിലെ വിളർപ്പിനെ ധരിച്ചു.) ഇവിടത്തെ ഉദാഹരമത്തിൽ അർഥാലങ്കാരചാരുതയും വർണവിന്യാസവക്രതയും ഒന്നിനൊന്നു മത്സരിച്ചു നില കൊള്ളുന്നതു കാണാം. വർണവിന്യാസവിച്ഛിത്തികൊണ്ടുണ്ടായ ലാവണ്യഗുണവും ശ്രദ്ധേയമത്രേ. മറ്റൊരുദാഹരണം:



"ലീലയാ കുവലയം കുവലയമിവ ശീർഷേ സമുദ്വഹതാ
ശേഷേണ ശേഷപുരുഷാണാം പുരുഷകാരഃ സമുദ്ധസിതഃ."

(ഭൂഗോളത്തെ കളിയായി നീലത്താമരപ്പൂപോലെ തലയിലേറ്റിയ അനന്തസർപ്പത്താൻ മറ്റു പുരുഷന്മാരുടെ പൗരുഷത്തെ പരിഹസിച്ചു.) അപ്രസ്തുതപ്രശംസ, ഉപമ എന്നീ അർഥാലങ്കാരങ്ങളുടെ വൈചിത്ര്യം, അനായാസമായി വിന്യസിക്കപ്പെട്ട യമകം, അനുപ്രാസം എന്നീ ശബ്ദാലങ്കാരങ്ങളുടെ മനോഹാരിത എന്നിവ ഇവിടെ വ്യ. ക്തം. കേട്ട മാത്രയിൽ അർഥബോധം ഉളവാകുകയും ചെയ്യുന്നു. ആകപ്പാടെ ഈ കൊച്ചുപദ്യം സഹൃദയഹൃദയത്തെ സുതരാം ആഹ്ലാദിപ്പിക്കുന്നു.

"ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം;
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം." (*വീണപൂവ്,* 28)

എന്ന കുമാരനാശാന്റെ ശബ്ദാർഥാലങ്കാരമനോഹരമായ ശ്ലോകം കുന്തകൻ വിവരിക്കുന്ന ഈ 'സാഹിത്യ'ത്തിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാം. വള്ളത്തോളിന്റെ 'മാതൃവന്ദന'ത്തിലെ ഈ വരികളും അങ്ങനെത്തന്നെ:

"മിന്നൽക്കാറുകളായ പൊന്നണിദ്വിപങ്ങളു-
മന്യൂനസ്തനിതമാം പടഹസ്വനവുമായ്
ഭാസമാനേന്ദ്രായുധതോരണം വർഷോത്സവം
ഭാർഗവക്ഷേത്രത്തിൽപ്പോലെങ്ങാനുമുണ്ടോ വേറെ?" (5)

'ശബ്ദാർഥൗ' എന്ന ദ്വിവചനംകൊണ്ട് ഒരു ശബ്ദത്തെയും അതിന്റെ അർഥത്തെയും മാത്രമല്ല വിവക്ഷിക്കുന്നത്. എങ്കിൽ ഒരു വാക്കു മാത്രമായാൽ കാവ്യമാവും. അതുകൊണ്ട് ശബ്ദജാതിയെയും അർഥജാതിയെയുമാണ് മനസ്സിലാക്കേണ്ടത്. 'ബന്ധേ വ്യവസ്ഥിതൗ' എന്നു പറഞ്ഞതുകൊണ്ട് ഇത് കൂടുതൽ വ്യക്തമാവുകയും ചെയ്യുന്നു. ബന്ധമെന്നാൽ വാക്യവിന്യാസം. വ്യവസ്ഥിതം – വിശേഷേണ, ലാവണ്യാദിഗുണാലങ്കാരശോഭിയായ സന്നിവേശത്തോടെ, അവസ്ഥിതം. 'സഹിതൗ' എന്നതിലെ സാഹിത്യത്തിന് ഒരു ശബ്ദത്തിന് അടുത്ത ശബ്ദത്തോടും ഒരു ശബ്ദത്തിന്റെ അർഥത്തിന് അടുത്ത

ശബ്ദത്തിന്റെ അർഥത്തോടുമുള്ള പരസ്പരസ്പർധിത്വരൂപമായ ഒത്തിണക്കം എന്നർഥം.

പ്രത്യുദാഹരണരൂപത്തിൽ ഭവഭൂതിയുടെ *മാലതീമാധവ*(5. 30)ത്തിലെ ഒരു ശ്ലോകമുദ്ധരിച്ച് കുന്തകൻ ഈ ആശയം വിശദീകരിക്കുന്നുമുണ്ട്:

"അസാരം സംസാരം, പരിമുഷിതരത്നം ത്രിഭുവനം,
നിരാലോകം ലോകം, മരണശരണം ബാന്ധവജനം,
അദർപ്പം കന്ദർപ്പം, ജനനയനനിർമാണമഫലം,
ജഗജ്ജീർണാരണ്യം കഥമസി വിധാതും വ്യവസിതഃ?"

(പ്രപഞ്ചത്തെ സാരമില്ലാത്തതും, ത്രൈലോക്യത്തെ രത്നം മുഴുവൻ അപഹരിക്കപ്പെട്ടതും, ജീവലോകത്തെ കാണാൻ കൊള്ളാവുന്ന വസ്തു പോയ്പ്പോയതും, ബന്ധുജനങ്ങളെ മരണം ശരണമായവരും, കാമനെ ഗർവമില്ലാത്തവനും, ജനനയനസൃഷ്ടിയെ നിഷ്പ്രയോജനവും, ഉലകിനെ ജീർണാരണ്യവുമാക്കാനാണോ നീ തുനിഞ്ഞിറങ്ങിയിരിക്കുന്നത്?) തന്റെ പ്രിയതമയായ മാലതിയെ കൊല്ലാൻ മുതിരുന്ന കാപാലികനോട് നായകൻ പറയുന്നതാണിത്. മഹാവാക്യപ്രായമായ ഈ പദ്യത്തിൽ അവാന്തരവാക്യതുല്യമായ മറ്റു വാക്യങ്ങളെല്ലാം അവളുടെ സകലലോകലോഭനീയമായ ലാവണ്യസമൃദ്ധിയെ പ്രതിപാദിക്കുന്നവയും പരസ്പരം കിടപിടിക്കുന്നവയും അതിമനോഹരങ്ങളുമായി ഉപനിബന്ധിക്കപ്പെട്ടുകൊണ്ട് അനിർവചനീയമായ കാവ്യശോഭാതിശയം പോഷിപ്പിക്കുന്നുണ്ടെന്നിരിക്കേ, ഒരവാന്തരവാക്യം മാത്രം (മരണശരണം ബാന്ധവജനം) ഇവയോട് ഒരു തരത്തിലും പൊരുത്തപ്പെടാതെ നിലകൊള്ളുകയാണ്. അതിനുപകരം മറ്റുള്ളവയ്ക്ക് സജാതീയമായി "വിധിമപി വിപന്നാത്ഭുതവിധിം" (ബ്രഹ്മാവിനെ അപകടത്തിൽപെട്ട അത്ഭുതസൃഷ്ടിയോടുകൂടിയവനും) എന്ന് എളുപ്പത്തിൽ തൊടുത്തുചേർക്കാവുന്നതേയുള്ളൂ എന്നും കുന്തകൻ ചൂണ്ടിക്കാട്ടുന്നു. അങ്ങനെ സമശീർഷമായൊന്ന് കിട്ടാൻ പ്രയാസം വരുമ്പോൾ പ്രതിഭാശാലികളായ കവികൾ അതീവഹൃദ്യമായ ചില അപൂർവവിദ്യകൾ പ്രയോഗിക്കുമെന്ന് അദ്ദേഹം എടുത്തുപറയുന്നു. രണ്ടുദാഹരണങ്ങൾ നൽകുകയും ചെയ്യുന്നു:

"രുദ്രാദ്രേസ്തുലനം, സ്വകണ്ഠവിപിനോച്ഛേദോ, ഹരേർവാസനം
കാരാവേശ്മനി, പുഷ്കാപഹരണം"

(*ബാലരാമായണം*, 1. 51. കൈലാസമെടുത്ത് അമ്മാനമാടൽ, തന്റെ തലയോരോന്നായി അറുക്കൽ, ബാലിയെ തടവിൽ പാർപ്പിക്കൽ, പുഷ്പകവിമാനം തട്ടിക്കൊണ്ടുപോകൽ) എന്നിടത്ത്, ഇവയോടു കിടനിൽക്കുന്ന മറ്റൊരു പരാക്രമോദാഹരണം തോന്നാതിരിക്കുമ്പോൾ, കവി ചെയ്തതെന്താണെന്നോ? "യസ്യേദൃശാഃ കേളയഃ" (ആർക്ക് ഇതുപോലുള്ളവ കേളികളാണോ) എന്നു പറഞ്ഞവസാനിപ്പിക്കുന്നു. ഈയൊരു പ്രയോഗം മുൻപ്രയോഗങ്ങൾക്കുതന്നെ അപൂർവമായൊരു രാമണീയകം ചാർത്തിയിരിക്കുന്നു.



"തദ്വക്രേന്ദുവിലോകനേന ദിവസോ നീതഃ, പ്രദോഷസ്തഥാ
തദ്ഗോഷ്ഠ്യൈവ, നിശാപി മന്മഥകൃതോത്സാഹൈസ്തദം–
ഗാർപ്പണൈഃ,
താം സമ്പ്രത്യപി മാർഗദത്തനയനാം ദ്രഷ്ടും പ്രവൃത്തസ്യ മേ
ബദ്ധോത്കണ്ഠമിദം മനഃ കിം?"

(അവളുടെ മുഖചന്ദ്രനെ നോക്കിക്കൊണ്ടുതന്നെ പകൽ പോക്കി; അതുപോലെ സന്ധ്യാനേരം അവളുമായുള്ള നർമസല്ലാപസദസ്സുകൊണ്ടും രാത്രി അവളുടെ അംഗങ്ങൾ സമർപ്പിച്ച കാമകേളികൾകൊണ്ടും കഴിച്ചുകൂട്ടി. ഇപ്പോൾ വഴിയിൽ കണ്ണും നട്ടുനിൽക്കുന്ന അവളെ കാണാൻ മുതിർന്ന എന്റെ മനസ്സ് എന്തേ ഉത്കണ്ഠാകുലമാകുന്നത്?) വാസ്തവത്തിൽ ആശയം ഇതോടെ തീർന്നു. വരി പൂർത്തിയായിട്ടുമില്ല. അപ്പോൾ കവി ചെയ്തതെന്തെന്നോ? "അഥവാ പ്രേമാസമാപ്തോത്സവം" (അല്ലെങ്കിൽ, പ്രേമം അവസാനിക്കാത്ത ഉത്സവമാണല്ലോ.) എന്നൊരു വാക്യംകൊണ്ട് മുൻപുള്ള ശ്ലോകഭാഗത്തിനാകെ പുതുജീവൻ നൽകി.

മലയാളത്തിൽനിന്നും രണ്ടുദാഹരണങ്ങളാവാം. വള്ളത്തോളിന്റെ ഈ ശ്രീകൃഷ്ണവർണനം ശ്രദ്ധിക്കൂ:

"പീലികൾ തിരുകിയ കാർമുടിക്കെട്ടും നൽപ്പൊ–
ന്നേലസ്സു കിലുങ്ങിടുമരയിൽ മഞ്ഞപ്പട്ടും
ചെന്തളിർക്കൈയിലൊരു പൊന്നോടക്കുഴലും – ഹാ!
ഹന്ത! കൈതൊഴാം തൊഴാമമ്പാടിമണിക്കുഞ്ഞേ!"

("ഭക്തിയും വിഭക്തിയും", 7)

"പൊന്നോടക്കുഴലും" എന്നായപ്പോഴേക്കും ഉണ്ണിക്കൃഷ്ണന്റെ ചിത്രം പൂർത്തിയായി. ഭക്തിവിസ്മയപാരവശ്യസൂചകമായ പ്രയോഗങ്ങൾകൊണ്ട് അതിന് എന്തെന്നില്ലാത്ത തിളക്കം കൊടുക്കുകയാണ് കവി പിന്നീട് ചെയ്യുന്നത്.

കുമാരനാശാന്റെ ഈ പദ്യം മറ്റൊരുദാഹരണം:

"അറികില്ലനുരാഗമേറെയാ–

ളറിവോർ തെറ്റിടു,മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം –
കുറയും ഹാ! സഖി, ഭാഗ്യശാലികൾ!" (*ലീല*, 2. 8)

ഇവിടെ മൂന്നാംവരിയോടെ സാമാന്യോക്തികളുടെ സ്വാഭാവികമായ ആ ആശയപ്രവാഹം നിലച്ചുകഴിഞ്ഞതാണ്. പക്ഷേ, അവയേക്കാളൊക്കെ പ്രസക്തമായ മറ്റൊരു ലോകോക്തി നാലാം വരിയിലൂടെ ഉന്നയിച്ചുകൊണ്ട് മുൻപറഞ്ഞവയ്ക്കൊക്കെ അധികം ചൈതന്യം പകരുകയാണ് കവി.

ഈ ഉദാഹരണങ്ങളിൽ സാഹിത്യപ്രധാനമായിത്തന്നെയാണ് വാക്യാർഥം ഉപനിബന്ധിക്കപ്പെട്ടിട്ടുള്ളതെങ്കിലും കവിപ്രതിഭയുടെ പ്രൗഢിയാണ് പ്രമുഖമായി നിലകൊള്ളുന്നത്. ഒരു ശബ്ദത്തിന് തൊട്ടടുത്ത ശബ്ദത്തോടും സഹിതഭാവം ഉണ്ടായിരിക്കണം. അതില്ലാതിരിക്കുന്നതിന് ഉദാഹരണം:

"ചാരുതാ വപുരഭൂഷയദാസാം,
താമനൂനനവയൗവനയോഗഃ;
തം പുനർമകരകേതനലക്ഷ്മീ,–
സ്താം മദോ ദയിതസംഗമഭൂഷഃ."

(*ശിശുപാലവധം*, 10. 33. ഇവരുടെ ശരീരത്തെ സൗന്ദര്യം അലങ്കരിച്ചു; അതിനെ അനല്പമായ പുതുയൗവനച്ചേർച്ച, അതിനെപ്പിന്നെ കാമശോഭ, അതിനെ പ്രിയതമസംഗമം അലങ്കാരമായ അഹങ്കാരം.) "അതിനെ അഹങ്കാരം, അതിനെ പ്രിയതമസംഗമം"എന്നാണിവിടെ വേണ്ടിയിരുന്നത്. പ്രിയതമസംഗമത്തെ സമാസത്തിൽ അപ്രധാനമാക്കിയത് സഹൃദയർക്ക് ആഹ്ലാദമുളവാക്കുന്നതല്ല. ദീപകാലങ്കാരത്തെ അവസാനം കൊണ്ടുപോയി തകർത്തെറിഞ്ഞതുകൊണ്ടുളവായ പ്രക്രമഭംഗദോഷമാണിതിനു കാരണം. "ദയിതസംഗതിരേനം" (ഇതിനെ പ്രിയതമസംഗമം) എന്ന് കുന്തകൻ ഈ ഭാഗം തിരുത്തി ദോഷവിമുക്തമാക്കുന്നു.

എന്താണ് കാവ്യത്തിലെ ശബ്ദം? എന്താണർഥം? കുന്തകൻ പറയുന്നു:

"ശബ്ദോ വിവക്ഷിതാർഥൈകവാചകോന്യേഷു സത്സ്വപി;
അർഥഃ സഹൃദയാഹ്ലാദകാരിസ്വസ്പന്ദസുന്ദരഃ."

(1. 9. സമാനാർഥകങ്ങളായ മറ്റെത്ര ശബ്ദമുണ്ടായാലും വിവക്ഷിതമായ അർഥത്തെ കൃത്യമായും സൂക്ഷ്മമായും ബോധിപ്പിക്കാൻ കെല്പുള്ള ശബ്ദമാണ് കാവ്യത്തിലെ ശബ്ദം. ഇതിനെ കുന്തകൻ



ഒരുദാഹരണംകൊണ്ട് വ്യക്തമാക്കുന്നു:

"കല്ലോലവേല്ലിതദൃഷത്പരുഷപ്രഹാരൈ
രത്നാന്യമൂനി മകരാകര! മാവമംസ്ഥാഃ;
കിം കൗസ്തുഭേന ഭവതോ വിഹിതോ ന നാമ
യാച്ഞാപ്രസാരിതകരഃ പുരുഷോത്തമോപി?"

(*ഭല്ലടശതകം*, 62. അല്ലയോ സമുദ്രമേ! തിരമാലയേറ്റിളകിയ കല്ലുകൾകൊണ്ടുള്ള പരുക്കൻ പ്രഹരങ്ങളാൽ ഈ രത്നങ്ങളെ അപമാനിക്കരുതേ! സാക്ഷാൽ വിഷ്ണുപോലും കൗസ്തുഭത്തിനുവേണ്ടി അങ്ങയുടെ നേർക്ക് യാചിച്ചു കൈനീട്ടിയിട്ടില്ലേ?) ഇവിടെ രത്നസാമാന്യത്തിന്റെ ഉത്കർഷം പറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. അത് സമർഥിക്കാനാകട്ടെ, കൗസ്തുഭമെന്ന രത്നവിശേഷത്തിന്റെ ഉത്കർഷത്തെയാണ് എടുത്തുകാട്ടുന്നത്. തുടക്കവും തുടർച്ചയും തമ്മിലുള്ള ഈ പൊരുത്തക്കേട് ശോഭാതിശയം കുറയ്ക്കാനിടയാക്കിയിട്ടുണ്ട്. മൂന്നാമത്തെ വരി, "ഏകേന കിം ന വിഹിതോ ഭവതഃ സ നാമ" എന്നു തിരുത്തി കുന്തകൻ ഇതു പരിഹരിക്കുന്നു. ഇങ്ങനെ "അവയിലൊന്നിനുവേണ്ടി" എന്നു പറയുമ്പോൾ, രത്നസാമാന്യോത്കർഷം സമുചിതമായി സമർഥിക്കപ്പെടുന്നു.

ഇതുപോലെ, വിശേഷത്തെ പ്രതിപാദിക്കേണ്ടിടത്ത് അതുതന്നെ നിബന്ധിക്കണം. ഇതിനുദാഹരണമായി കാളിദാസന്റെ ഈ പദ്യമാണ് കുന്തകൻ ചൂണ്ടിക്കാട്ടുന്നത്:

"ദ്വയം ഗതം സമ്പ്രതി ശോചനീയതാം
സമാഗമപ്രാർഥനയാ കപാലിനഃ;
കലാ ച സാ കാന്തിമതീ കലാവത,–
സ്ത്വമസ്യ ലോകസ്യ ച നേത്രകൗമുദീ."

(*കുമാരസംഭവം*, 5. 71. ഇപ്പോൾ കപാലിയോടു ചേരാൻ കൊതിച്ചതുകൊണ്ട് ശോചനീയമായിത്തീർന്നത് രണ്ടെണ്ണമായി: കലാമയന്റെ – ചന്ദ്രന്റെ – കാന്തി ചിന്തുന്ന ആ കലയും, ഈ ലോകരുടെ കണ്ണിനു വെണ്ണിലാവായ നീയും!) പരമേശ്വരനെന്ന അർഥത്തിൽ ആയിരക്കണക്കിനു ശബ്ദങ്ങളുണ്ടായിട്ടും കവി ബീഭത്സരസത്തിന്റെ ആലംബനവിഭാവത്തെക്കുറിക്കുന്ന ജുഗുപ്സാദ്യോതകമായ 'കപാലി'(തലയോട്ടിമാല ചാർത്തിയവൻ)ശബ്ദംതന്നെ പ്രയോഗിച്ച് വാചകവക്രത കൈവരുത്തിയിരിക്കുന്നു. 'പിനാകി'ശബ്ദമാണ് പ്രയോഗിച്ചിരുന്നതെങ്കിൽ പാർവതി അങ്ങോട്ടിങ്ങനെ പ്രാർഥിക്കുന്നതിൽ അസ്വാഭാവികതയോ ശോചനീയതയോ ഇല്ല. വീരകാമകളാണല്ലോ സ്ത്രീകൾ. 'സമ്പ്രതി', 'ദ്വയം' എന്നിവയും അതീവ രമണീയം തന്നെ – മുൻപ്

ആ ചന്ദ്രക്കല ഒന്നു മാത്രമേ ദുരാഗ്രഹദൂഷിതയായി ഈ വിധം അനുകമ്പാസ്പദമായിത്തീർന്നിരുന്നുള്ളൂ. ഇപ്പോഴിതാ, നീയും വേണ്ടാത്ത സാഹസത്തിനു ചാടിപ്പുറപ്പെട്ട് പരിഹാസപാത്രമായിരിക്കുകയാണ്. പ്രാർഥനാശബ്ദവും അത്യന്തസുന്ദരം – 'കാക്കയും വന്നു പനമ്പഴവും വീണു' എന്നു പറഞ്ഞതുപോലെ യാദൃച്ഛികമായിരുന്നു അദ്ദേഹവുമായുള്ള നിന്റെ സമാഗമമെങ്കിൽ ഒരിക്കലും അത് നിന്ദാർഹമാകുമായിരുന്നില്ല. ഇപ്പോഴത്തെപ്പോലെ അങ്ങോട്ട് കടന്നപേക്ഷിക്കുന്നതാകട്ടെ, നിന്റെ തറവാടിത്തത്തിന് കൊടിയ ദുഷ്പേരു വരുത്തിവെക്കുന്നതുതന്നെ. 'സാ ച', 'ത്വം ച' (അവളും – ചന്ദ്രക്കലയെ ഉദ്ദേശിച്ച്, നീയും) – ഇങ്ങനെ നേരിട്ട് ചൂണ്ടിക്കാട്ടിപ്പറയുന്നതുകൊണ്ട് ആ രണ്ടെണ്ണത്തിന്റെ പരസ്പരസ്പർധിയായ ലാവണ്യാതിരേകവും അങ്ങനെ സാദൃശ്യവും സൂചിപ്പിക്കുന്നു. 'കലാവതഃ' (പ്രശസ്തമായ കലയോടുകൂടിയ), 'കാന്തിമതീ' (പ്രശസ്തമായ കാന്തിയോടുകൂടിയ) എന്നിവയിലെ 'മതുപ്' പ്രത്യയങ്ങൾ (വത്, മത് എന്നിവ) കൊണ്ട് രണ്ടിന്റെയും പ്രാശസ്ത്യം ധ്വനിക്കുന്നു. ഈ വിധം ഈ പദ്യത്തിൽ ഇപ്പോഴുപയോഗിച്ച ഏതെങ്കിലുമൊരു വാക്ക് മാറ്റി പ്രയോഗിക്കുകയാണെങ്കിൽ അർഥം അത്യധികം ചോർന്നുപോകുമാറ് അത്ര കൃത്യതയോടെയാണ് കവി പദങ്ങൾ നിബന്ധിച്ചിരിക്കുന്നത്." (പേജ് 37–38)

വിശേഷമാണ് വിവക്ഷിതമെങ്കിലും സാമാന്യരൂപത്തിൽ അതിലേറെ സാമാന്യമായൊരു പ്രസ്താവനകൊണ്ട് അതിനെ സമർഥിച്ച് ഒരേ സമയം വിമർശനവും ന്യായീകരണവുമായി വ്യാഖ്യാനിക്കത്തക്കവിധത്തിൽ ധ്വനിപ്രഭ ചിതറുമാറ് കുമാരനാശാൻ സീതയെക്കൊണ്ട് രാമവിമർശനം നടത്തിക്കുന്ന ഒരു പദ്യം ഇവിടെ ഉദ്ധർത്തവ്യമാണ്:

"അരുതോർക്കിൽ നൃപൻ വധിച്ചു നി–
ഷ്കരുണം ചെന്നൊരു ശൂദ്രയോഗിയെ;
നിരുപിക്കിൽ മയക്കി ഭൂപനെ–
ത്തരുണീപാദജഗർഹിണീ ശ്രുതി."

(*ചിന്താവിഷ്ടയായ സീത*, 112)

'രാമൻ' എന്നല്ല, 'നൃപൻ' എന്നാണ് പ്രയോഗം. നൃപനെന്നാൽ നരരെ പാലിക്കുന്നവൻ. ആ നൃപനാണ് തപസ്സു ചെയ്തതിന്റെ പേരിൽ ശംബൂകനെന്ന ഒരു ശൂദ്രമുനിയെ വധിച്ചത്. അയാളും താൻ പാലിക്കാൻ കടപ്പെട്ട നരരിൽ ഒരാൾതന്നെയാണ്. എന്നിട്ടും ഒരു മഹിതകർമമനുഷ്ഠിക്കുന്ന അയാളെ കൊല്ലുകയാണ് ചെയ്തത്. അതും 'നിഷ്കരുണം'– യാതൊരു ദയയുമില്ലാതെ. 'ചെന്ന്'– അയാൾ രാജധാനിക്കു മുൻപിൽ വന്ന് രാജാവിന്റെ കൃത്യനിർവഹണത്തിന് തടസ്സംവരുത്തുകയോ മറ്റോ ചെയ്തില്ല. എന്നിട്ടും അയാൾ തപസ്സ് ചെയ്യുന്ന സ്ഥലത്തു ചെന്ന് അയാളെ നിഷ്കരുണം വധിച്ചു! അത് കുറ്റകൃത്യത്തിന്റെ ഗൗരവം കൂട്ടുന്നു. എന്താണ് രാമൻ ഇങ്ങനെ ചെയ്യാൻ കാരണം? രാമൻ രാജാവാണ് – വർണാശ്രമധർമപരിപാലകനായ രാജാവ്. വർണധർമം തെറ്റിച്ചുനടന്നു എന്ന കൊടിയ അപരാധമാണ് ശംബൂകൻ ചെയ്തിരിക്കുന്നത്. നിയമം ലംഘിച്ചവനെ ശിക്ഷിക്കുക രാജധർമമാണല്ലോ. എന്താണ് ശിക്ഷ? വധശിക്ഷതന്നെ. അതാണന്നത്തെ ധർമനീതി. അതുകൊണ്ടാണ് സീത പറയുന്നത്: ആലോചിച്ചുനോക്കിയാൽ ഭൂപനെ (വീണ്ടും 'രാജാവെ'ന്നുതന്നെ, 'രാമ'നെന്നല്ല) സ്ത്രീകളെയും ശൂദ്രരെയും വെറുക്കുന്ന ധർമശാസ്ത്രനിയമം ("സ്ത്രീശൂദ്രൗ നാധീയാതാം" – സ്ത്രീയും ശൂദ്രനും വേദാധ്യയനം ചെയ്യരുത്. വേദാധ്യയനം നിഷേധിക്കപ്പെട്ടവർക്ക് വൈദികകർമങ്ങളും – അങ്ങനെ തപസ്സും – നിഷിദ്ധംതന്നെ!) മയക്കിയതാണ്. മ.ക്കുക – ആ പദവും ശ്രദ്ധേയമാണ്. അത് മാർക്സിന്റെ പ്രയോഗത്തെ ഓർമിപ്പിക്കുന്നു. സാഹചര്യങ്ങളാണ് രാമനെ ഈ കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിച്ചതെന്നർഥം. പദ്യമാകെ ഈ മട്ടിൽ വായിക്കുമ്പോൾ ജാതിവ്യവസ്ഥയോടൊപ്പം ഇന്ത്യൻ പാരമ്പര്യത്തിലെ മറ്റൊരു മഹാപാപമായ സ്ത്രീയുടെ അടിമത്തവും ഇവിടെ വ്യംഗ്യഭംഗിയിൽ പ്രതിപാദിക്കപ്പെട്ടിരുന്നുവെന്നു കാണാം. ഒരു തെറ്റും ചെയ്യാത്ത പ്രിയതമയായ തന്നെ നിഷ്കരുണം ഉപേക്ഷിച്ചതും ഈ ധർമനീതിക്ക് അടിപ്പെട്ടതുകൊണ്ടുതന്നെ! ഇങ്ങനെ ചിന്തിക്കുന്തോറും അധികമധികം അർഥങ്ങൾ ഇത്തരം മഹാകവിസൂക്തങ്ങൾ ചുരത്തിത്തരും. എന്നാൽ 'തരുണി', 'ശ്രുതി' എന്നീ പദങ്ങൾക്കു പകരം 'വനിത' ('മഹിള'), 'സ്മൃതി' എന്നീ പദങ്ങളാണുപയോഗിച്ചിരുന്നതെങ്കിൽ കൃത്യത കൂടുമായിരുന്നില്ലേ എന്ന് സഹൃദയർക്ക് ചിന്തിക്കാൻ വകയില്ലായ്കയില്ല.



ഇനി വള്ളത്തോളിന്റെ ഒരു പദ്യം ഉദാഹരിക്കാം:

"തായ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പ്
യാതൊന്നിൽനിന്നോ മഴുവിന്നു കിട്ടി,
അശ്ശാഖിയത്തന്നെയതാശു വെട്ടി
വീഴ്ത്തുന്നു കാർത്തജ്ഞ്യവിജൃംഭിതത്താൽ!"

(*ശിഷ്യനും മകനും*, 3. 16)

ഇവിടെ ഈ സാമാന്യപ്രസ്താവനയിലൂടെ പാർവതിക്ക് ദുർവിനീതനായ ശിഷ്യൻ പരശുരാമന് ദിവ്യായുധം കൊടുത്ത ഭർത്താ

വായ ശിവനെപ്പറ്റി തോന്നിയ മതിപ്പില്ലായ്മ, അദ്ദേഹത്തിന്റെ ശിഷ്യ സ്നേഹവാത്സല്യങ്ങളെക്കുറിച്ചുള്ള വെറുപ്പ്, രാമന്റെ പ്രവൃത്തിയിലുള്ള അമർഷം എന്നിവ വ്യഞ്ജിക്കുന്നു. അതേ സമയം തന്റെ കാന്താനുരാഗത്തിനും ഭർത്തൃശിഷ്യസ്നേഹത്തിനും ഇടിവു തട്ടാത്ത വിധം പരിഭവത്തിന്റെ സ്വരം സ്വീകരിച്ചിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. തായ് തീർക്കുക, വെട്ടിവീഴ്ത്തുക എന്നീ നാടൻ പ്രയോഗങ്ങളുടെ ശാലീനത ഹൃദയാവർജകം. 'തക്കൊരു', 'നല്ല' എന്നീ വിശേഷണങ്ങൾ ആ മരത്തോടുണ്ടായിരിക്കേണ്ട കൃതജ്ഞതയുടെ ആധിക്യം സൂചിപ്പിക്കുന്നു. 'തന്നെ', 'ആശു' എന്നിവ കൃതജ്ഞതയ്ക്കുപകരം പൊട്ടിപ്പുറപ്പെട്ട കൃതഘ്നതതയുടെ ആധിക്യവും. 'കാർത്തജ്ഞ്യവിജൃംഭിതം' – വിപരീതലക്ഷണകൊണ്ട് കൃതഘ്നതാപാരമ്യം വ്യഞ്ജിപ്പിക്കുന്നു. സാധാരണനിലയിൽ മലയാളത്തിന്റെ തനതുശൈലിക്കിണങ്ങാത്ത 'യാതൊന്നിൽനിന്നോ', 'ആ' എന്ന യത്തച്ഛബ്ദങ്ങളുപയോഗിച്ചുകൊണ്ടുള്ള സംസ്കൃതശൈലിപോലും ഇവിടെ ദേവിയുടെ വികാരധാര സമുചിതമായി പ്രതിഫലിപ്പിക്കുന്നതിൽ തികച്ചും ഉചിതമായാണ് സഹൃദയർക്ക് അനുഭവപ്പെടുന്നത്. ദ്വിതീയാക്ഷരപ്രാസത്തിൽ ഒട്ടും താല്പര്യക്കുറവില്ലാത്ത കവി ഇവിടെ അത് പാടേ വർജിച്ചിരിക്കുന്നുവെങ്കിലും ശബ്ദഭംഗിക്ക് ഒരു ലോപവും വന്നതായിത്തോന്നുന്നില്ലെന്നതും ശ്രദ്ധിക്കത്തക്കതാണ്. പക്ഷേ, കൊമ്പ് എന്നതിനു പകരം 'ശാഖി'ക്കു പ്രതിയായി 'ശാഖ' എന്നു പ്രയോഗിച്ചിരുന്നെങ്കിൽ ഔചിത്യം കൂടുമായിരുന്നില്ലെ എല്ല സംശയം ചിലർക്കു തോന്നിയേക്കാം.

കുന്തകന്റെ കാവ്യലക്ഷണത്തിലെ വക്രകവിവ്യാപാരത്തിന്റെ വിവരണമാണ് ഏറ്റവും പ്രധാനം. അതേപ്പറ്റി അടുത്ത അധ്യായത്തിൽ വിസ്തരിച്ചു ചർച്ച ചെയ്യാം.

സഹിതശബ്ദത്തെ വിവരിക്കുന്നതാണ് ശ്രദ്ധേയമായ മറ്റൊരു ഭാഗം. സാഹിത്യമെന്തെന്ന് സൂക്ഷ്മമായി വിശകലനം ചെയ്യുകയാണ് കുന്തകൻ ആ സന്ദർഭത്തിൽ. ഈ സാഹിത്യമെന്നത് അനാദികാലം മുതൽക്കേ പറഞ്ഞുവരാറുണ്ടെങ്കിലും, കവികർമകൗശലത്തിന്റെ പരമകാഷ്ഠയിൽ അധിഷ്ഠിതമായ അതിനെ തന്റെ കാലംവരെ ഒരു പണ്ഡിതനും "ഇന്നതാണിതിന്റെ പരമാർഥം" എന്ന രീതിയിൽ വിവരിച്ചിട്ടില്ലെന്ന വസ്തുത ചൂണ്ടിക്കാട്ടിക്കൊണ്ട്, "സരസ്വതീഹൃദയാരവിന്ദമകരന്ദബിന്ദുസന്ദോഹസുന്ദര"ങ്ങളായ സത്കവിവചസ്സുകളുടെ ഉള്ളിനുള്ളിൽ സുഗന്ധസുന്ദരമായി പരിസ്ഫുരിക്കുന്ന ആ സാഹിത്യത്തെ സഹൃദയമധുകരങ്ങൾക്കു ഗോചരമാക്കാൻ പോകയാണ്



താൻ എന്നിങ്ങനെ ഏതാണ്ട് ഒരു "ദർശനം" സിദ്ധിച്ചിട്ടെന്നപോലെ, കുന്തകൻ ആമുഖമായി പ്രസ്താവിക്കുന്നു. (പേജ് 56)

"സാഹിത്യമനയോഃ ശോഭാശാലിതാം പ്രതി കാപ്യസൗ
അന്യൂനാനതിരിക്തത്വമനോഹാരിണ്യവസ്ഥിതിഃ." (1. 7)

എന്നാണ് അദ്ദേഹം സാഹിത്യത്തെ നിർവചിക്കുന്നത്. സൗന്ദര്യസമ്പൂർത്തി കൈവരിക്കുന്നതിനുവേണ്ടി, ഉത്കർഷാപകർഷങ്ങൾ കൂടാതെ, അതായത് സമാനരൂപത്തിൽ സമാനഗുണങ്ങളോടുകൂടി, നിലകൊള്ളുന്ന ശബ്ദാർഥങ്ങളുടെ സഹിതഭാവമത്രേ സാഹിത്യം. ഇതിനെ, തുടർന്നു വിവരിക്കുന്നുണ്ട്.

**സ്വഭാവോക്തി അലങ്കാരമല്ല**

സ്വഭാവോക്തി അലങ്കാരമല്ലെന്നു സ്ഥാപിക്കുന്ന *വക്രോക്തിജീവിത*ത്തിലെ പ്രകരണം പ്രത്യേകം ശ്രദ്ധേയമാണ്. കുന്തകൻ പറയുന്നു:

"ഉഭാവേതാവലങ്കാര്യൗ തയോഃ പുനരലങ്കൃതിഃ
വക്രോക്തിരേവ വൈദഗ്ധ്യഭംഗീഭണിതിരുച്യതേ." (1. 10)

വൈദഗ്ധ്യഭംഗീഭണിതിരൂപമായ വക്രോക്തിയാണ് അലങ്കാര്യങ്ങളായ ശബ്ദാർഥങ്ങളുടെ ഒരേയൊരലങ്കാരം. സ്വഭാവോക്തിയുടെ അലങ്കാരത്വത്തെ ഖണ്ഡിച്ചുകൊണ്ട് അദ്ദേഹം എഴുതുകയാണ്:

"അലങ്കാരകൃതാം യേഷാം സ്വഭാവോക്തിരലങ്കൃതിഃ
അലങ്കാര്യതയാ തേഷാം കിമന്യദവതിഷ്ഠതേ?" (1. 11)

പദാർഥധർമമാണ് സ്വഭാവം. അതിന്റെ ഉക്തി സ്വഭാവോക്തി. ഇതിനെ അലങ്കാരമായി കണക്കാക്കുന്ന ആലങ്കാരികരുടെ മതത്തിൽ അലങ്കാര്യമായി മറ്റെന്താണ് വേറിട്ടുനിൽക്കുന്നത്? സ്വഭാവോക്തി കാവ്യശരീരംതന്നെയാണെന്നർഥം. അതിനാൽ അത് അലങ്കാര്യമാണ്, അലങ്കാരമല്ല.

അവിഭക്തമായ, സാലങ്കാരമായ, വാക്യമാണ് കാവ്യം. അതിനാൽ അലങ്കാരമെന്നും അലങ്കാര്യമെന്നുമുള്ള വേർതിരിവിന്റെ ആവശ്യമേയില്ല എന്നൊരു വാദം ചിലർ ഉന്നയിച്ചേക്കാം. അതിൽ കഴമ്പില്ല. കാരണം, ഇല്ലാത്തതെങ്കിലും വിശകലനത്തിനുവേണ്ടി അങ്ങനെയൊരു വേർതിരിവ് അംഗീകരിക്കേണ്ടിവരും. വാക്യത്തിൽ പദങ്ങളും പദത്തിൽ വർണങ്ങളും വേർതിരിച്ചുപറയുന്നത് ഈ അടിസ്ഥാനത്തിലാണല്ലോ. അതുകൊണ്ട് അലങ്കാര്യാലങ്കാരങ്ങളെ അപോദ്ധരിച്ച് വ്യവഹരിക്കുന്നതിൽ തെറ്റൊന്നുമില്ല.

തുടർന്ന്, സ്വഭാവോക്തിയെ അലങ്കാരമായി അംഗീകരിക്കുന്ന പക്ഷം ഉളവാകുന്ന അയുക്തി ചൂണ്ടിക്കാട്ടുന്നു:

സ്വഭാവവ്യതിരേകേണ വക്തുമേവ ന യുജ്യതേ;
വസ്തു തദ്രഹിതം യസ്മാന്നിരുപാഖ്യം പ്രസജ്യതേ." (1. 12)

"ഭവതോസ്മാദഭിധാനപ്രത്യയൗ ഇതി ഭാവഃ, സ്വസ്യ ആത്മനോ ഭാവഃ സ്വഭാവഃ." (ഇതിൽനിന്ന് അഭിധാനവും പ്രത്യയവും – പേരും പ്രതീതിയും – ഭവിക്കുന്നു എന്നതുകൊണ്ട് ഭാവം; തന്റെ ഭാവം സ്വഭാവം.) എന്ന് സ്വഭാവശബ്ദത്തിന്റെ വ്യുത്പത്തി. ഈ 'സ്വഭാവം' ഇല്ലാത്ത, അസത്കല്പമായ വസ്തു ശബ്ദജ്ഞാനത്തിനു വിഷയമല്ല. ഉദാഹരണം മുയൽക്കൊമ്പ്. സ്വഭാവയുക്തമായതേ ഏതു വിധത്തിലും അഭിധേയവിഷയമാവൂ എന്നതുകൊണ്ട് സ്വഭാവോക്ത്യലങ്കാരവാദികൾക്ക്, തങ്ങളാഗ്രഹിക്കുന്നില്ലെങ്കിലും സാധാരണക്കാരായ വണ്ടിക്കാരുടെയും മറ്റും വാക്യങ്ങൾ സാലങ്കാരവും, അങ്ങനെ കാവ്യവുമാണെന്ന് അംഗീകരിക്കേണ്ടിവരും. അവയ്ക്കുമുണ്ടല്ലോ സ്വഭാവോക്തിസഹിതത്വം.

"ശരീരം ചേദലങ്കാരഃ കിമലങ്കുരുതേപരം?
ആത്മൈവ നാത്മനഃ സ്കന്ധം ക്വചിദപ്യധിരോഹതി." (1. 13)

ശരീരതുല്യമായ സ്വഭാവോക്തിയാണ് അലങ്കാരമെന്നാണ് വാദമെങ്കിൽ, അതും ശരിയല്ല. വർണിക്കപ്പെടുന്ന വസ്തു വർണനീയമാകയാൽ സ്വഭാവംതന്നെയാണ് വർണ്യശരീരം. അതുതന്നെയാണലങ്കാരമെങ്കിൽ, അത് മറ്റെന്തിനെയാണലങ്കരിക്കുന്നത്? തന്നെത്തന്നെ അലങ്കരിക്കുക യുക്തമല്ല. എന്തെന്നാൽ, ഒരിക്കലും താൻതന്നെ തന്റെ തോളിൽ കയറുകയില്ല.

ഇനി, തുഷ്യതു ദുർജനന്യായേന (ദുർജനങ്ങൾ സന്തോഷിച്ചുകൊള്ളട്ടെ എന്ന മട്ടിൽ – വാദത്തിനുവേണ്ടി സമ്മതിക്കാമെന്ന രീതിയിൽ) സ്വഭാവോക്തി അലങ്കാരമാണെന്നു സമ്മതിച്ചാലും കുഴപ്പമുണ്ട്.

"ഭൂഷണത്വേ സ്വഭാവസ്യ വിഹിതേ ഭൂഷണാന്തരേ
ഭേദാവബോധഃ പ്രകടസ്തയോരപ്രകടോഥവാ?
സ്പഷ്ടേ സർവത്ര സംസൃഷ്ടിരസ്പഷ്ടേ സങ്കരസ്തതഃ
അലങ്കാരാന്തരാണാം ച വിഷയോ നാവശിഷ്യതേ." (1. 14, 15)

സ്വഭാവം അലങ്കാരമാണെങ്കിൽ, അതിനെ മറ്റേതെങ്കിലും അലങ്കാരം അലങ്കരിക്കുകയാണെങ്കിൽ, ആ രണ്ടലങ്കാരങ്ങളും തമ്മിലുള്ള ഭേദം സുസ്പഷ്ടമോ അസ്ഷ്ടമോ? സുസ്പഷ്ടമല്ല എങ്കിൽ എല്ലാ കവിവാക്യങ്ങളിലും തിലതണ്ഡഏുലന്യായേന (എള്ളും അരിയും തമ്മിൽ കലർന്നാലെന്നപോലെ) സംസൃഷ്ടി എന്ന ഒരലങ്കാരമേ ഉണ്ടാവൂ. അപ്പോൾപ്പിന്നെ, അസപഷ്ടമാണെന്നു പറയേണ്ടിവരും. അങ്ങനെ



പറയാനും പറ്റില്ല. മറ്റലങ്കാരങ്ങൾക്കൊന്നും വിഷയമില്ലാതായിപ്പോകും. അവയ്ക്കെല്ലാം ലക്ഷണം ചെയ്തത് വൃഥാവിലാവും. സംസൃഷ്ടിയും സങ്കരവും മാത്രമേ അലങ്കാരങ്ങളായുള്ളൂ എന്നു പറഞ്ഞാലോ? സ്വഭാവോക്ത്യലങ്കാരവാദികൾക്കുപോലും അതു സമ്മതമാവില്ല.

അതുകൊണ്ട് സർവഥാ കവിവ്യാപാരവിഷയമെന്ന നിലയിൽ വർണനാപദവി കൈവരിക്കുന്ന ഏതെങ്കിലും പദാർഥത്തിന്റെ സ്വഭാവമാണ് സഹൃദയഹൃദയാഹ്ലാദകമായ കാവ്യശരീരമായി വർണിക്കപ്പെടുന്നത്. അത് യഥായോഗം ശോഭാതിശയകാരിയായ മറ്റാരലങ്കാരത്താൽ, അഥവാ മറ്റലങ്കാരങ്ങളാൽ അലങ്കരിക്കപ്പെടുന്നു. അതാണ് കുന്തകൻ മുൻപുതന്നെ പ്രസ്താവിച്ചത്: "അർഥഃ സഹൃദയാഹ്ലാദകാരിസ്വസ്പന്ദസുന്ദരഃ." (1. 9) എന്നും "ഉഭാവേതാവലങ്കാര്യൗ" എന്നും. സ്വഭാവോക്തി അലങ്കാരമല്ല, അലങ്കാര്യമാണ് എന്നു ചുരുക്കം.

**മാർഗ–ഗുണനിരൂപണം**

രീതിയെ(മാർഗത്തെ)ക്കുറിച്ചുള്ള കുന്തകന്റെ സിദ്ധാന്തവും അപൂർവത്വശോഭ കൈക്കൊള്ളുന്നതാണ്. വാമനൻ തുടങ്ങിയ പൂർവാചാര്യന്മാർ വൈദർഭി, ഗൗഡി, പാഞ്ചാലി എന്നു മൂന്നു രീതികൾ അംഗീകരിക്കുന്നു. വിദർഭ, ഗൗഡം, പാഞ്ചാലം എന്നീ ദേശവിശേഷങ്ങളെ ആശ്രയിച്ചാണ് അവയ്ക്ക് പേരിട്ടിട്ടുള്ളത്. വൈദർഭി ഉത്തമവും ഗൗഡി അധമവും പാഞ്ചാലി മധ്യമവും എന്നൊരു താരതമ്യവും അവർ കല്പിച്ചിരിക്കുന്നു. ദണ്ഡിയുടെ മതത്തിൽ വൈദർഭി, ഗൗഡി എന്ന രണ്ടു മാർഗങ്ങ(രീതിക)ളേ ഉള്ളൂ എങ്കിലും നാമാദികല്പനത്തിൽ ഇതേ നയമാണദ്ദേഹവും അനുവർത്തിക്കുന്നത്.

കുന്തകൻ ഇതിനെയെല്ലാം ഖണ്ഡിക്കുന്നു. രീതിഭേദങ്ങൾക്ക് ദേശഭേദനിബന്ധനത്വം ശരിയല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ദേശങ്ങൾ അനന്തമാകയാൽ അത്രതന്നെ രീതികളും കല്പിക്കേണ്ടിവരും. അത് സാധ്യമല്ല. മാതുലേയഭഗിനീവിവാഹം പോലെ ദേശധർമമെന്ന നിലയിൽ, പ്രത്യേകരീതിയിൽ കാവ്യം രചിക്കണമെന്നു വ്യവസ്ഥ ചെയ്യാനും പറ്റില്ല. വൃദ്ധവ്യവഹാരപരമ്പരാമാത്രശരണമായ ദേശധർമത്തെ എല്ലാവരും അനുസരിച്ചുകൊള്ളണമെന്ന നിയമമാവാം. എന്നാൽ കാവ്യനിർമിതിക്ക് ഇങ്ങനെയൊരു നിർബന്ധനിയമം വെക്കാൻ പറ്റില്ല. ശക്തി, നിപുണത, അഭ്യാസം എന്ന കാരണകലാപസാകല്യത്തിൽനിന്നേ കാവ്യം ഉത്ഭവിക്കൂ. കർണാടകസംഗീതവും

മറ്റും പോലെ അത് സ്വാഭാവികമായി വന്നുകൊള്ളുമെന്നും പറഞ്ഞുകൂടാ. എങ്കിൽ ഒരു ദേശത്ത് എല്ലാവർക്കും ഒരേ രീതിയിൽ കവിതാരചന സാധ്യമാവണം. അത് സംഭവിക്കില്ലല്ലോ. ഇനി ശക്തി (പ്രതിഭ), അങ്ങനെ സിദ്ധമായാലും, നിപുണത(വ്യുത്പ്പത്തി)യും അഭ്യാസവും ദേശവിശേഷാശ്രിതമല്ലല്ലോ. ഇപ്രകാരം രീതിഭേദം ദേശവിശേഷാശ്രിതമാവുക സാധ്യമല്ല.

അനന്തരം കുന്തകൻ രീതികളുടെ ഉത്തമാധമമധ്യമതാരതമ്യകല്പനത്തെ വിമർശിക്കുന്നു. വൈദർഭി ഉത്തമം, ഗൗഡി അധമം, പാഞ്ചാലി മധ്യമം എന്ന വാദം അംഗീകരിക്കുകയാണെങ്കിൽ, സഹൃദയഹൃദയാഹ്ലാദകാരിയായ കാവ്യത്തെ നിർവചിക്കുമ്പോൾ സൗന്ദര്യയുക്തമായ വൈദർഭിയെ മാത്രമേ സ്വീകരിക്കാവൂ എന്നു പറയേണ്ടിവരും. അത്രതന്നെ സൗന്ദര്യമില്ലാത്ത പാഞ്ചാലിയെയും തീരെ സൗന്ദര്യമില്ലാത്ത ഗൗഡിയെയും സ്വീകരിക്കരുതെന്നു സൂചന. എങ്കിൽപ്പിന്നെ ആ രണ്ടെണ്ണത്തെ എന്തിനാണ് ആചാര്യന്മാർ ഉപദേശിച്ചത്? വർജ്യമെന്ന നിലയ്ക്കോ? അങ്ങനെ അവർപോലും പറഞ്ഞിട്ടില്ല. എങ്ങനെയെങ്കിലും, അധമമായ രീതിയെ ആശ്രയിച്ചും, കാവ്യരചന നടത്തണമെന്നല്ല അവരുടെ ഹൃദയമെന്നും സ്പഷ്ടമാണ്. ഉത്തമകാവ്യം നിർമിക്കണമെന്നുതന്നെയാണ് അവരുടെ മതം. അതിന് ഉത്തമരീതിതന്നെ അനുവർത്തിക്കണം. അതിനാൽ രീതികൾക്ക് ഉത്തമാദിതാരതമ്യകല്പനം ശരിയല്ല.

ദേശവിശേഷത്തെ ആശ്രയിച്ച് പേരിട്ടു എന്നേയുള്ളൂ; അതത് ദേശവിശേഷങ്ങളിലേ അതതു രീതികൾ പാടുള്ളൂ എന്നൊന്നും വിവക്ഷയില്ല എന്നാണെങ്കിൽ, കുന്തകനും അതിൽ വിരോധമില്ല. ദണ്ഡിയുടെ മാർഗദ്വയവിവരണത്തിനും ഈ വിമർശനം യഥോചിതം ചേരും.

ഇപ്രകാരം പൂർവികരുടെ ആശയങ്ങളെ ഖണ്ഡിച്ചതിനുശേഷം കുന്തകൻ രീതിഭേദത്തിന് തന്റേതായ മാനദണ്ഡം ആവിഷ്കരിക്കുന്നു. കവിസ്വഭാവമനുസരിച്ചാണ് കാവ്യരീതികളെ വേർതിരിക്കേണ്ടത് എന്നത്രേ അദ്ദേഹത്തിന്റെ അഭിപ്രായം. കവിസ്വഭാവങ്ങൾ അനന്തമാകയാൽ കാവ്യമാർഗങ്ങളും അനന്തമായിരിക്കുമെന്നത് ശരിതന്നെ. എങ്കിലും സാമാന്യമായി കവിസ്വഭാവത്തെ മൂന്നായി തരംതിരിക്കാം. സുകുമാരവും വിചിത്രവും മധ്യമവും. സുകുമാരസ്വഭാവനായ കവിക്ക് അപ്രകാരം സുകുമാരസ്വഭാവമായ സഹജശക്തിയാണുണ്ടാവുക. ആ സുകുമാരശക്തി സുകുമാരവ്യുത്പ്പത്തിയാണ് നേടിയെടുക്കുക. സുകുമാരമായ ശക്തിയും വ്യുത്പ്പത്തിയും നിമിത്തം സുകുമാരമായ മാർഗത്തിലൂടെയാണ് ആ കവിയുടെ രചനാപരിശീലനവും നടക്കുക. ആ കവിയുടെ കാവ്യവും, അങ്ങനെ, സുകുമാരമാർഗാനുസാരിയായിരിക്കും. ഈ സുകുമാരമാർഗത്തിൽനിന്നു വ്യത്യസ്തമായ, അതേസമയം മനോഹരംതന്നെയായ, മറ്റൊരു സ്വഭാവമാണ് വിചിത്രം. വിചിത്രസ്വഭാവനായ കവിക്ക് വിചിത്രമായ വ്യുത്പ്പത്തി, വിചിത്രമായ അഭ്യാസം. അദ്ദേഹത്തിന്റെ മാർഗം വിചിത്രം. സുകുമാര–വിചിത്രരൂപമായ ഈ രണ്ടു വ്യത്യസ്തസ്വഭാവങ്ങളുടെ സമന്വയം മധ്യമസ്വഭാവം. മധ്യമസ്വഭാവനായ കവിയുടെ ശക്തി മധ്യമം; വ്യുത്പ്പത്ത്യഭ്യാസങ്ങൾ മധ്യമം; അദ്ദേഹത്തിന്റെ മാർഗം സുകുമാര–വിചിത്രോഭയാത്മകമായ മധ്യമം. നോക്കൂ, ഇവിടെ ഉത്തമാധമമധ്യമതാരതമ്യമില്ല. അന്യോന്യം വ്യതിരിക്തമായ മൂന്നു മാർഗങ്ങൾ അഥവാ രീതികൾ. മൂന്നും രമണീയം.



ഈ മൂന്നു മാർഗങ്ങൾക്കും സൗന്ദര്യാധായകമായി മാധുര്യം, പ്രസാദം, ലാവണ്യം, ആഭിജാത്യം എന്നു നാലു ഗുണങ്ങൾ. മാർഗഭേദമനുസരിച്ച് ഈ മൂന്നു ഗുണങ്ങൾക്കും സ്വരൂപഭേദം വരും. സാമാന്യഗുണങ്ങളായി കുന്തകൻ എടുത്തുപറയുന്ന ഔചിത്യം, സൗഭാഗ്യം എന്നിവയ്ക്ക് ഇത്തരത്തിൽ സ്വരൂപഭേദമില്ല. എല്ലാ മാർഗങ്ങൾക്കും ഒരുപോലെയാണവ.

ഈ മാർഗ–ഗുണങ്ങളുടെ സവിസ്തരവിവരണം *വക്രോക്തിജീവിത*ത്തിൽ കാണാം. സംസ്കൃതത്തിൽ നിന്നുള്ളവയ്ക്കു പുറമെ, മലയാളത്തിൽനിന്നുകൂടി ഉദാഹരണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് ഈ ഭാഗം ഇവിടെ പുനരാവിഷ്കരിക്കാം.

കുന്തകൻ സുകുമാരമാർഗത്തെ ഇങ്ങനെ നിർവചിക്കുന്നു:

"അമ്ലാനപ്രതിഭോത്ഭിന്നനവശബ്ദാർഥസുന്ദരഃ
അയത്നവിഹിതസ്വല്പമനോഹാരിവിഭൂഷണഃ
ഭാവപ്രധാനസ്വാഭാവ്യന്യക്കൃതാഹാര്യകൗശലഃ
രസാദിപരമാർഥജ്ഞമനഃസംവാദസുന്ദരഃ
അവിഭാവിതസംസ്ഥാനരാമണീയകരഞ്ജകഃ
വിധിവൈദഗ്ധ്യനിഷ്പന്നനിർമാണാതിശയോപമഃ
യത്കിഞ്ചനാപി വൈചിത്ര്യം തത് സർവം പ്രതിഭോത്ഭവം
സൗകുമാര്യപരിസ്പന്ദസ്യന്ദി യത്ര വിരാജതേ
സുകുമാരാഭിധഃ സോയം യേന സത്കവയോ ഗതാഃ
മാർഗേണോത്ഫുല്ലകുസുമകാനനേനേവ ഷട്പദാഃ." (1. 25–29)

വാടാത്ത പ്രതിഭയിൽനിന്നു പൊട്ടിമുളച്ച, ഒരു വിധത്തിലുമുള്ള പ്രയത്നത്തിന്റെ ഫലമായല്ലാതെ സ്വാഭാവികമായി ഉയർന്നുവന്ന,

ശബ്ദാർഥങ്ങൾകൊണ്ടു മനോഹരമാണ് സുകുമാരമാർഗം. അയത്ന ലളിതമായി വന്ന സ്വല്പമാത്രമായ സുന്ദരാലങ്കാരങ്ങളോടുകൂടിയ താണത്. ഉദാഹരണം:

“ബാലേന്ദുവക്രാണ്യവികാസഭാവാദ്
ബഭുഃ പലാശാന്യതിലോഹിതാനി
സദ്യോ വസന്തേന സമാഗതാനാം
നഖക്ഷതാനീവ വനസ്ഥലീനാം.”

(*കുമാരസംഭവം,* 3. 10. വിടർന്നുകഴിയാത്തതുകൊണ്ട് ചന്ദ്രക്കല പോലെ വളഞ്ഞവയും ഏറ്റവും തുടുത്തവയുമായ പ്ലാശിൻ പൂക്കൾ പെട്ടെന്നുതന്നെ വസന്തനോടു സംഗമിച്ച വനസ്ഥലികൾക്ക് നഖമേറ്റാലുണ്ടായ പോറലുകളെന്നപോലെ ശോഭിച്ചു.) ചന്ദ്രക്കലപോലെ വളഞ്ഞവ, ഏറ്റവും തുടുത്തവ, പെട്ടെന്നുതന്നെ വസന്തനോട് സംഗമിച്ചു എന്നീ പദങ്ങൾ സൗകുമാര്യംകൊണ്ട് സ്വഭാവവർണനാമാത്രപരമായി കൈക്കൊണ്ടവയാണെങ്കിലും ‘നഖമേറ്റാലുണ്ടായ പോറലുകളെന്നപോലെ’ എന്ന മനോഹരമായ അലങ്കാരത്തോട് അക്ലിഷ്ടമായി, സ്വാഭാവികമായി, യോജിച്ചുപോകുന്നവയായി ചമത്കാരകാരകമായിത്തീർന്നിരിക്കുന്നു.

മറ്റൊരുദാ:–

“പല്ലവം പോലുള്ള രണ്ടിളം കൈകൾ വ–
ന്നുല്ലസല്ലീലമായ് തല്ലുകയാൽ
വെൺമുലപ്പാൽനുര ചിന്നിച്ചിതറി ന–
ല്ലമ്മയാമന്നദിക്കാർദ്രനെഞ്ചിൽ.”
(വള്ളത്തോൾ – “കർമഭൂമിയുടെ പിഞ്ചുകാൽ”, 3)

കാളിന്ദിയിലേക്കെടുത്തുചാടി കാളിയന്റെ നേർക്ക് നീന്തിക്കുതിക്കുന്ന ഉണ്ണിക്കൃഷ്ണനെ സ്വന്തം മകനെപ്പോലെ നെഞ്ചിലേറ്റി മുലയൂട്ടാൻ വെമ്പുന്ന നദിയുടെ ചിത്രം അത്യന്തം സ്വാഭാവികമായി വർണിക്കപ്പെട്ടിരിക്കുന്നു.

പദാർഥങ്ങളുടെ സ്വഭാവത്തിനു പ്രാധാന്യം കല്പിക്കപ്പെടുകയാൽ പാണ്ഡിത്യവിഹിതമായ കരവിരുത് തിരസ്കൃതമായിപ്പോവുക – ഇതാണ് സുകുമാരമാർഗത്തിന്റെ മറ്റൊരു പ്രത്യേകത. വർണ്യവസ്തുവിന്റെ തനിമയും മഹിമയും കവിപ്രതിഭകൊണ്ട് അത്രയും വെളിപ്പെട്ടുവരുന്നു. വിവിധങ്ങളായ വ്യുത്പത്തിവിലസിതങ്ങളെല്ലാം അതിന്റെ മുൻപിൽ പിൻവാങ്ങിപ്പോകുന്നവെന്നർഥം. ഉദാ:– *രഘുവംശ*ത്തിലെ നായാട്ടുവർണനയിലെ,

“തസ്യ സ്തനപ്രണയിഭിർമുഹുരേണശാബൈർ–



വ്യാഹന്യമാനഹരിണീഗമനം പുരസ്താത്
ആവിർബഭൂവ കുശഗർഭമുഖം മൃഗാണാം
യൂഥം തദഗ്രസരഗർവിതകൃഷ്ണസാരം.” (*രഘുവംശം,* 9. 55)

എന്നുതൊട്ടുള്ള ശ്ലോകങ്ങൾ. ഈ ശ്ലോകത്തിന്റെ അർഥം: അദ്ദേഹത്തിന്റെ (ദശരഥന്റെ) മുൻപിൽ മുല കൊതിച്ചു ചെല്ലുന്ന കിടാങ്ങളാൽ കൂടക്കൂടെ മാൻപേടകളുടെ നടത്തത്തിനു മുടക്കം വരുന്നതും കുശപ്പുല്ല് വായിൽ നിറച്ചിട്ടുള്ളതും അതിന്നുമുൻപേ ഞെളിഞ്ഞു നടക്കുന്ന കൃഷ്ണമൃഗത്തോടുകൂടിയതുമായ മാൻകൂട്ടം കാണുമാറായി. അനപത്യനായ ചക്രവർത്തിയുടെ മുൻപിൽ ആ മൃഗകുടുംബം അതിന്റെ തനിമയിലും മഹിമയിലും പ്രത്യക്ഷപ്പെടുകയാണിവിടെ – യാതൊരു വിധത്തിലുള്ള കൃത്രിമാലങ്കാരപ്പകിട്ടുമില്ലാതെ. *കുമാരസംഭവ*ത്തിലെ “ദ്വന്ദ്വാനി ഭാവം ക്രിയയാ വിവവ്രുഃ” (3. 35. ഇണകൾ രതിഭാവത്തെ പ്രവൃത്തികൾകൊണ്ടു വെളിപ്പെടുത്തി) എന്നതിനുശേഷമുള്ള പ്രാണിധർമവർണനവും ഉദാഹരണമായി ചൂണ്ടിക്കാട്ടാം:

“ശൃംഗേണ ച സ്പർശനിമീലിതാക്ഷീ
മൃഗീമകണ്ഡൂയത കൃഷ്ണസാരഃ.”

(3. 36. കൃഷ്ണസാരമൃഗം കൊമ്പുകൊണ്ട് സ്പർശത്താൽ കണ്ണടഞ്ഞ മാൻപേടയ്ക്ക് ചൊറിഞ്ഞുകൊടുക്കുകയും ചെയ്തു.)

മറ്റൊരുദാഹരണം:

“പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
പോലെഴും ഗോപാലപ്പെൺകൊടിമാർ
ത്രൈലോക്യനാഥനാം തങ്കക്കിടാവിനെ
ത്താലോലിക്കുന്ന നൽക്കൈകളാലേ
ത്വംഗന്മണിമയകങ്കണക്വാണമാം
മംഗല്യസംഗീതം പൊങ്ങും വണ്ണം
നാക്കിനാൽ കുട്ടിയെ നക്കിമിനുക്കുന്ന
പൈക്കളെ സ്വൈരം കറന്നീടുന്നു.”
(വള്ളത്തോൾ – “അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ”, 15)

“പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ
ദൗഹിത്രനേൽക്കും ദുരവസ്ഥയിങ്കൽ
പകച്ചുനിൽക്കുന്നതുപോലെ കാണായ്.”
(വള്ളത്തോൾ – *ശിഷ്യനും മകനും,* 3. 4)

എന്ന പദ്യവും ഇതിന്നുദാഹരണമായി ഉദ്ധരിക്കാം.

രസഭാവാദിതത്വജ്ഞരായ സഹൃദയരുമായുള്ള ഹൃദയസംവാദം

കൊണ്ട് സുന്ദരമാണ് സുകുമാരമാർഗം.

*രഘുവംശ*ത്തിൽ രാവണനെ കൊന്ന് പുഷ്പകവിമാനത്തിലൂടെ അയോധ്യയിലേക്കു മടങ്ങുന്ന രാമൻ സീതയോട് അവളെ പിരിഞ്ഞിരുന്ന കാലത്ത് ഇന്നയിന്ന സമയത്ത് ഇന്നയിന്ന വിഷമങ്ങൾ താൻ അനുഭവിച്ചുവെന്ന് അതത് സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചു പറയുന്ന വാക്യങ്ങളൊക്കെ ഇതിന്നുദാഹരണങ്ങളാണ്. നോക്കൂ:

"പൂർവാനുഭൂതം സ്മരതാ ച രാത്രൗ
കമ്പോത്തരം ഭീരു! തവോപഗൂഢം
ഗുഹാവിസാരീണ്യതിവാഹിതാനി
മയാ കഥഞ്ചിത് ഘനഗർജിതാനി."

(13. 17. ഇവിടെ ഞാൻ ഗുഹയിൽവന്നലയ്ക്കുന്ന ഇടിമുഴക്കങ്ങളെ, ഭയശീലേ! മുൻപ് ഇതുപോലുള്ള അവസരങ്ങളിൽ അനുഭവിച്ച വിറയോടെയുള്ള കെട്ടിപ്പിടിക്കലുകളെ ഓർത്തുകൊണ്ട്, എങ്ങനെയോ, കഴിച്ചുകൂട്ടുകയും ചെയ്തു.)

വേറെ ഉദാഹരണം:

"കുനിഞ്ഞു വാരിയെടുത്തുണ്ണിയെപ്പുണ്യാകാരൻ
കനിഞ്ഞു കെട്ടിപ്പൂണ്ടാൻ പെരിയ ബാഹുക്കളാൽ;
ലസിച്ചു മാന്തോലേറാപ്പിട്ട തൻ മാറിൽ പൊൻകു-
ഞ്ഞസിതാകാശോദ്ദേശത്താതിരത്താരം പോലെ!
തോൾവരെ ഞാന്ന കുനുകുന്തളം ലീലായാസ-
ത്തൂവിയർപ്പിങ്കൽപ്പതിഞ്ഞിരുന്നതൊരു കൈയാൽ
സാവധാനമായ് മാടിനീക്കിയക്കുഞ്ഞിൻ കവിൾ-
പ്പൂവോടു ചേർത്താൻ താടി നീണ്ട തന്മുഖം ധന്യൻ."

(വള്ളത്തോൾ - *അച്ഛനും മകളും*)

ഈ രണ്ടു വകുപ്പിൽ ആദ്യത്തേത് വിഭാവാദിരൂപത്തിൽ രസാംഗഭൂതങ്ങളായ വൃക്ഷലതാദികളുടെയും പക്ഷിമൃഗാദികളുടെയും വർണനവും രണ്ടാമത്തേത് മനുഷ്യരുടെയും മറ്റും ശൃംഗാരാദിരസനിർഭരതയുടെ ചിത്രീകരണവുമാണെന്നു കാണുക. സൂക്ഷ്മമാലോചിച്ചാൽ ഈ വേർതിരിവിന് വലിയ അർഥമൊന്നുമില്ലെന്നു മനസ്സിലാകും.

ഇന്ന വിധത്തിലെന്നു പറയാനാവാത്ത വിധത്തിൽ രാമണീയകം കൊണ്ടു മനോരഞ്ജകമായതും ബ്രഹ്മസൃഷ്ടിക്കുതുല്യം പരിപൂർണത കൈവന്നതുപോലുള്ളതുമാണ് ഈ മാർഗം. ഉദാഹരണമായി,

"ജ്യാബന്ധനിഷ്പന്ദഭുജേന യസ്യ
വിനിഃശ്വസദ്വക്ത്രപരമ്പരേണ
കാരാഗൃഹേ നിർജിതവാസവേന
ദശാനനേനോഷിതമാപ്രസാദാത്."



(*രഘുവംശം,* 6. 40. യാതൊരാൾ തെളിയുന്നതുവരെ, ഇന്ദ്രനെ വെന്ന രാവണന് വിൽഞാൺകെട്ടുകൊണ്ട് കൈയനക്കരുതാതെ മുഖനിരയിലൂടെ നെടുവീർപ്പിട്ടുംകൊണ്ട് കാരാഗൃഹത്തിൽ പാർക്കേണ്ടി വന്നു.) പറഞ്ഞറിയിക്കാനാവാത്ത രീതിയിൽ കവിപ്രതിഭ ഇവിടെ പരിപാകം കൈവരിച്ചിരിക്കയാണ്.

ഈ ഉദാഹരണം കൂടി നോക്കൂ:

"അയത്നസിദ്ധോത്തമമാധുരിത്തഴ-
പ്പിയന്നൊരോമന്മുരളീരവാമൃതം
ലയത്തിനാൽ സർവചരാചരങ്ങളും
മയങ്ങുമാറങ്ങു പൊഴിഞ്ഞു മഞ്ജുളം."

(*ശിഷ്യനും മകനും,* 4. 2)

വക്രോക്തിയുക്തമായ ഏതെങ്കിലുമൊരു വൈചിത്ര്യം വന്നുപോയാൽ അലങ്കാരാദിയായ അതെല്ലാം കവിപ്രതിഭാസമുല്ലസിതമായേ അനുഭവപ്പെടൂ; പ്രയത്നജന്യമാണെന്നു തോന്നുകയേയില്ല. സൗകുമാര്യസൗന്ദര്യംകൊണ്ട് അതൊക്കെ രസമയമായിത്തീർന്നുകൊള്ളും. ഇതാണ് സുകുമാരമാർഗത്തിന്റെ മറ്റൊരു സവിശേഷത. ഉദാ: -

"പ്രവൃദ്ധതാപോ ദിവസോതിമാത്ര-
മത്യർഥമേവ ക്ഷണദാ ച തന്വീ
ഉഭൗ വിരോധക്രിയയാ വിഭിന്നൗ
ജായാപതീ സാനുശയാവിവാസ്താം."

(*രഘുവംശം,* 16. 42. പകൽ ഏറ്റവും വളർന്ന ചുട്ടുനീറ്റത്തോടുകൂടിയതാണ്. രാത്രി വളരെ ചടച്ചുപോകയും ചെയ്തു - രണ്ടു കൂട്ടരും അനിഷ്ടം പ്രവർത്തിച്ചു പിണങ്ങി പശ്ചാത്തപിച്ചിരിക്കുന്ന ഭാര്യാഭർത്താക്കന്മാരെപ്പോലിരുന്നു.) ഇവിടെ ശ്ലേഷഭംഗി കലർന്ന കവിപ്രതിഭാമാത്രസമുല്ലസിതമായ അകൃത്രിമമായൊരലങ്കാരം എന്തെന്നില്ലാത്ത സൗന്ദര്യമളവാക്കുന്നു. "ഏറ്റവും വളർന്ന ചുട്ടുനീറ്റത്തോടുകൂടിയ", "ചടച്ചുപോയവൾ" എന്നീ വാചകങ്ങൾ സുന്ദരസ്വഭാവമാത്രസമർപ്പണപരമായി നിലനിന്നുകൊണ്ട് അർഥാന്തരപ്രതീത്യനുരോധമായി ഒന്നും ചെയ്യാൻ വിചാരിക്കുന്നില്ല. എന്നാൽ കവിവ്യക്തകൗശലത്തിൽ നിന്നുളവായ മറ്റൊരു പ്രകാരത്തിന്റെ പ്രതീതിക്ക് അനുഗുണമായി നിന്നുകൊണ്ട് അവ സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്നു. ഏതാണാ മറ്റൊരു പ്രകാരം? അർഥാന്തരപ്രതീതിയുളവാക്കുന്ന 'വിരോധ'-'വിഭിന്ന'(അനിഷ്ടം, പിണങ്ങി) ശബ്ദങ്ങളുടെ പ്രയോഗം.

അങ്ങനെ, ഉപമേയപക്ഷത്തിൽ വിരോധത്തിന് 'ഒന്നിച്ചു നിലകൊള്ളാതിരിക്കൽ', 'വിഭിന്ന'പദത്തിന് സ്വഭാവഭേദം എന്നിങ്ങനെ അർഥം; ഉപമാനപക്ഷത്തിലാകട്ടെ, 'ഈർഷ്യാകലഹ'മെന്നും 'കോപംകൊണ്ട് വേറിട്ടുനിൽക്കൽ' എന്നും യഥാക്രമം അർഥം. 'ഏറ്റവും', 'വല്ലാതെ' എന്നീ വിശേഷണങ്ങൾ ഇരുപക്ഷത്തിലും സാതിശയത്വപ്രതീതി ജനിപ്പിച്ചുകൊണ്ട് ഏറെ മനോഹരമായിരിക്കുന്നു. ശ്ലേഷഭംഗി പണിപ്പെട്ടുണ്ടാക്കാറുള്ളതാണെങ്കിലും ഇവിടെ അയത്നഘടിതമാകയാൽ ഹൃദയംഗമമായി അനുഭവപ്പെടുന്നു.

മറ്റൊരുദാഹരണം:

"ഓരോ മലരിലുമോരോ തളിരിലു–
മോടിക്കുഴങ്ങേണ്ടാ നേത്രമേ! നീ.
ഉദ്യാനദേവത താൻ തന്നെയല്ലയോ
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ
അഞ്ചു വയസ്സായ പെൺമണിയായ്ച്ചമ–
ഞ്ഞഞ്ചിതകേളികളാടി വാഴ്‌വൂ!
ചമ്പകപ്പൂവാണിപ്പെൺപൈതൽതന്നുടൽ,
ചെമ്പനിനീർപ്പൂവിക്കൊച്ചുമുഖം;
കായാമ്പൂ കൊണ്ടത്രേ കല്പിതമായ് തുലോ–
മായാമരമ്യമാമക്ഷിയുഗ്മം;
തോൾ കവിഞ്ഞഗ്രം ചുരുണ്ടു കിടക്കുന്ന
വാർകുഴലായതോ വണ്ടിണ്ട താൻ;
വല്ലികാശാഖകളാകുന്നു കൈയുകൾ;
പല്ലവം തന്നെയിപ്പാണി രണ്ടും."
(വള്ളത്തോൾ – "കിളിക്കൊഞ്ചൽ", 4)

അന്യഥാ പാടേ കൃത്രിമമായിത്തോന്നാവുന്ന അലങ്കാരം ഈ വരികളിൽ നിസർഗസുന്ദരമായി അനുഭവപ്പെടുന്നു.

മേൽപ്പറഞ്ഞ സവിശേഷതകളോടുകൂടിയ സുകുമാരമാർഗത്തിലൂടെയാണ് വിരിഞ്ഞ പൂക്കൾ നിറഞ്ഞ കാട്ടിലൂടെ വണ്ടുകളെന്നപോലെ, കാളിദാസനെയും വള്ളത്തോളിനെയുംപോലുള്ള കവികൾ സഞ്ചരിച്ചിട്ടുള്ളത്.

മാധുര്യം, പ്രസാദം, ലാവണ്യം, ആഭിജാത്യം എന്നീ നാലു ഗുണങ്ങൾ മൂന്നു മാർഗത്തിലും വ്യത്യസ്തമായിരിക്കുമെന്നു സൂചിപ്പിച്ചു വല്ലോ. അതനുസരിച്ച് സുകുമാരമാർഗത്തിൽ മാധുര്യഗുണം എങ്ങനെയായിരിക്കുമെന്നു വിവരിക്കുന്നു:

"അസമസ്തമനോഹാരിപദവിന്യാസജീവിതം



മാധുര്യം സുകുമാരസ്യ മാർഗസ്യ പ്രഥമോ ഗുണഃ."

(!. 30. സമാസരഹിതമായ, ശ്രുതിസുഖവും അർഥഹൃദ്യതയുമാർന്ന പദങ്ങളുടെ സവിശേഷവൈചിത്ര്യം സർവസ്വമായിട്ടുള്ള, മാധുര്യമാണ് സുകുമാരമാർഗത്തിലെ ആദ്യത്തെ ഗുണം.) 'അസമസ്ത'മെന്നതുകൊണ്ട് 'സമാസമധികമില്ലാത്ത'എന്നേ വിവക്ഷയുള്ളൂ; 'സമാസമില്ലാത്ത' എന്നിടത്തോളം ഉദ്ദേശിക്കുന്നില്ല. ഉദാഹരണം:

"ക്രീഡാരസേന രഹസി സ്മിതപൂർവമിന്ദോർ–
ലേഖാം വികൃഷ്യ വിനിബധ്യ ച മൂർധ്നി ഗൗര്യാ
കിം ശോഭിതാഹമനയേതി ശശാങ്കമൗലേഃ
പൃഷ്ടസ്യ പാതു പരിചുംബനമുത്തരം വഃ."

(ക്രീഡാരസത്താൽ, ഏകാന്തത്തിൽ, ചിരിച്ചുകൊണ്ട് ചന്ദ്രക്കലയെപ്പിടിച്ച് സ്വന്തം തലയിൽ വെച്ച് പാർവതി, 'എന്താ, ഇതിനെക്കൊണ്ട് ഞാൻ ശോഭിക്കുന്നില്ലേ?' എന്നു ചോദിച്ചപ്പോൾ ചന്ദ്രമൗലി ഉത്തരമായി നൽകിയ പരിചുംബനം നിങ്ങളെ രക്ഷിക്കട്ടെ!) ഈ പദ്യത്തിൽ അസമസ്തപദത്വം, ശബ്ദാർഥസൗന്ദര്യം, സന്നിവേശവൈചിത്ര്യം – ഈ മൂന്നും ഒത്തുവന്നിരിക്കുന്നു.

മറ്റൊരുദാഹരണം:

"കാവ്യം സുഗേയം, കഥ രാഘവീയം,
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ,
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;–
ലാനന്ദലബ്ധിക്കിനിയെന്തു വേണം?"
(വള്ളത്തോൾ – "ഒരു തോണിയാത്ര")

സുകുമാരമാർഗത്തിലെ പ്രസാദഗുണം ഇപ്രകാരമത്രേ:

"അക്ലേശവ്യഞ്ജിതാകൂതം ഝടിത്യർഥസമർപ്പണം
രസവക്രോക്തിവിഷയം യത് പ്രസാദഃ സ കഥ്യതേ.

(1. 31. അക്ലിഷ്ടമായി വ്യഞ്ജിപ്പിക്കപ്പെട്ട അഭിപ്രായത്തോടുകൂടിയതും ശൃംഗാരാദിരസങ്ങളും സകലാലങ്കാരസാമാന്യമായ വക്രോക്തിയും വിഷയമായിട്ടുള്ളതും ഝടിത്യർഥസമർപ്പകത്വവുമാണ് പ്രസാദഗുണം.)

"ഹിമവ്യപായാദ് വിശദാധരാണാ–
മാപാണ്ഡുരീഭൂതമുഖച്ഛവീനാം
സ്വേദോദ്ഗമഃ കിംപുരുഷാംഗനാനാം
ചക്രേ പദം പത്രവിശേഷകേഷു."

(*കുമാരസംഭവം,* 2. 33. മഞ്ഞു കഴിഞ്ഞതുകൊണ്ട് ചുണ്ട് തെളിഞ്ഞ്,

മുഖശോഭയ്ക്ക് വെണ്മയുളവായ കിംപുരുഷപ്പെൺകൊടിമാരുടെ പത്തിക്കീറ്റുകളിൽ വിയർപ്പുനീർപ്പൊടിപ്പുകൾ സ്ഥാനം പിടിച്ചു.) പല തരത്തിലുള്ള പത്തിക്കീറ്റുകളുടെ വൈചിത്ര്യം നിമിത്തം, മുത്തുപോലുള്ള വിയർപ്പുകണങ്ങൾ കലർന്നുവിളങ്ങുന്ന രാമണീയകം സുവ്യക്തമായിരിക്കുന്നു.

മറ്റൊരുദാഹരണംകൂടി നോക്കാം:

"അനേന സാർധം വിഹരാംബുരാശേ-
സ്തീരേഷു താളീവനമർമരേഷു
ദ്വീപാന്തരാനീതലവംഗപുഷ്പൈ-
രപാകൃതസ്വേദലവാ മരുദ്ഭിഃ."

(*രഘുവംശം,* 6. 56. നീ ഇദ്ദേഹത്തോടൊപ്പം കരിമ്പനക്കാട്ടിൻകലമ്പലോടുകൂടിയ കടൽത്തീരങ്ങളിൽ മറ്റു ദ്വീപുകളിൽനിന്ന് ഇലവംഗപ്പൂക്കളെയും കൊണ്ടുവരുന്ന കാറ്റുകളാൽ വിയർപ്പിൻ പൊടിപ്പുകൾ നീക്കപ്പെട്ടുകൊണ്ടു വിഹരിച്ചാലും!)

മലയാളത്തിൽനിന്ന്:

"ധനാഢ്യരേ! ധർമവഴിക്കു നിങ്ങൾ
കാണിക്ക വെക്കും നറുമുത്തിനേക്കാൾ
കൂലിപ്പണിക്കാരിവർതൻ വിയർപ്പു-
നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം.
(വള്ളത്തോൾ – "തിരൂർ–പൊന്നാനിപ്പുഴ", 21)

ഒന്നുകൂടി:

"താരകാമണിമാല ചാർത്തിയാലതും കൊള്ളാം;
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ സമസ്വച്ഛ-
മല്ലയോ വിഹായസ്സ്,വ്വണ്ണമെൻ ഗുരുനാഥൻ.
(വള്ളത്തോൾ – "എന്റെ ഗുരുനാഥൻ")

അലങ്കാരവ്യക്തിക്കുദാഹരണം "ബാലേന്ദുവക്രാണ്യവികാസഭാവാദ്", "പല്ലവം പോലുള്ള..." ഇത്യാദിപദ്യങ്ങൾതന്നെ.

അടുത്തത് ലാവണ്യഗുണം:

"വർണവിന്യാസവിച്ഛിത്തിപദസന്ധാനസമ്പദാ
സ്വല്പയാ ബന്ധസൗന്ദര്യം ലാവണ്യമഭിധീയതേ."

(1. 32. അതിനിർബന്ധംകൊണ്ടല്ലാതെ നിർമിക്കപ്പെടുന്ന സ്വല്പമായ വർണവിന്യാസശോഭയാലുളവാകുന്ന പദയോജനസൗന്ദര്യം – അതുകൊണ്ട് കൈവരുന്ന വാക്യവിന്യാസരാമണീയകം. ഇതാണ് ലാവണ്യം. ശബ്ദാർഥസൗകുമാര്യസുഭഗമായ സന്നിവേശമഹിമ എന്നു ചുരുക്കം.) ഈ പദ്യം നോക്കൂ:



"സ്നാനാർദ്രമുക്തേരനുധൂപവാസം
വിന്യസ്തസായന്തനമല്ലികേഷു
കാമോ വസന്താത്യയമന്ദവീര്യഃ
കേശേഷു ലേഭേ ബലമംഗനാനാം."

(*രഘുവംശം,* 16. 46. വസന്തൻ പോയതുകൊണ്ട് വീര്യം കുറഞ്ഞ കാമൻ, കുളി കഴിഞ്ഞീറനായി അഴിച്ചിട്ട് നറുംപുകയേല്പിച്ച് അന്തിമല്ലി ചൂടിയ അംഗനമാരുടെ പൂഞ്ചായലുകളിൽ കരുത്തു നേടി.) ഇവിടത്തെ സഹൃദയസംവേദ്യമായ സന്നിവേശമഹിമ വാചാമഗോചരമാകുന്നു.

"ചകാര ബാണൈരസുരാംഗനാനാം
ഗണ്ഡസ്ഥലീഃ പ്രോഷിതപത്രലേഖാഃ."

(*രഘുവംശം,* 6. 71. അമ്പുകളെക്കൊണ്ട് അസുരസ്ത്രീകളുടെ കവിൾത്തടങ്ങളെ പത്തിക്കീറ്റകന്നതാക്കിച്ചെയ്തു.) എന്നതും ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ഇവിടെയും വർണവിന്യാസശോഭയും പദസന്ധാനസമ്പത്തും സന്നിവേശസൗന്ദര്യവും സ്പഷ്ടം.

മറ്റൊരുദാഹരണം:

"ത്രിലോകഭാണ്ഡം നിറയെത്തുളുമ്പുമാ
വിലോചനാസേചനകപ്രദീപ്തിയിൽ
അലോകതേജോമയനഷ്ടമൂർത്തിയും
തുലോമണഞ്ഞൂ ദിനദീപരീതിയെ." (*ശിഷ്യനും മകനും,* 4. 7)

ഇനി, ആഭിജാത്യമെന്ന ഗുണത്തിന്റെ ലക്ഷണം:

"ശ്രുതിപേശലതാശാലി സുസ്പർശമിവ ചേതസാ
സ്വഭാവമസൃണച്ഛായമാഭിജാത്യം പ്രചക്ഷതേ."

(1. 33. കർണസുഖമുളവാക്കുന്നതും മനസ്സുകൊണ്ട് തൊട്ടറിയുന്നതുപോലുള്ളതും സ്വഭാവമസൃണസുന്ദരവുമാണ് ആഭിജാത്യം.) ഉദാഹരണമായി,

"ജ്യോതിർലേഖാവലയി ഗളിതം യസ്യ ബർഹം ഭവാനീ
പുത്രപ്രീത്യാ കുവലയദലപ്രാപി കർണേ കരോതി"

(*മേഘസന്ദേശം,* 42. യാതൊന്നിന്റെ തേജോരേഖാമണ്ഡലങ്ങളുള്ള പീലിക്കണ്ണു കൊഴിഞ്ഞതിനെ ഭവാനി പുത്രവാത്സല്യം മൂലം ചെവിയിലെ കരിങ്കൂവളപ്പൂവിതൾ തള്ളി പകരം ചാർത്തുന്നുവോ). ഇവിടെ അവാച്യമായ ശ്രുതിപേശലതാദിസ്വഭാവമസൃണകാന്തിത്വം സഹൃദ

യസംവേദ്യമായി പരിസ്ഫുരിക്കുന്നു.

വേറെ ഉദാഹരണം:

"മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞ വാർകൂന്തലും
മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്
അത്തലിൻ ശരീരം പോലാ വന്ന യുവതിയെ
സ്നിഗ്ധമാം നയനത്താൽ ദർശിച്ച നിമിഷത്തിൽ,
'മേനകേ! നിനക്കെന്തീ മാറ്റ'മെന്നേവം ചോദി-
പ്പാനാവാം മുതിർന്നത് മുനിതൻ തിരുമുഖം.
പിന്നീടിങ്ങനെയത്രേ ചോദിച്ചു: സ്ഫുടസമ്രാട്-
ചിഹ്നനാമിക്കുഞ്ഞിന്റെയമ്മയാം നീയാർ വത്സേ?"

(*അച്ഛനും മകളും*)

ഇപ്രകാരം സുകുമാരമാർഗത്തെ വിവരിച്ചതിനുശേഷം കുന്തകൻ വിചിത്രമാർഗത്തെ വിവരിക്കുന്നു:

"പ്രതിഭാപ്രഥമോദ്ഭേദസമയേ യത്ര വക്രതാ
ശബ്ദാഭിധേയയോരന്തഃ സ്ഫുരതീവ വിഭാവ്യതേ;
അലങ്കാരസ്യ കവയോ യത്രാലങ്കരണാന്തരം
അസന്തുഷ്ടാ നിബധ്നന്തി ഹാരാദേർമണിബന്ധവത്;
രത്നരശ്മിച്ഛടോത്സേകഭാസുരൈർഭൂഷണൈർയഥാ
കാന്താശരീരമാച്ഛാദ്യ ഭൂഷായൈ പരികല്പ്യതേ;
യത്ര തദ്വദലങ്കാരൈർഭ്രാജമാനൈർനിജാത്മനാ
സ്വശോഭാതിശയാന്തഃസ്ഥമലങ്കാര്യം പ്രകാശതേ;
യദപ്യനൂതനോല്ലേഖം വസ്തു യത്ര തദപ്യലം
ഉക്തിവൈചിത്ര്യമാത്രേണ കാഷ്ഠാം കാമപി നീയതേ;
യത്രാന്യഥാഭവത്സർവമന്യഥൈവ യഥാരുചി
ഭാവ്യതേ പ്രതിഭോല്ലേഖി മഹത്വേന മഹാകവേഃ
പ്രതീയമാനതാ യത്ര വാക്യാർഥസ്യ നിബധ്യതേ
വാച്യവാചകവൃത്തിഭ്യാം വ്യതിരിക്തസ്യ കസ്യചിത്
സ്വഭാവഃ സരസാകൂതോ ഭാവനാം യത്ര ബധ്യതേ
കേനാപി കമനീയേന വൈചിത്ര്യേണോപബൃംഹിതഃ
വിചിത്രോ യത്ര വക്രോക്തിവൈചിത്ര്യം ജീവിതായതേ
പരിസ്ഫുരന്തി യസ്യാന്തഃ സാ കാപ്യതിശയാഭിധാ
സോതിദുസ്സഞ്ചരോ യേന വിദഗ്ധകവയോ ഗതാഃ
ഖഡ്ഗധാരാപഥേനേവ സുഭടാനാം മനോരഥാഃ." (1. 34–43)

കവിപ്രതിഭയുടെ പ്രഥമപ്രവർത്തനാരംഭത്തിൽത്തന്നെ സ്വാഭാ



വികമായൊരു വക്രതാപ്രകാരം ശബ്ദാർഥങ്ങളിൽ സ്ഫുരിക്കുന്നുണ്ടെന്ന അനുഭൂതിയുളവാക്കുന്നതാണ് വിചിത്രമാർഗം. ഉദാഹരണം:

"കോയം ഭാതി പ്രകാരസ്തവ പവന, പദം
ലോകപാദാഹതീനാം
തേജസ്വിവ്രാതസേവ്യേ നഭസി നയതി യത്
പാംസുപൂരം പ്രതിഷ്ഠാം
യസ്മിന്നുത്ഥാപ്യമാനേ ജനനയനപഥോപ-
ദ്രവസ്താവദാസ്താം;
കേനോപായേന സഹ്യോ വപുഷി കലുഷതാ-
ദോഷ ഏഷ ത്വയൈവ."

(*സുഭാഷിതാവലി,* 1032. കാറ്റേ, നിന്റെ ഈ മട്ടെന്താണ്? മാലോകരുടെ കാലടിപ്പൊടികളെ തേജസ്വികളാൽ സേവിക്കപ്പെടുന്ന അന്തരീക്ഷത്തിലേക്കുയർത്തിനിർത്തുകയാണ് നീ. ആ പൊടികൾ ഉയർത്തപ്പെടുമ്പോൾ ജനങ്ങളുടെ കണ്ണുകൾക്കേൽക്കേണ്ടിവരുന്ന കഷ്ടപ്പാടിരിക്കട്ടെ; സ്വന്തം ദേഹത്തിൽത്തന്നെ വന്നുപെടുന്ന കാലുഷ്യദോഷം നീ എങ്ങനെ പരിഹരിക്കും?)

അപ്രസ്തുതപ്രശംസയാണ് ഇവിടത്തെ മുഖ്യവാക്യാർഥം. പ്രതീയമാനമായ മറ്റൊരു വസ്തു സൂചിപ്പിച്ചിരിക്കകൊണ്ട് വിചിത്രമായ കവിപ്രതിഭയുടെ പ്രവർത്തനഫലമായി പ്രയോഗിക്കപ്പെട്ട ശബ്ദാർഥങ്ങളുടെ മഹിമയാൽ പ്രതീയമാനമെങ്കിലും ആ ആശയം വാച്യമെന്നപോലെ അനുഭവപ്പെടുന്നു. തുടക്കത്തിൽത്തന്നെ തോന്നുന്നതുകൊണ്ട്, അർഥാന്തരപ്രതീതിയുളവാക്കുകയാൽ പദങ്ങൾ ശ്ലേഷപ്രയുക്തങ്ങളെന്നു പറഞ്ഞുകൂടാ. കാരണം, വാച്യവും പ്രതീയമാനവും ഇവിടെ സമപ്രാധാന്യത്തോടുകൂടി നിലകൊള്ളുന്നില്ല. പദങ്ങളുടെ അർഥാന്തരപ്രതീതിജനകത്വമാകട്ടെ, പ്രതീയമാനം സ്ഫുടമായി വെളിപ്പെടുത്തത്തക്ക വിധത്തിൽ ഉപനിബന്ധിക്കപ്പെട്ടുകൊണ്ട് അങ്ങേയറ്റം ചമത്കാരകാരകമായി വിരാജിക്കുകയുമാണ്.

വേറൊരുദാഹരണം:

"സ്പഷ്ടം ഭൂമി മറയ്ക്കിലിന്ദു തെളിയും,
വീണ്ടും മുഹൂർത്തത്തില-
പ്പുഷ്ടശ്രീ രവി മൂടിയാലുമുയരും
പക്ഷം കഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയാ-
യീ രാജരാജേന്ദു! ഹാ!

കഷ്ടം രോഹിണിയക്കലേശനെയിനി–
ക്കാണില്ല കേണാലുമേ!" (*പ്രരോദനം*, 25)

ഗ്രഹണകാലത്ത് മറയ്ക്കപ്പെട്ടാലും അതു കഴിഞ്ഞാൽ ചന്ദ്രൻ തെളിഞ്ഞുകാണപ്പെടും; കറുത്ത പക്ഷത്തിൽ തീരെ കാണപ്പെടാത്ത ചന്ദ്രനും വെളുത്ത പക്ഷത്തിൽ തെളിയും. എന്നാൽ, ഈ രാജരാജ വർമയാകുന്ന ചന്ദ്രന്റെ നില അതല്ല. കാലനാകുന്ന ദുഷ്ടമഹാഗ്രഹ ത്താൽ ഗ്രസ്തനായിരിക്കയാണ്. പ്രിയതമയായ രോഹിണിയുടെ ദൃഷ്ടിയിൽനിന്ന് എന്നെന്നേക്കുമായി മറഞ്ഞിരിക്കയാണ്. രോഹിണി – ചന്ദ്രപ്രിയയായ രോഹിണിക്കു പുറമെ, ദുഃഖംകൊണ്ടു തുടുത്ത രാജരാജമഹിഷിയെയും കുറിക്കുന്നു. കലേശൻ – "കലാകാരൻ" എന്നതിനോടൊപ്പം എം. എ. (മാസ്റ്റർ ഓഫ് ആർട്സ്)ക്കാരൻ എന്നും. ഇത്രയൊക്കെ ഗഹനാശയങ്ങളും അർഥങ്ങളും ഉൾക്കൊള്ളുന്നതെ ങ്കിലും ഈ ശ്ലോകത്തിൽനിന്ന് പ്രഥമശ്രവണത്തിൽത്തന്നെ അർഥ സ്ഫുടതയുളവാകുന്നുവെന്ന് എടുത്തുപറയേണ്ടതുണ്ട്.

മുത്തുമാലയ്ക്കും മറ്റും പതക്കമെന്നപോലെ, കവികൾ തൃപ്തി കൈവരാതെ അലങ്കാരത്തിനുമേൽ അലങ്കാരം നിബന്ധിക്കുക വിചി ത്രമാർഗത്തിന്റെ സ്വഭാവമത്രേ. നോക്കൂ:

"ഹേ ഹേലാജിതബോധിസത്വ! വചസാം
കിം വിസ്തരൈസ്തോയധേ!
നാസ്തി ത്വത്സദൃശഃ പരഃ പരഹിതാ–
ധാനേ ഗൃഹീതവ്രതഃ
തൃഷ്യത്പാന്ഥജനോപകാരഘടനാ–
വൈമുഖ്യലബ്ധായശോ–
ഭാരപ്രോദ്വഹനേ കരോഷി കൃപയാ
സാഹായ്യകം യന്മരോഃ."

(കളിയായി, അനായാസമായി, ബോധിസത്വനെ ജയിച്ച അല്ലയോ സമു ദ്രമേ! എന്തിനേറെ പറയുന്നു? – മറ്റുള്ളവരുടെ ആവശ്യം സാധിച്ചു കൊടുക്കുന്നതിൽ നോമ്പു നോറ്റുനിൽക്കുന്നവനായി നിന്നെപ്പോലെ മറ്റാരുമില്ല. ദാഹിച്ചുവലയുന്ന വഴിപോക്കർക്ക് ഉപകാരം ചെയ്യുന്ന തിൽ താല്പര്യമില്ലാത്തതുകൊണ്ട് സമ്പാദിച്ചുവെച്ച ദുഷ്കീർത്തിഭാരം പേറുന്നതിൽ നീ ദയാപൂർവം മരുഭൂമിക്ക് സഹായം ചെയ്തുകൊടു ക്കുന്നുണ്ടല്ലോ.) ഏറെ നിന്ദ്യമായ മറ്റൊരു കാര്യം പ്രതീയമാനമായി മനസ്സിൽവെച്ചുകൊണ്ട് അപ്രകാരം വിലസുന്ന സമുദ്രത്തെ വാച്യ മായി അവതരിപ്പിക്കുകയാണ്. ഇതാണ് ആ അപ്രസ്തുതപ്രശംസാ ലങ്കാരത്തിന്റെ സ്വരൂപം. നിന്ദ്യമായ മറ്റൊരാശയത്തിൽ ചെന്നെത്തുന്ന വാക്യമാണെങ്കിലും കേൾക്കുന്ന മാത്രയിൽ സുന്ദരമെന്ന നിലയിൽ ഉപനിബന്ധിക്കപ്പെട്ടുകൊണ്ട് സഹൃദയഹൃദയാഹ്ലാദകമായിട്ടുണ്ട്. ഇവിടെ അപ്രസ്തുതപ്രശംസയെ വ്യാജസ്തുതി എന്ന മറ്റൊരലങ്കാ രംകൊണ്ട് അലങ്കരിച്ചിരിക്കയാണ്. മറ്റൊരുദാഹരണംകൂടി:

"നാമാപ്യന്യതരോർനിമീലിതമഭൂത്
തത്താവദുന്മീലിതം;
പ്രസ്ഥാനേ സ്ഖലതഃ സ്വവർത്മനി വിധേ–
രന്യദ് ഗൃഹീതഃ കരഃ;
ലോകശ്ചായമദൃഷ്ടദർശനകൃതോ
ദൃഗ്വൈശസാദുദ്ധൃതോ
യുക്തം കാഷ്ഠിക! ലൂനവാൻ യദസിതാ–
മാമ്രാളിമാകാലികീം."

(*ഭല്ലടശതകം*, 86. മറ്റു മരത്തിന്റെ വേരുപോലും അടഞ്ഞുപോകത്ത ക്കവിധത്തിൽ മാവിൻകൂട്ടം അത്രയ്ക്ക് പടർന്നു പന്തലിച്ചുയർന്നു. സ്വന്തം മാർഗത്തിൽ ഇടറിപ്പോയ ബ്രഹ്മാവിനെ, അല്ലയോ മരംവെട്ടു കാരാ! നീ കൈകൊടുത്തു സഹായിച്ചിരിക്കുന്നു. ഈ ജനങ്ങളും കാണരുതാത്തതിനെ കാണുന്നതിൽനിന്നുണ്ടായ കണ്ണിന്റെ കഷ്ടപ്പാ ടിൽനിന്നു വിമോചിപ്പിക്കപ്പെട്ടു. എന്തെന്നാൽ കാലത്തിനു ചേരാത്ത ആ മാങ്കൂട്ടത്തെ നീ വേണ്ടതുപോലെ മുറിച്ചുകളഞ്ഞുവല്ലോ.) മറ്റൊരു പദ്യംകൂടി ഉദാഹരിക്കാം:

"കിം താരുണ്യതരോരിയം രസഭരോദ്–
ഭിന്നാ നവാ മഞ്ജരീ?
ലീലാപ്രോച്ഛലിതസ്യ കിം ലഹരികാ
ലാവണ്യവാരാന്നിധേഃ?
ഉദ്ഗാഢോത്കലികാവതാം സ്വസമയോ–
പന്യാസവിസ്രംഭിണഃ?
കിം സാക്ഷാദുപദേശയഷ്ടിരഥവാ
ദേവസ്യ ശൃംഗാരിണഃ?"

(*സുഭാഷിതാവലി*, 1471. ഇവൾ യൗവനവൃക്ഷത്തിന്റെ രസപൂര ത്തിൽനിന്നും പൊട്ടിമുളച്ച പുതുപ്പൂങ്കുലയാണോ? ലീലാതരംഗിതമായ കൊച്ചുസമുദ്രത്തിലെ കൊച്ചുതിരമാലയാണോ? അതോ, അതിരറ്റ വിര ഹോത്കണ്ഠ പൂണ്ടവർക്ക് തന്റെ വിഷയസങ്കേതങ്ങൾ ചൊല്ലിക്കൊ ടുക്കാൻ മുതിർന്ന കാമദേവന്റെ സാക്ഷാൽ ഉപദേശവടിയോ?) ഈ പദ്യത്തിൽ രൂപകാലങ്കാരത്തിന് അതിന്റെ സൗന്ദര്യം കൂട്ടുന്നതിന് സന്ദേഹാലങ്കാരം പ്രയോഗിച്ചിരിക്കുന്നു. ചമത്കാരം വർധിപ്പിക്കുന്ന

തിന് ഇത് സഹായകമായിട്ടുണ്ട്.

മലയാളത്തിൽനിന്നൊരുദാഹരണം:

"തത്പരത്വമവനാർന്നിരുന്നു തെ–
ല്ലപ്പൊൾ വെന്നരിയെയൂഴി കാക്കുവാൻ
കോപ്പിടും നൃപതിപലെയും കളി–
ക്കോപ്പെടുത്ത ചെറുപൈതൽപോലെയും.
ഇത്ര ധന്യത തികഞ്ഞുകാണ്മതി–
ല്ലത്ര നൂനമൊരു സാർവഭൗമനിൽ;
ചിത്തമാം വലിയ വൈരി കീഴമർ–
ന്നത്തൽ തീർന്ന യമിതന്നെ ഭാഗ്യവാൻ."

(കുമാരനാശാൻ – *നളിനി,* 4–5)

ദിവാകരയോഗിയുടെ വർണനയാണ്. ശത്രുവെ ജയിച്ച് ഭൂമി ഭരിക്കാനൊരുങ്ങുന്ന രാജവിനെന്നപോലുള്ള കൃതകൃത്യതയും ഗാംഭീര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ രാജാവിനില്ലാത്ത ഒരു വിശേഷം ഇവിടെ കാണാം. കളിക്കോപ്പെടുത്തു കളിക്കാനൊരുങ്ങുന്ന പിഞ്ചുപൈതലിന്റെ ചിന്താക്ലേശരാഹിത്യമാണത്. സർവശത്രുക്കളെയും കീഴ്പ്പെടുത്തിയ സാർവഭൗമനുപോലും ഇദ്ദേഹത്തിന് ഇപ്പോൾ അനുഭവപ്പെടുന്നത്ര ചാരിതാർഥ്യം തോന്നുകയില്ല. എന്തുകൊണ്ട്? ഏറ്റവും വലിയ ശത്രു ചിത്തമാണ്. ഇദ്ദേഹമാകട്ടെ അതിനെ കീഴടക്കിയിരിക്കുന്നു. അതുകൊണ്ട് ദുഃഖലേശംപോലുമില്ല! അരുവിപ്പുറത്തെ വനപ്രദേശത്തിൽ തപസ്സുചെയ്തു താമസിക്കുന്ന കാലത്ത് രാവിലെ ധ്യാനം കഴിഞ്ഞ് പുറത്തുവരുന്ന ശ്രീനാരായണഗുരുവിന്റെ ഓർമ ഈ വർണനാവസരത്തിൽ മഹാകവിയെ ആവേശം കൊള്ളിച്ചിരിക്കണം. അലങ്കാരത്തിനുമേൽ അലങ്കാരം തൊടുത്തുചേർത്തിരിക്കയാണ് ഇവിടെ. പക്ഷേ, ചമത്കാരം വർധിപ്പിക്കാനേ അവ ഉതകുന്നുള്ളൂ എന്നു ശ്രദ്ധിക്കുക.

രത്നരശ്മിച്ഛടാഭാസുരമായ കങ്കണാദ്യലങ്കാരങ്ങൾ കാമിനീശരീരത്തെയാകെ മറച്ചുകൊണ്ട് ശോഭ വർധിപ്പിക്കുന്നതുപോലെ, വിളങ്ങുന്ന ഉപമാദ്യലങ്കാരങ്ങൾകൊണ്ട് സ്വന്തം ശോഭാതിശയത്തിനുള്ളിൽ നില കൊള്ളുന്ന അലങ്കാര്യത്തെ പ്രകാശിപ്പിക്കുന്നതാണ് വിചിത്രമാർഗം. അലങ്കാരങ്ങൾ സ്വസൗന്ദര്യത്താൽ മറയ്ക്കപ്പെടുന്ന അലങ്കാര്യത്തെ തിളക്കുന്നു. അത്ര മഹിമയുറ്റവയാണ് ആ അലങ്കാരങ്ങളെന്നു താല്പര്യം. ഇതാ, നോക്കൂ ചില ഉദാഹരണങ്ങൾ:

"ആര്യസ്യാജിമഹോത്സവവ്യതികരേ
നാസംവിക്തോത്ര വഃ
കശ്ചിത് ക്വാപ്യവശിഷ്യതേ ത്യജത രേ
നക്തഞ്ചരാഃ സംഭ്രമം;
ഭൂയിഷ്ഠേഷ്വപി കാ ഭവത്സു ഗണനാ–
ത്യർഥം കിമുത്താമ്യതേ
തസ്യോദാരഭുജോഷ്മണോനവസിതാ
നാരാചസമ്പത്തയഃ."



(യജമാനന്റെ യുദ്ധമഹോത്സവത്തിരക്കിൽ താന്താങ്ങളുടെ വീതം കിട്ടാത്തവരായി, രാത്രിഞ്ചരന്മാരേ! നിങ്ങളുട കൂട്ടത്തിൽ ആരെങ്കിലും എവിടെയെങ്കിലും ബാക്കി നിൽക്കുന്നുണ്ടെങ്കിൽ, പരിഭ്രമം കളഞ്ഞേക്കൂ. നിങ്ങൾ ധാരാളം പേരുണ്ടെങ്കിലും അതൊരു പ്രശ്നമല്ല. എന്തിനാണേറെ ഉത്കണ്ഠപ്പെടുന്നത്? ഉദാരഭുജപ്രതാപനായ അദ്ദേഹത്തിന്റെ ശരസമ്പത്തിന് അറ്റമില്ല.) ഇവിടെ യുദ്ധത്തെ മഹോത്സവത്തിരക്കായി രൂപണം ചെയ്തത് യജമാനൻ തന്റെ ശരസമ്പത്തുകൊണ്ട് എല്ലാവരെയും കൊല്ലുന്നുണ്ട്." എന്ന അലങ്കാരം അലങ്കാരശോഭാതിശയാന്തർഗതമായി നിന്നുകൊണ്ട് പ്രശോഭിക്കത്തക്ക വിധത്തിലത്രേ. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും, അവർ എത്ര സാധാരണക്കാരനായാലും, എവിടെയെങ്കിലും, എത്ര ദൂരെ നില കൊള്ളുന്നവനായാലും, വീതം കിട്ടാതെ ബാക്കിനിൽക്കുന്നുണ്ടോ എന്നാണ് ചോദ്യം. യുദ്ധമഹോത്സവത്തിൽ തന്റെ പങ്കു കിട്ടിയില്ലല്ലോ എന്നു നിങ്ങളിലാരും വേവലാതിപ്പെടേണ്ട. "എണ്ണംകൊണ്ട് ഞങ്ങൾ കൂടുതലുണ്ട്, അതിനാൽ എല്ലാവർക്കും വീതമെത്തിക്കാനാവില്ല" എന്നു വിചാരിക്കയാണെങ്കിൽ, അത് ശരിയല്ല. എണ്ണമറ്റ ജനങ്ങൾക്ക് പങ്കുവെച്ചുകൊടുക്കാനാവായ്ക രണ്ടു കാരണംകൊണ്ടാവാം – സമ്പത്തില്ലാത്തതുകൊണ്ടോ പിശുക്കുകൊണ്ടോ. ഇത് രണ്ടും ആര്യരാമനില്ല. ഉദാരഭുജപ്രതാപനായ അദ്ദേഹത്തിന്റ ശരസമ്പത്ത് അനന്തമത്രേ!

കുമാരനാശാൻ എ. ആർ. രാജരാജവർമയുടെ അകാലചരമത്തിൽ ശോകഭാവോചിതമായ ആകാരചേഷ്ടകളോടെ വിലപിക്കുന്ന കേരളഭൂമിയെ വർണിക്കുന്ന ഒരു ഭാഗം ഇവിടെ ഉദാഹരിക്കാം:

"നീരാളും ഘനവേണിവായ്പ്പുരസിജ–
ക്കുന്നോടടിഞ്ഞശ്രുവിൻ
ധാരാപാതമിടഞ്ഞു നാഭിസരസീ–
കൂലം കവിഞ്ഞോലവേ,

കേരോദഞ്ചിതപാണിയിദ്ധര,
കരിങ്കല്ലും ദ്രവിച്ചീടുമാ–
റോരോന്നിച്ചരമാർണവാനിലരവം
കൂട്ടിപ്പുലമ്പുന്നിതേ." (*പ്രരോദനം,* 2)

മേഘമാകുന്ന തലമുടി, കുന്നുപോലിരിക്കുന്ന സ്തനം (കുന്നുകളാകുന്ന കുചങ്ങൾ എന്നർഥം), ധാരാവർഷം, പൊക്കിളാകുന്ന കായലിന്റെ കര, തെങ്ങുകളാകുന്ന ഉയർത്തിപ്പിടിച്ച കൈകൾ– ഇങ്ങനെ രൂപകാലങ്കാരത്താൽ ആച്ഛാദനം ചെയ്യപ്പെട്ടപോലെ നിലകൊള്ളുന്ന അലങ്കാര്യമായ കേരളഭൂമി കൂടുതൽ തിളങ്ങുകയാണ്. അതുകൊണ്ട്,

"കതമഃ പ്രവിജൃംഭിതവിരഹവ്യഥഃ ശൂന്യതാം നീതോ ദേശഃ?" (*ഹർഷചരിതം* 1 – ഏതു ദേശമാണ് ഏറെപ്പെരുത്ത വിരഹവ്യഥ കൊണ്ട് ശൂന്യമാക്കപ്പെട്ടത്?) എന്നിടത്ത്, "നീ എവിടെനിന്നു വന്നു?" എന്നാണുദ്ദിഷ്ടം? "കാനി ച പുണ്യഭാഞ്ജി ഭജന്ത്യഭിഖ്യാമക്ഷരാണി?" (*ഹർഷചരിതം* 1 – ഏതു പുണ്യഭാക്കുകളായ അക്ഷരങ്ങളാണ് പേരിൽ പങ്കാളികളായിട്ടുള്ളത്?) എന്നിടത്ത് "എന്താണീയാളുടെ പേര്?" എന്നാണർഥം. ഈ രണ്ടലങ്കാര്യങ്ങളും അപ്രസ്തുത പ്രശംസാലങ്കാരശോഭാധിക്യത്താൽ മറയ്ക്കപ്പെട്ടുകൊണ്ട് സഹൃദയ ഹൃദയാഹ്ലാദകാരിയായി വിരാജിക്കുകയാണ്. വ്യാജസ്തുതി, പര്യായോക്തം മുതലായവയിലെല്ലാം ഇതാണ് കാണുന്നത്.

"ഫലിച്ചിതോ സഖീ! നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോ ഫലം, ചൊൽക, കനിയായിതോ?"
(കുമാരനാശാൻ – *കരുണ*)

എന്ന് വാസവദത്ത ഉപഗുപ്തന്റെ അടുത്തെത്തി തിരിച്ചെത്തിയ ദൂതിയോട് ദൗത്യനിർവഹണത്തെപ്പറ്റി അന്വേഷിക്കുന്ന വരികളും

"വരിക,യനുഭവിക്ക കയ്പ്പുപോയി–
പ്പരിണതമാം ഫലമിപ്പൊഴോമനേ! നീ." (*ലീല,* 3.41)

എന്ന് ലീല മദനനെ ഉദ്ദേശിച്ച് പറയുന്ന ഭാഗവും ഇവിടെ ഓർക്കാം. പുതുമയൊന്നുമില്ലാത്ത വസ്തുവായിക്കൊള്ളട്ടെ, അതും ഉക്തിവൈചിത്ര്യംകൊണ്ടുമാത്രം അവാച്യമായൊരു പദവിയിലേക്കുയർത്തപ്പെടുന്നു – ഇത് വിചിത്രമാർഗത്തിന്റെ മറ്റൊരു സവിശേഷതയത്രേ. ഉദാഹരണം:

"അന്യദ് ലടഭത്വമന്യൈവ ച കാപി വർത്തനച്ഛായാ
ശ്യാമാ സാമാന്യപ്രജാപതേ രേഖൈവ ന ഭവതി."



(*ഗാഥാസപ്തശതി,* 968. ഛായ – ആ സൗന്ദര്യമൊന്നു വേറെ, ആ നില്പിന്റെ ശൊങ്കും വേറെത്തന്നെ. ആ സുന്ദരിയായ കന്യക സാമാന്യപ്രജാപതിയുടെ രേഖയേ അല്ല.) മറ്റൊരുദാഹരണം:

"ഉദ്ദേശോയം സരസകദളീശ്രേണിശോഭാതിശായീ
കുഞ്ജോത്കർഷാങ്കുരിതഹരിണീവിഭ്രമോ നർമദായാഃ
കിംചൈതസ്മിൻ സുരതസുഹൃദസ്ന്വി! തേ വാന്തി വാതാ
യേഷാമഗ്രേ സരതി കലിതാകാണ്ഡകോപോ മനോഭൂഃ."

(ഓമലേ! ഈ സ്ഥലം ജലാർദ്രമായ വാഴകൾ നിരന്നുനിൽക്കുകയാൽ ഏറെ ശോഭയുറ്റതാണ്; നർമദയുടെ തീരത്തെ വള്ളിക്കുടിലുകളുടെ മേന്മകൊണ്ട് മാൻപേടകളുടെ വിഭ്രമത്തെ ഉദിപ്പിക്കുന്നതാണ്. മാത്രമല്ല, ഇവിടെ സുരതസുഹൃത്തുക്കളായ ആ കുളിർകാറ്റുകൾ വീശുന്നുണ്ട്. അനവസരത്തിൽ ക്രോധം പൂണ്ട കാമൻ അവർക്കുമുൻപിൽ നടക്കുകയാണ്. ഈ ശ്ലോകത്തിലെ ഉള്ളടക്കം ഒട്ടും പുതുതല്ല. ഉക്തിവൈചിത്ര്യം മാത്രമാണിവിടെ ചമത്കാരാസ്പദം.

കുമാരനാശാന്റെ *നളിനി*യിൽ നായികയെ വർണിക്കുന്ന,

"ഒന്നു നിർണയമുദീർണശോഭയാ–
ളിന്നു താപസകുമാരിയല്ലിവൾ;
കുന്ദവല്ലി വനഭൂവിൽ നിൽക്കിലും
കുന്ദമാ,ണതിനു കാന്തി വേറെയാം." (22)

എന്ന ശ്ലോകം മറ്റൊരുദാഹരണമായി ചൂണ്ടിക്കാട്ടാം.

മഹാകവിയുടെ പ്രതിഭാപ്രസരംകൊണ്ട് യഥാരുചി ഒരു തരത്തിലുള്ള എല്ലാറ്റിനെയും മറ്റൊരു തരത്തിലാക്കി അവതരിപ്പിക്കുന്നത് വിചിത്രമാർഗത്തിൽ കാണാം. വർണ്യവസ്തു സന്ദർഭോചിതം സഹൃദയഹൃദയാഹ്ലാദകമാകുമാറ് രൂപാന്തരം പ്രാപിക്കുകയാണിവിടെ. ഉദാ:–

"താപഃ സ്വാത്മനി സംശ്രിതദ്രുമലതാ–
ശോഷോധ്വഗൈർവർജനം
സഖ്യം ദുശ്ശമയാ തൃഷാ തവ മരോഃ
കോസാവനർഥോ ന യഃ
ഏകോർഥസ്തു മഹാനയം ജലലവ–
സ്വാമ്യസ്മയോദ്ഗർജിനഃ
സന്നഹ്യന്തി ന യത്തവോപകൃതയേ
ധാരാധരാഃ പ്രാകൃതാഃ."

(*സുഭാഷിതാവലി,* 948. ഉള്ളിൽ കൊടിയ ചൂട്, തന്നെ ആശ്രയിച്ചുകഴിയുന്ന മരങ്ങൾക്കും വള്ളികൾക്കുമൊക്കെ വാട്ടം, യാത്രക്കാരിൽനി

ന്നുള്ള വർജനം, ശമിക്കാൻ പ്രയാസമായ ദാഹത്തോടുള്ള സഖ്യം – അല്ലയോ മരുഭൂമീ! ഏതാണ് നിനക്ക് അനർഥമല്ലാതുള്ളത്? ഈ ഒരു വലിയ കാര്യമുണ്ട് – വെള്ളത്തുള്ളികളുടെ ഉടമസ്ഥതകൊണ്ടുള്ള അഹങ്കാരത്താൽ ആർത്തട്ടഹസിക്കുന്ന പ്രാകൃതമായ മേഘങ്ങൾ നിനക്ക് ഉപകാരം ചെയ്യുന്നതിനുവേണ്ടി തുനിഞ്ഞിറങ്ങുന്നില്ല!)

മറ്റുദാഹരണം:

“വിശതി യദിനോ കഞ്ചിത്കാലം
കിലാംബുനിധിം വിധേഃ
കൃതിഷു സകലാസ്വേകോ ലോകേ
പ്രകാശകതാം ഗതഃ
കഥമിതരഥാ ധാമ്നാം ധാതാ
തമാംസി നിശാകരം
സ്ഫുരദിദമിയത് താരാചക്രം
പ്രകാശയതി സ്ഫുടം?”

(ബ്രഹ്മാവിന്റെ എല്ലാ സൃഷ്ടികളിലും വെച്ച് ലോകത്തിൽ പ്രകാശത്വമുള്ള സൂര്യൻ കുറച്ചു കാലം – രാത്രി – സമുദ്രത്തിൽ പ്രകാശിക്കാതിരുന്നെങ്കിൽ, എങ്ങനെയാണ് ആ തേജസ്സുകളുടെയും തേജസ്സ് ഇരുട്ടിനെയും ചന്ദ്രനെയും തിളങ്ങുന്ന ഈ നക്ഷത്രസമൂഹത്തെയും സ്ഫുടമായി പ്രകാശിപ്പിക്കുന്നത്?) ഇവിടെ ആദ്യപദ്യത്തിൽ ലോകമാകെ നിന്ദിക്കുന്ന മരുഭൂമിയെ, കവിപ്രതിഭോല്ലേഖത്താൽ, ലോകോത്തരൗദാര്യശാലിയെന്ന നിലയിൽ സ്വരൂപമേ മാറ്റി ചിത്രീകരിച്ചിരിക്കുന്നു. അതിലൂടെ ഉദാരചരിതനായ ഒരു മഹാത്മാവിനെ പ്രതീയമാനമായി അവതരിപ്പിക്കുകയാണ്. ഔചിത്യപൂർണമായ പല വസ്തുക്കളുമുണ്ടെങ്കിലും ഈ ഒന്നാണ് എടുത്തുപറയേണ്ടതെന്നു താത്പര്യം. രണ്ടാമത്തെ പദ്യത്തിൽ, സൂര്യൻ ദിവസേന കടലിൽ താഴുന്നത് വിധിവിഹിതമായ ഒരു സാധാരണസംഭവമാണ്. പക്ഷേ, തന്റെ ഉദയംകൊണ്ട് സ്വപക്ഷത്തും എതിർപക്ഷത്തുമുള്ള സകലവസ്തുക്കളെയും നിഷ്പ്രഭമാക്കുന്ന സൂര്യൻ ബ്രഹ്മസൃഷ്ടികളായ സകലവസ്തുക്കളെയും പ്രകാശിപ്പിക്കുക എന്ന സ്വകൃത്യം നിർവഹിക്കുന്നതിനുവേണ്ടി സ്വയമേവ കുറേ സമയം കടലിൽ പ്രവേശിക്കുകയാണെന്നും അല്ലെങ്കിൽ എങ്ങനെയാണ് ഇരുട്ടും ചന്ദ്രനും നക്ഷത്രവൃന്ദവും അഭിവ്യക്തമാവുന്നതെന്നും വർണ ിച്ചിരിക്കുന്നത് പ്രതീയമാനമഹത്വം വെളിപ്പെടുത്തിക്കൊണ്ട് ചമത്കാരം വർധിപ്പിക്കുന്നതിന് സഹായകമാണ്.

വാസവദത്താഖ്യയായ വാരനാരിയുടെ ഉപഗുപ്താഭിമുഖമായ



അനുരാഗം വെളിപ്പെടുത്തുന്ന *കരുണ*യിലെ വരികൾ ഇവിടെ ഉദാഹരണമാക്കാവുന്നതാണ്.

“സമയമായില്ല പോലും സമയമായില്ല പോലും
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ.
കാടു ചൊല്ലുന്നതാമെന്നെക്കബളിപ്പിക്കുവാൻ കൈയി–
ലോടുമേന്തി നടക്കുമീയുല്പലബാണൻ.
പണമില്ലാഞ്ഞുതാൻ വരാൻ മടിക്കയാവാമസ്സാധു
ഗണികയായ്ത്തന്നെയെന്നെ ഗണിക്കയാവാം.
ഗുണബുദ്ധിയാൽ ഞാൻ തോഴീ, കൊതിപ്പതക്കോമളന്റെ
പ്രണയം മാത്രമാണെന്നു പറഞ്ഞില്ലേ നീ?
വശംവദസുഖ ഞാനീ വശക്കേടെനിക്കു വരാൻ
വശമില്ലെന്നാലും വന്നതയുക്തമല്ല.
വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും.
അനുരക്തരഹോ! ധനപതികൾ നിത്യമെൻ കാലിൽ
കനകാഭിഷേകം ചെയ്തു തൊഴുതാൽപ്പോലും
കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കും കണ്ണുകൾ കൊച്ചു–
മുനിയെക്കാണുവാൻ മുട്ടിയുഴറുന്നല്ലോ!”

വേശ്യയുടെ ഈ യഥാർഥാനുരാഗത്തെപ്പറ്റി കവിയുടെ ആലങ്കാരികതയിൽ പൊതിഞ്ഞ ഈ നിരീക്ഷണംകൂടി ശ്രദ്ധിച്ചാൽ ഈ ഭാഗത്തിന്റെ വിചിത്രമാർഗാനുസാരിത്വം വ്യക്തമാകും.

“കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ–
യതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ?”

മറ്റൊരുദാഹരണം:

*ദുരവസ്ഥ*യിൽ സാവിത്രീ–ചാത്തന്മാരുടെ അഗ്നിസാക്ഷികമായ വിവാഹവും അതിന് ദേവന്മാരുടെയും പ്രകൃതിയുടെയും കവിയുടെതന്നെയും അനുഗ്രഹാശിസ്സുകളും വർണിക്കുന്ന ഭാഗം:

“ഈയക്കോൽ പോലെ തണുത്ത വിരലേലും
പ്രേയാന്റെ കൈയേന്തിപ്പേലവാംഗി
തീയെ വലംവെച്ചവനെ നയിച്ചുതൻ
പായിൽ ശയിപ്പിച്ചു താൻ ശയിച്ചാൾ.
ഊതീ കുളിർകാറ്റ് മങ്ങിക്കനൽ മിന്നും
‘ജാതവേദസ്സു’ മിഴിയടച്ചു.
ജാതീർഷ്യയാലോ ഗുണമോർത്തിവരിലു–
ള്ളൗദാര്യത്താലോ? പണി പറവാൻ.

സഞ്ജാതസന്തോഷം വർഷിച്ചു വാനവർ
മഞ്ഞുതൂങ്കണ്ണുനീർ മാടത്തിന്മേൽ.
വിണ്ണിലുള്ളോരുടെ വാർമിഴി മൂടുമോ
മണ്ണിലെജ്ജാതി പൊടിയെറിഞ്ഞാൽ?
തുംഗതയേറുമാകാശത്തിനായ് ഗിരി–
ശൃംഗങ്ങളിൽ ഭൂമി കൈ നീട്ടുന്നു.
കുന്നിൻ ചെരുവുകളിൽ വനവൃക്ഷത്തെ–
ച്ചെന്നു മുകിൽമാല ചുംബിക്കുന്നു.
എന്നല്ലയുപ്പേലുമബ്ധിയെപ്പുൽകുന്നു
നന്നദി മേളിച്ചഴിമുഖത്തിൽ.
മന്ദമർത്ത്യാ! നീ തടുക്കായ്കയീശ്ശേച്ഛാ–
സുന്ദരമാമിസ്സമാഗമങ്ങൾ!"

ഈ രണ്ടുദാഹരണങ്ങളിലും വർണ്യവസ്തുക്കൾ തികച്ചും രൂപാന്തരം വരുത്തപ്പെട്ടതുപോലെയാണ് അവതരിക്കപ്പെട്ടിട്ടുള്ളത്. വേശ്യയുടെ ആത്മാർതമായ അനുരാഗം, അന്ത്യജാന്തണസ്ത്രീപുരുഷന്മാർ തമ്മിലുള്ള വേഴ്ച്ച – ഈ രണ്ടും വിചിത്രമാണല്ലോ. പക്ഷേ, സ്വാഭാവികമെന്നപോലെയാണ വൈചിത്ര്യം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

മുഖ്യമായി വിവക്ഷിക്കപ്പെടുന്ന അനാഖ്യേയമായ – വ്യംഗ്യഭൂതമായ – വാക്യാർഥത്തിന് ശബ്ദാർഥശക്തികളിൽനിന്ന് വ്യതിരിക്തമായ വൃത്തികൾകൊണ്ട് അഭിവ്യക്തി കൈവരുത്തുന്നത് വിചിത്രമാർഗത്തിന്റെ മറ്റൊരു സ്വഭാവമാണ്. ഈ പ്രതീയമാനത വാക്യവക്രത വിവരിക്കുന്നിടത്ത് കൂടുതൽ വ്യക്തമാകും. തൊട്ടുമുൻപ് നൽകിയ ഉദാഹരണങ്ങൾ ഇതിനു ചേരും. രണ്ടുദാഹരണങ്ങൾകൂടി നൽകാം:

വക്ത്രേന്ദോർ ന ഹരന്തി ബാഷ്പപയസാം
ധാരാ മനോജ്ഞാം ശ്രിയം;
നിശ്വാസാ ന കദർഥയന്തി മധുരാം
ബിംബാധരസ്യ ദ്യുതിം
തസ്യാസ്ത്വദ്വിരഹേ വിപക്വലവലീ–
ലാവണ്യസംവാദിനീ
ഛായാ കാപി കപോലയോരനുദിനം
തന്വ്യാഃ പരം പുഷ്യതി.

(*സുഭാഷിതരത്നകോശം,* 539. കണ്ണീരൊഴുക്കുകൾ മുഖചന്ദ്രന്റെ മനോജ്ഞമായ ശോഭയെ കെടുത്തുന്നില്ല. നെടുവീർപ്പുകൾ തൊണ്ടിപ്പഴംപോലുള്ള ചുണ്ടിന്റെ മധുരമായ തിളക്കത്തെ മാച്ചുകളയുന്നില്ല. ആ സുന്ദരിയുടെ കവിൾത്തടങ്ങളിൽ, നിന്റെ വേർപാടിൽ, പരിപക്വമായ ലവലീഫലത്തിന്റെ – ഒരുതരം നെല്ലിക്കയുടെ – സൗന്ദര്യത്തോട് സംവദിക്കുന്ന അവാച്യമായ ഒരു ശോഭാവിശേഷം ദിവസം തോറും കൂടിക്കൂടിവരികയാണ്.) നിന്റെ വേർപാടുകൊണ്ടുള്ള ദുഃഖം മറച്ചുവെക്കുന്നതിന് ക്ലേശിക്കുന്ന അവൾ ആ കടുത്ത സങ്കടസന്ദർഭത്തിലും കണ്ണീർ പൊഴിക്കുകയോ നെടുവീർപ്പിടുകയോ ചെയ്യുന്നില്ലന്നാണ് വർണിച്ചിരിക്കുന്നത്! എന്നാൽ ആ കവിൾത്തടത്തിലെ അസുലഭദർശനീയമായ കാന്തി മറച്ചുവെക്കാനാവുന്നില്ല! അത് പ്രതിദിനം വർധിച്ചുവരികയാണ്. ദൂതിയുടെ ഈ ആശയം ഇവിടെ പ്രതീയമാനമായി അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള ശോഭാവർണനമാകട്ടെ, ഏപ്രിയതമന്റെ ഔത്സുക്യത്തിനും ഉത്കണ്ഠയ്ക്കും കാരണമായിത്തീരുകയും ചെയ്യുന്നു.



കുമാരനാശാന്റെ,

"ഞെട്ടറുന്ന മലരും തൃണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദു താനുമേ
ഒട്ടു ഖേദമിയലാം, വപുസ്സു വേ–
റിട്ട നിൻസുഖമഹോ! കൊതിക്കിലാം." (*നളിനി,* 152)

എന്ന പദ്യം നോക്കുക. പൂവ് അടരാനും മഞ്ഞുതുള്ളി വീഴാനും കുറച്ചു പ്രയാസമുണ്ടായേക്കാം. നളിനിയുടെ മരണമാകട്ടെ അത്യന്തം അനായാസമായിരുന്നു. അവളുടെ മരണസുഖം അവ രണ്ടും കൊതിച്ചേക്കാമെന്നു സാരം. ഇത് പറയുന്ന ദിവാകരന്റെ നായികാഭിമുഖമായ ശാന്തരസപര്യവസായിയെന്നു വിശേഷിപ്പിക്കാവുന്ന വിമലാനുരാഗം പ്രതീയമാനമായി ഊറിവരുന്നു. പദാർഥങ്ങൾക്ക് ഏതോ കമനീയമായ വൈചിത്ര്യംകൊണ്ട് ലോകോത്തരമായ, ഹൃദയഹാരിയായ, വൈദഗ്ധ്യംകൊണ്ട് ഉത്തേജിതമായ, രസനൈർഭര്യം നിബന്ധിക്കപ്പെടുന്നുവെന്നതാണ് വിചിത്രമാർഗത്തിൽ നാം കാണുന്ന മറ്റൊരു പ്രത്യേകത. ഉദാഹരണം:

"ക്രീഡാസു ബാലകുസുമായുധസംഗതായാ
യത് തത് സ്മിതം ന ഖലു തത് സ്മിതമാത്രമേവ;
ആലോക്യതേ സ്മിതപടാന്തരിതം മൃഗാക്ഷ്യാ–
സ്തസ്യാഃ പരിസ്ഫുരദിവാപരമേവ കിഞ്ചിത്."

(കേളികളിൽ ഇളമ്പൂവമ്പേറ്റ അവളിൽ ഉളവായ ചിരിയുണ്ടല്ലോ, അത് വെറും ചിരിമാത്രമല്ല, ചിരിയുടെ മൂടുപടംകൊണ്ടു മറയ്ക്കപ്പെട്ട ആ സുന്ദരിയിൽനിന്നു പരിസ്ഫുരിക്കുന്ന മറ്റെന്തോ ഒന്നാണ് ആ രൂപത്തിൽ കാണപ്പെടുന്നത്.) ഇവിടെ പൂർവാർധത്തിൽ, അത് ചിരിമാത്ര

മല്ലെന്ന് അഭിലാഷസുഭഗമായ സരസാഭിപ്രായത്തെ വ്യക്തമാക്കി. ഉത്തരാർധത്തിലാകട്ടെ, ചിരിയുടെ മൂടുപടത്താൽ മറയ്ക്കപ്പെട്ട വേറെയെന്തോ ഒന്ന് പരിസ്ഫുരിച്ചുകാണുകയാണെന്ന് കമനീയവൈചിത്ര്യശോഭ വെളിവാക്കുകയാണ്. മറ്റൊരുദാഹരണം:

"ആരോമലാമഴകു, ശുദ്ധി, മദുത്വശോഭ,
സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ–
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ."

(*വീണപൂവ്,* 6)

അകമേ അനിർവചനീയമായൊരതിശയോക്തിശോഭ പരിസ്ഫുരിക്കുന്ന വക്രോക്തിവൈചിത്ര്യം – അലങ്കാരവൈചിത്ര്യം – ജീവിതമായി പരിലസിക്കുന്നതാണ് വിചിത്രമാർഗം. നോക്കൂ:

"യത്സേനാരജസാമുദഞ്ചതി ചയേ
ദ്വാഭ്യാം ദവീയോന്തരാൻ
പാണിഭ്യാം യുഗപദ് വിലോചനപുടാ–
നഷ്ടാഷ്ടമോ രക്ഷിതും
ഏകൈകം ദളമുന്നമയ്യ ഗമയൻ
വാസാംബുജം കോശതാം
ധാതാ സംവരണാകുലശ്ചിരമഭൂത്
സ്വാധ്യായവന്ധ്യാനനഃ.

(*ബാലരാമായണം*, 7. 66. യാതൊരുവന്റെ പടപ്പൊടിക്കൂട്ടം ഉയർന്നുവരുമ്പോൾ രണ്ടു കൈകൾകൊണ്ട് ഏറെ അകലമുള്ള എട്ടു കൺപോളകളെ ഒന്നിച്ചുപൊത്തി രക്ഷിക്കാനാവാതെ, ഓരോരിതളുയർത്തി ഇരിപ്പിടമായ താമരപ്പൂവിനെ ഒരു മൊട്ടാക്കാൻ പാടുപെടുന്ന ബ്രഹ്മാവ് സ്വയം മറയ്ക്കാൻ ക്ലേശിച്ചുകൊണ്ട് ഏറെ നേരം വേദമുരുവിടാത്ത മുഖത്തോടുകൂടിയവനായിത്തീർന്നു.) സംഭാവനാനുമാനത്തെ ആസ്പദമാക്കിയ ഉത്പ്രേക്ഷയുടെ പ്രതീയമാനതയാണ് ഇവിടെ വൈചിത്ര്യം. അതാകട്ടെ പടിപ്പടിയായി അതിശയോക്തിയുടെ പരകോടിയിലെത്തിച്ചേരുകയും ചെയ്യുന്നു.

കൊഴിഞ്ഞുവീണ പൂവിന് തുടർന്നു വരാനിരിക്കുന്ന അസുലപദവിയെക്കുറിച്ചുള്ള കവിയുടെ ഭാവനാനുഗൃഹീതമായ ആഗ്രഹചിന്തകൾ ചിത്രീകരിക്കുന്ന ഈ പദ്യങ്ങളെ മറ്റൊരുദാഹരണമായെടുക്കാം.

"ഇപ്പശ്ചിമാബ്ധിയിൽ വിടർന്നൊരു താരമാരാ–
ലുല്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ



സൽപുഷ്പമേ ഇവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.
സംഫുല്ലശോഭമതുകണ്ടു കുതൂഹലം പൂ–
ണ്ടൻപോടടുക്കുമളിവേണികൾഭൂഷയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി, രാഗ–
സമ്പത്തെയും, സമധികം സുകൃതം ലഭിക്കാം.
അല്ലെങ്കിലാ ദ്യുതിയെഴുന്നമരർഷിമാർക്കു
ഫുല്ലപ്രകാശമിയലും ബലിപുഷ്പമായി
സ്വർലോകവും സകലസംഗമവും കടന്നു
ചെല്ലാം നിനക്കു 'തമസഃ പര'മാം ജഗത്തിൽ."

(*വീണപൂവ്,* 37–39)

പൂവിന്റെ മരണാനന്തരജീവിതത്തെപ്പറ്റിയുള്ള ഭാവന പടിപ്പടിയായി അതിശയോക്തിപാരമ്യത്തിലേക്കെത്തുന്നതാണ് നാമിവിടെ കാണുന്നത്. അതേസമയം ഇത് അസംഭവ്യമായിരിക്കില്ലേ എന്നും മറ്റുമുള്ള സന്ദേഹലേശത്തിനുപോലും അവസരമുണ്ടാക്കാതെ ഈ ശ്ലോകങ്ങൾ നമ്മെ അവാച്യമായ രസാനുഭൂതിയിൽ ആറാടിക്കുകയും ചെയ്യുന്നു.

ഇപ്രകാരം വിവരിക്കപ്പെട്ട അതിദുഃസഞ്ചരമായ വിചിത്രമാർഗത്തിലൂടെയാണ് വിദഗ്ധകവികൾ, നിപുണസൈനികരുടെ മനോരഥങ്ങൾ വാളിന്റെ വായ്ത്തലയിലൂടെയെന്നപോലെ, സഞ്ചരിച്ചിട്ടുള്ളത്.

ഇനി വിചിത്രമാർഗത്തിൽ മുൻപറഞ്ഞ നാലു ഗുണങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നു വിവരിക്കുകയാണ് കുന്തകൻ. വിചിത്രമാർഗത്തിലെ മാധുര്യം:

"വൈദഗ്ധ്യസ്യന്ദി മാധുര്യം പദാനാമത്ര ബധ്യതേ
യാതി യത് ത്യക്തശൈഥില്യം ബന്ധബന്ധുരതാം ഗതാം."

(1. 44. ഇവിടെ – വിചിത്രമാർഗത്തിൽ – കോമളഭാവം വെടിഞ്ഞ് സന്നിവേശസൗന്ദര്യത്തിനുള്ള ഉപാധിയായി മാറുമാറ് പദങ്ങളുടെ വൈചിത്ര്യസമർപ്പകമായ മാധുര്യം ഉപനിബന്ധിക്കപ്പെടുന്നു.) ഉദാഹരണം മുൻപുദ്ധരിച്ച "കിം താരുണ്യതരോഃ" എന്നിത്യാദിശ്ലോകത്തിന്റെ പൂർവാർധം.

*കരുണ* ഒന്നാം ഭാഗത്തിൽ കുമാരനാശാൻ വാസവദത്തയെ വർണിക്കുന്ന ഭാഗം മറ്റൊരുദാഹരണമായി ചൂണ്ടിക്കാട്ടാം:

"അനുപമകൃപാനിധിയഖിലബാന്ധവൻ ശാക്യ–
ജിനദേവൻ ധർമരശ്മി ചൊരിയും നാളിൽ,
ഉത്തരമഥുരാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ,

കാളിമ കാളും നഭസ്സെയുമ്മവെക്കും വെണ്മനോജ്ഞ–
മാളികയൊന്നിന്റെ തെക്കേ മലർമുറ്റത്തിൽ,
വ്യാളീമുഖം വെച്ചുതീർത്ത വളഞ്ഞ വാതിലിന്നക–
ത്താളിരുന്നാൽ കാണും ചെറുമതിലിനുള്ളിൽ,
ചിന്നിയ പൂങ്കുലകളാം പട്ടുതൊങ്ങൽ ചൂഴുമൊരു
പൊന്നശോകം വിടർത്തിയ കുട തൻ കീഴിൽ,
മസൃണശിലാസനത്തിൻ ചരിഞ്ഞ പാർശ്വത്തിൽ പുഷ്പ–
വിസൃമരസുരഭിയാമുപധാനത്തിൽ,
മെല്ലെയൊട്ടു ചാഞ്ഞും, വക്കിൽ കസവു മിന്നും പൂവാട
തെല്ലളകോപരിയൊരു വശത്താക്കിയും,
കല്ലോളി വീശുന്ന കർണപൂരമാർന്നും വിടരാത്ത
മുല്ലമാല മിന്നും കൂന്തൽ കരിവാർമുകിൽ
ഒട്ടു കാണുമാറുമതിന്നടിയിൽ സന്മൃഗമദ–
പ്പൊട്ടിയന്ന മുഖചന്ദ്രൻ സ്ഫുരിക്കുമാറും,
ലോലമോഹനമായ് തങ്കപ്പങ്കജത്തെ വെല്ലും വലം–
കാലിടത്തുതുടക്കാമ്പിൽ കയറ്റിവെച്ചും,
രാമച്ചവിശറി പനിനീരിൽ മുക്കിത്തോഴിയെക്കൊ–
ണ്ടോമൽക്കൈവെള കിലുങ്ങെയൊട്ടു വീശിച്ചും,
കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി.”

പ്രസാദം വിചിത്രമാർഗത്തിൽ:

“അസമസ്തപദന്യാസഃ പ്രസിദ്ധഃ കവിവർത്മനി
കിഞ്ചിദോജഃ സ്പൃശൻ പ്രായഃ പ്രസാദോപ്യത്ര ദൃശ്യതേ.”

(1. 45. കവികളുടെ വഴിയിൽ പ്രസിദ്ധമായ അസമസ്തപദരചനാരൂപമായ പ്രസാദം അല്പം ഓജസ്സു കലർന്ന് ഇവിടെ കാണപ്പെടുന്നു.) ഉദാഹരണം:

“അപാംഗഗതതാരകാഃ സ്തിമിതപക്ഷ്മപാളീഭൃതഃ
സ്ഫുരത്സുഭഗകാന്തയഃ സ്മിതസമുദ്ഗതിദ്യോതിതാഃ
വിലാസഭരമന്ഥരാസ്തരളകല്പിതൈകഭ്രുവോ
ജയന്തി രമണാർപ്പിതാഃ സമദസുന്ദരീദൃഷ്ടയഃ.”

(കടക്കണ്ണിലേക്കെത്തിയ കൃഷ്ണമണികളോടുകൂടിയതും സ്തബ്ധമായ ഇമരോമങ്ങളോടുകൂടിയതും സ്ഫുരിക്കുന്ന സുഭഗകാന്തിയോടുകൂടിയതും ചിരിയുടെ ഉദയം ദ്യോതിക്കുന്നതും വിലാസാധിക്യത്താൽ മാന്ദ്യം കലർന്നതും തരളമായി കല്പിതമായ ഒറ്റപ്പുരികത്തോടുകൂടിയതും രമണനിൽ അർപ്പിക്കപ്പെട്ടതുമായ മദാലസസുന്ദരീദൃഷ്ടികൾ ജയിക്കുന്നു.) മറ്റൊരുദാഹരണം:

“പിന്നെക്കൈത്താർ വിറയ്ക്കയാൽ പാളയിൽ
ചിന്നിനിന്നു തുളുമ്പി മനോജ്ഞമായ്
മധ്യം പൊട്ടി നുറുങ്ങി വിലസുന്ന
ശുദ്ധക്കണ്ണാടിക്കാന്തി ചിതറും നീർ
ആർത്തിയാൽ ഭിക്ഷു നീട്ടിയ കൈകളിൽ
വാർത്തുനിന്നിതേ മെല്ലെക്കുനിഞ്ഞവൾ.” (*ചണ്ഡാലഭിക്ഷുകി*)

മറ്റൊരു തരത്തിലും വിചിത്രമാർഗത്തിൽ പ്രസാദം വരാം.

“ഗമകാനി നിബധ്യന്തേ വാക്യേ വാക്യാന്തരാണ്യപി
പദാനീവാത്ര കോപ്യേഷ പ്രസാദസ്യാപരഃ ക്രമഃ.

(1. 46. വാക്യത്തിൽ സമർപ്പകങ്ങളായ മറ്റു വാക്യങ്ങൾ, പരസ്പരാന്വിതങ്ങളായ പദങ്ങളെന്നപോലെ, നിബന്ധിക്കപ്പെടുന്നത് വിചിത്രമാർഗത്തിലെ പ്രസാദത്തിന്റെ മറ്റൊരു രൂപമത്രേ.) ഉദാഹരണം:

“ഒരു നിശ്ചയമില്ലയൊന്നിനും,
വരുമോരാ ദശ വന്നപോലെ പോം,
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ ലോകരഹസ്യമാർക്കുമേ.”

(*ചിന്താവിഷ്ടയായ സീത,* 12)

വിചിത്രമാർഗത്തിലെ ലാവണ്യഗുണത്തിന്റെ സ്വരൂപം:

“അത്രാലുപ്തവിസർഗാന്തൈഃ പദൈഃ പ്രോതൈഃ പരസ്പരം
ഹ്രസ്വൈഃ സംയോഗപൂർവൈശ്ച ലാവണ്യമതിരിച്യതേ.”

(1. 47. അന്യോന്യം ഇണങ്ങിച്ചേർന്നതും വിസർഗം ലോപിക്കാത്തതും കൂട്ടക്ഷരങ്ങൾക്കുമുൻപുള്ള ഹ്രസ്വങ്ങളോടുകൂടിയതുമായ പദങ്ങളാൽ ലാവണ്യം പരിപോഷം പ്രാപിക്കുന്നു.) ഉദാഹരണം:

“ശ്വാസോത്കമ്പതരംഗിണി സ്തനതടേ
ധൗതാഞ്ജനശ്യാമളാഃ
കീര്യന്തേ കണശഃ കൃശാംഗി! കിമമീ
ബാഷ്പാംഭസാം ബിന്ദവഃ
കിഞ്ചാകുഞ്ചിതകണ്ഠരോധകുടിലാഃ
കർണാമൃതസ്യന്ദിനോ
ഹുങ്കാരാഃ കളപഞ്ചമപ്രണയിന–
സ്ത്രുട്യന്തി നിര്യാന്തി ച.”

(*സുഭാഷിതരത്നകോശം,* 787. സുന്ദരീ, ശ്വാസോത്കമ്പം തിരതല്ലുന്ന മുലത്തടത്തിൽ അഞ്ജനത്തിന്റെ കാളിമ മാച്ചുകളഞ്ഞ ഈ കണ്ണീർത്തുള്ളികൾ എന്തേ തുള്ളിതുള്ളികളായി ചിതറുന്നത്? മാത്ര

മല്ല, തൊണ്ടയിൽ ഇടർച്ച നേരിട്ടതും കാതിൽ അമൃതൊഴുക്കുന്നതും അവ്യക്തമധുരവുമായ കുയിൽനാദത്തിന് തുല്യമായ ശബ്ദങ്ങൾ പൊട്ടുകയും പുറപ്പെടുകയും ചെയ്യുന്നു.) മറ്റൊരുദാഹരണം:

"ഏതന്മന്ദവിപക്വബിന്ദുകഫല–
ശ്യാമോദരാപാണ്ഡുര–
പ്രാന്തം ഹന്ത! പുളിന്ദസുന്ദരകര–
സ്പർശക്ഷമം ലക്ഷ്യതേ
തത് പള്ളീപതിപുത്രി! കുഞ്ജരകുലം
കുംഭാഭയാഭ്യർഥനാ–
ദീനം ത്വാമനുനാഥതേ കുചയുഗം
പത്രാംശുകൈർമാ പിധാഃ"

(*സദുക്തികർണാമൃതം,* 2. 376. അല്പം പഴുത്ത ഓടക്കായ് പോലെ കറുത്ത കണ്ണും വെളുത്ത ബാക്കി ഭാഗങ്ങളുമുള്ളതും യുവവേട സുന്ദരന്റെ കൈകൾക്ക് തൊടാൻ പാകത്തിലുള്ളതുമായി കാണപ്പെടുന്ന ഈ മുലയിണ, അല്ലയോ ഗ്രാമമൂപ്പന്റെ മോളേ! തങ്ങളുടെ മസ്തകങ്ങളെ കവച്ചുവെക്കുന്ന രീതിയിൽ വളരാതിരിക്കാൻ വേണ്ടി ആനക്കൂട്ടം നിന്നോട് ദയനീയമായി അഭ്യർഥിക്കുകയാണ്. ഈ മുലയിണയെ ഇലക്കച്ചകൾകൊണ്ട് മൂടരുതേ!)

"ഹംസാനാം നിനദേഷു" ഇത്യാദി മുൻപുദ്ധരിച്ച പദ്യവും ഇതിന്നുദാഹരണംതന്നെ.

അലുപ്തവിസർഗാന്തങ്ങളായ പദങ്ങൾ മലയാളത്തിൽ പ്രസക്തമല്ല. അതിനാൽ കുമാരനാശാന്റെ ഈ *നളിനീ*പദ്യം വിചിത്രമാർഗത്തിലെ ലാവണ്യഗുണത്തിന് ഉദാഹരണമാക്കാം:

"സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളിനിൽക്കുമോമലേ!
ഹന്ത! ധന്യമിഹ നിന്റെ ജീവിതം." (35)

തുടർന്ന് വിചിത്രമാർഗത്തിലെ ആഭിജാത്യഗുണത്തെ നിർവചിക്കുന്നു:

"യന്നാതികോമളച്ഛായം നാതികാഠിന്യമുദ്വഹത്
ആഭിജാത്യം മനോഹാരി തദത്ര പ്രൗഢിനിർമിതം."

(1. 48. അതികോമളച്ഛായയോ അതികാഠിന്യമോ വഹിക്കാതെ സകല കവികൗശലസമ്പാദിതമായ ആഭിജാത്യം ഇവിടെ ഹൃദയരഞ്ജകമായി ഭവിക്കുന്നു.) നോക്കൂ:

"അധികരതലതല്പം കല്പിതസ്വാപലീലാ–



പരിമളനനിമീലത്പാണ്ഡിമാ ഗണ്ഡപാളീ
സുതനു! കഥയ കസ്യ വ്യഞ്ജയത്യഞ്ജസൈവ
സ്മരനരപതികേളീയൗവരാജ്യാഭിഷേകം?"

(കൈത്തലക്കിടക്കയിൽവെച്ചുള്ള നിദ്രാലീലാപരിമളംകൊണ്ട് മറയ്ക്കപ്പെട്ട വിളർച്ചയോടുകൂടിയ കവിൾത്തടം, സുന്ദരീ, പറയൂ, ഏത് അനംഗരാജാവിന്റെ കേളിയൗവരാജ്യാഷേകത്തെയാണ് പൊടുന്നനെ വ്യഞ്ജിപ്പിക്കുന്നത്?)

മറ്റൊരുദാഹരണം:

"പുണ്യശിലിനീ! നീ പകർന്നീടുമി–
ത്തണ്ണീർതന്നുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി–
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം." (*ചണ്ഡാലഭിക്ഷുകി*)

ഇപ്രകാരം സുകുമാരമാർഗത്തിലെ ഗുണങ്ങൾതന്നെ വിചിത്രമാർഗത്തിൽ അല്പം ആധിക്യം നേടി ശോഭിക്കുന്നുവെന്നു കാണാം.

ഇനി മധ്യമമാർഗത്തിന്റെ ലക്ഷണം പറയുന്നു:

"വൈചിത്ര്യം സൗകുമാര്യം ച യത്ര സങ്കീർണതാം ഗതേ
ഭ്രാജേതേ സഹജാഹാര്യശോഭാതിശയശാലിനീ
മാധുര്യാദിഗുണഗ്രാമോ വൃത്തിമാശ്രിത്യ മധ്യമാം
യത്ര കാമപി പുഷ്ണാതി ബന്ധച്ഛായാതിരിക്തതാം
മാർഗോസൗ മധ്യമോ നാമ നാനാരുചിമനോഹരഃ
സ്പർധയാ യത്ര വർത്തന്തേ മാർഗദ്വിതയസമ്പദഃ." (1. 49–51)

വൈചിത്ര്യവും സൗകുമാര്യവും സങ്കീർണമായി സഹജാഹാര്യശോഭാതിശയശാലികളായി ശോഭിക്കുന്നിടത്ത് മധ്യമമാർഗം. മാധുര്യാദിഗുണങ്ങൾ മധ്യമവൃത്തിയെ ആശ്രയിച്ച് ഇതിൽ അവാച്യമായ ബന്ധച്ഛായാതിശയം പുഷ്ടിപ്പെടുത്തുന്നു. രണ്ടു മാർഗത്തിന്റെയും ഭംഗികൾ പരസ്പരസ്പർധയോടെ വർത്തിക്കുന്നു. നാനാരുചിമനോഹരമായ ഇതത്രേ മധ്യമമാർഗം.

മാധുര്യം മധ്യമമാർഗത്തിൽ വരുന്നതിന് ഉദാഹരണം:

"വേലാനിലൈർമൃദുഭിരാകുലിതാളകാന്താ
ഗായന്തി യസ്യ ചരിതാന്യപരാന്തകാന്താഃ
ലീലാനതാഃ സമവലംബ്യ ലതാസ്തരൂണാം
ഹിന്താളമാലിഷു തടേഷു മഹാർണവസ്യ."

(*പാദതാഡിതകഭാണം,* 55. മൃദുവായ തീരക്കാറ്റുകൾകൊണ്ട് പാറിപ്പറക്കുന്ന കുറുനിരകളോടുകൂടിയ ദ്വീപാന്തരങ്ങളിലെ സുന്ദരിമാർ ലീലാവിലാസംകൊണ്ടു കുനിഞ്ഞ് വൃക്ഷങ്ങളുടെ ലതകളെ അവലംബി

ച്ചുകൊണ്ട് ഈന്തപ്പനകൾ നിരനിരയായി വിരാജിക്കുന്ന വൻകടലിന്റെ തീരങ്ങളിൽ ആ രാജാവിന്റെ അപദാനങ്ങൾ പാടുന്നു.)

മറ്റൊരുദാഹരണം:

"കൃഷ്ണാ, മുന്നേപ്പോലേ നീയി–
ക്കാളിന്ദീതടവിടപത്തിൽ
പ്രഭാതകിരണപ്പൂക്കൾ വിരിച്ചൊരു
കൊമ്പിലിരുന്നൊരു കുളിർകാറ്റിൽ
ഭ്രുകുടീതാളലയാന്വിതമായൊരു
ഗാനം പാടുക വേണുവിൽ.
ചേലകളല്ലാ വാരിയെടുക്കുക
ഞങ്ങടെ ചേതന പാടേ,
നിന്നുടെ ചുറ്റും തൂക്കിക്കൊള്ളുക
സുമന്ദഹാസത്തോടെ;
വ്രീളാവിവശതയാലേ മിഴിയും
പൂട്ടി ഞങ്ങൾ കിടക്കുമ്പോൾ
ഞങ്ങളെ മൂടുക കാരുണ്യാത്മൻ!
നിന്നോടക്കുഴൽ വിളിയാലേ!"

(ഇടശ്ശേരി – "അമ്പാടിയിലേക്കു വീണ്ടും")

പ്രസാദത്തിന് "തദ്വക്ത്രേന്ദുവിലോകനേന" ഇത്യാദി മുൻപുദ്ധരിച്ച പദ്യം ഉദാഹരണം. വേറെ ഉദാഹരണം:

"കുന്നിൻമോളിലേക്കുണ്ണി കയറി
കന്നും പൈക്കളും മേയുന്ന കണ്ടു;
ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽ നി–
ന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു;
മൊട്ടപ്പാറയിൽക്കേറിയൊരാട്ടിൻ
പറ്റം തുള്ളിക്കളിക്കുന്ന കണ്ടു;
ഉങ്ങും പുന്നയും പൂത്തതിൽ വണ്ടുക–
ളെങ്ങും പാറിക്കളിക്കുന്ന കണ്ടു." (ഇടശ്ശേരി – "പൂതപ്പാട്ട്")

ലാവണ്യത്തിന് ഉദാഹരണം:

"സംക്രാന്താംഗുലിപർവസൂചിതകര–
സ്വാപാ കപോലസ്ഥലീ
നേത്രേ നിർഭരമുക്തിബാഷ്പകലുഷേ
നിശ്വാസതാന്താധരഃ
ബദ്ധോദ്ഭേദവിസംഷ്ഠുലാളകലതാ
നിർവേദശൂന്യം മനഃ
കഷ്ടം ദുർനയവേദിഭിഃ കുസചിവൈർ–
വത്സാ ദൃഢം ഖേദ്യതേ."

(*താപസവത്സരാജം*. കവിൾത്തടം വിരലിന്റെ മുട്ടുകൾ പകരുകയാൽ കൈത്തണ്ടയിലെ ഉറക്കത്തെ സൂചിപ്പിക്കുന്നു; കണ്ണിണ ഏറെച്ചൊരിയുന്ന കണ്ണീർകൊണ്ട് കലങ്ങിയവയായിരിക്കുന്നു; നെടുവീർപ്പുകൊണ്ട് വരണ്ടിരിക്കയാണ് കീഴ്ച്ചുണ്ട്; കുറുനിര കെട്ടഴിഞ്ഞ് ചിന്നിച്ചിതറിക്കിടക്കുന്നു; വൈരാഗ്യംകൊണ്ട് ശൂന്യമാണ് മനസ്സ് – ദുർനയങ്ങൾ മാത്രമറിയുന്ന ദുഷ്ടമന്ത്രിമാർ വത്സയെ ഏറെ ഖേദിപ്പിക്കുകയാണ്.) മറ്റുദാഹരണം:

"കല്പനയുണ്ട് കളിക്കേണ്ടെന്നൊരു
ശബ്ദം പൊങ്ങി വരമ്പിന്മേൽ.
കാല്പായക്കടലാസ്സു നിവർത്തി–
ക്കൈയിലുയർത്തിക്കാണിച്ചേ
ആമീൻ നില്പു, നിലം പരിശാക്കി–
പ്പൊന്തിയ കള്ളിത്തല പോലെ!"

(ഇടശ്ശേരി – "പുത്തൻകലവും അരിവാളും")

ആഭിജാത്യത്തിനുദാഹരണം:

"ആലംബ്യ ലംബാഃ സരസാഗ്രവല്ലീഃ
പിബന്തി യത്ര സ്നഭാരനമ്രാഃ
സ്രോതഃസ്രുതം ശീകരകൂണിതാക്ഷ്യോ
മന്ദാകിനീനിർഝരമശ്വമുഖ്യഃ."

(തൂങ്ങിനിൽക്കുന്ന ആർദ്രമായ ആറ്റുവഞ്ഞികളെ അവലംബിച്ച് മുലക്കനത്താൽ കുനിഞ്ഞ കിന്നരികൾ ഒഴുക്കിൽനിന്നു ചിന്നിച്ചിതറുന്ന വെള്ളത്തുള്ളികളേറ്റ് കൺചിമ്മിപ്പോകുമാറ് ആകാശഗംഗാജലം മുകരുന്നു.) മറ്റുദാഹരണം:

"മൺകുടത്തിൽ മദകരമാം മധു തുളുമ്പീടുന്നു
പൊൻകുടത്തിൽ പൂക്കുലകൾ പൊട്ടിവിടരുന്നു
കളമധുരദ്യുതി കഴുകിക്കളമെഴുതിത്തീർന്നു
നിറപറയും കതിർ ചൊരിയും നിലവിളക്കും വെച്ചു
ചെകിടടയും വെടികളോടെ ചെണ്ടമേളം താക്കി–
ച്ചേലിയലും പെൺകൊടിമാർ താലവും നിരത്തി
സമയമായി സമയമായി തേരിറങ്ങുകംബേ!
സകലലോകപാലനൈകസമയമതാലംബേ!"

(ഇടശ്ശേരി – "കാവിലെ പാട്ട്")

മധ്യമമാർഗത്തിന്റെ ലക്ഷണം ഉപസംഹരിക്കുന്നു:

"അത്രാരോകിനഃ കേചിച്ഛായാവൈചിത്ര്യരഞ്ജകേ
വിദഗ്ധനേപഥ്യവിധൗ ഭുജംഗാ ഇവ സാദരാഃ."

(1. 52. ഛായാവൈചിത്ര്യരഞ്ജകമായ ഈ മധ്യമമാർഗത്തിൽ ചിലർ, വിദഗ്ധവേഷവിധാനത്തിൽ നാഗരികരെന്നപോലെ, ആദരവ് പ്രകടിപ്പിക്കുന്നു; കാവ്യം രചിക്കുന്നു എന്നർഥം.)

ഇതുവരെ വിവരിച്ചത് മൂന്നു മാർഗങ്ങളിലും അവയിലോരോന്നിലും വ്യത്യസ്തസ്വഭാവത്തോടെ നിലകൊള്ളുന്ന നാലു ഗുണങ്ങളുമാണ്. ഇനി ഈ മൂന്നു മാർഗങ്ങളിലും ഒരുപോലെ കളിയാടുന്ന രണ്ടു സാധാരണഗുണങ്ങളെ വിവരിക്കുന്നു. ഔചിത്യവും സഭാഗ്യവുമാണവ. ആദ്യം ഔചിത്യത്തെ നിർവചിക്കുന്നു:

"ആഞ്ജസേന സ്വഭാവസ്യ മഹത്വം യേന പോഷ്യതേ
പ്രകാരേണ തദൗചിത്യമുചിതാഖ്യനജീവിതം."

(1. 53. പദാർഥമഹത്വം സുസ്പഷ്ടമായി ഔചിത്യത്തോടെ പരിപോഷിപ്പിക്കപ്പെടുന്നതിന്നാസ്പദമായ ഗുണം ഔചിത്യം. ഉചിതമായ ആഖ്യാനമാണ് അതിന്റെ അന്തഃസത്ത. ഔചിത്യമനുസരിച്ചാണ് അലങ്കാരവിന്യാസം ശോഭാധായകമാകുന്നത്. ഉദാഹരണം:

"കരതലകലിതാക്ഷമാലയോഃ
സമുദിതസാധ്വസസന്നഹസ്തയോഃ
കൃതരുചിരജടാനിവേശയോ-
രപര ഇവേശ്വരയോഃ സമാഗമഃ."

(താപസവത്സരാജം. കൈത്തലത്തിലെ രുദ്രാക്ഷമാലയോടും ഭയവിവശമായ കൈകളോടും മനോഹരമായ ചിടക്കെട്ടോടുംകൂടിയ ഇവരുടെ സമാഗമം മറ്റൊരു പാർവതീപരമേശ്വരസമാഗമം പോലായി.) മറ്റൊരുദാഹരണം:

ഉപഗിരി പുരുഹൂതസ്യൈഷ സേനാനിവേശ;
സ്തടമപരമിതോദ്രേസ്ത്വദ്ബലാന്യാവസന്തു;
ധ്രുവമിഹ കരിണസ്തേ ദുർധരാഃ സന്നികർഷേ
സുരഗജമദലേഖാസൗരഭം ന ക്ഷമന്തേ.

(പർവതസമീപത്തിലാണ് ദേവേന്ദ്രന്റെ ഈ സേനാനിവേശം. ഈ പർവതത്തിന്റെ മറ്റേ താഴ്‌വരയിൽ അങ്ങയുടെ സൈന്യങ്ങൾ താവളമടിക്കട്ടെ. ഇവിടെ, അങ്ങനെ, ദുർധരന്മാരായ ഗജവീരന്മാർ, അടുത്തുള്ള ഐരാവതത്തിന്റെ മദജലഗന്ധം പൊറുക്കുന്നതേയില്ല.) ഒരുദാഹരണം കൂടി:



"ഹേ നാഗരാജ! ബഹുധാസ്യ നിതംബഭാഗം
ഭോഗേന ഗാഢമഭിവേഷ്ടയ മന്ദരാദ്രേഃ;
സോഢാവിഷഹ്യവൃഷവാഹനയോഗലീലാ-
പര്യങ്കഹബന്ധനവിധേസ്വ കോതിഭാരഃ?"

(അല്ലയോ വാസുകിസർപ്പമേ! ഈ മന്ദരപർവതത്തിന്റെ മധ്യഭാഗത്തെ പത്തികൊണ്ട് പല പ്രകാരത്തിൽ ചുറ്റുക. പരമേശ്വരന്റെ യോഗലീലാവേളയിൽ അസഹ്യമായ പര്യങ്കബന്ധനിർവഹണം സഹിച്ച നിനക്ക് കനത്ത ഭാരമായി എന്തൊന്നാണുള്ളത്?)

ഇവിടെ ആദ്യത്തെ രണ്ടുദാഹരണങ്ങളിൽ അലങ്കാരംകൊണ്ട് ഔചിത്യഗുണപുഷ്ടി; മൂന്നാമത്തേതിൽ പദാർഥമഹത്വപ്രതിപാദനംകൊണ്ടും.

ഇനി മലയാളത്തിൽനിന്ന് ചില ഉദാഹരണങ്ങളുദ്ധരിക്കാം:

"അരിയോരണിപന്തലായ് സതി-
ക്കൊരു പൂവാക വിതിർത്ത ശഖകൾ;
ഹരിനീലതൃണങ്ങൾ കീഴിരു-
ന്നരുളും പട്ടുവിരിപ്പുമായിതു."

(കുമാരനാശൻ –*ചിന്താവിഷ്ടയായ സീത,* 2)

പ്രകൃതി സീതയെ രാജ്ഞിക്കുചിതമായ രീതിയിൽ അലങ്കരിക്കുന്നതായി വർണിച്ചിരിക്കുന്നു. ഇവിടെ അലങ്കാരം കൊണ്ട് ഔചിത്യഗുണപുഷ്ടി. മറ്റൊരുദഹരണം:

"പൈന്തിങ്കൾത്തെളിനെറ്റി ചെറ്റു മറയു-
മ്മാറായി, നീലാഞ്ജന-
ച്ചാന്തിൻ ചേലണിവേണിതൻ തലയിലി-
ട്ടിട്ടുള്ള ശുഭ്രാംബരം
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ-
ത്തിട്ടിങ്കലൂടേ മനഃ-
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി-
ച്ചുംബിച്ചു കാൽപ്പൂവിനെ."

(വള്ളത്തോൾ – "ഒരു സന്ധ്യാപ്രണാമം", 5)

പദാർഥമഹത്വംകൊണ്ടുള്ള ഔചിത്യഗുണപുഷ്ടിക്ക് ഉദാഹരണമായി *ദുരവസ്ഥ*യിലെ ചാത്തന്റെ കുടിലിന്റെ വർണന ചൂണ്ടിക്കാട്ടാം:

"അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം
മങ്ങിപ്പതിഞ്ഞു നൽപ്പുല്ലുമാടം
കാണാം ചെറുതായകലെ നിന്നാലൊരു
കൂണെന്ന പോലെ വയൽവരമ്പിൽ.

അന്തികത്തിൽ ചെല്ലുന്തോറുമൊരു ചൊവ്വും
ചന്തവുമില്ലക്കുടിലു കണ്ടാൽ.
വൃത്തവും കോണും ചതുരവുമല്ല,തി–
ലെത്തിനോക്കീട്ടില്ല ശില്പിതന്ത്രം.
വണ്ണം കുറഞ്ഞൊരു രണ്ടു ചാൺ പൊക്കത്തിൽ
മണ്ണുചുമരുണ്ടകത്തു ചുറ്റും.
കോണും മുഴകളും തീർത്തിട്ടില്ലായതിൽ
കാണുന്നു കൈവിരൽപ്പാടുപോലും.
മുറ്റും കിഴക്കായി വീതി കുറഞ്ഞോരു
മുറ്റമതിനുണ്ടതിൽ മുഴുവൻ
പറ്റിക്കറുകയും പർപ്പടകപ്പുല്ലും
മറ്റു തൃണങ്ങളും മങ്ങിനില്പൂ.
പൊട്ടക്കലമൊന്നിൽ നീരുമൊരു കരി–
ച്ചട്ടിയും കാണാം വടക്കരികിൽ.
കന്നു കടിച്ചില പോയിത്തല ചാഞ്ഞു
നിന്നിടും തൈവാഴ തൻ ചുവട്ടിൽ."

മറ്റൊരുദാഹരണം:

"ഓമൽ ചോദിക്കയാ'ണെന്തിനീ വാല്മീകി
രാമനെക്കൊണ്ടെന്നെ വേൾപ്പിക്കുന്നു?'
അമ്മ സമാശ്വസിപ്പിച്ചു: 'പെൺകുട്ടികൾ–
ക്കമ്മട്ടിലുണ്ടൊരു കർമം കുഞ്ഞേ!'
കന്യക തീർമാനം ചെയ്തു: 'മറ്റാരും വേ–
ണ്ടെന്നെയെന്നമ്മ താൻ വേട്ടാൽ മതി!'
പൊട്ടിച്ചിരിച്ചുപോയ് സർവരും; കുട്ടിയോ
കെട്ടിപ്പിടിച്ചതു മാതൃകണ്ഠം."

(വള്ളത്തോൾ: "കിളിക്കൊഞ്ചൽ", 21)

മറ്റൊരു തരത്തിലും ഔചിത്യം വരും. എങ്ങനെ?

"യത്ര വക്തുഃ പ്രമാതുർവാ വാച്യം ശോഭാതിശായിനാ
ആച്ഛാദ്യതേ സ്വഭാവേന തദപ്യൗചിത്യമുച്യതേ."

(1. 54. വക്താവിന്റെയോ പ്രമാതാവിന്റെയോ വാക്കുകൾ ശോഭാതിശായിയായ സ്വഭാവംകൊണ്ട് മറയ്ക്കപ്പെടുന്നിടത്തും ഔചിത്യഗുണംതന്നെ.)

നോക്കൂ:

"ശരീരമാത്രേണ നരേന്ദ്ര! തിഷ്ഠ–
ന്നാഭാതി തീർഥപ്രതിപാദിതർധിഃ
ആരണ്യകോപാത്തഫലപ്രസൂതിഃ
സ്തംബേന നീവാര ഇവാവശിഷ്ടഃ."

(*രഘുവംശം,* 5. 15. രാജാവേ! സമ്പത്തെല്ലാം, തക്ക പാത്രങ്ങൾക്കു നൽകി ശരീരം മാത്രമായി നിൽക്കുന്ന അങ്ങ്, കതിരെല്ലാം ആരണ്യകന്മാർ ഊരിയെടുത്ത് തണ്ട് മാത്രം ശേഷിച്ചുനിൽക്കുന്ന വരിനെല്ലെന്നപോലെ വിരാജിക്കുന്നു.) അത്തരത്തിലുള്ള രഘുചക്രവർത്തിയുടെ നില വർണിക്കുമ്പോൾ, വരതന്തുശിഷ്യനായ കൗത്സമുനിക്ക് സ്വാനുഭവത്തിൽനിന്നുയർന്നുവന്ന ഉപമയാണ് തോന്നിയത്. അത് ഏറെ ഔചിത്യപൂർണമായിരിക്കുന്നു. ഇവിടെ വക്താവിന്റെ വാച്യസ്വഭാവം സംവൃതപ്രായം. ഗ്രഹീതാവിന്റേതിന് ഉദാഹരണം:

"നിപീയമാനസ്തബകാ ശിലീമുഖൈ–
രശോകയഷ്ടിശ്ചലബാലപല്ലവാ
വിഡംബയന്തീ ദദൃശേ വധൂജനൈ–
രമന്ദദഷ്ടൗഷ്ഠകരാവധൂനനം."

(*കിരാതാർജുനീയം,* 8. 6. വണ്ടുകൾ നുകർന്ന പൂങ്കുലകളോടും ഇളകുന്ന ഇളംതളിരുകളോടും കൂടിയ അശോകവല്ലിയെ, ചുണ്ടത്ത് നഖക്ഷതങ്ങൾ ആഞ്ഞേല്പിക്കവേ കൈകൊണ്ടു തടുക്കുന്നതിനെ അനുകരിക്കുന്നവളായി, സ്ത്രീകൾ കണ്ടു.) സ്ത്രീകൾ തങ്ങളുടെ അനുഭവത്തിനൊത്ത് അശോകവല്ലിയെ കാണുന്നതായി വർണിച്ചതിലാണ് ഇവിടെ ഔചിത്യം.

ഭാഷാകവിയെന്നനിലയിൽ പൂന്താനത്തോട് അവജ്ഞയോടെ പെരുമാറിയ സംസ്കൃതാഭിമാനിയായ മേൽപ്പത്തൂർ ഭട്ടതിരിയോട് വള്ളത്തോൾ സംസ്കൃതത്തിൽതന്നെ ചോദിക്കുന്നത് മറ്റൊരുദാഹരണം:

"കിംന്വിദമുചിതം തേ കൈരളീ വരാകീയം
സന്നതാ നിരസ്യതേ യത് സുരവാണി! ത്വയാ?"

("ഭക്തിയും വിഭക്തിയും", 8. തന്നെ വന്നു വണങ്ങിയ ഈ പാവപ്പെട്ട കൈരളിയെ നിരസിക്കുന്നത്, അല്ലയോ ഗൈർവാണീ! അവിടുത്തേക്ക് ചേർന്നതാണോ?)

*ദുരവസ്ഥ*യിൽ സാവിത്രി മൈനയോട് തന്റെ മനയ്ക്കലെ കാര്യങ്ങൾ ഓർത്തുപറയുന്നതിന്റെ അവസാനഭാഗവും ഇവിടെ ഉദ്ധരിക്കാം:

"വേണ്ട പറയേണ്ട,യെന്റെയബ്ഭാഗ്യങ്ങൾ
വീണ്ടും വരാതെ പറന്നുപോയി!"

തുടർന്ന് സൗഭാഗ്യമെന്ന സാധാരണഗുണത്തെ നിർവചിക്കുന്നു:

"ഇത്യുപാദേയവർഗേസ്മിൻ യദർഥം പ്രതിഭാ കവേഃ
സമ്യക് സംഭരതേ തസ്യ ഗുണഃ സൗഭാഗ്യമുച്യതേ."

(1. 55. കവിക്ക് സ്വീകരിക്കാനുള്ള ശബ്ദാദിസമൂഹത്തിൽ യാതൊന്നിനുവേണ്ടിയാണോ കവിപ്രതിഭ സശ്രദ്ധം പ്രയത്നിക്കുന്നത്, ആ

കാവ്യാഭിധാനത്തിന്റെ ഗുണമാണ് സൗഭാഗ്യം.) ഇതാകട്ടെ പ്രതിഭാസംരംഭമാത്രസാധ്യമല്ല. അതിനുവേണ്ടി വിഹിതമായ സമസ്തസാമഗ്രികൾകൊണ്ടും സമ്പാദിക്കേണ്ടതാണ്.

"സർവസമ്പത്പരിസ്പന്ദസമ്പാദ്യം സരസാത്മനാം
അലൗകികചമത്കാരകാരി കാവ്യൈകജീവിതം." (1. 56)

ഉദാഹരണം:

"ദോർമൂലാവധിസൂത്രിതസ്തനമുരഃ
സ്നിഹ്യത്കടാക്ഷേ ദൃശൗ
കിഞ്ചിത് താണ്ഡവപണ്ഡിതേ സ്മിതസുധാ–
സിക്തോക്തിഷു ഭ്രൂലതേ
ചേതഃ കന്ദളിതം സ്മരവ്യതികരൈർ–
ലാവണ്യമംഗൈർവൃതം
തന്വംഗ്യാസ്തരുണിമ്നി സർപ്പതി ശനൈ–
രന്യൈവ കാചിദ്ദ്യുതിഃ."

(തോൾവരെ നീണ്ടുരുണ്ടുനിൽക്കുന്ന മുലകളോടുകൂടിയ മാറ്, മയമാർന്ന കടക്കൺനോട്ടത്തോടുകൂടിയ കണ്ണിണ, ചിരിയുടെ അമൃതിൽ കുളിച്ച വാക്കുകൾ പറയവേ കുറഞ്ഞൊന്ന് താണ്ഡവനൃത്തവൈദഗ്ധ്യമാർന്ന പുരികക്കൊടികൾ, കാമചിന്തകളാൽ മൊട്ടായിത്തീർന്ന ഹൃദയം, അവയവങ്ങളാൽ വരിക്കപ്പെട്ട ലാവണ്യം – യൗവനത്തിൽ സുന്ദരിയുടെ വേറെത്തന്നെയുള്ള അപൂർവത്വശോഭപതുക്കെ പരക്കുന്നു.) യൗവനാരംഭത്തിൽ നായികയുടെ ആകാരത്തിനും മനസ്സിനും പ്രവൃത്തിക്കും വന്നുചേരുന്ന വൈചിത്ര്യമാണിവിടെ വർണിക്കപ്പെട്ടിരിക്കുന്നത്. സൂത്രിത–സിക്ത–താണ്ഡവ–പണ്ഡിത–കന്ദളിതപദങ്ങളിൽ ഉപചാരവക്രത, 'സ്നിഹ്യത്' എന്നിടത്ത് പ്രത്യയാശ്രയവക്രത, 'അന്യൈവ കാചിത്' എന്നിടത്ത് സംവൃതിവക്രത, 'അംഗൈർവൃതം' എന്നിടത്ത് കാരകവൈചിത്ര്യവക്രത എന്നിവയെല്ലാം ഈ പദ്യത്തിലുണ്ട്. വിചിത്രമാർഗവിഷയമായ ലാവണ്യഗുണാതിരേകവും ദൃശ്യമാണ്. ഇതെല്ലാംകൂടി സൗഭാഗ്യഗുണം ഇവിടെ നിറഞ്ഞുനിൽക്കുന്നു.

മറ്റൊരുദാഹരണം:

"പൂവണിച്ചെപ്പുകൾ തോറുമേ വാസന്ത–
ദേവത സൂക്ഷിച്ച തൂമരന്ദം
താൻതാൻ കുളിർക്കെത്തളിച്ചൊരദൃശ്യമാം
താലവൃന്തത്തെക്കരത്തിലേന്തി,
യേശുമഹേശനെ പ്രാശനവേളയിൽ
വീശിനാൻ മാരുതൻ മന്ദമന്ദം."

(വള്ളത്തോൾ – *മഗ്ദലനമറിയം,* 12)

വർണവിന്യാസവക്രത, രൂപകം, ഉത്പ്രേക്ഷ എന്നീ അലങ്കാരങ്ങൾ കൊണ്ടുണ്ടാകുന്ന വാക്യവക്രത, കാരകവൈചിത്ര്യവക്രത, ഉപചാരവക്രത മുതലായവകൊണ്ട് ഈ വരികളിലുടനീളം സൗഭാഗ്യഗുണം വിളയാടുന്നു.

ഔചിത്യം, സൗഭാഗ്യം എന്ന ഈ രണ്ടു ഗുണങ്ങൾ മൂന്നു മാർഗത്തിലുള്ള കാവ്യത്തിലും പദ–വാക്യ–പ്രബന്ധങ്ങളിലായി വ്യാപിച്ചുനിൽക്കുന്നു. പദൗചിത്യമെന്നാൽ ബഹുഭേദഭിന്നമായ വക്രതതന്നെ. വർണ്യവസ്തുവിന്റെ സുസ്പഷ്ടമായ അവതരണമാണ് വക്രതയുടെ പരമരഹസ്യം. വാക്യൈകദേശത്തിൽപോലും ഔചിത്യഭംഗം വന്നുപോയാൽ സഹൃദയഹൃദയാഹ്ലാദകാരിത്വത്തിന് കോട്ടം തട്ടും. *രഘുവംശ*ത്തിലെ ഈ പദ്യം നോക്കുക:

"പുരം നിഷാദാധിപതേസ്ദേതത്
യസ്മിൻ മയാ മൗലിമണിം വിഹായ
ജടാസു ബദ്ധാസ്വരുദത് സുമന്ത്രഃ
'കൈകേയി! കാമാഃ ഫലിതാസ്തവേ'തി."

(13. 47. ഇത് ആ നിഷാദരാജാവിന്റെ – ഗുഹന്റെ – നഗരം. ഇവിടെ വെച്ച് ഞാൻ കിരീടം വെടിഞ്ഞ് ചിടകെട്ടിയപ്പോഴാണല്ലോ സുമന്ത്രൻ 'കൈകേയീ! നിന്റെ ആഗ്രഹമെല്ലാം സാധിച്ചു!' എന്നുപറഞ്ഞ് പൊട്ടിക്കരഞ്ഞത്!) ഇവിടെ അനർഘമഹാഗുണങ്ങളുള്ളവനെന്നു വർണിക്കപ്പെട്ട രഘുപതി, 'കൈകേയീ! നിന്റെ ആഗ്രഹമെല്ലാം സാധിച്ചു!' എന്നിങ്ങനെ തുച്ഛമായ കാര്യം ഓർമിക്കുകയും അതെടുത്തുപറയുകയും ചെയ്യുന്നതായി ഉപന്യസിച്ചിട്ടുള്ളത് അത്യന്തം അനൗചിത്യമുളവാക്കുന്നു എന്നാണ് കുന്തകന്റെ നിരീക്ഷണം.

മുഴുകൃതിയുടെ കാര്യത്തിലും പ്രകരണൈകദേശത്തിൽ ഔചിത്യഭംഗം പിണഞ്ഞാലും ദോഷംതന്നെ. ഉദാഹരണമായി *രഘുവംശ*ത്തിൽ ദിലീപ–സിംഹസംഭാഷണസന്ദർഭത്തിലെ ഒരു ഭാഗമാണ് *വക്രോക്തിജീവിത*കാരൻ ചൂണ്ടിക്കാട്ടുന്നത്:

"അഥൈകധേനോരപരാധചണ്ഡാദ്
ഗുരോഃ കൃശാനുപ്രതിമാദ് ബിഭേഷി;
ശക്യോസ്യ മന്യുർഭവതാ വിനേതും
ഗാഃ കോടിശഃ സ്പർശയതാ ഘടോഘ്നീഃ."

(2. 49. ഈ ഒറ്റപ്പശുവുള്ളവനും അപരാധംകൊണ്ട് അരിശം കൊള്ളുന്നവനും അഗ്നിതുല്യനുമായ ഗുരുവെപ്പേടിച്ചാണെങ്കിൽ, കുടത്തിനൊത്ത അകിടുള്ള പൈക്കളെ കോടിക്കണക്കിൽ കൊടുത്തിട്ട് അങ്ങയ്ക്ക് ഇദ്ദേഹത്തിന്റെ ശുണ്ഠിയടക്കാമല്ലോ.) എന്നു സിംഹം

പറയുന്നത് ഉചിതമാണ്. രാജാവിനെ കളിയാക്കുകയാണല്ലോ. പക്ഷേ രാജാവ് സ്വകീർത്തിസംരക്ഷണത്തിനുവേണ്ടി ജീവൻപോലും തൃണവൽഗണിക്കുന്നവനാണ്. ഈ പൂർവപക്ഷത്തിന്റെ ഉത്തരം പോലെ അദ്ദേഹം ഇപ്രകാരം പറഞ്ഞുകൂടാത്തതാണ്.

"കഥം നു ശക്യാനുനയോ മഹർഷിർ–
വിശ്രാണനാദന്യപയസ്വിനീനാം?
ഇമാമനൂനാം സുരഭേരവേഹി
രുദ്രൗജസാ തു പ്രഹൃതം ത്വയാസ്യാം."

(2. 54. വേറെ കറവുപൈക്കളെക്കൊടുത്ത് മഹർഷിയെ ആശ്വസിപ്പിക്കുക എങ്ങനെ സാധ്യമാകും? ഇവൾ കാമധേനുവേക്കാൾ ഒട്ടും കുറഞ്ഞതല്ലെന്നറിയൂ. അങ്ങയ്ക്കാകട്ടെ രുദ്രന്റെ ഓജസ്സുകൊണ്ടാണ് ഇവളെ ആക്രമിക്കാൻ സാധിച്ചത്.) മറ്റു പശുക്കളെ കൊടുത്ത് മഹർഷിയെ ആശ്വസിപ്പിക്കാൻ കഴിയുമായിരുന്നെങ്കിൽ അങ്ങനെ ചെയ്യാൻ രാജാവ് തയ്യാറാകുമായിരുന്നു; മുനിയും. ഈ സൂചന ആരണ്ടുപേർക്കും നന്ദിനിപ്പശുവിന്റെ ജീവിതപരിരക്ഷണത്തിൽ താല്പര്യമില്ലെന്ന തോന്നലുളവാക്കിക്കൊണ്ട് ഈ പ്രകരണത്തെ അനൗചിത്യപൂർണമായിരിക്കുന്നുവെന്നാണ് കുന്തകന്റെ അഭിപ്രായം.

അദ്ദേഹം കൊടുക്കുന്ന മറ്റൊരുദാഹരണം *കുമാരസംഭവ*ത്തിൽനിന്നാണ്. മൂവുലകത്തിനെയും ആക്രമിക്കാനൊരുങ്ങുന്ന താരകാസുരനെ ജയിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ദേവേന്ദ്രനോട് കാമദേവൻ പറയുന്നു:

"കാമേകപത്നീം വ്രതദുഃഖശീലാം
ലോലം മനശ്ചാരുതയാ പ്രവിഷ്ടാം
നിതംബിനീമിച്ഛസി മുക്തലജ്ജാം
കണ്ഠേ സ്വയംഗ്രാഹനിഷക്തബാഹും?"

(3. 7. പാതിവ്രത്യനിഷ്ഠകൊണ്ട് പാട്ടിൽ വരാത്തവളും അഴകുകൊണ്ട് കൊതിയുളവാക്കി മനസ്സിൽ കടന്നുകൂടിയവളുമായ ഏതു നിതംബിനിയെയാണ്, ലജ്ജ വിട്ട് തനിയേ വന്ന് കഴുത്തിൽ കെട്ടിപ്പിടിക്കണമെന്ന് അങ്ങ് ആഗ്രഹിക്കുന്നത്?) സ്വർലോകാധിപതിയോട് ഇത്തരത്തിൽ അടക്കംവിട്ട് പറയുന്ന കാമൻ, ഇതദ്ദേഹത്തിന് ഇഷ്ടമാകുമെന്നു കരുതുന്നുണ്ടല്ലോ. രാജാവിന്റെ മുൻപിൽ ഭൃത്യൻ പെരുമാറേണ്ടതിങ്ങനെയോ? തികച്ചും അനൗചിത്യാവഹമായിപ്പോയി ഇത് – കുന്തകൻ നിരീക്ഷിക്കുന്നു.

ഈ അനൗചിത്യദോഷാരോപണങ്ങൾ നിലനിൽക്കത്തക്കവയാണെന്ന് എനിക്കു തോന്നുന്നില്ല. കുന്തകന്റെ സാഹിത്യപ്രയോജനസങ്കല്പവുമായി ഒത്തിണങ്ങിപ്പോകുന്നതാണ് ഈ ദോഷാരോപണവുമെന്നത് ശരി. രാജാവ് മാതൃകാഭൂതനായിരിക്കണം; രാജാവിനെപ്പറ്റി മതിപ്പ് കുറയ്ക്കുന്ന വിധത്തിൽ കവികൾ രാജചരിതം അവതരിപ്പിച്ചുപോകരുത് – ഇതാണ് കുന്തകൻ ആഗ്രഹിക്കുന്നത്. (എന്റെ *സംസ്കൃതസാഹിത്യവിമർശന*ത്തിന്റെ പരിഷ്കരിച്ച പതിപ്പ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 'സാമൂഹ്യപരിപ്രേക്ഷ്യ'ത്തെക്കുറിച്ചുള്ള അനുബന്ധപ്രബന്ധം നോക്കുക) പക്ഷേ, രാജാവും മനുഷ്യനാണ്; ഗുണങ്ങളോടൊപ്പം ദോഷങ്ങളുമുള്ള മനുഷ്യൻ. ആ നിലയ്ക്ക് രാമൻ, ദിലീപൻ, ദേവേന്ദ്രൻ മുതലായ രാജാക്കന്മാർ മനുഷ്യസഹജമായ ദൗർബല്യങ്ങളുമുള്ളവരാണെന്ന് ചിത്രീകരിക്കുന്നത് കാളിദാസനെപ്പോലെ മനുഷ്യകഥാനുഗായിയായൊരു കവിയെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സ്വാഭാവികവും സമുചിതവുമാണ്. എന്നാൽ കുന്തകന്റെ സ്ഥിതവ്യവസ്ഥാസംരക്ഷണൈകവ്യഗ്രമായ നിരൂപകമനസ്സിന് അത് അനൗചിത്യമാണെന്നു തോന്നിയതിൽ അത്ഭുതത്തിന്നവകാശമില്ല.

അതെന്തായാലും, തികച്ചും അപൂർവതയോടെയാണ് കുന്തകൻ മാർഗ–ഗുണവിവരണം നിർവഹിക്കുന്നത്. നിർഭാഗ്യവശാൽ, സംസ്കൃതസാഹിത്യവിമർശനചരിത്രത്തിൽ കുന്തകന്റെ വക്രോക്തിസിദ്ധാന്തത്തിന് പൊതുവിലും ഈ മാർഗ–ഗുണവിചാരത്തിന് വിശേഷിച്ചും കാര്യമായ ഒരു പരിഗണനയും ലഭിച്ചില്ല. മുണ്ടശ്ശേരിപോലും തെറ്റിദ്ധാരണാജനകമായാണ് വക്രോക്തിയെ അവതരിപ്പിച്ചത്. എ. ആർ. രാജരാജവർമ *ഭാഷാഭൂഷണ*ത്തിലെ ഗുണപ്രകരണത്തിൽ കുന്തകന്റെ അപൂർവത്വസുഭഗമായ ഈ മാർഗ–ഗുണവിവരണം ഏതെങ്കിലും വിധത്തിൽ ഉൾക്കൊള്ളിച്ചിരുന്നുവെങ്കിൽ ലക്ഷക്കണക്കിന് മലയാളസാഹിത്യവിദ്യാർഥികൾ ഇതുമായി പരിചയപ്പെടുമായിരുന്നു.മലയാളസാഹിത്യത്തിൽ സൃഷ്ടിപരമായോ ആസ്വാദനപരമായോ വിമർശനപരമായോഉള്ള കർമം നിർവഹിക്കേണ്ടിവരുമ്പോൾ അവർക്കത് ഏറെ പ്രയോജനകരമായിരുന്നു.

★

## രണ്ട്
## ആറു തരം വക്രതകൾ

വക്രോക്തിയെ കാവ്യജീവിതമായി അംഗീകരിക്കുകയും അതിനെ സപ്രപഞ്ചം വിവരിക്കുകയും ചെയ്തതിന്റെ പേരിലാണ് കുന്തകൻ പ്രശസ്തി നേടിയത്. അത് തികച്ചും ശരിയുമാണ്.

ഇവിടെ നമുക്ക് കുന്തകന്റെ വക്രോക്തിസിദ്ധാന്തത്തെ അപഗ്രഥിച്ചുനോക്കാം.

"വക്രോക്തിജീവിത"മെന്ന ഗ്രന്ഥനാമംകൊണ്ടുതന്നെ അദ്ദേഹം വക്രോക്തിക്കു കൊടുത്ത പ്രാധാന്യം വ്യക്തം. "വക്രോക്തിഃ കാവ്യജീവിതം" എന്ന വാക്യം ഈ ഗ്രന്ഥത്തിലെ മിക്കവാറും അവസാനത്തെ കാരികയുടെ അന്തിമവരിയായിരിക്കാം. ഗ്രന്ഥം പൂർണമായി ഇപ്പോഴും ലഭ്യമല്ലാത്തിനാൽ ഇതൊരൂഹമായിത്തന്നെ അവശേഷിക്കുന്നു. ഇതുപോലെ വക്രോക്തിജീവിതമെന്ന ഗ്രന്ഥനാമവും കുന്തകകൃതമായിരിക്കാമെന്ന് ഊഹിക്കാനേ നിവൃത്തിയുള്ളൂ. പുഷ്പിക(colophon)കളിൽ കാണുന്നതുകൊണ്ട് അത് ഗ്രന്ഥകർത്തൃകല്പിതംതന്നെയെന്ന് പൊതുവിൽ വിശ്വസിക്കപ്പെടുന്നു. *കാവ്യാലങ്കാരം* എന്നാണ് ഭാമഹന്റെയും രുദ്രടന്റെയും ഗ്രന്ഥങ്ങളുടെയെന്നപോലെ, കുന്തകന്റെയും കൃതിയുടെ ശരിയായ പേര്. "കാവ്യസ്യായമലങ്കാരഃ" (ഇത് കാവ്യാലങ്കാരമാണ്) എന്ന് സ്പഷ്ടമായി ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ആനുഷംഗികമായി ഇക്കാര്യം ചൂണ്ടിക്കാട്ടി എന്നേയുള്ളൂ.

**എന്താണീ വക്രോക്തി?**

മുൻപ് പറഞ്ഞതുപോലെ, വിവക്ഷിതമായ അർഥം വരുന്ന പര്യായശബ്ദങ്ങൾ എത്രതന്നെയുണ്ടായാലും സാക്ഷാൽ തന്നിവേദകമായി ഒരേയൊരു ശബ്ദം മാത്രമേ കാണൂ. അതാണ് കാവ്യത്തിലെ ശബ്ദം. സഹൃദയർക്കു പ്രീതി പകരുമാറ് നിസർഗസുന്ദരമായ അർഥം – അതാണ് കാവ്യത്തിലെ അർഥം. ഈ രണ്ടും അലങ്കാര്യങ്ങളാകുന്നു. അലങ്കാര്യങ്ങളെന്നു പറഞ്ഞതുകൊണ്ടുതന്നെ അവ മറ്റു ചിലതിനാൽ അലങ്കരിക്കപ്പെടേണ്ടതുണ്ടെന്നു വരുന്നു. ശബ്ദാർഥങ്ങളെന്ന ഈ അലങ്കാര്യങ്ങളെ അലങ്കരിക്കുന്ന അലങ്കാരമെന്താണ്? അതാണ് വക്രോക്തി. പ്രസിദ്ധമായ, ശാസ്ത്രാദികളിൽ പ്രസിദ്ധമായ, അഭിധാനത്തിൽനിന്നു വ്യത്യസ്തമായ വിചിത്രമായ അഭിധയത്രേ ഇത്. വൈദഗ്ധ്യഭംഗീഭണിതി എന്നാണ് ഇതിന്റെ സ്വരൂപത്തെ കുന്തകൻ വിവരിക്കുന്നത്. വിദഗ്ധമായ കവികർമംകൊണ്ട് വിച്ഛിത്തി – ശോഭ – കൈവരുത്തുന്ന വാക്കാണ് വക്രോക്തി.

"ഉഭാവേതാവലങ്കാര്യൗ തയോഃ പുനരലങ്കൃതിഃ
വക്രോക്തിരേവ വൈദഗ്ധ്യഭംഗീഭണിതിരുച്യതേ." (1. 10)



എന്ന കാരിക ഇപ്പറഞ്ഞതെല്ലാമുൾക്കൊള്ളുന്നു.

വിദഗ്ധമായ, വക്രമായ, കവികർമം എന്നു പറഞ്ഞുവല്ലോ. ഈ വക്രത കുന്തകന്റെ അഭിപ്രായത്തിൽ ആറു വിധം. (1) വർണവിന്യാസവക്രത, (2) പദപൂർവാർധവക്രത, (3) പ്രത്യയാശ്രയവക്രത, (4) വാക്യവക്രത, (5) പ്രകരണവക്രത, (6) പ്രബന്ധവക്രത. *വക്രോക്തിജീവിത*ത്തിന്റെ ഒന്നാമുന്മേഷത്തിൽ ഇവ സംക്ഷിപ്തമായും തുടർന്നുള്ള മൂന്നുന്മേഷങ്ങളിൽ സവിസ്തരമായും വിവരിച്ചിരിക്കുന്നു. (കണ്ടുകിട്ടിയിടത്തോളം നാലുന്മേഷമാണ് *വക്രോക്തിജീവിത*ത്തിലുള്ളത്. നാലാമുന്മേഷത്തോടുകൂടി, അവസാനം അല്പഭാഗം – ഒരു ശ്ലോകമോ മറ്റോ മാത്രം – കൂടി കിട്ടാനുള്ള ഈ ഗ്രന്ഥം സമാപിച്ചിരിക്കണം എന്നാണൂഹിക്കുന്നത്.

ഓരോന്നും വിവരിക്കാം:

### 1. വർണവിന്യാസവക്രത

ഇത് അനുപ്രാസം, യമകം തൊട്ടുള്ള ശബ്ദാലങ്കാരങ്ങൾതന്നെ. വർണവിന്യാസവക്രത മൂന്നു വിധം: ഏകവ്യഞ്ജനനിബദ്ധം, വ്യഞ്ജനദ്വയനിബദ്ധം, ബഹുവ്യഞ്ജനനിബദ്ധം. വിച്ഛിത്തിവിശേഷാനുസാരം ഇനിയും വിഭജനം നടത്തുന്നുണ്ട് ഗ്രന്ഥകാരൻ. ഔചിത്യം നോക്കി വേണം വർണങ്ങളെ ഈ വിധം വിന്യസിക്കുക. കുന്തകൻ നൽകിയ അനേകം ഉദാഹരണങ്ങളിൽ ഒന്നു മാത്രം ഉദ്ധരിക്കുന്നു'

"പ്രഥമമരുണച്ഛായസ്താവത്തതഃ കനകപ്രഭ–
സ്തദനു വിരഹോത്താമ്യത്തന്വീകപോലതലദ്യുതിഃ
പ്രസരതി തതോ ധ്വാന്തക്ഷോദക്ഷമഃ ക്ഷണദാമുഖേ
സരസബിസിനീകന്ദച്ഛേദച്ഛവിർമൃഗലാഞ്ഛനഃ."
(*സുഭാഷിതാവലി,* 2004)

മലയാളത്തിൽനിന്ന് കുമാരനാശാന്റെയും വള്ളത്തോളിന്റെയും കവിതകളിൽനിന്ന് ഓരോ ഭാഗം ഉദ്ധരിക്കാം.

"ജീവിതാശകൾ നശിച്ചു, വാടിയുൾ–
പ്പൂവ്, ജീവഗതിയോർത്തു ചെയ്കയാം;
ദേവദേവപദസേവയേവമീ
ഭൂവിലാവിലത പോവതിന്നിവൾ." (*നളിനി,* 28)

"കാളിന്ദി കൊണ്ടൊരു നീലക്കരയിട്ടു
ചേറിൽ വിളങ്ങും വൃന്ദാരണ്യമേ;
കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ–
ക്കാലടി വെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻ ദിക്കിലെങ്ങാനൊരു

പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ! ലോകഭാഗ്യമേ, പാവനമീ വനം
ഭൂലോകം പൂകിന ഗോലോകം താൻ!"
(വള്ളത്തോൾ – "അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", 7)

**2. പദപൂർവാർധവക്രത**

ഇതിലെ പദത്തിന് നാമവും ക്രിയയുമെന്നർഥം. "സുപ്തിങന്തം പദം" (1. 4. 14) എന്ന പാണിനിസൂത്രംതന്നെ ഇവിടെ അവലംബം. പദത്തിലെ പ്രത്യയങ്ങളൊഴിച്ചുള്ള പ്രകൃതിഭാഗം പൂർവാർധം. ഇതിന്റെ വക്രതയ്ക്ക് പദപൂർവാർധവക്രത എന്നു പേരിട്ടിരിക്കുന്നു. ഇതിന് പല ഉൾപ്പിരിവുകളുണ്ട്.

**രൂഢിവൈചിത്ര്യവക്രത** – രൂഢിശബ്ദത്തെ പ്രകരണൗചിത്യവശാൽ വാച്യത്തിന്റെ പ്രസിദ്ധമായ മറ്റു ധർമങ്ങൾ അധ്യാരോപിച്ചുകൊണ്ടോ, വാച്യത്തിന്റെ പ്രസിദ്ധധർമത്തോടുകൂടിയ സംജ്ഞാശബ്ദത്തെ ലോകോത്തരാതിശയം അധ്യാരോപിച്ചുകൊണ്ടോ ഉപനിബന്ധിക്കുന്നത് രൂഢിവൈചിത്ര്യവക്രത. ഇതിന്നുദാഹരണമായി കുന്തകൻ കൊടുക്കുന്നത്, ആനന്ദവർധനൻ അർഥാന്തരസംക്രമിതവാച്യധ്വനിയുടെ ഉദാഹരണമായി നൽകിയ പദ്യംതന്നെയാണ്:

"തദാ ജായന്തേ ഗുണാ യദാ തേ സഹൃദയൈർഗൃഹ്യന്തേ;
രവികിരണാനുഗൃഹീതാനി ഭവന്തി കമലാനി കമലാനി."

(സഹൃദയർ ഗ്രഹിക്കുമ്പോഴാണ് ഗുണങ്ങൾ ഗുണങ്ങളാകുന്നത്; സൂര്യരശ്മികളാൽ അനുഗ്രഹിക്കപ്പെടുന്ന താമരകളാണ് താമരകൾ) ഇവിടെ രണ്ടാമത്തെ കമലശബ്ദം ഐശ്വര്യദേവതാധിഷ്ഠാനത്വം, സൗന്ദര്യാധിക്യം മുതലായ അനേകം അർഥാന്തരങ്ങളെ നിവേദിക്കുന്നു. ആ നാമപദപ്രയോഗത്തിലെ വൈചിത്ര്യംകൊണ്ടാണല്ലോ ഇത് സംഭവിക്കുന്നത്. മറ്റൊരുദാഹരണം:

"ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനംതന്നെ പാരിൽ."
(വള്ളത്തോൾ – "കിളിക്കൊഞ്ചൽ", 15)

രൂഢിവൈചിത്ര്യവക്രത മുഖ്യമായി രണ്ടു വിധത്തിൽ സംഭവിക്കുന്നു. വക്താവ് സ്വയം തന്റെ ഉത്കർഷത്തെയോ നികർഷത്തെയോ സൂചിപ്പിക്കുന്ന വിധത്തിൽ ഉപനിബന്ധിക്കപ്പെടുമ്പോൾ ആദ്യത്തെ വിധം. ഉദാഹരണം:

സ്നിഗ്ധശ്യാമളകാന്തിലിപ്തവിയതോ
വേല്ലദ്‌വലാകാ ഘനാഃ
വാതാഃ ശീകരിണഃ പയോദസുഹൃദാ–
മാനന്ദകേകാഃ കളാഃ



കാമം സന്തു ദൃഢം കഠോരഹൃദയോ
രാമോഽസ്മി സർവം സഹേ
വൈദേഹീ തു കഥം ഭവിഷ്യതി ഹഹാ!
ഹാ ദേവി! ധീരാ ഭവ.

(മിനുത്തു കറുത്ത കാന്തി പുരണ്ട വാനം, വെള്ളിൽപ്പറവകൾ കൂടെ പാറിക്കളിക്കുന്ന കാർമേഘങ്ങൾ, വെള്ളത്തുള്ളികളാർന്ന തെന്നലുകൾ, മയിലുകളുടെ അവ്യക്തമധുരമായ കേകാരവങ്ങൾ. എന്തും വരട്ടെ, കഠോരഹൃദയനായ ഞാൻ, രാമൻ, എല്ലാം സഹിച്ചുകൊള്ളാം. വൈദേഹി എങ്ങനെയിരിക്കുമോ! അയ്യോ! ദേവീ! ധൈര്യമവലംബിക്കൂ.) ഇവിടെ രാമശബ്ദം താൻ സ്വയം ആരോപിച്ച അസാധാരണമായ ക്രൗര്യം പ്രതീതമാവുന്നു. ഇവിടെ നികർഷത്തിന്റെ ആരോപണമാണെങ്കിൽ ഉൽക്കർഷത്തിന്റെ ആരോപണമാണ് ഈ പദ്യത്തിൽ:

"തതഃ പ്രഹസ്യാഹ പുനഃ പുരന്ദരം
വ്യപേതഭീർഭൂമിപുരന്ദരാത്മജഃ
ഗൃഹാണ ശസ്ത്രം യദി സർഗ ഏഷ തേ
ന ഖല്വനിർജിത്യ രഘും കൃതീ ഭവാൻ."

(രഘുവംശം, 3. 51. അനന്തരം, പൊട്ടിച്ചിരിച്ചുകൊണ്ട് പിന്നെയും ദേവേന്ദ്രനോട് ചക്രവർത്തിപുത്രൻ പറഞ്ഞു: സമ്മതമാണെങ്കിൽ ആയുധമെടുക്കുക. രഘുവെ ജയിക്കാതെ അവിടുത്തേക്ക് കൃതകൃത്യനാവാൻ കഴിയില്ല.) ഇതിലെ രഘുശബ്ദംതന്നെ പൗരുഷാതിശയം ധ്വനിപ്പിക്കുന്നു.

"പതിചിത്തവിരുദ്ധവൃത്തിയാം
മതിയുണ്ടോ കലരുന്നു ജാനകി?"
(കുമാരനാശാൻ – *ചിന്താവിഷ്ടയായ സീത,* 104)

ജാനകിക്ക് ഇവിടെ ജനകപുത്രിയായ സീത എന്നു മാത്രമല്ല അർഥം. പതിവ്രതയായ, പതിമാത്രശരണയായ, സീത എന്നുകൂടിയാണ്. 'ഞാൻ' എന്നു പറയാതെ, 'ജാനകി' എന്നു പറഞ്ഞിരിക്കുന്നത് ഈ അർഥാന്തരം ധ്വനിപ്പിക്കാനാണ്.

"ഛീ വക്രവൃത്തി തുടരുന്നതു രാമനോടോ?" (*ശിഷ്യനും മകനും,* 2. 10) എന്നിടത്തെ രാമശബ്ദം മറ്റൊരുദാഹരണം.

വക്താവ് മറ്റൊരാളാണെങ്കിൽ രണ്ടാമത്തെ വിധത്തിലുള്ള രൂഢിവൈചിത്ര്യവക്രത. ഉദാഹരണം:

"ആജ്ഞാ ശക്രശിഖാമണിപ്രണയിനീ
ശാസ്ത്രാണി ചക്ഷുർനവം
ഭക്തിർഭൂതപതൗ പിനാകിനി പദം

ലങ്കേതി പുണ്യാ പുരീ
സംഭൂതിർദ്രുഹിണാന്വയേ ച തദഹോ
നേദൃഗ്വരോ ലഭ്യതേ
സ്യാച്ചേദേഷ ന രാവണഃ ക്വ നു പുനഃ
സർവത്ര സർവേ ഗുണാഃ!"

(*ബാലരാമായണം,* 1. 36. കല്പന ദേവേന്ദ്രന്റേതിനു തുല്യം; ശാസ്ത്രങ്ങൾ പുതിയ കണ്ണ്; ഭക്തി ഭൂതപതിയായ പിനാകിയിൽ – ശിവനിൽ; സ്ഥാനം ലങ്കയെന്ന ദിവ്യപുരി; ജനനം ബ്രഹ്മവംശത്തിൽ; അഹോ! ഇതുപോലൊരു വരനെ കിട്ടാനുണ്ടാവില്ല. ഇയാൾ രാവണനല്ലായിരുന്നുവെങ്കിൽ! എല്ലായിടത്തും എല്ലാ ഗുണങ്ങളും എങ്ങനെ ഉണ്ടാവാനാണ്!) ഇവിടെ രാവണശബ്ദംകൊണ്ട്, സമസ്തഗുണങ്ങളെയും തിരസ്കരിക്കുന്ന എന്തോ ഒരു തകരാറ് പ്രതീതിവിഷയമാകുന്നു.

മദനനെപ്പറ്റി പറയുന്ന, "അപരയെയോർത്തതുമില്ല നാരിയായ്" (*ലീല*, 1. 64) എന്ന വരിയിലെ 'നാരി'ക്ക് കേവലം 'സ്ത്രീ' എന്ന അർഥമല്ല. പിന്നെയോ? സവിശേഷമായ, 'തനിക്ക് പ്രണയിക്കാവുന്ന ഗുണഗണങ്ങളോടുകൂടിയ സ്ത്രീ' എന്ന അർഥമാണ് വിവക്ഷിതം.

പ്രതീയമാനമായ ധർമങ്ങളുടെ ബാഹുല്യം നിമിത്തം രൂഢിവൈചിത്ര്യവക്രത ഒട്ടേറെ പ്രകാരത്തിൽ വരും.

**പര്യായവക്രത**

പ്രസ്തുതമായ അർഥം ബോധിപ്പിക്കാൻ അനേകം പദങ്ങളുണ്ടാവാമെങ്കിലും ചില പ്രത്യേകപര്യായപദങ്ങൾ സന്ദർഭാനുഗുണമായി പ്രയോഗിക്കുന്നിടത്ത് പര്യായവക്രത.

"വാമം കജ്ജളവദ്വിലോചന,മുരോ
രോഹദ്വിസാരി സ്തനം,
മധ്യം ക്ഷാമമകാണ്ഡ ഏവ, വിപുലാ–
ഭോഗാ നിതംബസ്ഥലീ,
സദ്യഃ പ്രോദ്ഗതവിസ്മയൈരിതി ഗണൈ–
രാലോക്യമാനം മുഹുഃ,
പായാദ് വഃ പ്രഥമം വപുഃ സ്മരരിപോർ–
മിശ്രീഭവത്കാന്തയാ."

(അതാ, ഇടത്തേ കണ്ണ് മയ്യണിഞ്ഞതായിത്തീരുന്നു; മാറത്ത് മുഴുപ്പുറ്റൊരു മുല മുളച്ചുവരുന്നു; പൊടുന്നനവേ മധ്യം മെലിയുകയായി; നിതംബം വിപുലമായി വരുന്നു – ഇങ്ങനെ പെട്ടെന്ന് വിസ്മയം കൂറുന്ന കൺകളോടെ വീണ്ടും വീണ്ടും ഭൂതഗണങ്ങളാൽ നോക്കപ്പെടുന്ന കാന്തയോടിടകലർന്നുനിൽക്കുന്ന സ്മരാരിയുടെ ആദ്യത്തെ ആ ശരീരം നിങ്ങളെ രക്ഷിക്കട്ടെ!) എന്ന ശ്ലോകത്തിലെ 'സ്മരരിപു' എന്ന ശബ്ദം നോക്കുക. ശിവന് എത്ര പര്യായങ്ങളിരിക്കുന്നു! എന്നിട്ടും കവി ഇതാണ് പ്രയോഗിച്ചത്. കാന്തയെ വിട്ടുപിരിയാതെ ശരീരത്തിന്റെ ഒരു ഭാഗംതന്നെയാക്കിത്തീർത്ത് എപ്പോഴും കൂടെ കൊണ്ടുനടക്കുന്ന ശിവന്റെ ചിത്രമാണല്ലോ ഇത്. കാമനെ ദഹിപ്പിച്ചുകളഞ്ഞ മുക്കണ്ണന് വന്ന ഗതികേട്! ഇത് ധ്വനിപ്പിക്കാൻ സ്മരരിപു എന്ന പദമല്ലാതെ ശിവനെന്നു പ്രയോഗിച്ചാൽ പോരല്ലോ.



പര്യായവക്രതയുടെ വിവിധഭേദങ്ങളെ കുന്തകൻ വിവരിക്കുന്നുണ്ട്. അഭിധേയാന്തരതമമാണ് ആദ്യത്തേത്. പര്യായശബ്ദങ്ങൾതന്നെ പലതുണ്ടാവും. ഏറ്റവും പറ്റിയത് ഒന്നുമാത്രമായിരിക്കും. അതുതന്നെ പ്രയോഗിക്കുന്നിടത്ത് ഈ പ്രഭേദം. ഉദാഹരണം:

"കസ്ത്വം? ജ്ഞാസ്യസി മാം, സ്മരഃ സ്മരസി മാം
ദിഷ്ട്യാ, കിമഭ്യാഗത,–
സ്ത്വാമുന്മാദയിതും, കഥം? നനു ബലാത്,
കിം തേ ബലം? പശ്യ തത്;
പശ്യാമീത്യഭിധായ പാവകമുചാ
യോ ലോചനേനൈവ തം
കാന്താകണ്ഠനിഷക്തബാഹുമദഹത്
തസ്മൈ നമഃ ശൂലിനേ."

(നീയാര്? 'എന്നെ അങ്ങറിയും.' 'കാമൻ. എന്നെ അങ്ങ് ഓർക്കുന്നവോ? ഭാഗ്യം.' 'എന്താ വന്നത്?' 'അങ്ങയെ ഉന്മത്തനാക്കാൻ.' 'എങ്ങനെ?' 'ബലംകൊണ്ടുതന്നെ.' 'നിനക്ക് ബലമോ?' 'അത് കണ്ടോളൂ.' കാണാം എന്നു പറഞ്ഞ് അഗ്നി വമിക്കുന്ന കണ്ണുകൊണ്ട്, പ്രിയതമയുടെ കഴുത്തിൽ കെട്ടിപ്പിടിച്ച അവനെ ദഹിപ്പിച്ച ശൂലിക്ക് – ശിവന് – നമസ്കാരം.) ഇവിടത്തെ ശൂലിപദം പര്യായവക്രതാസുന്ദരം.

"ആൾക്കാരുമായ് ഗൗരി പരിക്കു പെട്ട
പുത്രന്നു വേണ്ടും പരിചര്യ ചെയ്കേ
അഭിജ്ഞനാം ഷണ്മുഖനച്ഛനമ്മ–
മാരെ ഗ്രഹിപ്പിച്ചു നടന്നതെല്ലാം."
(*ശിഷ്യനും മകനും,* 3. 12)

എന്നിടത്ത് 'നടന്നതെല്ലാം ഗ്രഹിപ്പി'ക്കത്തക്ക വിധത്തിൽ സുബ്രഹ്മണ്യന്റെ 'ഷണ്മുഖ'നെന്ന പര്യായംതന്നെ പ്രയോഗിച്ചിരിക്കുന്നു.

അഭിധേയവസ്തുവിന് അതിശയം വർധിപ്പിക്കുന്നത് രണ്ടാമത്തെ പര്യായവക്രതാഭേദം. ഉദാഹരണം:

"സംബന്ധീ രഘുഭൂഭുജാം മനസിജവ്യാപാരദീക്ഷാഗുരുർ

ഗൗരാംഗീവദനോപമാപരിചിതസ്താരാവധൂവല്ലഭഃ
സദ്യോമാർജിതദാക്ഷിണാത്യതരുണീദന്താവദാതദ്യുതി–
ശ്ചന്ദ്രഃ സുന്ദരി! ദൃശ്യതാമയമിതശ്ചണ്ഡീശചൂഡാമണിഃ."

(*ബാലരാമായണം,* 10. 41. രഘുവംശരാജാക്കന്മാരുടെ ബന്ധുവും കാമ വ്യാപാരങ്ങൾക്ക് ദീക്ഷാഗുരുവും രമണികളുടെ മുഖത്തിന് ഉപമ യായി പരിചയപ്പെട്ടവനും നക്ഷത്രവധുക്കൾക്ക് നാഥനും ഉടൻ തേച്ചു മിനുക്കിയ തെക്കൻ യുവതികളുടെ പല്ലുപോലെ വെളുത്ത പ്രഭയോ ടുകൂടിയവനും പരമേശ്വരന്റെ മകുടാഭരണവുമായ ഈ ചന്ദ്രനെ, സുന്ദരീ! കണ്ടാലും!) ഈ പദ്യത്തിൽ ചന്ദ്രന്റെ ധാരാളം പര്യായങ്ങൾ കടന്നുവന്നിരിക്കുന്നു. മറ്റൊരുദാഹരണം:

"വാനമേ ഗഗനമേ വ്യോമമേ സുരസിദ്ധ–
സ്ഥാനമേ വിഹായസ്സേ നഭസ്സേ നമസ്കാരം!"
(വള്ളത്തോൾ – "കിളിക്കൊഞ്ചൽ")

എന്നീ വരികളിൽ ആകാശത്തിന്റെ വിവിധപര്യായങ്ങൾ പ്രയോ ഗിച്ചിരിക്കുന്നു.

സ്വയമോ സവിശേഷണഭൂതമായ മറ്റു പദം മുഖേനയോ ശിഷ് ടത്വം മുതലായ ഭംഗ്യന്തരസ്പർശത്താൽ അഭിധേയവസ്തുവെ അല ങ്കരിക്കുന്നത് മൂന്നാമത്തെ പര്യായവക്രത. സ്വയമുള്ളതിന് ഉദാഹ രണം:

"ഇത്ഥം ജഡേ ജഗതി കോ നു ബൃഹത്പ്രമാണ–
കർണഃ കരീ നനു ഭവേദ് ധ്വനിതസ്യ പാത്രം
ഇത്യാഗതം ഝടിതി യോളിനമുന്മമാഥ
മാതംഗ ഏവ കിമതഃപരമുച്യതേസൗ."

(*സുഭാഷിതാവലി,* 628. ഇപ്രകാരം അചേതനമായ ജഗത്തിൽ വളരെ വിപുലമായ ചെവിയോടുകൂടിയ ഏത് ആനയാണ് എന്റെ ശബ്ദ ത്തിന് പാത്രമാകാതിരിക്കുന്നത് എന്നു കരുതി വേഗത്തിൽ അടുത്തെ ത്തിയ വണ്ടിനെ കശക്കിയെറിഞ്ഞ ഇവൻ മാതംഗൻ – ആന, ചണ്ഡാ ലൻ – തന്നെ.) ഇവിടെ ആന എന്ന പ്രസ്തുതമായ അർഥത്തെ ബോധി പ്പിച്ചുകൊണ്ട് മാതംഗശബ്ദം പര്യായസാമർഥ്യംകൊണ്ട് ചണ്ഡാല നെന്ന അപ്രസ്തുതാർഥത്തെക്കൂടി പ്രകാശിപ്പിക്കുന്നതിലൂടെ രൂപ കാലങ്കാരഭംഗി പ്രദർശിപ്പിച്ച് വക്രതയെ പോഷിപ്പിക്കുകയാണ്. ഇത് ശബ്ദശക്തിമൂലാനുരണനധ്വനിയുടെ വിഷയംതന്നെ. കുന്തകൻ ധ്വനി കാരൻ നൽകിയ ഉദാഹരണംതന്നെ ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്: "കുസുമസമയയുഗമുപസംഹരൻ ഉത്ഫുല്ലമല്ലികാധവളാട്ടഹാസോ



വ്യജൃംഭത ഗ്രീഷ്മാഭിധാനോ മഹാകാലഃ." (വസന്തകാലയുഗത്തെ – ചൈത്രം, വൈശാഖം എന്ന രണ്ടു മാസങ്ങളെ – അവസാനിപ്പിച്ചു കൊണ്ട് ഗ്രീഷ്മമെന്നു പേരുള്ളതും വിടർന്ന മുല്ലപ്പൂക്കളെപ്പോലെ വെണ്മയുറ്റ മാളികകളെ പ്രകാശിപ്പിക്കുന്നതുമായ മഹത്തായ കാലം വിജൃംഭിച്ചുവിലസി എന്ന് ഈ വാക്യത്തിന്റെ പ്രകൃതമായ അർഥം. പക്ഷേ ഇതിലെ പല പദങ്ങളും ശിവപരമായ മറ്റൊരർഥത്തിലേക്ക് സ്വാഭാവികമായി നമ്മെ നയിക്കുന്നു. അതനുസരിച്ച്, ഭൂമിയിൽ പൂക്കാ ലംപോലുള്ള സത്യാദിയുഗങ്ങളെ ഉപസംഹരിച്ചുകൊണ്ട് എല്ലാറ്റിനെയും ഗ്രസിച്ചുനശിപ്പിക്കുന്ന മഹാകാളൻ വിജൃംഭിച്ചുനിന്നു എന്നർഥം കിട്ടും. പ്രകൃതാപ്രകൃതങ്ങൾ തമ്മിൽ ഔപമ്യം വ്യഞ്ജിക്കുന്നു. അങ്ങനെ ഗ്രീഷ്മത്തിന്റ ഔഗ്ര്യം ധ്വനിക്കുന്നു.

"എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ;
അതേതിരുൾക്കുഴിമേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളെ."
(ഇടശ്ശേരി – "അമ്പാടിയിലേക്കു വീണ്ടും")

ഇവിടെ രശ്മിപദത്തിന് കയർ എന്നർഥം. ശ്രീകൃഷ്ണനെ സൂചി പ്പിക്കുന്ന കിരണം എന്ന അർഥവും സഹൃദയർക്കു തോന്നുന്നു. പര്യാ യവക്രതാസൗന്ദര്യമാണിവിടെ അനുഭവപ്പെടുന്നത്.

വിശേഷണം മുഖേന അഭിധേയവസ്തുവെ അലങ്കരിക്കുന്നതിന് കുന്തകൻ നൽകുന്ന ഉദാഹരണം:

"സുസ്നിഗ്ധമുഗ്ധധവളോരുദൃശം വിദഗ്ധ–
മാലോക്യ യന്മധുരമദ്യവിലാസദിഗ്ധം
ഭസ്മീചകാര മദനം നനു കാഷ്ഠമേവ
തന്നൂനമീശ ഇതി വേത്തി പുരന്ധ്രിലോകഃ."

(നന്നായി മിനുത്ത് ഭംഗിയാർന്ന് വെളുത്ത് വിശാലമായ കണ്ണുകളു ള്ള വൈദഗ്ധ്യവും മാധുര്യവുമെഴുന്ന വിലാസമോലുന്ന, മദനനെ ക്കണ്ട് മരത്തടിയെയാണല്ലോ ശിവൻ വെണ്ണീറാക്കിയത് എന്ന് സുന്ദ രിമാർ മനസ്സിലാക്കി.) ഈ ശ്ലോകത്തിൽ 'മരത്തടി' എന്ന വിശേ ഷണപദം മദനപദത്തിന്റെ, ആ പേരിലുള്ള മരം – ഉമ്മത്തം, ഇലഞ്ഞി – എന്ന അർഥത്തെക്കൂടി പ്രതീതിഗോചരമാക്കിക്കൊണ്ട് രൂപകാല ങ്കാരസ്പർശത്താൽ രാമണീയകമുളവാക്കുന്നു.

മറ്റൊരുദാഹരണം:

"സ്ഫുരിച്ചുകൊള്ളട്ടെ വിശുദ്ധതോയം
വഹിച്ചുകൊണ്ടന്യനദീശതങ്ങൾ;

ഉന്നിദ്രലാവണ്യമിയന്ന നീയാ–
ണുപ്പാളുമാഴിക്കനുരൂപപത്നി."

(വള്ളത്തോൾ, "തിരൂർ–പൊന്നാനിപ്പുഴ", 28)

ഇവിടത്തെ ലാവണ്യപദത്തിന്റെ ശ്ലേഷഭംഗി ഈ പര്യായവക്രതാഭേദത്തിലേക്കെത്തിക്കുന്നു. തിരൂർ–പൊന്നാനിപ്പുഴയിലെ വെള്ളം ഉപ്പുരസം കലർന്നതാണെന്നോർക്കുക.

സ്വന്തം ഭംഗിയെ ഉൽക്കൃഷ്ടമാക്കിക്കൊണ്ടുള്ളത് നാലാമത്തെ പര്യായവക്രതാപ്രകാരം. ഉദാഹരണം:

"ഇത്ഥമുത്കയതി താണ്ഡവലീലാ–
പണ്ഡിതാബ്ധിലഹരീഗുരുപാദൈഃ
ഉത്ഥിതം വിഷമകാണ്ഡകുടുംബ–
സ്യാംശുഭിഃ സ്മരവതീവിരഹോ മാം."

(ഇപ്രകാരം കാമാർത്തവിരഹം കടൽത്തിരമാലകളെ താണ്ഡവനൃത്തം ചെയ്യിക്കുന്ന ചന്ദ്രരശ്മികളാൽ എന്നെ ഉൽക്കണ്ഠാകുലനാക്കുന്നു). ഇവിടെ 'വിഷമകാണ്ഡകുടുംബ'(കാമന്റെ തറവാട്ടുകാരൻ)ശബ്ദം ചന്ദ്രന്റെ പര്യായമായി കാവ്യസൗന്ദര്യം വർധിപ്പിക്കുന്നു.

"പേരാൽമരമാണതായതിൻ പത്രത്തിൻ
ചാരുതണലാർന്ന കൊമ്പുതോറും
ഘോരാതപം ഭയന്നൊട്ടേറെപ്പക്ഷികൾ
സ്വൈരം ശരണമണഞ്ഞിരിപ്പൂ."

(കുമാരനാശാൻ – *ചണ്ഡാലഭിക്ഷുകി*)

ഈ വരികളിൽ ശരണപദം ബൗദ്ധകഥാപ്രതിപാദകമായ കഥ നടക്കുന്ന ഈ സ്ഥലത്തിന്റെ വർണനയിൽ ഔചിത്യപൂർവം വിന്യസിക്കപ്പെട്ട് കാവ്യശോഭ വർധിപ്പിച്ചിരിക്കുന്നു. ആർത്തജനങ്ങൾ ബുദ്ധനെ ശരണം പ്രാപിക്കുന്നതിന്റെ പ്രതീതി ജനിപ്പിക്കാനും ഈ പ്രയോഗം സഹായകമാകുന്നു.

അസംഭവ്യമായ അർഥത്തെ ഗർഭിതമാക്കിക്കൊണ്ട് പ്രയോഗിക്കപ്പെടുന്ന പര്യായവും വക്രതയെ പുഷ്ടിപ്പെടുത്തും. ഉദാഹരണം:

"അലം മഹീപാല! തവ ശ്രമേണ
പ്രയുക്തമപ്യസ്ത്രമിതോ വൃഥാ സ്യാത്."

(*രഘുവംശം,* 2. 34. രാജാവേ, അങ്ങ് മിനക്കെടേണ്ട. എന്നിൽ ശരം പ്രയോഗിച്ചാലും വിഫലമാവുകയേ ഉള്ളൂ.) ഈ ശ്ലോകാർധത്തിലെ മഹീപാലശബ്ദം വക്രതാമനോഹരമത്രേ.

വേറെ ഉദാഹരണം:



"വല്ലാത്ത തൊണ്ടവിറയാൽ വരവാണി ശേഷം
ചൊല്ലാൻ കുഴങ്ങിയൊരു കുട്ടി കണക്കു കേണാൾ."

(വള്ളത്തോൾ – *ബന്ധനസ്ഥനായ അനിരുദ്ധൻ,* 21)

'വരവാണി' എന്ന പദം സുന്ദരി എന്ന അർഥത്തിനുപുറമെ, ശ്രേഷ്ഠമായ വാക്കുകളോടുകൂടിയവൾ എന്ന അവയവാർഥത്തെക്കൂടി തോന്നിച്ച്, ചൊല്ലാൻ കുഴങ്ങിയത് അസംഭവ്യം തന്നെ എന്ന പ്രതീതിയുളവാക്കിക്കൊണ്ട് വക്രതാവിചിത്രമായി വിളങ്ങുന്നു.

അലങ്കാരോപസ്കാരമനോഹരമായി പ്രയോഗിക്കപ്പെടുന്നത് ആറാമത്തെ പര്യായവക്രത. ഇവിടെ അലങ്കാരം കൊണ്ട് എന്നും അലങ്കാരത്തിന്റെ എന്നും വ്യാഖ്യാനിക്കാം. ആദ്യത്തേതിന് ഉദാഹരണം:

"യോ ലീലാതാലവൃന്ദോ രഹസി നിരവധിർ–
യശ്ച കേളീപ്രദീപഃ
കോപക്രീഡാസു യോസ്ത്രം ദശനകൃതരുജോ
യോധരസ്യൈകസേകഃ
ആകല്പേ ദർപ്പണം യഃ ശ്രമശയനവിധൗ
യശ്ച ഗണ്ഡോപധാനം
ദേവ്യാഃ സ വ്യാപദം വോ ഹരതു ഹരജടാ–
കന്ദളീപുഷ്പബിന്ദുഃ."

(ദേവിയുടെ കളിവിശറിയും ഏകാന്തത്തിൽ തുടർച്ചയായി നിൽക്കുന്ന കളിവിളക്കും പ്രണയകലഹങ്ങളിൽ ആയുധവും ദന്തക്ഷതവേദനയാർന്ന ചുണ്ടിന് ഒരേയൊരു ലേപനൗഷധവും വേഷച്ചമയങ്ങളിൽ കണ്ണാടിയും തളർന്നുകിടന്നുറങ്ങുമ്പോൾ കവിൾത്തലയണയും ശിവന്റെ തലയിലെ കൂൺപൂങ്കണവുമായ ചന്ദ്രൻ നിങ്ങളുടെ ആപത്തിനെ ഇല്ലാതാക്കട്ടെ.) ചന്ദ്രനെ പല തരത്തിൽ രൂപണം ചെയ്തുകൊണ്ടുള്ള അലങ്കാരത്താൽ സുന്ദരമാണിത്. ഇവിടെ രൂപകാലങ്കാരവിന്യാസത്താൽ എല്ലാ പര്യായങ്ങൾക്കും ശോഭാതിശയം കൈവന്നിരിക്കുന്നു. മറ്റൊരുദാഹരണം:

"അക്രൂരചാതക! പോരും നിൻ ചിന്തകൾ;
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക;
തൃക്കണ്ണാൽ പൈക്കറ വീക്ഷിച്ചുകൊണ്ടിതാ
നിൽക്കുന്നു നിന്നുടെ നീലമേഘം –
ആനകദുന്ദുഭി, ദേവകിയെന്നിവർ
നാനാതപശ്ശക്തി നേടിനേടി,
പ്രേമമാം പീയൂഷം കൊണ്ടു നിർമിച്ചോരു
കോമളശ്യാമളബാലരൂപം –

നന്ദന്റെ ദേഹത്തിൽ ദൈവം കൊളുത്തിയ
സുന്ദരമായൊരു ഭദ്രദീപം –
ധന്യയാകുന്ന യശോദ തൻ മാർത്തട്ടിൽ
മിന്നുന്ന മാഹേന്ദ്രക്കൽപ്പതക്കം –
വാരുറ്റ വല്ലവീവല്ലികൾ തോറുമേ
പാറിപ്പറക്കുന്നൊരോമൽക്കിളി –
കാളിന്ദിതൻമണൽത്തട്ടിൽ കളിപ്പോരു
കാളായവർണമാം രാജഹംസം –
ആനായപ്പിള്ളർക്കൊരുള്ളൊക്കും ചങ്ങാതി,–
യാമ്നായവേദികൾക്കാദ്യതത്ത്വം!"

(വള്ളത്തോൾ – "അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", 17)

'അലങ്കാരത്തിന്റെ' എന്ന അർഥത്തിലെടുക്കുമ്പോഴത്തെ ഉദാഹരണം:

"ദേവി! ത്വന്മുഖപങ്കജേന ശശിനഃ ശോഭാതിരസ്കാരിണാ
പശ്യാബ്ജാനി വിനിർജിതാനി സഹസാ ഗച്ഛന്തി വിച്ഛായതാം."

(*രത്നാവലി,* 1. 25. ചന്ദ്രന്റെ ശോഭയെ തിരസ്കരിക്കുന്ന നിന്റെ മുഖപത്മത്താൽ കീഴടക്കപ്പെട്ട താമരപ്പൂക്കൾ, നോക്കൂ, പെട്ടെന്ന് ഒളിമങ്ങിയവയായിത്തീരുന്നു.) ഇവിടെ പര്യായംകൊണ്ടു പ്രതീയമാനമായിത്തീർന്ന ഉത്പ്രേക്ഷാലങ്കാരത്തിന്റെ ശോഭാതിശയം സമുല്ലസിക്കുന്നു. വേറെ ഉദാഹരണം:

"അംഭോജബന്ധുവിത, നിന്നവശിഷ്ടകാന്തി
സമ്പത്തെടുപ്പതിനണഞ്ഞു കരങ്ങൾ നീട്ടി
ജൃംഭിച്ച സൗഹൃദമിതാ, കവരുന്നു വായു
സമ്പൂർണമായഹഹ! നിന്നുടെ ദായഭാഗം!" (*വീണപൂവ്,* 34.)

'അംഭോജബന്ധു' എന്ന സൂര്യപര്യായംകൊണ്ട്, മരിച്ച പൂവിന്റെ സ്വത്ത് അതിന്റെ ബന്ധുക്കൾ ഭാഗിച്ചെടുക്കുന്ന പ്രതീതി ഉളവാക്കിയിരിക്കുന്നു.

**ഉപചാരവക്രത**

സവിശേഷമായ ഉപചാരധർമത്തെ പ്രതിപാദിക്കുന്നതിനുവേണ്ടി അത്യന്തഭിന്നവസ്തുവായ വർണ്യവസ്തുവിൽ മറ്റൊരു വസ്തുവിന്റെ നാമമാത്രമെങ്കിലുമായ സാധാരണധർമത്തെ ആരോപിക്കുന്നത്, ഉപചരണപ്രധാനമാകയാൽ, ഉപചാരവക്രത. അമൂർത്തവസ്തുവെ മൂർത്തദ്രവ്യവാചകംകൊണ്ടു പറയുക, ദ്രവരൂപമായ വസ്തുവിന്റെ തരംഗിതത്വാദിധർമനിബന്ധനമായ വാചകത്തെ ഏതെങ്കിലും ചില



സാദൃശ്യത്തെ ആസ്പദമാക്കി മൂർത്തവസ്തുവിന്റെ വാചകമാക്കി പ്രയോഗിക്കുക, അചേതനപദാർഥത്തെ ചേതനപ്രതിപാദകശബ്ദം കൊണ്ടു നിർദേശിക്കുക എന്നിവ ഉപചാരവകരതയുടെ പ്രഥമഭേദത്തിൽ ഉൾപ്പെടുന്നു. "ഹസ്താപചേയം യശഃ" (കൈകൊണ്ടു പറിച്ചെടുക്കാവുന്ന കീർത്തി), "സൂചിഭേദ്യൈസ്തമോഭിഃ" (സൂചികൊണ്ട് കുത്തിത്തുളയ്ക്കാവുന്ന ഇരുട്ടുകളാൽ) മുതലായവ ഉദാഹരണം.

"പുൽമാടം പൂകിയശ്ശ്യാമളാംഗം" (*ദുരവസ്ഥ*) എന്നിടത്ത് 'ശ്യാമളാംഗനായ ചാത്തൻ' എന്നു പറയേണ്ടതിനുപകരം 'ശ്യാമളാംഗം' എന്നു പറഞ്ഞിരിക്കുന്നു.

"ഏഴെട്ടു കാശിന്റെയുന്മാദത്തള്ളലേ,
പാഴുറ്റ നിൻതല താഴില്ലെന്നോ?"
"അല്ലെങ്കിൽ മറ്റൊരു കൊച്ചുനിലാവിതാ,
മുല്ലപ്പൂപോലുള്ള പൂനിലാവിൽ!"

(വള്ളത്തോൾ – *മഗ്ദലനമറിയം,* 4, 15)

എന്നിങ്ങനെ മറ്റുദാഹരണങ്ങൾ ധാരാളം. "ഈ ഉപചാരവക്രത സത്കവിപ്രവാഹത്തിൽ ആയിരക്കണക്കിൽ സംഭവിക്കുന്നതാണ്" എന്നു കുന്തകൻ പ്രസ്താവിക്കുന്നു.

രൂപകാദ്യലങ്കാരങ്ങൾ സരസോല്ലേഖങ്ങളായിത്തീരുന്നതിന് കാരണം അവയിലെ ഉപചാരവക്രതയത്രേ. അതുകൊണ്ട് രൂപകാദികളായ സകലാലങ്കാരങ്ങൾക്കും ഉപചാരവക്രതയാണ് ജീവൻ കൊടുക്കുന്നത് എന്നു പറയാം.

**വിശേഷണവക്രത**

വിശേഷണങ്ങളുടെ മാഹാത്മ്യംകൊണ്ട് ക്രിയാരൂപമോ കാരകരൂപമോ ആയ വസ്തുവിന്റെ രാമണീയകം അഭിവ്യഞ്ജിപ്പിക്കുന്നിടത്ത് വിശേഷണവക്രത. ക്രിയാവിശേഷണവക്രതയ്ക്ക് ഉദാഹരണം:

"സസ്മാര വാരണപതിഃ പരമീലിതാക്ഷ–
മിച്ഛാവിഹാരവനവാസമഹോത്സവാനാം."

(*ശിശുപാലവധം,* 1. 50. ഗജവീരൻ കണ്ണടച്ചുനിന്നുകൊണ്ട്, യഥേഷ്ടം കാട്ടിൽ കളിച്ചുനടന്നുകൊണ്ടാടിയ ആ മഹോത്സവങ്ങളെ സ്മരിച്ചു) എന്ന ശ്ലോകാർധത്തിലെ ക്രിയാവിശേഷണം, ആ സ്മരണയുടെ മാധുര്യത്തെയും പുളകോദ്ഗമത്തോടുകൂടിയ അനുഭവവേദ്യതയെയും തെളിച്ചുകാട്ടുന്നു.

"കരപറ്റിനിന്നു വീണ്ടും കുണുങ്ങിത്തൻ കുളത്തിലേ–
ക്കരയന്നപ്പിടപോലെ നടന്നുപോയി." (കുമാരനാശാൻ – *കരുണ*)

ഇവിടത്തെ ക്രിയാവിശേഷണം സ്വാനുരാഗത്തിനു പാത്രമായ ഉപ

ഗുപ്തനെ കാത്തുനിന്ന് നിരാശയായ വാസവദത്ത എന്ന വാരനാരിയുടെ മനമില്ലാമനസ്സോടെ സ്വന്തം തൊഴിലിലേക്കുള്ള തിരിച്ചുപോക്കിനെ ആലോചനാമൃതമാംവിധം അവതരിപ്പിക്കുന്നു.

"അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെംന്നേ വേണ്ടൂ."

(വള്ളത്തോൾ – *അച്ഛനും മകളും*)

എന്നിടത്തെ 'സ്വച്ഛന്ദം' എന്ന ക്രിയാവിശേഷണം വക്രതാസുന്ദരമായിരിക്കുന്നു.

കാരകവിശേഷണവക്രതയ്ക്കുദാഹരണം:

"ശുചിശീതളചന്ദ്രികാപ്ലുതാ–
ശ്ചിരനിശ്ശബ്ദമനോഹരാ ദിശഃ
പ്രശമസ്യ മനോഭവസ്യവാ
ഹൃദി തസ്യാപ്യഥ ഹേതുതാം യയുഃ."

(വെണ്മയും കുളിർമയുമാർന്ന നിലാവിൽ മുങ്ങിനിൽക്കുന്നതും ഏറെ നേരത്തെ നിശ്ശബ്ദതകൊണ്ട് മനോഹരവുമായ ദിക്കുകൾ അദ്ദേഹത്തിന്റെ പോലും ഹൃദയത്തിൽ ശാന്തതയ്ക്കോ കാമവികാരത്തിനോ കാരണമായി.) ക്രിയാവിശേഷണവക്രതയ്ക്ക് തൊട്ടുമുൻപുദ്ധരിച്ച വള്ളത്തോളിന്റെ "അച്ഛനമ്മമാർ കാലേ വെടിഞ്ഞ" എന്ന ഭാഗം കാരകവിശേഷണവക്രതയ്ക്കുദാഹരണമാണ്. മറ്റൊരുദാഹരണം:

"പിറ്റേന്നപരാഹ്നമായീ – വിണ്ണു
പറ്റിപ്പിടിഞ്ഞാറുനിന്നു
മന്നിൻ മലിനമുഖത്തിൽ – നിത്യം
പൊന്നിൻ പൊടി പൂശും ദേവൻ."

(കുമാരനാശാൻ – *ചണ്ഡാലഭിക്ഷുകി*)

രസപരിപോഷണത്തിൽ വിശേഷണവക്രതയ്ക്കുള്ള പങ്ക് എടുത്തുപറയത്തക്കതാണ്. കുന്തകൻ അതുകൊണ്ടാണ് പറയുന്നത്: "ഈ വിശേഷണവക്രത പ്രസ്തുതൗചിത്യാനുസാരിയായി സകലസത്കാവ്യങ്ങളുടെയും ജീവനായി കണക്കാക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇതാണ് രസത്തെ പരമമായ പരിപുഷ്ടിയിലേക്കു നയിക്കുന്നത്."

**സംവൃതിവക്രത**

സന്ദർഭത്തിനൊത്ത് ഉത്കർഷംകൊണ്ടോ നികർഷം കൊണ്ടോ പറയേണ്ടത് അങ്ങനെത്തന്നെ പറയാതെ സർവനാമങ്ങൾകൊണ്ട് മൂടിവെക്കുന്നത് സംവൃതിവക്രത. പ്രധാനമായി ഇത് ആറു വിധം.

സാതിശയമായൊരു വസ്തു പറയാവുന്നതാണെങ്കിലും നേരേ പറഞ്ഞാൽ ഇത്രയെന്ന് പരിമിതപ്പെട്ടുപോകുമെന്നുള്ളതുകൊണ്ട് സാമാന്യവാചിയായ സർവനാമംകൊണ്ട് മറച്ച് ആസ്വാദ്യത വർധിപ്പിക്കുന്നത് സംവൃതിവക്രതയുടെ പ്രഥമപ്രഭേദം. ഉദാഹരണം:



"തത്പിതര്യഥ പരിഗ്രഹലിപ്സൗ
സ വ്യധത്ത കരണീയമണീയഃ
പുഷ്പചാപശിഖരസ്ഥകപോലോ
മന്മഥഃ കിമപി യേന നിദധ്യൗ."

(അച്ഛൻ – ശന്തനു – രണ്ടാമതും വിവാഹം കഴിക്കാനാഗ്രഹിച്ചപ്പോൾ, അദ്ദേഹം – ഭീഷ്മർ – ചെയ്യേണ്ടത് ചെയ്തു. അതുകൊണ്ട് കാമദേവൻ പൂവില്ലിൻതുമ്പിൽ കവിൾ ചായ്ച്ചുപിടിച്ച് എന്തോ ആലോചിച്ച് നിലകൊണ്ടു) ഇവിടെ 'എന്തോ' (കിമപി) എന്ന സാമാന്യമായ സർവനാമംകൊണ്ട്, തുറന്നുപറഞ്ഞാലുണ്ടാവുന്നതിലധികം ആലോചനാമൃതത്വം കൈവന്നിരിക്കുന്നു. മറ്റൊരുദാഹരണം:

"എന്തക്കെയോ ഹന്ത! കഥിച്ചു വീണ്ടും
സുതാംഗഭംഗാർദിതയായ ദേവി"

(വള്ളത്തോൾ – *ശിഷ്യനും മകനും,* 3. 17)

'എന്തൊക്കെയോ' എന്നതുകൊണ്ട്, തുറന്നുപറഞ്ഞാലുള്ളതിലധികം കാര്യങ്ങൾ സൂചിപ്പിക്കുകയാണ്.

സ്വസ്വഭാവത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച വസ്തു വാചാമഗോചരമാണെന്നു കാണിക്കുന്നതിനുവേണ്ടി സർവനാമംകൊണ്ട് അതിനെ മറച്ചുവെച്ച് രാമണീയകം കൂട്ടുന്നിടത്ത് മറ്റൊരു തരം സംവൃതിവക്രത. ഉദാഹരണം:

"യാതേ ദ്വാരവതീം തദാ മധുരിപൗ
തദ്ദത്തകമ്പാനതാം
കാളിന്ദീജലകേളിവഞ്ചുളലതാ–
മാലംബ്യ സോത്കണ്ഠയാ
തദ്ഗീതം ഗുരുബാഷ്പഗദ്ഗതഗള–
ത്താരസ്വരം രാധയാ
യേനാന്തർജലചാരിഭിർജലചരൈ–
രപ്യുത്കമുത്കൂജിതം."

(*സദുക്തികർണാമൃതം,* 289. അപ്പോൾ മധുരിപു – ശ്രീകൃഷ്ണൻ – ദ്വാരകയിലേക്കു പോയവാറേ, അദ്ദേഹം നൽകിയ വിറയൽകൊണ്ട് കുനിഞ്ഞതും കാളിന്ദീനദിയിൽ ജലകേളികളാടുന്നതുമായ ആറ്റുവഞ്ഞിലതയെ അവലംബിച്ച് ഉത്കണ്ഠാപൂർവം കണ്ണീർ തടഞ്ഞ് തൊണ്ടവിറയാർന്ന് ഉച്ചത്തിൽ രാധ ആ പാടിയതു കേട്ട് വെള്ളത്തി

നകമേ ചരിക്കുന്ന ജീവികളും ഉത്കണ്ഠയോടെ ഉറക്കെ കൂജനം ചൊരിഞ്ഞു.) രാധയുടെ പാട്ടിന്റെ അവാച്യത്വം ഇവിടെ 'തദ്' (ആ) എന്ന സർവനാമത്താൽ ധ്വനിപ്പിക്കപ്പെടുന്നു.

മറ്റൊരുദാഹരണം:

"മങ്ങാതിപ്പൊഴുമുള്ളിലമ്മുഖവുമ–
സ്സല്ലാപവും മൈത്രിയാൽ
വിങ്ങാറുള്ള വിലോകനങ്ങളുമഹോ!
നൽകുന്നിതമ്മാതിരി"
(കുമാരനാശാൻ – *പ്രരോദനം,* 109)

'അമ്മുഖം', 'അസ്സല്ലാപം' എന്നിങ്ങനെ അധ്യാപനം നടത്തുന്ന പ്രൊഫ. എ. ആർ. രാജരാജവർമയുടെ മുഖത്തിന്റെയും സല്ലാപത്തിന്റെയും വാചാമഗോചരത്വം വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

മൂന്നാമത്തെ സംവൃതിവക്രതാഭേദം, സാതിശയസുകുമാരമായ വസ്തു കാര്യാതിശയത്തെ പറയാതെതന്നെ സംവൃതിമാത്രരമണീയമായി അനിർവചനീയമായ കമനീയതാകാഷ്ഠ പ്രാപിപ്പിക്കപ്പെടുന്നിടത്താണ് സംഭവിക്കുക. ഉദാഹരണം:

"ദർപ്പണേ ച പരിഭോഗദർശിനീ
പൃഷ്ഠതഃ പ്രണയിനോ നിഷേദുഷഃ
വീക്ഷ്യ ബിംബമനുബിംബമാത്മനഃ
കാനി കാനി ന ചകാര ലജ്ജയാ!"

(*കുമാരസംഭവം,* 8. 2. കണ്ണാടിയിൽ സംഭോഗചിഹ്നങ്ങൾ നോക്കുന്ന പാർവതി, പിന്നിൽ നിൽക്കുന്ന പ്രിയതമന്റെ പ്രതിബിംബം തന്റേതിന്റെ തൊട്ടടുത്തായി കണ്ടിട്ട് ലജ്ജയാൽ എന്തെന്തെല്ലാം ചെയ്തില്ല!) എന്ന ശ്ലോകത്തിൽ 'കാനി കാനി' (എന്തെന്തെല്ലാം) എന്നിങ്ങനെ, ഒന്നും പറയാതെ എല്ലാം പറഞ്ഞുകഴിഞ്ഞു! വേറെ ഉദാഹരണം:

"ഹന്ത! സൗന്ദര്യമേ, നാരിതൻ മെയ് ചേർന്നാ–
ലെന്തെന്തു സൗഭാഗ്യം സാധിക്കാ നീ!"
(വള്ളത്തോൾ – *മഗ്ദലനമറിയം,* 36)

അടുത്തത്, സ്വാനുഭവസംവേദ്യമായ വസ്തു വാക്കുകൊണ്ട് പറയാനാവാത്തതെന്നു വെളിപ്പെടുത്തുന്നതിനുവേണ്ടി മറച്ചുവെക്കുന്നിടത്താണ് കാണുന്നത്. ഉദാഹരണം:

"നിദ്രാനിമീലിതദൃശോ മദമന്ഥരായാ
നാപ്യർഥവന്തി ന ച യാനി നിരർഥകാനി
അദ്യാപി മേ വരതനോർമധുരാണി തസ്യാ–
സ്താന്യക്ഷരാണി ഹൃദയേ കിമപി ധ്വനന്തി."



(ഉറക്കംകൊണ്ട് കണ്ണടയവേ, മദാലസയായ ആ സുന്ദരിയുടെ അർഥവത്തോ നിരർഥകമോ അല്ലാത്ത മധുരങ്ങളായ ആ അക്ഷരങ്ങൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ അനിർവചനീയമാംവണ്ണം ധ്വനിക്കുകയാണ്.) ഇവിടെ 'കിമപി' (അനിർവചനീയമാം വണ്ണം) എന്നത് അനിർവചനീയതയെ ധ്വനിപ്പിക്കുന്നു. മറ്റുദാഹരണം:

"തെല്ലകലത്തായ് തെളിഞ്ഞുവിളങ്ങുമാ–
ച്ചില്ലതാകന്ദമാം പൈതലിനെ
നല്ലപോലീക്ഷിപ്പാനാളായീലക്രൂര–
നുല്ലളൽബാഷ്പാക്ഷനാക മൂലം.
ആ മഹാഭക്തനരക്ഷണാൽ നിശ്ശേഷ–
കാമസമ്പൂർത്തി കൈവന്നതായും
ഏതോ വിശിഷ്ടപ്രയോഗത്താൽ ജീവിതം
നൂതനമായ്ത്തീർന്നതായും തോന്നി."
("അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", 18–19)

'ഏതോ' എന്ന പ്രയോഗം അനുഭവൈകവേദ്യതയെ സൂചിപ്പിക്കുന്നു.

പരാനുഭവവേദ്യമായ വസ്തു വക്താവിന് അഗോചരമാണെന്നു വെളിപ്പെടുത്തുന്നതിനുവേണ്ടി മറച്ചുവെക്കുന്നിടത്ത് അഞ്ചാമത്തെ സംവൃതിവക്രതാപ്രകാരം. "മന്മഥഃ കിമപി യേന നിദധ്യൗ" എന്നും "എന്തൊക്കെയോ ഹന്ത!" എന്നും മുൻപുദ്ധരിച്ച ഉദാഹരണങ്ങൾതന്നെ.

സ്വഭാവംകൊണ്ടോ കവിവിവക്ഷകൊണ്ടോ ഏതെങ്കിലും ദോഷത്തോടുകൂടിയ വസ്തു മഹാപാതകമെന്നപോലെ പറയാൻ പാടില്ലാത്തതാണെന്നു പ്രഖ്യാപിക്കുന്നതിനുവേണ്ടി മറച്ചുവെക്കപ്പെടുന്നിടത്ത് ആറാമത്തെ സംവൃതിവക്രത. ആദ്യത്തേതിനുദാഹരണം:

"നിവാര്യതാമാളി! കിമപ്യം വടുഃ
പുനർവിവക്ഷുഃ സ്ഫുരിതോത്തരാധരഃ"

(*കുമാരസംഭവം,* 5. 83. തോഴീ, ഈയാളെ തടയൂ. ഈ ബ്രഹ്മചാരി പിന്നെയും എന്തോ പറയാനായി ചുണ്ട് ചലിപ്പിക്കുകയാണ്.) ശിവനിന്ദ ചെയ്യരുതാത്തതെന്ന നിലയിൽ 'കിമപി' (എന്തോ ഒന്ന്) എന്ന് സംവരണം ചെയ്തിരിക്കുന്നു. ഇത് വടുവിന്റെ സ്വഭാവംകൊണ്ടുതന്നെയുള്ളതാണല്ലോ. മറ്റുദാഹരണം:

"അദ്ദശകണ്ഠൻ കിഴിഞ്ഞപേക്ഷിക്കിലു–

മത്ര പതിഭക്തി കാണിച്ച സീതയെ”

(വള്ളത്തോൾ – *കൊച്ചുസീത,* 17)

'അദ്രശകണ്ഠൻ' എന്നിടത്തെ 'ആ' എന്ന സംവരണപ്രയോഗം കൊണ്ട് അത്യന്തം ക്രൂരനായ എന്ന അർഥം വ്യഞ്ജിപ്പിക്കുന്നു.

കവിവിവക്ഷകൊണ്ടുള്ളതിനുദാഹരണം:

"ചക്ഷുർയസ്യ തവാനനാദപഗതം
നാഭൂത് ക്വചിന്നിർവൃതം
യേനൈഷാ സതതം ത്വദേകശയനം
വക്ഷഃസ്ഥലീ കല്പിതാ
യേനോദ്ഭാസിതയാ വിനാ ബത! ജഗ–
ച്ഛൂന്യം ക്ഷണാജ്ജായതേ
സോയം ദംഭധൃതവ്രതഃ പ്രിയതമേ!
കർത്തും കിമപ്യുദ്യതഃ."

(*താപസവത്സരാജം,* 4. 21. ആരുടെ കണ്ണ് നിന്റെ മുഖത്തുനിന്നു വിട്ട് മറ്റൊരിടത്തും നിർവൃതി കൈക്കൊണ്ടില്ലയോ, ഈ മാറിടം എപ്പോഴും നിന്റെ മാത്രം കിടപ്പിടമായി ആർ കണക്കാക്കിയോ, നീയില്ലെങ്കിൽ ക്ഷണനേരംകൊണ്ട് ഈ ലോകമാകെ ശൂന്യമാകുമെന്ന് ആര് കരുതിയോ, ആ ഈയുള്ളവൻ കപടവ്രതം ധരിച്ചവനായി പ്രിയതമേ! ഒന്ന് ചെയ്യാൻ ഒരുമ്പെട്ടുകളഞ്ഞു.) ഉദയനൻ രണ്ടാം വിവാഹം കഴിക്കുക എന്ന കടുംകൈ ചെയ്യാനൊരുങ്ങിയതിനെ 'കിമപി' എന്ന് സംവൃതമാക്കിയിരിക്കുന്നു. അതുകൊണ്ടുളവായ മനോഹാരിത അവാച്യംതന്നെ. മറ്റൊരുദാഹരണം:

"മുടിയിൽ കൊതി ചേർത്തു പുത്രനെ–
ജ്ജടിയാക്കും ചിലർ" (*ചിന്താവിഷ്ടയായ സീത,* 83)

ഇവിടെ 'ചിലർ' എന്നതുകൊണ്ട് ദശരഥനെയാണുദ്ദേശിച്ചത്. അദ്ദേഹം ചെയ്ത പാതകത്തെ നേരിട്ടങ്ങനെ വെളിപ്പെടുത്താൻ മടിക്കുകയാണ് സീത. അതിനാൽ സംവൃതിവക്രത.

*വക്രോക്തിജീവിത*ത്തിൽ നിർദേശിച്ചതിലുമപ്പുറം സംവൃതിവക്രതയ്ക്ക് വ്യാപ്തിയുള്ളതായി കാണാം.

"അമ്മ സമാശ്വസിപ്പിച്ചു പെൺകുട്ടികൾ–
ക്കമ്മട്ടിലുണ്ടൊരു കർമം കുഞ്ഞേ!" ("കിളിക്കൊഞ്ചൽ")

ഈ വരികളിലെ "അമ്മട്ടിലുള്ള കർമം" ഒന്നാന്തരം സംവൃതിവക്രതയത്രേ. വിവാഹത്തെയാണല്ലോ അതിലൂടെ മറച്ചുവെച്ചിരിക്കുന്നത്. കുട്ടിക്കു മനസ്സിലാകത്തക്ക വിധത്തിൽ അങ്ങനെയേ അതിനെ



അവതരിപ്പിക്കാനും പറ്റൂ.

**പദമധ്യാന്തർഭൂതപ്രത്യയവക്രത**

പദമധ്യത്തിൽ ഏതെങ്കിലും കൃദാദിപ്രത്യയം സ്വന്തം ഉത്കർഷം കൊണ്ട് പ്രസ്തുതവസ്തുവിന്റെ ഔചിത്യം പരിപോഷിപ്പിക്കുന്നതും പദപൂർവാർധവക്രതയിൽ പെടുന്നു. "വേല്ലദ്ബലാകാ ഘനാഃ" (വെള്ളിൽപ്പറവകൾ ഇളകിപ്പറക്കുന്ന മേഘങ്ങൾ), "സ്നിഹ്യത്കടാക്ഷേ ദൃശൗ" (സ്നേഹമൂറുന്ന കടാക്ഷങ്ങളോടുകൂടിയ കണ്ണുകൾ) എന്നിവ ഉദാഹരണം. "സുഭഗമ്മന്യഭാവഃ" (സുഭഗനാണെന്ന ഭാവം) മുമാദ്യാഗമംകൊണ്ടുളവാകുന്ന സന്നിവേശകാന്തി ഈ വക്രതാഭേദംകൊണ്ടു വരുന്നതത്രേ.

മലയാളത്തിൽ ഇത്തരം പ്രയോഗങ്ങൾ അധികമുണ്ടാവില്ല. എങ്കിലും സംസ്കൃതപദങ്ങൾ ധാരാളം മലയാളകൃതികളിൽ വരുന്നതുകൊണ്ട് ഉദാഹരണങ്ങൾ കണ്ടെത്താൻ പ്രയാസമില്ല.

"ഈവണ്ണം പലതോതി,യാധിശിഖിയാലുൾക്കാമ്പു കത്തിഗ്ഗളദ്–
വ്യാവദ്ഗസ്വരയായ് സ്വയം ധര കരഞ്ഞീടുന്നു നിസ്സംശയം."

(*പ്രരോദനം,* 8)

"തൻ പ്രജ്ഞ തൻ സ്ഥിരതയാലൊരു ഭാവഭേദം
സംപ്രസ്ഫുരദ്വദനതാരിലിയന്നിടാതെ"

(*ബന്ധനസ്ഥനായ അനിരുദ്ധൻ,* 33)

എന്നിവയിലെ "ഗളദ്വ്യാവദ്ഗസ്വര" (കണ്ഠത്തിൽ ഇടറുന്ന ശബ്ദങ്ങളോടുകൂടിയവൾ), "സംപ്രസ്ഫുരദ്വദനതാര്" (ഏറ്റവും പ്രസന്നമായ മുഖപുഷ്പം) എന്നീ പ്രയോഗങ്ങൾ നോക്കുക.

**വൃത്തിവൈചിത്ര്യവക്രത**

വ്യാകരണപ്രസിദ്ധമായ സമാസ–തദ്ധിത–സുബ്ധാതുരൂപമായ ചില വിചിത്രങ്ങളായ വൃത്തികളെ സ്വീകരിക്കുന്നതിലൂടെ കവികൾ പ്രദർശിപ്പിക്കുന്ന കാമനീയകവിശേഷം വൃത്തിവൈചിത്ര്യവക്രത. സമാസവൈചിത്ര്യവക്രതയ്ക്കുദാഹരണം:

"*മധ്യേങ്കുരം* പല്ലവാഃ" (*വിദ്ധസാലഭഞ്ജിക* – പൊടിപ്പുകളുടെ നടുവിലെ തളിരുകൾ),

"മെച്ചമാർന്ന ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും" (*നളിനി,* 86)

മധ്യേങ്കുരം, ചെറുമാല, കൊച്ചുവാർമുടി എന്നീ സമാസങ്ങളുടെ വൈചിത്ര്യം ശ്രദ്ധേയം.

"കൊണ്ടാടി നാനാവിചിന്തനവസ്തുക്കൾ
കൊണ്ടാത്മഭാഷയെ വായ്പിക്കായ്കിൽ

കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറെ?" (വള്ളത്തോൾ – "എന്റെ ഭാഷ", 5)

നാനാവിചിന്തനതന്തുക്കൾ, ആത്മഭാഷ എന്നീ സംസ്കൃതപദങ്ങൾ കലർന്ന സമാസങ്ങളും ഇരുൾക്കുണ്ട്, പിടിക്കയർ എന്ന തനിമലയാളപദങ്ങൾ കോർത്തുണ്ടാക്കിയ സമാസങ്ങളും അടുത്തടുത്തു നിർത്തി വൈചിത്ര്യം വരുത്തിയതിലെ വക്രതാസൗന്ദര്യം എത്രതന്നെ ആസ്വാദ്യമല്ല!

തദ്ധിതവൃത്തിവൈചിത്ര്യവക്രതയ്ക്കുദാഹരണം:

"പാണ്ഡിമ്നി മഗ്നം വപുഃ" (*വിദ്ധസാലഭഞ്ജിക,* 2. 21. വെണ്മയിൽ മുങ്ങിയ ഉടൽ). മറ്റുദാഹരണങ്ങൾ:

"മഴവില്ലു പിഴിഞ്ഞെടുത്ത സത്താ–
മഴകേ" (വള്ളത്തോൾ – "ഒരരിപ്പിറാവ്", 21)

അരിപ്പിറാവിനെ "അഴകേ" എന്നു സംബോധന ചെയ്യുകയാണ്. ഇവിടത്തെ വൈചിത്ര്യം വക്രതാമനോജ്ഞം.

"കാളിമ കാളും നഭസ്സെയുമ്മവെക്കും വെണ്മനോജ്ഞ–
മാളിക" (*കരുണ*)

'കാളിമ' എന്ന തദ്ധിതത്തെ ഇവിടെ വക്രതാസുന്ദരമായി പ്രയോഗിച്ചിരിക്കുന്നു. കറുപ്പും വെളുപ്പും തമ്മിൽ സമ്മേളിച്ചതാണിവിടത്തെ വൈചിത്ര്യം.

സുബ്ധാതുവൃത്തിവൈചിത്ര്യവക്രതയ്ക്കുദാഹരണം:

"കാന്തത്വീയതി സിംഹളീമുഖരുചാം
ചൂർണാഭിഷേകോല്ലസ–
ല്ലാവണ്യാമൃതവാഹിനിർഝരജുഷാ–
മാചാന്തിഭിശ്ചന്ദ്രമാഃ
യേനാപാനമഹോത്സവവ്യതികരേ–
ഷ്വേകാതപത്രായതേ
ദേവസ്യ ത്രിദശാധിപാവധി ജഗ–
ജ്ജിഷ്ണോർമനോജന്മനഃ."

(ചൂർണാഭിഷേകംകൊണ്ടുല്ലസിക്കുന്ന സൗന്ദര്യാമൃതമൊഴുകുന്ന പുഴകളെ സേവിക്കുന്ന സിംഹളികളുടെ മുഖസൗന്ദര്യത്തിന്റെ ആചമനങ്ങളാൽ ചന്ദ്രൻ കാന്തിമാനായിത്തീരുന്നു. ആ കാന്തിമത്വംകൊണ്ട് ദേവേന്ദ്രന്റേതുവരെയുള്ള ലോകത്തെ ജയിക്കാൻ കൊതിക്കുന്ന കാമദേവന്റെ പാനോത്സവങ്ങളിൽ ചന്ദ്രൻ അദ്വിതീയമായ വെൺകൊറ്റക്കുടയായി വർത്തിക്കുന്നു.) ഇവിടെ സുബ്ധാതുവൃത്തിക്കുപുറമെ സമാസവൃത്തിയും വക്രതാവൈചിത്ര്യമുളവാക്കുന്നതായിക്കാണാം. 'കാന്തത്വീയതി' (കാന്തിമാനായിത്തീരുന്നു), 'ഏകാതപത്രായതേ' (വെൺകൊറ്റക്കുടയായി വർത്തിക്കുന്നു) എന്നിവയാണ് സുബ്ധാതുവൃത്തിപ്രയോഗങ്ങൾ. മറ്റുദാഹരണങ്ങൾ:



"ഒരു വേള പഴക്കമേറിയാ–
ലിരുളും മെല്ലെ വെളിച്ചമായ് വരാം;
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പ്പു താനുമേ."
(*ചിന്താവിഷ്ടയായ സീത,* 31)

കയ്പ്പ് മധുരിക്കാമെന്ന വിചിത്രമായ പ്രയോഗം സഹൃദയഹൃദയാഹ്ലാദകമാണ്. മധുരിക്കുക എന്ന സുബ്(നാമ)ധാതുവൃത്തിയുടെ വക്രതായുക്തമായ പ്രയോഗമാണിവിടെ ചമത്കാരാസ്പദം.

"നീലക്കാർവർണന്റെ പുഞ്ചിരിപ്പാൽക്കുഴ–
മ്പോലും തിരുമുഖം ധ്യാനിക്കയും
വീരനപ്പാൽവെണ്ണക്കള്ളനെങ്ങെന്നു പേർ–
ത്താരാഞ്ഞുകൊൾകയും ചെയ്യുമ്പോലെ
നേത്രമിമച്ചുമിഴിക്കുന്നു, ദോഹന–
പാത്രത്തിൻവക്കത്തിപ്പാൽപ്പതകൾ.
("അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", 16)

ഇമയ്ക്കുക, മിഴിക്കുക എന്ന രണ്ടു നാമധാതുക്കളെ ഏറ്റവും മനോഹരമായ രീതിയിൽ വക്രതാവിചിത്രമായി പ്രയോഗിച്ചിരിക്കയാണിവിടെ.

**ഭാവവൈചിത്ര്യവക്രത**

സാധ്യരൂപത്തിൽ ആവിഷ്കരിക്കപ്പെടാത്ത പ്രസ്തുതമായ അർഥത്തിന് ദുർബലമായ പരിപോഷമേ ഉണ്ടാകുന്നുള്ളൂ എന്നതിനാൽ സിദ്ധരൂപത്തിൽ ആവിഷ്കരിക്കുന്നതിലൂടെ പ്രകൃതാർഥം പരിപോഷിക്കുന്നിടത്ത് ഭാവവൈചിത്ര്യവക്രത. ഉദാഹരണം:

"ശ്വാസായാസമലീമസാധരരുചേർദോഃകന്ദളീതാനവാത്
കേയൂരായിതമംഗദൈഃ പരിണതം പാണ്ഡിമ്നി ഗണ്ഡത്വിഷാ
അസ്യാഃ കിഞ്ച വിലോചനോത്പലയുഗേനാത്യന്തമശ്രുസ്രുതാ
താരം താദൃഗപാംഗയോരരുണിതം യേനോത്പ്രതാപഃ സ്മരഃ."

(ചുടുനെടുവീർപ്പുകൊണ്ട് ധൂമിലമായ അധരശോഭയോടുകൂടിയ ഇവളുടെ ഭുജലതയുടെ മെലിവു നിമിത്തം തോൾവളകൾ കൈവളകളെപ്പോലെയായിത്തീർന്നു. കവിളിന്റെ ഭംഗി വിളർപ്പിൽ മുങ്ങി; മാത്ര

മല്ല, കൺനീലത്താമരയിണയിലൂടെയുള്ള കണ്ണീരൊഴുക്കിനാൽ, കാമദേവൻ വർധിതപ്രതാപനാകുമാറ്, കടക്കണ്ണുകൾ ഏറ്റം അരുണിമയാർന്നു.) ഈ പദ്യത്തിൽ ഭാവത്തിന്റെ – ക്രിയയുടെ – സിദ്ധരൂപമായ പ്രതിപാദനത്താൽ ഏറെ ചമത്കാരം കൈവന്നിരിക്കുന്നു.

മലയാളത്തിൽനിന്നു വള്ളത്തോളിന്റെ,

"ഉല്ലാസിതഭ്രുകുടിയായ് ഭൃഗുമുഖ്യനെന്തെ–
ന്നില്ലാത്തൊരീ പ്രഥമമായ പരാഭവത്താൽ;
വല്ലായ് ദേവകൾ പെടുത്തുവതും ക്ഷമിപ്പൊ–
ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവരക്തം!"

(*ശിഷ്യനും മകനും,* 2. 15)

എന്ന ശ്ലോകത്തിന്റെ ഉത്തരാർധം ഉദാഹരണമാക്കാമെന്നു തോന്നുന്നു. അടിമഭാരതം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഭരണം പൊറുക്കാൻ പോകുന്നില്ലെന്ന ആശയം വ്യഞ്ജിപ്പിക്കുന്നതിന് സിദ്ധരൂപത്തിൽ ക്രിയയെ പ്രതിപാദിച്ചിരിക്കുന്നത് ഉചിതമായിട്ടുണ്ട്.

**ലിംഗവൈചിത്ര്യവക്രത**

പും–സ്ത്രീ–നപുംസകലിംഗങ്ങളുടെ വിശിഷ്ടപ്രയോഗംകൊണ്ട് കാവ്യത്തിനു രമണീയതയുളവാക്കുന്നത് ലിംഗവൈചിത്ര്യവക്രത. ഇത് മൂന്നു വിധം. ഭിന്നലിംഗങ്ങളായ ശബ്ദങ്ങളെ വൈചിത്ര്യത്തിനുവേണ്ടി സമാനാധികരണമായി പ്രയോഗിച്ചാൽ ഒരുതരം ലിംഗവൈചിത്ര്യവക്രത. ഉദാഹരണം:

"മൈഥിലീ തസ്യ ദാരാഃ" (ബാലരാമായണം, 3. 17. സീത അദ്ദേഹത്തിന്റെ ഭാര്യയാണ്.) ഇവിടെ മൈഥിലീ – സ്ത്രീലിംഗം; ദാരാഃ – പുല്ലിംഗബഹുവചനം.

"നാമൈവ സ്ത്രീതി പേശലം" (*വക്രോക്തിജീവിതം,* 2. 22) എന്ന ന്യായമനുസരിച്ച് മറ്റു ലിംഗങ്ങളിലും പ്രയോഗമുണ്ടെങ്കിലും സൗകുമാര്യത്തിനുവേണ്ടി കവികൾ സ്ത്രീലിംഗം പ്രയോഗിക്കാറുണ്ട്. ഇത് മറ്റൊരു തരം ലിംഗവൈചിത്ര്യവക്രതയാണ്. ഉദാഹരണം: "തടീ താരം താമ്യതി" (തീരം ഏറെ സന്തപ്തമാകുന്നു) തടഃ, തടീ. തടം എന്നിങ്ങനെ തടശബ്ദം മൂന്നു ലിംഗത്തിലുമാവാം. എന്നിട്ടും ഇവിടെ 'തടീ' എന്നു സ്ത്രീലിംഗത്തിൽ പ്രയോഗിച്ചത് സൗന്ദര്യവർധകമായിരിക്കുന്നു. ഈ ലിംഗവൈചിത്ര്യവക്രതാഭേദവും തനിമലയാളത്തിൽ വരില്ല. മൂന്നു ലിംഗങ്ങളിലും പ്രയോഗമുണ്ടായിട്ടും വർണ്യൗചിത്യാനുസാരം അതിലൊരു ലിംഗത്തിൽ മാത്രം ശോഭാർഥം പ്രയോഗിക്കുന്നത് മൂന്നാമത്തെ ലിംഗവൈചിത്ര്യവക്രത. ഉദാഹരണം:

"ത്വം രക്ഷസാ ഭീരു! യതോപനീതാ
തം മാർഗമേതാഃ കൃപയാ ലതാ മേ
അദർശയൻ വക്തുമശക്നുവത്യഃ
ശാഖാഭിരാവർജിതപല്ലവാഭിഃ.
മൃഗ്യശ്ച ദർഭാങ്കുരനിർവ്യപേക്ഷാ–
സ്തവാഗതിജ്ഞം സമബോധയൻ മാം
വ്യാപാരയന്ത്യോ ദിശി ദക്ഷിണസ്യാ–
മുത്പക്ഷ്മരാജീനി വിലോചനാനി."



(*രഘുവംശം,* 13. 24–25. ഭയശീലേ! നിന്നെ അരക്കൻ ഏതുവഴി കവർന്നു കൊണ്ടുപോയോ, ആ വഴി വാക്കുകൊണ്ട് പറഞ്ഞറിയിക്കാൻ വയ്യാത്ത ഈ വള്ളികൾ തളിരണിഞ്ഞ ശാഖകൾ ചൂണ്ടി അനുകമ്പാപൂർവം എനിക്കു വഴി കാട്ടിത്തന്നു. മാൻപേടകളും ദർഭമുളകളിൽ മനസ്സു വെക്കാതെ, തെക്കേ ദിക്കിലേക്ക് ഇമരോമങ്ങളുയർന്ന കൺകൾ പായിച്ചുകൊണ്ട് നീ പോയ വഴിയറിയാതെ ഉഴലുന്ന എന്നെ അതറിയിച്ചു.) എന്നീ ശ്ലോകങ്ങളിൽ സീതാന്വേഷണവ്യഗ്രനായി അലഞ്ഞുനടക്കുന്ന രാമന് വൃക്ഷലതാദികളും മൃഗങ്ങളും വഴി കാട്ടിക്കൊടുത്തത് വിവരിക്കേ, വൃക്ഷാദികൾക്കും മൃഗങ്ങൾക്കും മറ്റു ലിംഗങ്ങളാവാമായിരുന്നിട്ടും സ്ത്രീലിംഗംതന്നെ മഹാകവി പ്രയോഗിച്ചിരിക്കുന്നു. അത്തരം ദയനീയരംഗങ്ങളിൽ സഹതാപാർദ്രകളായ സ്ത്രീകളാണ് സ്വാഭാവികമായും സഹായഹസ്തം നീട്ടുക എന്നു ദ്യോതിപ്പിക്കുകയാണിവിടെ.

ഇതിന് മലയാളത്തിൽ *നളിനി*യിൽനിന്ന് ഒരു പദ്യം ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

"ആഗതർക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമസ്സരോജിനി
യോഗിയേ വശഗനാക്കി, ഭൂ–
ഭാഗഭംഗികൾ ഹരിക്കുമാരെയും." (10)

താമരപ്പൊയ്ക എന്നർഥത്തിലുള്ള ഏതെങ്കിലും നപുംസകലിംഗപദങ്ങൾ പ്രയോഗിക്കാമായിരുന്നിട്ടും, സരോജിനി എന്ന സ്ത്രീലിംഗപദം കവി പ്രയോഗിച്ചത് ബോധപൂർവംതന്നെയായിരിക്കണം. "ആഗതർക്ക് വിഹഗസ്വരങ്ങളാൽ സ്വാഗതം പറയുന്ന ആ സരോജിനി"യിലൂടെ നളിനിയുടെ ദിവാകരാഭിമുഖമായ സ്വാഗതാശംസ നൽകിയിരിക്കുകയാണ്. സരോജിനി എന്ന സ്ത്രീലിംഗപ്രയോഗമില്ലാതിരുന്നെങ്കിൽ ഈ വ്യംഗ്യഭംഗി സിദ്ധിക്കുമായിരുന്നില്ല. ആനുഷംഗികമായി ചൂണ്ടിക്കാണിക്കട്ടെ, ഈ വ്യംഗ്യത്തെ കവി രമ്യഭൂഭാഗഭംഗികൾ ഹരിക്കുമാരെയും എന്ന സാമാന്യോക്തിയിലൂടെ, ഒരു തര

രത്തിൽ, തിരസ്കരിക്കുകയാണ്. കേവലം പൊയ്ക മാത്രമാണത് എന്നാണല്ലോ ഇതിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. ഒന്നാന്തരം വ്യംഗ്യ കാവ്യത്തെ ഗുണീഭൂതവ്യംഗ്യമാക്കി ചുരുക്കിക്കളയുകയാണിവിടെ.

**ക്രിയാവൈചിത്ര്യവക്രത**

നാമപൂർവമായ പദപൂർവാർധത്തിനു വരുന്ന ഏഴു ഭേദങ്ങളെയാണ് നാം വിവരിച്ചത്. ക്രിയാരൂപമായ പദപൂർവാർധത്തിന്റെ വക്രതയ്ക്ക് ക്രിയാവൈചിത്ര്യവക്രത എന്നു പേർ. ഇതിന് അഞ്ച് ഉൾപ്പിരിവുകളാണ് കുന്തകൻ നിർദേശിക്കുന്നത്.

കർത്തൃകാരകത്തിന്റെ ക്രിയയോടുള്ള അത്യന്തമായ അന്തരംഗത്വം ആദ്യത്തെ ക്രിയാവൈചിത്ര്യവക്രതാഭേദം. ഉദാഹരണം:

"ക്രീഢാരസേന രഹസി സ്മിതപൂർവമിന്ദോർ–
രേഖാം വികൃഷ്യ വിനിബധ്യ ച മൂർധ്നി ഗൗര്യാ
'കിം ശോഭിതാഹമനയേ'തി ശശാങ്കമൗലേഃ
പൃഷ്ടസ്യ പാതു പരിചുംബനമുത്തരം വഃ."

(ഏകാന്തത്തിൽ ക്രീഡാരസത്താൽ പുഞ്ചിരിയോടെ പിടിച്ച് വലിച്ചെടുത്ത് തലയിൽ ചൂടിക്കൊണ്ട് ഗൗരി "ഇവളെക്കൊണ്ട് ഞാൻ ശോഭിക്കപ്പെട്ടിട്ടില്ലേ?" എന്നു ചോദിച്ചപ്പോൾ ചന്ദ്രമൗലി – ശിവൻ – നൽകിയ ഉത്തരമായ പരിചുംബനം നിങ്ങളെ രക്ഷിക്കട്ടെ.) ഇവിടത്തെ ചുംബനക്രിയാവൈചിത്ര്യവക്രത അനുഭവവേദ്യമാണല്ലോ. മറ്റൊരുദാഹരണം:

"തുടർന്നുതുടർന്നൊരേ വരിയായ് പന്തൽക്കുള്ളിൽ
കടന്നാക്കരിമെയ്യ,രെഴുത്ത് തെരിയാത്തോർ,
തങ്ങളെക്കൊണ്ടങ്ങൊരു കറുത്ത വരയിട്ടാർ
മങ്ങിയ സത്സ്വാതന്ത്ര്യക്കുറിപ്പിൻ ചുവട്ടിൽത്താൻ."
(വള്ളത്തോൾ – *എന്റെ പ്രയാഗസ്നാനം,* 3)

1928–ൽ കൽക്കത്താകോൺഗ്രസ്സിൽ പങ്കെടുത്ത പൂർണസ്വാതന്ത്ര്യപ്രഖ്യാപനംതന്നെ വേണമെന്നു പത്തുപന്തീരായിരം തൊഴിലാളികൾ പൂർണസ്വാതന്ത്ര്യപ്രഖ്യാപനംതന്നെ വേണമെന്നു വാദിച്ച ഉത്പതിഷ്ണുക്കൾക്ക് പിൻബലം നൽകിയതിനെ സൂചിപ്പിച്ചെഴുതിയ "മങ്ങിയ സത്സ്വാതന്ത്ര്യക്കുറിപ്പിൻ ചുവട്ടിൽത്താൻ തങ്ങളെക്കൊണ്ടങ്ങൊരു കറുത്ത വരയിട്ടാർ" എന്ന ക്രിയാപ്രയോഗം വൈചിത്ര്യസുന്ദരമായിട്ടുണ്ട്. 'കറുത്ത വരയിടുക' എന്ന ശൈലിയിലൂടെ തെളിഞ്ഞുവിളങ്ങുന്ന ക്രിയാവൈചിത്ര്യവക്രത അനുഭവൈകവേദ്യം.

കർത്രന്തരവിചിത്രത്വമാണ് രണ്ടാമത്തെ പ്രഭേദം. മറ്റു കർത്താക്കളെ അപേക്ഷിച്ച് വിചിത്രസ്വരൂപമായ ക്രിയയെ സമ്പാദിക്കുന്നത്



ക്രിയാവൈചിത്ര്യം. ഉദാഹരണം:

"സ്വേച്ഛാകേസരിണഃ സ്വച്ഛസ്വച്ഛായായാസിതേന്ദവഃ
ത്രായന്താം വോ മധുരിപോഃ പ്രസന്നാർത്തിച്ഛിദോ നഖാഃ."

(സ്വേച്ഛാകേസരിയായ മധുരിപുവിന്റെ – പരനിർബന്ധം കൂടാതെ അവതരിച്ച നരസിംഹമൂർത്തിയുടെ – നിർമലങ്ങളും സ്വന്തം കാന്തികൊണ്ട് ബാലചന്ദ്രന് ആയാസം നൽകുന്നവയും ശരണാഗതരുടെ ദുഃഖം പിളർക്കുന്നവയുമായ നഖങ്ങൾ നിങ്ങളെ രക്ഷിക്കട്ടെ) എന്ന ശ്ലോകത്തിൽ ശരണാഗതദുഃഖച്ഛേദനരൂപമായ ക്രിയ ചെയ്യുന്നുവെന്നു കല്പിച്ചതിൽ വൈചിത്ര്യം. വേറെ ഉദാഹരണം:

"പല്ലവം പോലുള്ള രണ്ടിളം കൈകൾ വ–
ന്നുല്ലസല്ലീലമായ് തല്ലുകയും
വെണ്മുലപ്പാൽനിര ചിന്നിച്ചിതറി ന–
ല്ലമ്മയാമന്നദിക്കാർദ്രനെഞ്ചിൽ." ("കർമഭൂമിയുടെ പിഞ്ചുകാൽ", 3)

ഇളംകൈകളുടെ തല്ലലും ആർദ്രനെഞ്ചിൽ വെണ്മുലപ്പാൽനിര ചിന്നിച്ചിതറലും കർത്രന്തരവിചിത്രമായ ക്രിയകൾതന്നെ.

സ്വന്തം വിശേഷണവൈചിത്ര്യംകൊണ്ടുള്ള ക്രിയാവൈചിത്ര്യം മൂന്നാമത്തെ പ്രഭേദം. ഉദാഹരണം:

"ഇത്യുദ്ഗതേ ശശിനി പേശലകാന്തിദൂതീ–
സല്ലാപസംവലിതലോചനമാനസാഭിഃ
അഗ്രാഹി മണ്ഡനവിധിർവിപരീതഭൂഷാ–
വിന്യാസഹാസിതസഖീജനമംഗനാഭിഃ."

(ഇപ്രകാരം ചന്ദ്രോദയത്തിനുശേഷം സുകുമാരസുന്ദരികളായ ദൂതികളുടെ മനോഹരവചനങ്ങളിൽ മുഴുകിയ കണ്ണും മനസ്സുമാർന്ന സ്ത്രീകൾ വിപരീതമായി അലങ്കാരങ്ങൾ അണിഞ്ഞതുകാരണം സഖികളുടെ പരിഹാസത്തിനു പാത്രമായ അലങ്കാരവിധാനം സ്വീകരിച്ചു.) മറ്റുദാഹരണം:

"പൂനിലാവിനാൽ വെള്ളി പൂശിയ തിരുമുറ്റം
പാൽനറും കടൽപോലെ വിളങ്ങീ ചുഴലവും;
അമ്പലം വലംവെക്കുന്നവർതൻ ധൗതാംബര–
ത്തുമ്പുകൾ കാറ്റത്തുലഞ്ഞലകളതിൽ ചേർത്തൂ!"
("ഭക്തിയും വിഭക്തിയും", 3)

ഇവിടെ ക്രിയകളുടെ വിശേഷണങ്ങൾ ഗുരുവായൂർക്ഷേത്രാന്തരീക്ഷത്തിന്നുചിതമായ രീതിയിൽ വൈചിത്ര്യം പൂണ്ട് ക്രിയാവൈചിത്ര്യത്തിനു വഴി തെളിക്കുന്നു.

ഉപചാരമനോജ്ഞത നാലാമത്തെ ക്രിയാവൈചിത്ര്യവക്രതാപ്രഭേ

ദം. ഉദാഹരണം:

"തരന്തീവാംഗാനി സ്ഖലദമലലാവണ്യജലധൗ
പ്രഥിമ്നഃ പ്രാഗല്ഭ്യം സ്തനജഘനമുന്മുദ്രയതി ച
ദൃശോർലീലാരംഭാഃ സ്ഫുടമപവദന്തേ സരളതാ–
മഹോ! സാരംഗാക്ഷ്യാസ്തരുണിമനി ഗാഢഃ പരിചയഃ."

(*സദുക്തികർണാമൃതം,* 2. 11. അഹോ! ഈ മാൻകണ്ണിയുടെ യൗവനാവസ്ഥയിൽ ഗാഢമായ പ്രണയം തോന്നുകയാണ്. എന്തെന്നാൽ അവയവങ്ങൾ ചഞ്ചലവും നിർമലവുമായ സൗന്ദര്യസമുദ്രത്തിൽ നീന്തുന്നതുപോലെ; മുലകളും അരക്കെട്ടും സ്ഥൂലതയുടെ സാമർഥ്യം വ്യക്തമാക്കുന്നതുപോലെ; കണ്ണിണയുടെ ലീലാവിലാസങ്ങൾ സാരള്യത്തെ സ്പഷ്ടമായി നിന്ദിക്കുന്നതുപോലെ.) മറ്റുദാഹരണം:

"പുടം വരണ്ടു വറ്റിയ പോള പണിപ്പെട്ടു ചെറ്റു
വിയർത്തും കണ്ണിലവന്റെ കാന്തി വീഴവേ,
അവൾതൻ പാണ്ഡുമുഖത്തിലന്തിവിണ്ണിലെന്നപോലെ–
യെവിടുന്നോ ചാടിയെത്തി രക്തരേഖകൾ." (*കരുണ*)

കർമാദികാരകങ്ങളെ വർണ്യൗചിത്യാനുസാരം സാതിശയപ്രതീതിക്കുവേണ്ടി മറച്ചുപിടിക്കുന്നത് അഞ്ചാമത്തെ ക്രിയാവൈചിത്ര്യവക്രതാപ്രഭേദം. ഉദാഹരണം:

"നേത്രാന്തരേ മധുരമർപ്പയതീവ കിഞ്ചിത്,
കർണാന്തരേ കഥയതീവ കമപ്യപൂർവം,
അന്തഃ സമുല്ലിഖതി കിഞ്ചിദിവായതാക്ഷ്യാ
രാഗാലസേ മനസി രമ്യപദാർഥലക്ഷ്മീ."

(കാരണത്തിൽ കാര്യത്തിന്റെ ഉപചാരം വരുന്നതിലൂടെ കർമാദികളെ മറച്ചുപിടിക്കുന്നതിനുദാഹരണമാണിത്. പദ്യത്തിന്റെ അർഥം: കണ്ണിനുള്ളിൽ മധുരമായ എന്തോ ഒന്ന് അർപ്പിക്കുന്നതുപോലെ; കാതിനരികിൽ അപൂർവമായ എന്തോ ഒന്ന് പറയുന്നതുപോലെ; സുന്ദരിയുടെ രമണീയവസ്തുശോഭ രാഗാലസമായ എന്റെ മനസ്സിൽ എന്തോ ഒന്ന് കുറിച്ചിടുന്നതുപോലെ!) ഇവിടെ അനുഭവൈകവേദ്യതയാൾ അവാച്യമായ എന്തോ ഒന്ന് സാതിശയമായി കർമത്തെ പുഷ്ടിപ്പെടുത്തുന്ന ക്രിയകൾ അനിർവചനീയമായ വക്രഭാവമുളവാക്കുന്നു. ഉപചാരമനോജ്ഞതയുമുണ്ടിവിടെ. വേറെ ഉദാഹരണം:

"നിലയെന്നിയെ ദേവിയാൾക്കകേ–
ത്തലതല്ലുന്നൊരു ചിന്തയാം കടൽ



പല ഭാവമണച്ചു മെല്ലെ നിർ–
മലമാം ചാരുകവിൾത്തടങ്ങളിൽ." (*ചിന്താവിഷ്ടയായ സീത,* 10)

പല ഭാവം എന്നത് ഒരു തരത്തിലുള്ള മറച്ചുപിടിക്കൽ തന്നെയാണ്. ഉപചാരസൗന്ദര്യവും ഇവിടെ സുതരാം ദൃശ്യമാണ്.

കുന്തകൻ വിവരിച്ചതിനു പുറമെ ചില ക്രിയവൈചിത്ര്യവക്രതാഭേദങ്ങൾ കൂടി ചൂണ്ടിക്കാട്ടാന് കഴിയും.

"സ്കന്ദൻ തദാ പുഞ്ചിരിയിട്ടു, നന്ദി
കൺചിമ്മി, വീശീ ഗദ വീരഭദ്രൻ,
വീർപ്പൊന്നു വിട്ടൂ രുരു, കൈ തിരുമ്മീ
കുണ്ഡോദരൻ, നാവു കടിച്ചു ചണ്ഡൻ."
(*ശിഷ്യനും മകനും,* 3. 7)

ഒരൊറ്റ സംഭവത്തോടുള്ള പലരുടെ പ്രതികരണങ്ങൾ വൈചിത്ര്യമാർന്ന ക്രിയാവിശേഷങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നതാണിവിടെ വക്രതാനിദാനം.

"പകർന്നൂ ഭാവം പെട്ടെന്നക്കാലരുദ്രാകാര,–
ന്നുതിർന്നൂ മിഴിയിൽനിന്നെരിതീപ്പൊരി മേന്മേൽ,
വളഞ്ഞൂ പുരികങ്ങൾ, ചുളിഞ്ഞൂ വാർനെറ്റിത്ത–
ട്ടിളകീലിലയു,മങ്ങടങ്ങീ കാറ്റെമ്പാടും!" (*അച്ഛനും മകളും*)

മകൾ ഭർത്തൃപരിത്യക്തയാണെന്നറിഞ്ഞപ്പോഴത്തെ വിശ്വാമിത്രന്റെ ഭാവമാറ്റം വർണിക്കുന്ന ഈ വരികളിൽ ക്രിയകൾ ആദ്യം തൊടുത്തുവെച്ച് അവയുടെ പ്രാധാന്യാധിക്യം വ്യഞ്ജിപ്പിച്ചിരിക്കുന്നത് വക്രതാസ്പദം.

"സുതർ മാമുനിയോടയോധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീത പോയ്
സ്ഥിതി ചെയ്താളുടജാന്തവാടിയിൽ." (*ചിന്താവിഷ്ടയായ സീത,* 1)

ഗതരാവുക, അതിചിന്ത വഹിക്കുക, സ്ഥിതി ചെയ്യുക എന്നിങ്ങനെ സംസ്കൃതാനുസൃതക്രിയകൾ തുടരെ പ്രയോഗിച്ച് ഇതിഹാസാന്തരീക്ഷം സൃഷ്ടിച്ചത് ഇവിടെ വക്രത കൈവരുത്തിയിരിക്കുന്നു.

**3. പദപരാർധവക്രത**

പ്രത്യയാശ്രയവക്രത എന്നും ഇതിനു പേരുണ്ട്. ഇത് കാല–കാരക–സംഖ്യാ–പുരുഷ– ഉപഗ്രഹഭേദേന പല വിധം.

**കാലവൈചിത്ര്യവക്രത**

വൈയാകരണാദിപ്രസിദ്ധമായ ലട്, ലുട് മുതലായ കാലപ്രത്യയങ്ങളെ ഔചിത്യവർധകമായി നിബന്ധിച്ചാൽ കാലവൈചിത്ര്യവക്ര

ത. ഉദാഹരണം:

"സമവിഷമനിർവിശേഷാഃ സമന്തതോ മന്ദമന്ദഞ്ചാരാഃ
അചിരാദ് ഭവിഷ്യന്തി പന്ഥാനോ മനോരഥാനാമപി ദുർലംഘ്യാഃ."

(ചുറ്റിലും നിരപ്പും നിരപ്പുകേടുമില്ലാതെ പതുക്കെ സഞ്ചരിക്കാവുന്ന മാർഗങ്ങൾ താമസിയാതെ മനോരഥങ്ങൾക്കുപോലും ദുർലംഘ്യങ്ങളായി ഭവിക്കും.) ഇവിടെ വിരഹിയായ നായകന്റെ ആശങ്കാകുലതയെ കൂടുതൽ വെളിപ്പെടുത്താൻ ഭാവികാലപ്രയോഗം ഉപകരിക്കുന്നു.

"മൃഗപക്ഷികളോടു ചേർന്നുടൻ
ഭൃഗുവിൽ പ്രേതസമം നടന്നിടും;
അകലത്തിലുമാളു കാൺകിലാ
വികലാത്മാ വിടുമപ്പൊഴാ സ്ഥലം." (*ലീല,* 2. 17)

എന്ന പദ്യത്തിൽ നടന്നിടും, വിടും എന്നീ ക്രിയകളിലെ ഭാവികാലപ്രത്യയങ്ങൾ ഭാവികാലത്തെയല്ല സൂചിപ്പിക്കുന്നത്. ഭൂതകാലത്തെയാണ്. രസപുഷ്ടിവർധകമായ ഈ പ്രയോഗം കാലവൈചിത്ര്യവക്രതയ്ക്കാസ്പദമാണ്.

**കാരകവൈചിത്ര്യവക്രത**

ഭംഗീഭണിതികൊണ്ട് അപൂർവരമണീയത പരിപോഷിപ്പിക്കുന്നതിനുവേണ്ടി കാരകങ്ങൾ മാറ്റി പ്രയോഗിക്കുന്നിടത്ത് കാരകവൈചിത്ര്യവക്രത. പ്രധാനകാരകത്തെ അപ്രധാനമായും, മറിച്ചും, കവികൾ പ്രയോഗിക്കാറുണ്ട്. ഉദാഹരണം:

"സ്തനദ്വന്ദ്വം മന്ദം സ്നപയതി ബലാദ് ബാഷ്പനിവഹോ;
ഹഠാദന്തഃകണ്ഠം ലുഠതി സരസഃ പഞ്ചമരവഃ;
ശരജ്ജ്യോത്സ്നാപാണ്ഡുഃ പതതി ച കപോലഃ കരതലേ
ന ജാനീമസ്തസ്യാഃ ക ഇവ ഹി വികാരവ്യതികരഃ."

(ധാരയായി ഒഴുകുന്ന കണ്ണുനീർത്തുള്ളികൾ മുലയിണയെ മെല്ലെ മെല്ലെ കുളിപ്പിക്കുന്നു; സരസമായി പഞ്ചമസ്വനം കണ്ഠത്തിനുള്ളിൽ ഇടറുന്നു; ശാരദനിലാവിനെപ്പോലെ വെണ്മ പൂണ്ട കവിൾത്തടം കൈത്തലത്തിൽ വീഴുകയും ചെയ്യുന്നു – അവളുടെ വികാരങ്ങളുടെ അവസ്ഥ എന്തെന്നെനിക്കറിഞ്ഞുകൂടാ.) കണ്ണീർത്തുള്ളികളും മറ്റും അചേതനങ്ങളെങ്കിലും ചേതനത്വം അധ്യാരോപിച്ച് കവി അവയെ കർത്തൃകാരകത്തിൽ പ്രയോഗിച്ചിരിക്കുന്നത് സഹൃദയഹൃദയാഹ്ലാദകമായിട്ടുണ്ട്.

ഇതുപോലെ,



"ക്ഷോണി കന്ദരനിരുദ്ധകണ്ഠയായ്
കേണിതാ മുറയിടുന്നു കേൾക്ക നീ" (*നളിനി,* 160)

എന്നും

"അവനു തനയയായ് ജനിച്ചുപോ–
ലവികലമാനുഷരൂപമാധുരി" (*ലീല,* 1. 7)

എന്നുമുള്ള പദ്യഭാഗങ്ങൾ കാരകവൈചിത്ര്യവക്രതയ്ക്കുദാഹരണങ്ങളാണ്.

**സംഖ്യാവൈചിത്ര്യവക്രത**

വൈചിത്ര്യത്തിനുവേണ്ടി കവികൾ ചിലപ്പോൾ വചനം മാറ്റി പ്രയോഗിക്കും. അത്തരം സന്ദർഭങ്ങൾ സംഖ്യാവൈചിത്ര്യവക്രതയക്കുദാഹരണങ്ങത്രേ. ഏകവചനമോ ദ്വിവചനമോ പ്രയോഗിക്കേണ്ടിടത്ത് മറ്റു വചനങ്ങൾ പ്രയോഗിക്കുന്നതും ഭിന്നവചനങ്ങളിലുള്ള പദങ്ങളെ സമാനാധികരണങ്ങളായി പ്രയോഗിക്കുന്നതും കാണാം. ഉദാഹരണം:

"കപോലേ പത്രാളീ കരതലനിരോധേന മൃദിതാ
നിപീതോ നിശ്വാസൈരയമമൃതഹൃദ്യോऽധരരസഃ
മുഹുഃ കണ്ഠേ ലഗ്നസ്തരളയതി ബാഷ്പഃ സ്തനതടീം
പ്രിയോ മന്യുർജാതസ്തവ നിരനുരോധേ! ന തു വയം."

(*അമരുകശതകം,* 85. നിന്റെ കവിളിലെ പത്തിക്കീറ്റ് കൈത്തലംകൊണ്ടു മറച്ചുപിടിച്ചതിനാൽ മാഞ്ഞുപോയിരിക്കുന്നു; അമൃതസുന്ദരമായ ഈ അധരരസത്തെ നെടുവീർപ്പുകൾ നുകർന്നിരിക്കുന്നു; വീണ്ടും, തൊണ്ടയിൽ തടയപ്പെട്ട കണ്ണീർ മുലത്തടത്തെ ആർദ്രമാക്കുന്നു. അല്ലയോ പരാങ്മുഖീ, ഇപ്രകാരം കോപമാണ് നിന്റെ പ്രിയനായിരിക്കുന്നത്; നാമല്ല.) ഇവിടെ ഞാൻ എന്ന ഏകവചനത്തിനു പകരം നാം എന്ന് ബഹുവചനം പ്രയോഗിച്ചിരിക്കുന്നു. വളരെ അടുപ്പമില്ലെന്നു സൂചിപ്പിക്കാൻ, ഔദാസീന്യപ്രതീതി ജനിപ്പിക്കാൻ, ബഹുവചനപ്രയോഗത്തിനു സാധിക്കുന്നു. വേറെ ഉദാഹരണങ്ങൾ:

"മകളേ, നീ പോന്നതു ഭംഗിയായി,
സകലമറിഞ്ഞു നാം കാര്യം, ഭദ്രേ!" (*ചണ്ഡാലഭിക്ഷുകി*)

എന്നിടത്ത് ബുദ്ധൻ ഞാൻ എന്നു പറയേണ്ടിടത്ത് നാം എന്നു പറഞ്ഞിരിക്കുന്നു. പൂജകബഹുവചനശൈലിയാണിത്.

"ദാരങ്ങൾതൻ പരമദീനത കാൺകയാല–
ദ്ധീരന്നഭൂതചരധൈര്യലയം പിണഞ്ഞു."

(*ബന്ധനസ്ഥനായ അനിരുദ്ധൻ,* 46)

'ഭാര്യ' എന്ന ഏകവചനാർഥത്തിൽ 'ദാരങ്ങൾ' എന്ന് ബഹുവചനം. വിശേഷണ–വിശേഷ്യങ്ങൾക്ക് വചനപ്പൊരുത്തം ദീക്ഷിക്കാതിരിക്കുന്നതിന് ഉദാഹരണം:

"ഫുല്ലേന്ദീവരലോചനാനി നയനേ, പാണീ സരോജാകരാഃ."

(*താപസവത്സരാജം.* വിടർന്ന നീലത്താമരകളാണ് കണ്ണിണ; ഇരുകൈയുകൾ താമരക്കുളങ്ങളത്രേ.) കാനനേ, സരോജാകരൗ എന്നിങ്ങനെയേ നിയമപ്രകാരം പാടുള്ളൂ. ആ ബഹുവചനപ്രയോഗങ്ങൾകൊണ്ട് നിറഞ്ഞുവഴിയുന്ന നായികാസൗന്ദര്യധോരണി ധ്വനിപ്പിച്ചിരിക്കയാണ്.

ഇതിന് തനിമലയാളത്തിൽ ഉദാഹരണങ്ങളില്ല.

**പുരുഷവൈചിത്ര്യവക്രത**

വൈചിത്ര്യത്തിനുവേണ്ടി താൻ, അന്യൻ എന്ന അർഥത്തിലുള്ള പദങ്ങൾ വിപരീതമായി പ്രയോഗിക്കുന്നിടത്ത് പുരുഷവൈചിത്ര്യവക്രത. ഉത്തമപുരുഷനോ മധ്യമപുരുഷനോ വേണ്ടിടത്ത് പ്രഥമപുരുഷൻ പ്രയോഗിക്കുന്നതും മറ്റും ഇതിൽ പെടുന്നു. ഉദാഹരണം:

"അയം ജനഃ പ്രഷ്ടുമനാസ്തപധനേ,
ന ചേദ് രഹസ്യം പ്രതിവക്തുമർഹസി."

(*കുമാരസംഭവം,* 5. 40. ഈയുള്ളവൻ, തപസ്വിനീ, ഒന്നു ചോദിക്കാൻ വിചാരിക്കുന്നു. രഹസ്യമല്ലെങ്കിൽ മറുപടി പറഞ്ഞാൽ കൊള്ളാം.) എന്നിടത്ത് ബ്രഹ്മചാരി പാർവതിയോട് 'ഞാൻ' എന്നു പറയേണ്ടതിനു പകരം 'ഈയുള്ളവൻ' എന്നാണ് പറയുന്നത്. ഉദാസീനത വ്യഞ്ജിക്കുന്നു.

"വക്തും നോത്സഹതേ മനഃ പരമതോ ജാനാതു ദേവീ സ്വയം."

(ഇതിനപ്പുറം പറയാൻ മനസ്സിനു കഴിയുന്നില്ല; ദേവി സ്വയം അറിഞ്ഞാലും) എന്നിടത്ത് മധ്യമപുരുഷന്നു പകരം ദേവി എന്നു പ്രാതിപദികം മാത്രം പ്രയോഗിച്ചിരിക്കുന്നു. ഔദാസീന്യം സൂചിപ്പിക്കുക തന്നെ ലക്ഷ്യം. വേറെ ഉദാഹരണം:

"അങ്ങനെയൊക്കെയായാലും തിരുമേനി–
യങ്ങുപോയിപ്പോൾ കുളിച്ചുകൂടാ.
തേക്കൊട്ടയൊന്നു നിറച്ചു തണ്ണീർ ചാത്തൻ
തൂക്കിവരാം നാളെയന്തിയായാൽ." (*ദുരവസ്ഥ*)

ചാത്തൻ സാവിത്രിയോടു പറകയാണ്. 'നീ' (നിങ്ങൾ) എന്നു പറയുന്നതിനു പകരം 'തിരുമേനി' എന്നും 'ഞാൻ' എന്നതിനു പകരം



'ചാത്തൻ' എന്നും പറഞ്ഞിരിക്കയാണ്. വിനയാധിക്യം വ്യഞ്ജിക്കപ്പെടുന്നു.

"അത്തത്തയെന്തസത്താണമ്മേ, രാമൻ വ–
ന്നമ്മതൻ കുഞ്ഞിനെ വേൾക്കുമത്രേ!" ("കിളിക്കൊഞ്ചൽ", 20)

സീതക്കുട്ടി 'എന്നെ' എന്നു പറയുന്നതിനു പകരം 'അമ്മതൻ കുഞ്ഞിനെ' എന്നാണ് പറയുന്നതിവിടെ. ഉത്തമപുരുഷന്റെ സ്ഥാനത്ത് പ്രഥമപുരുഷൻ. ശിശുസഹജമായ സംഭാഷണരീതി വ്യക്തമാക്കുകയാണ് ലക്ഷ്യം.

**ഉപഗ്രഹവൈചിത്ര്യവക്രത**

ആത്മനേപദ–പരസ്മൈപദങ്ങളെയാണ് ഉപഗ്രഹങ്ങളെന്നു പറയുന്നത്. വർണ്യവസ്തുവിന്റെ ഔചിത്യസൗന്ദര്യം പ്രതിപാദിക്കുന്നതിനുവേണ്ടി ആത്മനേപദ–പരസ്മൈപദങ്ങളിലൊന്ന് പ്രയോഗിക്കുന്നിടത്ത് ഉപഗ്രഹവൈചിത്ര്യവക്രത. ഉദാഹരണം:

"തസ്യാപരേഷ്വപി മൃഗേഷു ശരാന്മുമുക്ഷോഃ
കർണാന്തമേത്യ ബിഭിദേ നിബിഡോപി മുഷ്ടിഃ
ത്രാസാതിമാത്രചടുലൈഃ സ്മരയത്സു നേത്രൈഃ
പ്രൗഢപ്രിയാനയനവിഭ്രമചേഷ്ടിതാനി."

(*രഘുവംശം,* 9. 58. ഭയം പൂണ്ട് അത്യന്തം ചഞ്ചലമായ കണ്ണുകൾകൊണ്ട് പ്രൗഢപ്രിയാനയനവിഭ്രമചേഷ്ടിതങ്ങളെ അനുസ്മരിപ്പിക്കുന്ന മറ്റു മാനുകളിലും അമ്പു തൊടുക്കാനാഗ്രഹിക്കുന്ന അദ്ദേഹത്തിന്റെ കൈപ്പിടി മുറുകിയതെങ്കിലും കാതുവരെ ചെന്ന് അയഞ്ഞുപോയി.) 'മുഷ്ടിഃ ബിഭിദേ' എന്നിങ്ങനെ ആത്മനേപദപ്രയോഗം. കൈപ്പിടി താനേ അയഞ്ഞുപോയി എന്ന പ്രതീതി ഉളവാക്കിക്കൊണ്ട് സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്നു.

ഈ വക്രത മലയളത്തിൽ പ്രസക്തമല്ല.

**പ്രത്യയവിഹിതപ്രത്യയവക്രത**

തിങ് മുതലായ പ്രത്യയങ്ങൾകൊണ്ടു വിധിക്കപ്പെട്ട മറ്റു പ്രത്യയങ്ങൾക്കും ഇതുപോലെ വക്രത വരാം. "വന്ദേ ദ്വാവപി താവഹം കവിവരൗ വന്ദേതരാം തം പുനഃ" (ഞാൻ ആ രണ്ടു കവിവരന്മാരെയും വന്ദിക്കുന്നു; അദ്ദേഹത്തെ വീണ്ടും ഏറ്റവും വന്ദിക്കുന്നു.) എന്നിടത്തെ 'വന്ദേതരാം' ഇതിനുദാഹരണം. (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച ഇതിന്റെ ഒന്നാം പതിപ്പിൽ മലയാളത്തിൽ നിന്നുള്ള ഉദാഹരണമായി വള്ളത്തോളിന്റെ "വിജയിപ്പൂതാക" എന്ന കവിതയിൽനിന്ന് "വിജയിപ്പൂതാക നീ... " എന്ന ഈരടി

തെറ്റായി കൊടുത്തിരുന്നു. 'താക' എന്നത് ഈ വക്രതയ്ക്കുദാഹരണമായി കൊടുത്തത് അതുകൊണ്ടാണ്. "വിജയിപ്പൂത് + ആക" എന്നാണവിടെ പിരിച്ചുപറയേണ്ടത്.

**ഉപസർഗനിപാതജനിതപദവക്രത**

ഉപസർഗങ്ങളും നിപാതങ്ങളും രസാദികളെ ദ്യോതിപ്പിക്കുന്നതിനുവേണ്ടി വൈചിത്ര്യപൂർവം പ്രയോഗിക്കുന്നിടത്ത് ഉപസർനിപാതജനിതപദവക്രത. ഉദാഹരണം:

"വൈദേഹീ തു കഥം ഭവിഷ്യതി ഹഹാ ഹാ! ദേവി! ധീരാ ഭവ." (എന്നാൽ വൈദേഹിയുടെ അവസ്ഥ എങ്ങനെയായിരിക്കുമോ ആവോ! ഹാ! ദേവി ധീരയായിരിക്കുക.) എന്നും

"മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമം
മുഖമംസവിവർത്തി പക്ഷ്മളാക്ഷ്യാഃ
കഥമപ്യുന്നമിതം ന ചുംബിതം തു."

(*അഭിജ്ഞാനശാകുന്തളം,* 3. 20. പലപാട് വിരൽകൊണ്ടു ചുണ്ടു പൊത്തിയും അരുതെന്ന് അരുമയായി ഉരിയാടിയും ചുമലിലേക്കു തിരിച്ച മയ്ക്കണ്ണാളുടെ മുഖത്തെ ഒരുവിധം പൊങ്ങിച്ചിട്ടും ചുംബിക്കാൻ പറ്റിയില്ല.) എന്നുള്ളിടങ്ങളിലെ 'തു'ശബ്ദം.

"ഏകാന്താദ്വയശാന്തിഭൂവിനു നമസ്കാരം നമസ്കാരമേ." (*പ്രരോദനം,* 147) എന്നിടത്തെ 'ഏ',

"ഭൂരിജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ,
ദൂരദർശനകൃശങ്ങൾ കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ." (*നളിനി,* 7)

എന്ന പദ്യത്തിലെ 'തേ',

"അഹഹ! സ്മൃതിവായു ഹൃത്തിലെ–
ദ്ദഹനജ്വാല വളർത്തി വീണ്ടുമേ
സഹസാ പുടപാകരീതിയായ്
നിഹനിപ്പൂ ഹതമെന്റെ ജീവിതം" (*ചിന്താവിഷ്ടയായ സീത,* 84)

എന്ന ശ്ലോകത്തിലെ 'നിഹനിപ്പൂ' എന്ന ക്രിയയില 'നി' എന്ന ഉപസർഗം മുതലായവ ഈ വക്രതയ്ക്കുദാഹരണങ്ങളാണ്.

"കാവ്യം സുഗേയം, കഥ രാഘവീയം,
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ,
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;–
ലാനന്ദലബ്ധിക്കിനിയെന്തു വേണം?" ("ഒരു തോണിയാത്ര", 28)



എന്നിടത്തെ 'ചൊല്ലുന്നതോ' എന്നതിലെ 'ഓ'

"ചിൽക്കുഴമ്പായ് മുനിലോകം നുകരുമാ–
ത്തൃക്കുഴലൂത്തിന്റെ തൂമാധുര്യം
നിൻചാരുവെണ്മണൽത്തിട്ടിനെക്കേവലം
പഞ്ചാരക്കുന്നു പോലാക്കുന്നല്ലോ!"

("അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", 6)

എന്ന വരികളിലുള്ള 'തൃക്കുഴലൂത്തി'ലെ 'തൃ', 'തൂമാധുര്യ'ത്തിലെ 'തൂ' എന്നിവയും ഉദാഹരണങ്ങളുടെ കൂട്ടത്തിൽ ചേർക്കാം.

ഇങ്ങനെ ആദ്യത്തെ മൂന്നു വക്രതകളെ സപ്രഭേദം വിവരിച്ച ശേഷം ഇവ പലതും ഒരേ പദ്യത്തിൽ കലർന്നുവന്ന് അത്യന്തം വിചിത്രമായൊരു കാവ്യപ്രപഞ്ചം വിടർത്തുമെന്നു പറഞ്ഞുകൊണ്ട് കുന്തകൻ പ്രസ്തുതപ്രകരണം ഉപസംഹരിക്കുന്നു.

**4. വാക്യവക്രത**

*വക്രോക്തിജീവിതം* മൂന്നാമുന്മേഷത്തിൽ വാക്യവക്രത സപ്രപഞ്ചം വിശദീകരിക്കുന്നു. അതിന് ആമുഖമായി വസ്തുവൈചിത്ര്യവക്രത വിവരിക്കുന്നു. വസ്തുവൈചിത്ര്യവക്രത രണ്ടുവിധം: പൂർണമായും വവക്ഷിതാർഥപ്രതിപാദകസമർഥങ്ങളും അനേകപ്രകാരവക്രതാവിശിഷ്ടങ്ങളുമായ ശബ്ദങ്ങൾകൊണ്ട് അത്യന്തരമണീയസ്വാഭാവികധർമയുക്തമായ വസ്തു വർണിക്കപ്പെടുന്നത് വസ്തുവൈചിത്ര്യവക്രത. ഇത്തരം സന്ദർഭങ്ങളിൽ സ്വാഭാവികസൗകുമാര്യപ്രാധാന്യേന വർണിക്കപ്പെടുന്ന വസ്തുവിനെ മറയ്ക്കുമോ എന്ന ഭയംകൊണ്ട് കവികൾ ധാരാളമായി അലങ്കാരങ്ങൾ പ്രയോഗിക്കാറില്ല. പ്രയോഗിക്കുന്നുണ്ടെങ്കിൽത്തന്നെ സ്വാഭാവികസൗകുമാര്യത്തെ ഒന്നുകൂടി വെളിപ്പെടുത്താനാണ്; അലങ്കാരവൈചിത്ര്യം കാട്ടാനല്ല. ഇതാണ് വസ്തുവൈചിത്ര്യവക്രതയുടെ പ്രഥമഭേദം. മറ്റേത്, ശക്തിയുടെയും വ്യുൽപ്പത്തിയുടെയും പരിപാകംകൊണ്ടുള്ള പ്രൗഢകുശലതയാൽ സുശോഭിതമായ വസ്തുവിന്റെ രചനയാകുന്നു. അതുകൊണ്ട് വിഷയത്തിന് എന്തെന്നില്ലാത്ത ഉൽക്കർഷപ്രകർഷം സിദ്ധിക്കുന്നു.

ഇപ്രകാരം, വർണ്യവസ്തുവിന് സഹജം, ആഹാര്യം (കൃത്രിമം) എന്നിങ്ങനെ രണ്ടുതരത്തിൽ വക്രത സംഭവിക്കുന്നു. വസ്തുവിന്റെ സഹജവക്രത രസാദിപരിപുഷ്ടിക്കുതകുന്ന അതിന്റെ സ്വാഭാവികസൗന്ദര്യമാണ്. ആഹാര്യവക്രതയാകട്ടെ, അലങ്കാരവൈചിത്ര്യമുണ്ടാക്കുന്നു.

സുകുമാരാദിമാർഗങ്ങളിൽ കാണപ്പെടുന്ന വക്രരൂപശബ്ദാർഗു

ണാലങ്കാരസമ്പത്തിൽനിന്ന് ഭിന്നമായി അപൂർവമായൊരഭിധാസർവ സ്വമായനുഭവപ്പെടുന്ന കവികൗശലത്തെ വാക്യവൈചിത്ര്യവക്രത എന്നു പറയുന്നു. ചിത്രത്തിന് ഫലകം പോലുള്ള ഉപകരണങ്ങളിൽനിന്നു ഭിന്നമായി സകലപ്രകൃതപദാർഥജീവിതമായി ചിത്രകാര കൗശലം പ്രത്യേകമായി പ്രാധാന്യത്തോടെ ഉദ്ഭാസിക്കുന്നതുപോലെയാണ് ഇതും എന്നു താല്പര്യം. ഈ ആശയം കുന്തകൻ രണ്ടു കാരികകളിലൂടെ വെളിപ്പെടുത്തുന്നു:

"മാർഗസ്ഥവക്രശബ്ദാർഥഗുണാലങ്കാരസമ്പദഃ
അന്യദ് വാക്യസ്യ വക്രത്വം തഥാഭിഹിതജീവിതം
മനോജ്ഞഫലകോല്ലേഖവർണച്ഛായാശ്രിയഃ പൃഥക്
ചിത്രസ്യേവ മനോഹാരി കർത്തുഃ കിമപി കൗശലം."
(*വക്രോക്തിജീവിതം,* 3. 3–4)

വാക്യവക്രതയിൽ അലങ്കാരങ്ങളെ മുഴുവൻ ഉൾക്കൊള്ളിച്ചിരിക്കുന്നു. പൂർവാചാര്യന്മാർ അംഗീകരിച്ച പല അലങ്കാരങ്ങളെയും കുന്തകൻ തിരസ്കരിച്ചിട്ടുണ്ട്. ഇരുപതലങ്കാരങ്ങളേ സ്വീകരിക്കുന്നുള്ളൂ. രസവത്, ദീപകം, രൂപകം, അപ്രസ്തുതപ്രശംസ, പര്യായോക്തം, വ്യാജസ്തുതി, ഉത്പ്രേക്ഷ, അതിശയോക്തി, ഉപമ, ശ്ലേഷം, വ്യതിരേകം, വിരോധം, ദൃഷ്ടാന്തം, അർഥാന്തരന്യാസം, ആക്ഷേപം, വിഭാവന, സസന്ദേഹം, അപഹ്നുതി, സംസൃഷ്ടി, സങ്കരം എന്നിവയാണവ. ഇവയ്ക്ക് പൂർവാചാര്യന്മാർ നൽകിയ ലക്ഷണങ്ങളെല്ലാം ഖണ്ഡിച്ച് പുതിയ ലക്ഷണങ്ങൾ ചെയ്തിരിക്കുന്നു. സർവാലങ്കാര ജീവിതമായ രസവദലങ്കാരം കാവ്യൈകസാരമാകുന്നതെങ്ങനെയെന്നാണ് ആദ്യം ചർച്ച ചെയ്യുന്നത്.

**1. രസവത്**

"രസേന വർത്തതേ തുല്യം രസവത്വവിധാനതഃ
യോലങ്കാരഃ സ രസവത് തദ്വിദാഹ്ലാദനിർമിതേഃ."

(3. 16. സരസത്വസമ്പാദനംകൊണ്ടും സഹൃദയഹൃദയാഹ്ലാദകാരിത്വം കൊണ്ടും രസത്തിനു തുല്യമായ രൂപകാദിയായ അലങ്കാരം രസവദലങ്കാരമാകുന്നു). രസം കാവ്യത്തിന് രസവത്വത്തെയും സഹൃദയാഹ്ലാദകത്വത്തെയും ഉളവാക്കുന്നതുപോലെ ഉപമ മുതലായ അലങ്കാരങ്ങൾ ഈ രണ്ടും നിർവഹിച്ചുകൊണ്ട് രസവദലങ്കാരമായിത്തീരുന്നു. ഉദാഹരണം: "അസാരം സംസാരം പരിമുഷിതരത്നം ത്രിഭുവനം" ഇത്യാദി മുൻപുദ്ധരിച്ച പദ്യം. ഇവിടെ "അനുഷ്ഠിക്കാൻ മുതിർന്ന" കർത്താവ് സംസാരാദികളുടെ അസാരത്വപ്രഭൃതികളായ ധർമങ്ങളെ



ഈ രണ്ടും നിർവഹിച്ചുകൊണ്ട് രസവദലങ്കാരമായിത്തീരുന്നുവെന്നർഥം. ഗുണീഭൂതവ്യംഗ്യങ്ങളായ അലങ്കാരങ്ങളെല്ലാം രസവദലങ്കാരമാവുമെന്നു ചുരുക്കം. ഉദാഹരണം:

"ഉപോഢരാഗേണ വിലോലതാരകം
തഥാ ഗൃഹീതം ശശിനാ നിശാമുഖം
യഥാ സമസ്തം തിമിരാംശുകം തയാ
പുരോപി രാഗാദ് ഗളിതം ന ലക്ഷിതം."

(വർധിച്ച രാഗത്തോടുകൂടിയ ചന്ദ്രൻ ഇളകുന്ന താരകങ്ങളോടുകൂടിയ രാത്രിയുടെ മുഖത്തെ, മുഴുവൻ ഇരുട്ടുവസ്ത്രവും മുൻപിനാലേ രാഗംകൊണ്ട് ഊർന്നുപോവുകയും അത് കാണപ്പെടാതിരിക്കുകയും ചെയ്യുമാറ്, ഗ്രഹിച്ചു.) രാഗം എന്നതിന് രാത്രിപക്ഷത്തിൽ ചുവപ്പെന്നും നായകപക്ഷത്തിൽ അനുരാഗമെന്നും, താരകത്തിന് രാത്രിപക്ഷത്തിൽ നക്ഷത്രമെന്നും നായികാപക്ഷത്തിൽ കൃഷ്ണമണിടെന്നും അർഥം. ഇവിടെ സ്വാവസരസുകുമാരസ്വരൂപങ്ങളായ നിശാശശികളുടെ വർണനമാണ് പ്രധാനവാക്യാർഥശരീരം. അതിന് കാന്തി കൂട്ടുവാൻ നായികാനായകവൃത്താന്തം ആരോപിച്ചുകൊണ്ടുള്ള രൂപകാലങ്കാരത്തെ കവി ഉപനിബന്ധിച്ചിരിക്കയാണ്. അത് ശ്ലേഷഭംഗി കലർന്ന വിശേഷണങ്ങളുടെ വക്രതകൊണ്ടും വിശിഷ്ടലിംഗസാമർഥ്യം കൊണ്ടും ഏറെ ശോഭമാനമായി കാവ്യത്തിന് സരസത്വവും സഹൃദയഹൃദയാഹ്ലാദകത്വവും ഉളവാക്കുന്നു. അങ്ങനെ ഇത് രസവദലങ്കാരത്തിന് നിദർശനമായി.

"ലാളിച്ചുപെറ്റ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി താരാ–
ട്ടാലാപമാർന്നു മലരേ! ദലമർമരങ്ങൾ." (*വീണപൂവ്*, 2)

എന്ന ശ്ലോകത്തെ മലയാളത്തിൽനിന്ന് ഉദാഹരിക്കാം. നീരസമായ പദാർഥങ്ങളെ സരസമാക്കുന്നതിന് രസവദലങ്കാരം ഉപകരിക്കുന്നു.

**2. ദീപകം**

"ഔചിത്യാവഹമമ്ലാനം തദ്വിദാഹ്ലാദകാരണം
അശക്തം ധർമമർഥാനാം ദീപയദ് വസ്തു ദീപകം."

(3. 17. ഔചിത്യയുക്തവും അമ്ലാനവും സഹൃദയാഹ്ലാദകരവും അപ്രകടവുമായ വർണ്യങ്ങളുടെ ധർമത്തെ പ്രകാശിപ്പിക്കുന്ന വസ്തു, അലങ്കാരം, ദീപകം.) അത് രണ്ടു വിധം. ഒന്ന് പലതിന്റ പ്രകാശകമാകുമ്പോൾ കേവലമെന്നും പലത് പലതിന്റെ പ്രകാശകമാകുമ്പോൾ പംക്തിസംസ്ഥമെന്നും. കേവലം – ഒറ്റയ്ക്ക് നിൽക്കുന്നത്. പംക്തി

സംസ്ഥം – പലതിന്റെ കൂട്ടത്തിൽ നിൽക്കുന്നത്. കേവലദീപകത്തിനുദാഹരണം: "അസാരം സംസാരം പരിമുഷിതരത്നം ത്രിഭുവനം" ഇത്യാദി മുൻപുദ്ധരിച്ച പദ്യം. ഇവിടെ "അനുഷ്ഠിക്കാൻ മുതിർന്ന" കർത്താവ് സംസാരാദികളുടെ അസാരത്വപ്രഭൃതികളായ ധർമങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് ദീപകമായിത്തീരുന്നു.

മലയാളത്തിൽനിന്ന് ഉദാഹരണം:

"യമുനയ്ക്കേറീ യശ,സ്സെത്തി സത്സംഗം ഗംഗ,–
യ്ക്കമലത്വത്തിൻ മുക്താസരമായ് സരസ്വതി,
ഗോമതി മതി നേടീ, സരയൂ സസാരയായ്,
സോമജ സോൽക്കർഷയായ്, ഗോദയ്ക്കു ഗുണം കൂടീ,
കാവേരി കാമം നേടീ, നിളയ്ക്കു നിത്യക്ഷേമം
കൈവന്നു, ക്ഷണം കൊണ്ട് പുണ്യപൂർണയായ് ചൂർണി,
സമ്പൂതയായീ പമ്പ, തെന്നാഴി ധന്യാത്മാവായ്,
സമ്പ്രതി സ്വജലത്തിൽ വീണ തദ്ഭസ്മത്തിനാൽ."

(വള്ളത്തോൾ – *ബാപ്പുജി,* 12)

പംക്തിസംസ്ഥദീപകത്തിനുദാഹരണം:

"കവികേസരീ വചനാനാം, മൗക്തികരത്നാനാമാദിവൈകടികഃ,
സ്ഥാനാത് സ്ഥാനം ജാനാതി കുസുമാനാം ച ജീർണമാലാകാരഃ."

(കവികേസരി പദങ്ങളുടെയും ആദിരത്നപരീക്ഷകൻ മൗക്തികരത്നങ്ങളുടെയും വയസ്സനായ മാലാകാരൻ പൂക്കളുടെയും സ്ഥാനവും അസ്ഥാനവും വേർതിരിച്ചറിയുന്നു.) ഇവിടെ മൂന്നു ദീപകങ്ങളാണെന്നത്രേ കുന്തകന്റെ മതം.

മറ്റൊരുദാഹരണം:

"ചന്ദ്രമയൂഖൈർനിശാ നളിനീ കമലൈഃ കുസുമഗുച്ഛൈർലതാ
ഹംസൈഃ ശാരദശോഭാ കാവ്യകഥാ സജ്ജനൈഃ ക്രിയതേ ഗുർവീ."

(ചന്ദ്രരശ്മികളാൽ രാത്രിയും താമരപ്പൂക്കളാൽ പൊയ്കയും പൂങ്കുലകളാൽ വള്ളിയും അരയന്നങ്ങളാൽ ശരത്കാലശോഭയും സജ്ജനങ്ങളാൽ കാവ്യകഥയും മഹത്വയുക്തമാക്കപ്പെടുന്നു.) ഇവിടെ ദീപകങ്ങളുടെ ഒരു പംക്തിയാണ് കാണപ്പെടുന്നത്.

**3. രൂപകം**

"ഉപചാരൈകസർവസ്വം യത്ര തത്സാമ്യമുദ്വഹൻ
യദർപ്പയതി രൂപം സ്വം വസ്തു തദ് രൂപകം വിദുഃ
വർണനീയസ്യ വിച്ഛിത്തേഃ കാരണം, വിവിധം സ്മൃതം –
സമസ്തവസ്തുവിഷയമേകദേശവിവർത്തി ച."

(3. 21–22. ഉപചാരം – ഒന്നിന്റെ മറ്റൊന്നിലുള്ള ആരോപം – സർവസ്വമായിട്ടുള്ള, വർണ്യത്തിന്റെ വിച്ഛിത്തിക്ക് നിമിത്തമായി – സാദൃശ്യം വഹിച്ചുകൊണ്ട് സ്വന്തം രൂപത്തെ മറ്റൊന്നിൽ അർപ്പിക്കുന്നത് രൂപകം. ഇത് രണ്ടുവിധം: സമസ്തവസ്തുവിഷയവും, ഏകദേശവിവർത്തിയും. ആദ്യത്തേതിന് ഉദാഹരണം:



"മൃദുതനുലതാവസന്തഃ സുന്ദരവദനേന്ദുസിതപക്ഷഃ
മന്മഥമാതംഗമദോ ജയത്യഹോ! തരുണതാരംഭഃ."

(അഹോ! മൃദുശരീരമാകുന്ന വള്ളിക്ക് വസന്തവും സുന്ദരമുഖമാകുന്ന ചന്ദ്രബിംബത്തിന് ശുക്ലപക്ഷവും കാമനാകുന്ന ഗജത്തിന് മദവുമായ യൗവനാരംഭം ജയിച്ചരുളുന്നു.)

മലയാളത്തിൽനിന്നുദാഹരണങ്ങൾ:

"ഇതിഹാസപുരാണസൽകഥാസ്രുതിയാൽ ജീവിതഭൂ നനച്ചിവർ
ചിതമായരുളുന്നു ചേതനാലതയിൽ പുഷ്പഫലങ്ങളാർക്കുമേ."

(*ചിന്താവിഷ്ടയായ സീത*, 67)

"മിന്നൽക്കാറുകളായ പൊന്നണിദ്വിപങ്ങളു–
മന്യൂനസ്തനിതമാം പടഹസ്വനവുമായ്
ഭാസമാനേന്ദ്രായുധതോരണം വർഷോത്സവം
ഭാർഗവക്ഷേത്രത്തിൽപ്പോലെങ്ങാനുമുണ്ടോ വേറെ?"

("മാതൃവന്ദനം")

ഈ വരികളിൽ സമസ്തവസ്തുവിഷയരൂപകത്തിനുപുറമെ, ശ്ലേഷം കൂടിയുണ്ട്. അഥവാ ശ്ലിഷ്ടമായ 'ക്ഷേത്ര'ശബ്ദമാണ് രൂപകത്തിലെ അന്ത്യഭാഗത്തിന്നാസ്പദംതന്നെ. രണ്ടാമത്തേതിന്നുദാഹരണം:

"ഹിമാചലസുതാവല്ലീഗാഢാലിംഗനമൂർത്തയേ
സംസാരമരുമാർഗൈകകല്പവൃക്ഷായ തേ നമഃ."

(പാർവതിയാകുന്ന ലതയെ മുറുകെപ്പുണരുന്ന, പ്രപഞ്ചജീവിതമാകുന്ന മരുഭൂമിയിലെ ഒരേയൊരു കല്പവൃക്ഷമായ അങ്ങയ്ക്കു നമസ്കാരം.)

മലയാളത്തിൽ നിന്ന്:

അനഘമധുമദാൽത്തുടുത്ത തൃക്കൺ–
മുനയെ മുദാ രമണന്റെ നേർക്കു നീട്ടി,
മനതളിർ കവരും മൃദുസ്മിതത്താൽ–
ത്തനതധരപ്പവിഴത്തിൽ മുത്തിണക്കി,
ഒരു കനകവിപഞ്ചിയെ, പ്രിയപ്പെ–
ട്ടൊരു നിജപുത്രിയെയെന്നപോലെ മന്ദം

തിരുമടിയിലെടുത്തുവെച്ചിടുന്നു
തരുണികൾമണിയായ തമ്പുരാട്ടി.
(വള്ളത്തോൾ – "ഒരു ഭാവന", 14–15)

**4. അപ്രസ്തുതപ്രശംസ**

"അപ്രസ്തുതോപി വിച്ഛിത്തിം പ്രസ്തുതസ്യാവതാരയൻ
പദാർഥോ വാഥ വാക്യാർഥഃ പ്രാപ്യതേ വർണനീയതാം
യത്ര തത്സാമ്യമാശ്രിത്യ സംബന്ധാന്തരമേവ വാ
അപ്രസ്തുതപ്രശംസേതി കഥിതാസാവലങ്കൃതിഃ.

(3. 25–26. പദാർഥമോ വാക്യാർഥമോ അപ്രസ്തുതമെങ്കിലും പ്രസ്തുതത്തിന് ശോഭയുളവാക്കിക്കൊണ്ട് സാദൃശ്യത്തെയോ മറ്റേതെങ്കിലും സംബന്ധത്തെയോ ആശ്രയിച്ച് വർണിക്കപ്പെടുന്നത് അപ്രസ്തുതപ്രശംസാലങ്കാരം.)

സാദൃശ്യാശ്രിതമായ വാക്യാന്തർഭൂതാപ്രസ്തുതപദാർഥപ്രശംസയ്ക്ക് ഉദാഹരണം:

"ലാവണ്യസിന്ധുരപരൈവ ഹി കേയമത്ര
യത്രോത്പലാനി ശശിനാ സഹ സംപ്ലവന്തേ
ഉന്മജ്ജതി ദ്വിരദകുംഭതടീ ച യത്ര
യത്രാപരേ കദളികാണ്ഡമൃണാളദണ്ഡാഃ."

(ഇവിടെ വേറെത്തന്നെയായ ഈ സൗന്ദര്യക്കടൽ ആരാണ്? ഇവിടെ താമരപ്പൂക്കൾ ചന്ദ്രനോട് കലർന്നുനിൽക്കുന്നു. ആനയുടെ മസ്തകം ഉയർന്നുപൊങ്ങുന്നു; വാഴത്തടികളും താമരത്തണ്ടുകളും വേറെത്തന്നെ.) സാദൃശ്യത്തെ ആശ്രയിച്ചുകൊണ്ട് ഈ പദ്യത്തിൽ വാക്കിനകത്തെ അപ്രസ്തുതപ്രശംസകൊണ്ട് കവിവിവക്ഷിതമായ മുഖ്യപദാർഥത്തിന്റെ പ്രതീതിയുണ്ടാവുന്നു. മറ്റുദാഹരണം:

"തുംഗതയേറുമാകാശത്തിനാൽ ഗിരി–
ശൃംഗങ്ങളിൽ ഭൂമി കൈനീട്ടുന്നു;
കുന്നിൻചരുവുകളിൽ വനവൃക്ഷത്തെ–
ച്ചെന്നു മുകിൽമാല ചുംബിക്കുന്നു.
എന്നല്ലയുപ്പേലുമബ്ധിയെപ്പുൽകുന്നു
നന്നദി മേളിച്ചഴിമുഖത്തിൽ." (*ദുരവസ്ഥ*)

സാവിത്രീ–ചാത്തന്മാരുടെ പ്രഥമസമാഗമമാണ് ഇവിടെ പ്രസ്തുതമെന്ന് ഓർക്കുക.

സകലവാക്യവ്യാപകമായ അപ്രസ്തുതപ്രശംസയ്ക്കുദാഹരണം:

"ഛായാ നാത്മന ഏവ യാ കഥമസാവന്യസ്യ നിഷ്പ്രഗ്രഹാ
ഗ്രീഷ്മോഷ്മാപദി ശീതളസ്തലഭുവി സ്പർശോനിലാദേഃ കുതഃ?
വാർത്താ വർഷശതേ ഗതേ കില ഫലം ഭാവീതി വാർത്തേവ സാ
ദ്രാഘിമ്ണാ മുഷിതാഃ കിയച്ചിരമഹോ താലേന ബാലാ വയം?"

(*സുഭാഷിതാവലി,* 821. തനിക്കുതന്നെ തണലില്ലാതെ എങ്ങനെയാണ് മറ്റുള്ളവർക്ക് അത് കൊടുക്കുന്നത്? ചോട്ടിൽ വേനൽച്ചൂടിന്റെ ആപത്തിൽ കാറ്റിന്റെ ശീതളസ്പർശം എങ്ങനെ കിട്ടാൻ? നൂറ്റാണ്ടു കഴിഞ്ഞാൽ കായുണ്ടാവുമെന്ന വാർത്ത വെറും ഭോഷ്ക്! നീളംകൊണ്ട് പന കുഞ്ഞുങ്ങളായ ഞങ്ങളെ എത്ര കാലമാണ് വഞ്ചിച്ചത്?) മലയാളത്തിൽനിന്ന്'

"തെളിയിച്ചു വിരക്തിയെന്നില–
ന്നൊളിവായ് ലങ്കയിൽ വെച്ചു, പിന്നെയും
ചെളിയിൽ പദമൂന്നിയെന്തിനോ
വെളിവായിക്കഴുകുന്നു രാഘവൻ?"
(*ചിന്താവിഷ്ടയായ സീത,* 86.)

സാദൃശ്യേതരസംബന്ധാശ്രിതമായ വാക്യാന്തർഭൂതപ്രസ്തുതപദാർഥപ്രശംസയ്ക്കുദാഹരണം:

"ഇന്ദുർലിപ്ത ഇവാഞ്ജനേന, ജഡിതാ
ദൃഷ്ടിർമൃഗീണാമിവ,
പ്രമ്ലാനാരുണിമേവ വിദ്രുമലതാ,
ശ്യാമേവ ഹേമപ്രഭാ,
കാർക്കശ്യം കലയാ ച കോകിലവധൂ–
കണ്ഠേഷ്വിവ പ്രസ്തുതം,
സീതായാഃ പുരതശ്ച ഹന്ത! ശിഖിനാം
ബർഹാഃ സഗർഹാ ഇവ."

(*ബാലരാമായണം,* 1. 42. സീതയുടെ മുൻപിൽ ചന്ദ്രൻ അഞ്ജനം തേച്ചപോലെ; മാൻപേടകളുടെ കണ്ണ് വെറുങ്ങലിച്ചപോലെ; പവിഴലത ചെമപ്പ് മങ്ങിയപോലെ; സ്വർണപ്രഭ കരുവാളിച്ചപോലെ; പെൺകുയിലുകളുടെ തൊണ്ടകളിൽ ഭാഗികമായി കാർക്കശ്യം കയറിയപോലെ. അഹോ! മയിലുകളുടെ പീലികൾ നിന്ദ്യങ്ങളെന്നപോലെ.) ഇവിടെ ചന്ദ്രൻ തൊട്ടുള്ള നിമിത്തികളുടെ മങ്ങൽ നിമിത്തം സീതയുടെ ശോഭാതിശയസൗകുമാര്യ മനോഹരങ്ങളായ മുഖാദ്യവയവങ്ങൾ പ്രകൃതത്തിന്റെ അംഗഭൂതങ്ങളായ മറ്റലങ്കാരങ്ങളുടെ സഹായത്തോടെ പ്രസ്തുത(സീത)പ്രശംസയെ സമർപ്പിച്ചുകൊണ്ട് ഉത്കർഷത്തോടെ പ്രതീയമാനമാവുന്നു. മലയാളത്തിൽനിന്ന് ഉദാഹരണം:

"സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളിനിൽക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം." (*നളിനി,* 35)

ഇവിടെ വ്യതിരേകഭംഗിയിലാണ് അപ്രസ്തുതപ്രശംസ എന്നു വിശേഷം.

സാദൃശ്യേതരസംബന്ധാശ്രിതമായ സകലവാക്യവ്യാപകാപ്രസ്തുതപ്രശംസയ്ക്കുദാഹരണം:

"പരാമൃശതി സായകം, ക്ഷിപതി ലോചനം കാർമുകേ,
വിലോകയതി വല്ലഭാസ്മിതസുധാർദ്രവക്ത്രം സ്മരഃ,
മധോഃ കിമപി ഭാഷതേ, ഭുവനനിർജയായാവനിം
ഗതോഹമിതി ഹർഷിതഃ സ്പൃശതി ഗാത്രലേഖാമഹോ!"

(കാമൻ ശരം തൊടുന്നു; വില്ലിൽ കൺനടുന്നു; പ്രിയതമയുടെ സ്മിതസുധാർദ്രമായ മുഖം നോക്കുന്നു; വസന്തനുമായി എന്തോ സംസാരിക്കുന്നു; ലോകമാകെ കീഴടക്കുന്നതിന് ഭൂമിയിൽ വന്നവനാണ് താനെന്ന ആഹ്ലാദം പൂണ്ട് യുവതിയുടെ ശരീരത്തിൽ സ്പർശിക്കുന്നു.) മറ്റു വിധത്തിൽ പറയാനാവാത്ത യുവതിയുടെ യൗവനാരംഭത്തെ അതിനു കാരണമായ അത്തരം കാമചേഷ്ടാതിശയത്തെ പറഞ്ഞുകൊണ്ട് പ്രതീതിഗോചരമായിത്തീർത്തിരിക്കുകയാണിവിടെ. മറ്റുദാഹരണം:

"തായ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പ്
യാതൊന്നിൽനിന്നോ മഴുവിന്നു കിട്ടി,
അശ്ശാഖിയെത്തന്നെയതാശു വെട്ടി–
വീഴ്ത്തുന്നു കാർത്തഘ്ന്യവിജൃംഭിതത്താൽ!"
(*ശിഷ്യനും മകനും,* 3. 16)

**5. പര്യായോക്തം**

"യദ് വാക്യാന്തരവക്തവ്യം തദന്യേന സമർപ്യതേ
യേനോപശോഭാനിഷ്പത്ത്യൈ പര്യായോക്തം തദുച്യതേ."

(3. 27. വിച്ഛിത്തിക്കുവേണ്ടി ഒരു വാക്യംകൊണ്ടു പറയേണ്ടത് മറ്റൊന്നുകൊണ്ടു പറയുന്നത് പര്യായോക്തം). പര്യായവക്രതയ്ക്കു വിഷയം പദം; ഇവിടെ വാക്യം എന്ന് ഇവ തമ്മിൽ ഭേദം. ഉദാഹരണം:

"ചക്രാഭിഘാതപ്രസഭാജ്ഞയൈവ
ചകാര യോ രാഹുവധൂജനസ്യ



ആലിംഗനോദ്ദാമവിലാസവന്ധ്യം
രതോത്സവം ചുംബനമാത്രശേഷം."

(വിഷ്ണു ചക്രാഘാതം എന്ന കൊടിയ ആജ്ഞയാൽ മാത്രം രാഹുവധുക്കളുടെ സുരതോത്സവത്തെ അദമ്യമായ വിലാസങ്ങൾ വെടിഞ്ഞ് ചുംബനങ്ങളിൽ മാത്രം ഒതുങ്ങുന്നതാക്കിച്ചെയ്തു.) വേറെ ഉദാഹരണം:

"നിർവാണനിധി കണ്ട മഹാസിദ്ധൻ
സർവലോകൈകവന്ദ്യൻ ദയാകുലൻ
ഗുർവധീശനനുഗ്രഹിക്കും നിന്നെ
പ്പർവചന്ദ്രവദനേ! ഞാൻ പോകുന്നു." (*ചണ്ഡാലഭിക്ഷുകി*)

ശ്രീബുദ്ധൻ എന്നു പറയേണ്ടതിനു പകരം "നിർവാണ...ഗുർവധീശൻ" എന്നു പറഞ്ഞിരിക്കുന്നു.

**6. വ്യാജസ്തുതി**

"യത്ര വാച്യതയാ നിന്ദാ വിച്ഛിത്ത്യൈ പ്രസ്തുതസ്യ വാ
സ്തുതിർവ്യംഗ്യതയാ ചൈവ വ്യാജസ്തുതിരസൗ മതാ."

(3.28. വാച്യമായി നിന്ദയും വ്യംഗ്യമായി സ്തുതിയും പ്രസ്തുതത്തിന്റെ വിച്ഛിത്തിക്കുവേണ്ടി ചെയ്യുന്നിടത്ത്, ഇപ്രകാരം രണ്ടു വിധത്തിലുള്ള, വ്യാജസ്തുതി എന്ന അലങ്കാരം.) ഉദാഹരണം:

"ഭൂഭാരോദ്വഹനായ ശേഷശിരസാം
സാർദ്ധേന സന്നഹ്യതേ
വിശ്വസ്യ സ്ഥിതയേ സ്വയം സ ഭഗവാൻ
ജാഗർത്തി ദേവോ ഹരിഃ
അദ്യാപ്യത്ര ച നാഭിമാനമസമം
രാജംസ്ത്വയാ തന്വതാ
വിശ്രാന്തിഃ ക്ഷണമേകമേവ നതയോർ–
ജാതേതി കോയം ക്രമഃ?"

(ഭൂമിയുടെ ഭാരം വഹിക്കുന്നതിന് അനന്തന്റെ ശിരസ്സുകൾ ഒരുങ്ങുന്നു. ലോകത്തിന്റെ നിലനിൽപ്പിനുവേണ്ടി ആ വിഷ്ണുഭഗവാൻ സ്വയം ഉറക്കമിളച്ചിരിക്കയാണ്. അല്ലയോ രാജാവേ! ഇന്നും ഇവിടെ അതുല്യമായ അഭിമാനത്തിനവകാശമില്ല. ഇവിടം ഭരിക്കുന്ന അങ്ങയെക്കൊണ്ട് ആ രണ്ടുപേർക്കും ഒരു നിമിഷംപോലും വിശ്രമമുണ്ടായിട്ടില്ല. എന്താണിതക്കെ?) "ഹേ ഹേലാജിതബോധിസത്വ", "നാമാപ്യന്യതരോഃ" മുതലായ പദ്യങ്ങളും ഉദാഹരിക്കാം. മലയാളത്തിൽ നിന്ന്:

"ഹാ! ജന്യസീമ്നി പല യോധഗണത്തെയൊറ്റ–

യ്ക്കോജസ്സുകൊണ്ടു വിമഥിച്ച യുവാവുതന്നെ
വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ–
രാജന്നെഴും സചിവപുംഗവ! മംഗളം തേ.
(*ബന്ധനസ്ഥനായ അനിരുദ്ധൻ*, 6)

"കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം?
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി–
യെന്നാലതും നൽകിയനുഗ്രഹിക്കാം" (*ശിഷ്യനും മകനും,* 3. 14)

**7. ഉത്പ്രേക്ഷ**

"സംഭാവനാനുമാനേന സാദൃശ്യേനോഭയേന വാ
നിർവർണ്യാതിശയോദ്രേകപ്രതിപാദനവാഞ്ഛയാ
വാച്യവാചകസാമർഥ്യാക്ഷിപ്തസ്വാർഥൈരിവാദിഭിഃ
തദിവേതി തദേവേതി വാദിഭിർവാചകം വിനാ
സമുല്ലിഖിതവാക്യാർഥവ്യതിരിക്താർഥയോജനം
ഉത്പ്രേക്ഷാ കാവ്യതത്വജ്ഞൈരലങ്കരണമുച്യതേ."

(3. 29–31. സംഭാവനാനുമാനം – സംഭാവ്യമാനമായ അർഥത്തിന്റെ അനുമാനം – കൊണ്ടോ, സാദൃശ്യം കൊണ്ടോ, രണ്ടും കൊണ്ടോ വർണ്യത്തിന്റെ ഉത്കർഷാതിശയം പ്രതിപാദിക്കാനുള്ള ആഗ്രഹം നിമിത്തം വാച്യവാചകസാമർഥ്യത്താൽ ആക്ഷിപ്തമായ സ്വാർഥ ത്തോടുകൂടിയ 'ഇവ' മുതലായ വാക്യാർഥത്തിൽനിന്നു വ്യതിരിക്ത മായ അർഥത്തിന്റെ ഉപാദാനം ഉത്പ്രേക്ഷ എന്ന അലങ്കാരം.) സംഭാ വനാനുമാനത്തിലുള്ള ഉത്പേക്ഷയ്ക്കുദാഹരണം:

"ആപീഡലോഭാദുപകർണമേത്യ
പ്രത്യാഹിതോപാംശുരുതൈർദ്വിരേഫൈഃ
അഭ്യസ്യമാനേവ മഹീപതീനാം
സമ്മോഹമന്ത്രം മകരധ്വജേന."

(തലയിൽ ചൂടിയ പൂക്കളിൽ കൊതി പൂണ്ട് കാതിനടുത്തു ചെന്ന് രഹസ്യമായി ഓതുന്ന ശബ്ദങ്ങളോടുകൂടിയ വണ്ടുകളാൽ രാജാ ക്കന്മാരെ വശീകരിക്കാനുള്ള മന്ത്രം കാമദേവനിൽനിന്ന് അഭ്യസിക്കു ന്നവളോ എന്നു തോന്നും.) മറ്റുദാഹരണങ്ങൾ:

"അത്യന്തകോമളതയാർന്നൊരു നിന്റെ മേനി–
യെത്തുന്ന കണ്ടവനിതന്നെയധീരയായി
സദ്യഃ സ്ഫുടം പുളകിതാംഗമിയന്നു പൂണ്ടോ–
രുദ്യോഗമോതുമുപകണ്ഠതൃണാങ്കുരങ്ങൾ." (*വീണപൂവ്,* 24)



"കൈലാസശൈലേ കനകാഭിഷേകം
കഴിച്ചുനിന്നീടന കർമസാക്ഷി
കാണാവതല്ലിത്തൊഴിലെന്നകാണ്ഡേ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം!"
(*ശിഷ്യനും മകനും,* 3. 5)

കാല്പനികസാദൃശ്യം കൊണ്ടുള്ളതിന് ഉദാഹരണം:

"രാശീഭൂതഃ പ്രതിദിനമിവ ത്ര്യംബകസ്യാട്ടഹാസഃ"

(*മേഘസന്ദേശം,* 1. 58. മുക്കണ്ണന്റെ അട്ടഹാസം ഒരുമിച്ചുകൂടിവന്നാ ലെന്നപോലെ.)

മറ്റുദാഹരണം:

"'ഹാ! വിശിഷ്ടമൃദുഗാനമിന്നി നീ
കൂവിടായ്ക കുയിലേ,യനക്ഷരം'
ഏവമോതിയലയും മരങ്ങൾതൻ
പൂവെഴും തല തളിർത്ത ശാഖയും." (*നളിനി,* 38)

മറ്റൊരു തരത്തിലും ഉത്പ്രേക്ഷ വരും:

"പ്രതിഭാസാത് തഥാ ബോദ്ധുഃ സ്വസ്പന്ദമഹിമോചിതം
വസ്തുനോ നിഷ്ക്രിയസ്യാപി ക്രിയായാം കർത്തൃതാർപ്പണം."

(3. 32. ബോദ്ധാവിന് അപ്രകാരം പ്രതിഭാസിക്കുകയാൽ സ്വഭാവോ ത്കർഷത്തിനനുരൂപമായി ക്രിയാരഹിതമായ പദാർഥത്തിനുപോലും ക്രിയയിൽ കർത്തൃത്വസമാരോപണം) ഉദാഹരണം:

"ലിമ്പതീവ തമോംഗാനി വർഷതീവാഞ്ജനം നഭഃ."

(ഇരുട്ട് അവയവങ്ങളിൽ പുരളുന്നതുപോലെ, ആകാശം അഞ്ജ നത്തെ വർഷിക്കുന്നതുപോലെ.) മറ്റുദാഹരണങ്ങൾ:

"പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ
ഇളകും വനരാജി വെണ്ണിലാ–
വൊളിയാൽ വെള്ളിയിൽ വാർത്തപോലെയായ്."
(*ചിന്താവിഷ്ടയായ സീത,* 4)

"സ്ഫാടികവിസ്തൃതവാതായനങ്ങളിൽ
മോടിക്കു തൂക്കിയ നീരാളങ്ങൾ
ഭ്രാന്തമിളിന്ദമാം പ്രാന്തമലർത്തോപ്പിൽ
തേൻതുള്ളി ചിന്നിച്ച തെന്നലോർക്കെ,
നേർക്കിളകീടിന ദീർഘഞെറികളാൽ
നോക്കിക്കോ എന്നിവളോടു ചൊല്ലീ." (*മഗ്ദലനമറിയം,* 46)

**8. അതിശയോക്തി**

"ഉച്യതേതിശയോക്തിഃ സാ സർവാലങ്കാരജീവിതം
യസ്യാമതിശയഃ കോപി വിച്ഛിത്ത്യാ പ്രതിപാദ്യതേ
വർണനീയസ്യ ധർമാണാം തദ്വിദാഹ്ലാദദായിനാം."

(3. 33. സഹൃദയഹൃദയാഹ്ലാദകരങ്ങളായ വർണ്യധർമങ്ങളുടെ എന്തെന്നില്ലാത്തൊരതിശയം വൈദഗ്ധ്യഭംഗിയോടെ പ്രതിപാദിക്കപ്പെടുന്നിടത്ത് സർവാലങ്കാരജീവിതമായ അതിശയോക്തി.) ഉദാഹരണം:

"സ്വപുഷ്പച്ഛവിഹാരിണ്യാ ചന്ദ്രഭാസാ തിരോഹിതാ
അന്വമീയന്ത ഭൃംഗാളിവാചാ സപ്തച്ഛദദ്രുമാഃ."

(*ഭാമഹാലങ്കാരം,* 2. 82. സ്വന്തം പൂക്കളുടെ ശോഭ കവരുന്ന ചന്ദ്രപ്രകാശത്താൽ മറയ്ക്കപ്പെട്ട ഏഴിലാംപാലമരങ്ങളെ വണ്ടിൻനിരയുടെ മൂളലുകൾകൊണ്ട് തിരിച്ചറിഞ്ഞു.) വേറെ ഉദാഹരണം:

"പുകഴുമളകനന്ദയിൽ കുളിച്ചാ
വികസിതകല്പകപുഷ്‌രേണു പൂശി,
അകലുഷസരസീജലസ്ഥസൗഗ-
ന്ധികമണമേന്തിയ ശുദ്ധവായു പോലും
പെരികെ നിഭൃതനായൊതുങ്ങിയിട്ടാ-
ണരികിലണഞ്ഞത് തത്സപര്യ ചെയ്‌വാൻ;
പരിഘഭുജനിവൻ വഹിച്ച ചെന്തീ-
പ്പൊരി ചിതറും മഴു കാൺകിലാർ നടുങ്ങാ?"

(*ശിഷ്യനും മകനും,* 1. 9–10)

**9. ഉപമ**

"വിവക്ഷിതപരിസ്പന്ദമനോഹാരിത്വസിദ്ധയേ
വസ്തുനഃ കേനചിത് സാമ്യം തദുത്കർഷവതോപമാ."

(3. 35. വിവക്ഷിതമായ ധർമവിശേഷത്തിന്റെ മനോഹാരിത്വസിദ്ധിക്കായി വർണ്യവസ്തുവിന് അതിനേക്കാൾ മനോഹരമായ മറ്റൊന്നിനോട് സാദൃശ്യം കല്പിക്കുന്നത് ഉപമ.)

അമുഖ്യമായ ക്രിയാപദംകൊണ്ട് പ്രതിപാദിക്കപ്പെടുന്ന പദാർഥോപമയ്ക്ക് ഉദാഹരണം:

"പൂർണേന്ദോസ്തവ സംവാദി വദനം വനജേക്ഷണേ!
പുഷ്ണാതി പുഷ്പചാപസ്യ ജഗത്ത്രയജിഗീഷുതാം."

(അല്ലയോ താമരക്കണ്ണീ! പൂർണചന്ദ്രനോടു സംവദിക്കുന്ന നിന്റെ മുഖം മൂവുലകിനെ വെല്ലാനുള്ള പൂവമ്പന്റെ ആഗ്രഹത്തെ വർധിപ്പിക്കുന്നു) മറ്റുദാഹരണം:

"മധ്യം പൊട്ടിനുറുങ്ങി വിലസുന്ന
ശുദ്ധക്കണ്ണാടിക്കാന്തി ചിറും നീർ" (*ചണ്ഡാലഭിക്ഷുകി*)



'ഇവ' മുതലായ ഉപമാവാചകങ്ങൾകൊണ്ട് പ്രതിപാദിക്കപ്പെടുന്ന പദാർഥോപമയ്ക്ക് ഉദാഹരണം:

"ചുംബൻ കപോലതലമുത്പുളകം പ്രിയായാഃ
സ്പർശോല്ലസന്നയനമാമുകുളീചകാര
ആവിർഭവന്മധുരനിദ്രമിവാരവിന്ദ-
മിന്ദുസ്പൃശാസ്തമിതോത്പലമുത്പലിന്യാഃ."

(ചന്ദ്രസ്പർശംകൊണ്ട് അസ്തമിതമായ ആമ്പൽപ്പൊയ്കയിലെ മധുരനിദ്രയിലേക്കു വഴുതിവീഴുന്ന ആമ്പൽപ്പൂവിനെപ്പോലെ, നായകൻ പ്രിയതമയുടെ കോൾമയിർക്കൊള്ളുന്ന കവിൾത്തടത്തിൽ ചുംബിച്ചുകൊണ്ട്, സ്പർശനംകൊണ്ടുല്ലസിക്കുന്ന അവളുടെ കണ്ണിനെ പൂമൊട്ടാക്കി – അടപ്പിച്ചു എന്നർഥം.) വേറെ ഉദാഹരണം:

"നല്ല ഹൈമവതഭൂവിൽ – ഏറെയായ്
കൊല്ലം – അങ്ങൊരു വിഭാതവേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനുത്-
ഫുല്ലബാലരവിപോലെ കാന്തിമാൻ." (*നളിനി,* 1)

ആഖ്യാതപദംകൊണ്ട് പ്രതിപാദിക്കപ്പെടുന്ന പദാർഥോപമയ്ക്ക് ഉദാഹരണനം:

"തതോരുണപരിസ്പന്ദമന്ദീകൃതവപുഃ ശശീ
ദധ്രേ കാമപരിക്ഷാമകാമിനീഗണ്ഡപാണ്ഡുരം."

(അനന്തരം സൂര്യന്റെ പ്രഭ നിമിത്തം മങ്ങലേറ്റ ശരീരത്തോടുകൂടിയ ചന്ദ്രൻ കാമാതുരത്വംകൊണ്ട് ക്ഷീണമായ കാമിനിയുടെ കവിൾത്തടത്തിലെ വിളർപ്പിനെ ധരിച്ചു.) മറ്റുദാഹരണം:

"പലതിതി ഭയശോകരാഗസ-
ങ്കുലമുഴറിക്കമെനിക്കു തൽക്ഷണം
ചലഹൃദയമിയന്നു ചിത്രമാം
ജലധരകാലദിനാന്തലക്ഷണം." (*ലീല,* 1. 57)

ആഖ്യാതപദംകൊണ്ട് പ്രതിപാദിക്കപ്പെടുന്ന വാക്യോപമയ്ക്കുദാഹരണം:

"മുഖേന സാ കേതകപത്രപാണ്ഡുനാ
കൃശാംഗയഷ്ടിഃ പരിമേയഭൂഷണാ
സ്ഥിതാല്പതാരാം തരുണേന്ദുമണ്ഡലാം
വിഭാതകല്പാം രജനീം വ്യഡംബയത്."

(*രഘുവംശം,* 3. 2. കൈതയിലപോലെ വെളുത്ത മുഖത്തോടുകൂടി

യവളും ചുരുങ്ങിയ ആഭരണങ്ങൾ ധരിച്ചവളുമായ ആ കൃശാംഗി അല്പം നക്ഷത്രങ്ങളും യുവചന്ദ്രബിംബത്തോടുംകൂടിയ പ്രഭാതപ്രായയായ രാജ്ഞിയെ അനുകരിച്ചു.) വേറെ ഉദാഹരണം:

"പ്രണയിയൊടു പിരിഞ്ഞു നാഥനോ-
ടണവതിനാക്കുമവൾക്കെഴുന്നഴൽ
ഇണയെയകലെ വിട്ടു ദൂരെ നിർ-
ഘൃണമിഹ വിറ്റ കപോതി ചൊൽകിലാം." (*ലീല,* 1. 30)

'ഇവ' തുടങ്ങിയ ഉപമാവാചകങ്ങളാൽ പ്രതിപാദിക്കപ്പെടുന്ന വാക്യോപമയ്ക്കുദാഹരണം:

"പാണ്ഡ്യോയമംസാർപ്പിതലംബഹാരഃ
ക്ലിപ്താംഗരാഗോ ഹരിചന്ദനേന
ആഭാതി ബാലാതപരക്തസാനുഃ
സനിർഝരോദ്ഗാര ഇവാദ്രിരാജഃ."

(*രഘുവംശം,* 6. 59. ഈ പാണ്ഡ്യരാജാവ് തോളിൽ മുത്തുകൊണ്ടുള്ള തൂക്കുമാല ചാർത്തി രക്തചന്ദനംകൊണ്ട് കുറിക്കൂട്ടണഞ്ഞ് അരുവിയൊഴുകുന്നതും താഴ്‌വരയിൽ ഇളവെയിൽ തട്ടി ചുകന്നതുമായ പർവതരാജാവെന്നപോലെ ശോഭിക്കുന്നു) വേറെ ഉദാഹരണങ്ങൾ:

"ക്ഷീണയായ് മിഴിയടച്ചു, നിശ്ചല-
പ്രാണനായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ചു കേതുവിൽ
താണു പറ്റിയ പതാകപോലവൾ." (*നളിനി,* 146)

"കപോലഭിത്തിക്ഷതശോണിതത്താൽ
കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ
അന്തിച്ചുകപ്പേന്തിയ ശാരദാഭ്രം
പോലേ വിളങ്ങീ സ്ഫടികാവദാതൻ." (*ശിഷ്യനും മകനും,* 3. 6)

പിന്നെയും കുറച്ച് ഉപമാഭേദങ്ങൾകൂടി കുന്തകൻ വിവരിച്ചുദാഹരിക്കുന്നുണ്ട്. തുടർന്ന് പ്രതിവസ്തൂപമ, ഉപമേയോപമ, തുല്യയോഗിത, അനന്വയം മുതലായവ പ്രത്യേകം അലങ്കാരങ്ങളല്ലെന്നും ഉപമയിൽ അന്തർഭവിക്കുന്നുവെന്നും സമർഥിക്കുന്നു.

**10. ശ്ലേഷം**

തദേകശബ്ദവാച്യത്വമർഥയോർധാര്യതേ ദ്വയോഃ
ശ്ലേഷാഭിധാനോലങ്കാരഃ.

(3. 44. രണ്ടർഥങ്ങൾ ഒരൊറ്റ ശബ്ദംകൊണ്ട് പറയപ്പെടുന്നതായി കല്പിക്കുന്നത് ശ്ലേഷം.)



"സ്വാഭിപ്രായസമർപ്പണപ്രവണയാ
മാധുര്യമുദ്രാങ്കയാ
വിച്ഛിത്ത്യാ ഹൃദയോഭിജാതമനസാ-
മന്തഃ കിമപ്യുല്ലിഖത്
ആരൂഢം രസവാസനാപരിണതേഃ
കാഷ്ഠാ കവീനാം പരം
കാന്താനാം ച വിലോകിതം വിജയതേ
വൈദഗ്ധ്യവക്രം വചഃ."

(സ്വാഭിപ്രായസമർപ്പണപ്രവണവും മാധുര്യമുദ്രാങ്കിതവുമായ വിച്ഛിത്തികൊണ്ട് അഭിജാതമനസ്സുകളുടെ ഹൃദയത്തിൽ എന്തോ ഒന്ന് ഉണർത്തിക്കൊണ്ട് രസവാസനാപരിണതിയുടെ കാഷ്ഠയെ പ്രാപിച്ച കവികളുട വൈദഗ്ധ്യവക്രമായ വചസ്സും കാമിനിയുടെ കടാക്ഷവും വിജയിച്ചരുളുന്നു.) മറ്റൊരുദാഹരണം:

"സ്വാന്താകർഷകമഞ്ജുളധ്വനി പെറും
മാറാം പദന്യാസ,മ-
ക്ലാന്താലങ്കൃതിഭംഗി, ഭാവരസവാ-
യ്പിത്യാദിയൊത്തങ്ങനെ
താൻതാനാഗതയാം വിലാസിനി തദാ
തൻകൽ പ്രിയം തങ്കുമ-
ക്കാന്താത്മാവിനെ മേത്തരം കവിതപോ-
ലേറ്റം രമിപ്പിച്ചുപോൽ."
(വള്ളത്തോൾ, *വിലാസലതിക,* 76)

രണ്ടാമത്തേതിനുദാഹരണം:

"യേന ധ്വസ്തമനോഭവേന ബലിജിത്-
കായഃ പുരാസ്ത്രീകൃതഃ
യശ്ചോദ്വൃത്തഭുജംഗഹാരവലയോ-
ഗംഗാം ച യോധാരയത്
യസ്യാഹുഃ ശശിമച്ഛിരോഹര ഇതി
സ്തുത്യം ച നാമാമരാഃ
പായാത് സ സ്വയമന്ധകക്ഷയകര-
സ്ത്വാം സർവദോമാധവഃ."

(ശിവപക്ഷത്തിൽ – കാമനെ നശിപ്പിച്ച് യാതൊരുവനാൽ വിഷ്ണുവിന്റെ ശരീരം പണ്ട് അസ്ത്രമാക്കപ്പെട്ടുവോ, ആർക്ക് പാമ്പുകൾ മാലകളും വളകളുമാണോ, ആർ ഗംഗയെ ധരിച്ചുവോ, ദേവന്മാർ ചന്ദ്രമൗലിയെന്ന് ആരെ പറയുന്നുവോ, അന്ധകനെ കൊന്ന ആ പാർവ

തീവല്ലഭൻ നിന്നെ എപ്പോഴും രക്ഷിക്കട്ടെ. വിഷ്ണുപക്ഷത്തിൽ – ജന്മരഹിതനായ ആരാൽ ശകടാസുരൻ കൊല്ലപ്പെട്ടുവോ, ആരാൽ ബലിയെ ജയിച്ച ശരീരം പണ്ട് മോഹിനീവേഷം ധരിക്കപ്പെട്ടുവോ, ആര് ഗർവിഷ്ഠനായ കാളിയസർപ്പത്തെ കൊന്നവനും ശബ്ദബ്രഹ്മത്തിൽ ലയിക്കുന്നവനും പർവതത്തെയും ഭൂമിയെയും എടുത്തുയർത്തിയവനും ആകുന്നുവോ, ദേവന്മാർ രാഹുവിന്റെ ശിരസ്സറുത്തവനെന്ന് ശ്ലാഘിച്ചു പറയുന്നുവോ, ആര് യാദവർക്ക് അഭയകേന്ദ്രമോ, എല്ലാം നൽകുന്ന ആ ലക്ഷ്മീകാന്തൻ നിന്നെ രക്ഷിക്കട്ടെ.)

മറ്റുദാഹരണം:

കൈ രണ്ടും തവ പത്മരാഗ,മളക–
സ്തോമം മഹാനീല,മുത്–
സ്മേരശ്രീമുഖമിന്ദുകാന്ത,മിതുമ–
ട്ടുത്കൃഷ്ടരത്നാംഗി നീ
'വൈരം' കൂടി വഹിക്കിലുള്ളഴകെനി–
ക്കിന്നാദ്യമായ്ക്കാണുവാ–
നാരൻപോടിടയാക്കി, നിഷ്കൃതിയവർ–
ക്കെന്തോന്നു ചെയ്യേണ്ടു ഞാൻ?"
(*വിലാസലതിക,* 91)

മൂന്നാമത്തേതിന് ഉദാഹരണം:

മാലാമുത്പലകന്ദളൈശ്ച വികചൈ–
രായോജിതം ബിഭ്രതീ
നേത്രേണാസമദൃഷ്ടിപാതസുഭഗേ–
നോദ്ദീപയന്തീ സ്മരം
കാഞ്ചീദാമനിബദ്ധഭംഗി ദധതീ
വ്യാലംബിനാ വാസസാ
മൂർത്തിഃ കാമരിപോഃ സിതാംബരധരാ
പായാദപായാജ്ജഗത്.

(ശിവപക്ഷത്തിൽ, ആമ്പൽപോലുള്ള രോമശൂന്യമായ തലയോട്ടികളുടെ മാല ധരിക്കുന്നതും മൂന്നാംകണ്ണുകൊണ്ട് കാമനെ ദഹിപ്പിക്കുന്നതും സർപ്പത്തെ അരക്കെട്ടിൽ ധരിക്കുന്നതും വസ്ത്രശൂന്യവും ശുഭ്രാകാശത്തെ ധരിക്കുന്നതുമായ കാമാരിയുടെ ശരീരം ലോകത്തെ ആപത്തിൽനിന്നു രക്ഷിക്കട്ടെ. പാർവതീപക്ഷത്തിൽ – വിടർന്ന താമരമൊട്ടുമാല ധരിക്കുന്നതും വിഷമകടാക്ഷപാതങ്ങളോടുകൂടിയ കണ്ണിനാൽ കാമവികാരത്തെ ഉദ്ദീപിപ്പിക്കുന്നതും അയഞ്ഞു തൂങ്ങിനിൽക്കുന്ന വസ്ത്രത്തോടുകൂടി അരഞ്ഞാൺ ധരിക്കുന്നതുമായ കാമാരിയുടെ ശുഭ്രവസ്ത്രധാരിയായ ശരീരം – പാർവതി – ലോകത്തെ ആപത്തിൽനിന്നു രക്ഷിക്കട്ടെ.



ഇവിടെ അർഥശ്ലേഷവും ശബ്ദശ്ലേഷവും ഇടകലർന്നുവന്നിരിക്കുന്നു.

മറ്റുദാഹരണം:

തന്മേനി കാട്ടാൻ തടവറ്റ മൂലം
താരങ്ങളേ! നിങ്ങൾ ചിരിച്ചിടുന്നു;
ദരിദ്രർതൻ ജീവനഭംഗദുഃഖം
ഗണിക്കുമോ തുംഗപദസ്ഥർ നിങ്ങൾ?
(വള്ളത്തോൾ – "കാറു കണ്ട കർഷകൻ", 21)

**11. വ്യതിരേകം**

"സതി തച്ഛബ്ദവാച്യത്വേ ധർമസാമ്യേഽന്യഥാസ്ഥിതേഃ
വ്യതിരേചനമന്യസ്മാത് പ്രസ്തുതോത്കർഷസിദ്ധയേ
ശാബ്ദഃ പ്രതീയമാനോ വാ വ്യതിരേകോഭിധീയതേ."

(3. 48. ആ ശബ്ദത്തിന്റെ വാച്യമായിരിക്കേ, വർണ്യാവർണ്യങ്ങൾക്ക് സാമ്യവുമുണ്ടായിരിക്കേ, പ്രസ്തുതത്തിന്റെ ഉത്കർഷസിദ്ധിക്കുവേണ്ടി, മറ്റൊന്നിൽനിന്നു വിശിഷ്ടമായി കല്പിക്കുന്നത് വ്യതിരേകം. അത് ശാബ്ദമോ പ്രതീയമാനമോ ആവാം.

ശ്ലേഷവ്യതിരേകത്തിനുദാഹരണം:

"ശ്ലാഘ്യാശേഷതനും സുദർശനകരഃ
സർവാംഗലീലാജിത–
ത്രൈലോക്യാം ചരണാരവിന്ദലളിതേ–
നാക്രാന്തലോകോ ഹരിഃ
ബിഭ്രാണാം മുഖമിന്ദുരൂപമഖിലം
ചന്ദ്രാത്മചക്ഷുർദധത്
സ്ഥാനേ യാം സ്വതനോരപശ്യദധികാം
സാ രുക്മിണീ വോവതാത്."

(പ്രശംസനീയമായ അഖിലശരീരത്തോടുകൂടിയവളേ! സുന്ദരമായ കൈയോടുകൂടിയവൻ – സുദർശനം കൈയിലുള്ളവനെന്നും; സകലാവയവങ്ങളുടെ വിലാസങ്ങൾകൊണ്ട് മൂവുലകിനെയും കീഴടക്കിയവളെ, കാൽത്താമരകൊണ്ട് ലോകത്തെ ആക്രമിച്ചവൻ – വാമനാവതാരമായി ലോകത്തെ ആ കാലടികൊണ്ട് അളന്നവനെന്നും; ചന്ദ്രാകാരമായ മുഴുവൻ മുഖത്തോടുകൂടിയവളെ, ഒരു കണ്ണു മാത്രം ചന്ദ്രനായിട്ടുള്ളവൻ – ഇങ്ങനെ വിഷ്ണു തന്റേതിനേക്കാൾ അധികവിശി

ഷ്ടമായ ശരീരത്തോടുകൂടിയവളായിക്കണ്ട ആ രുക്മിണി നിങ്ങളെ രക്ഷിക്കട്ടെ!) മറ്റുദാഹരണം:

"സദ്വർണാഞ്ചിതശയ്യ ചേർന്നഴകെഴും
ഭാവപ്രഭാവത്തൊടും
മൃദ്വംഗാനുഗുണപ്രയുക്തവിവിധാ–
ലങ്കാരസമ്പത്തൊടും
വിദ്വല്ലാളിതകാളിദാസകവിത–
യ്ക്കൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ! കിമപി കൈ–
ക്കൊൾകാ പ്രസാദത്തെയും."
(*വിലാസലതിക,* 9)

മറ്റൊരു തരത്തിലും വ്യതിരേകം വരാം:

"ലോകപ്രസിദ്ധസാമാന്യപരിസ്പന്ദാദ് വിശേഷതഃ
വ്യതിരേകോ യദേകസ്യ പരസ്താദവിവക്ഷയാ."

(3. 49. വ്യക്തമായി ഉപമാദ്യലങ്കാരങ്ങളെ പറയാനാഗ്രഹിക്കാതെ, ലോകപ്രസിദ്ധമായ സാമാന്യവ്യാപാരങ്ങളിൽനിന്ന് വിശേഷമായി ഒരു വസ്തുവെ വർണിക്കുന്നത് മറ്റൊരു വ്യതിരേകം.) ഉദാഹരണം:

"ചാപം പുഷ്പിതഭൂതലം, സുരചിതാ
മൗർവീ ദ്വിരേഫാവലീ,
പൂർണേന്ദോരുദയേഭിയോഗസമയഃ,
പുഷ്പാകരോപ്യാസരഃ,
ശസ്ത്രാണ്യുത്പലകേതകീസുമനസോ,
യോധാത്മനഃ കാമിനാം,
ത്രൈലോക്യേ മദനസ്യ കോപി ലളിതോ–
ല്ലേഖോ ജിഗീഷാഗ്രഹഃ."

(പുഷ്പിതമായ ഭൂതലം വില്ല്; വണ്ടിൻനിര ശക്തമായ ഞാണ്; പൂർണചന്ദ്രോദയത്തിൽ ആക്രമണം; വസന്തം സഹായി; ആയുധം കൈത, താമര മുതലായ പൂക്കൾ; എന്നിട്ടും മൂവുലകിലുമുള്ള കാമികളെ ജയിക്കാനുള്ള ഈ കാമനെന്ന ഭടന്റെ ലളിതമായ അഭിലാഷം!) സകലലോകപ്രസിദ്ധമായ ആയുധാദ്യുപകരണങ്ങൾ കൊണ്ടുള്ള വിജയാഭിലാഷത്തിൽനിന്ന് കാമന്റെ സുകുമാരോപകരണങ്ങളുപയോഗിച്ചുകൊണ്ടുള്ള വിജയാഭിലാഷം വേർതിരിഞ്ഞുനിൽക്കുന്നു. വേറെ ഉദാഹരണം:

"ദുർജന്തുവിഹീനമാം ദുർലഭതീർഥഹ്രദം,
കജ്ജളോദ്ഗമമില്ലാത്തോരു മംഗളദീപം,
പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനദി,
പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.
ശസ്ത്രമെന്നിയേ ധർമസംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ,
ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ–
ദോഷമെന്നിയേ യജ്ഞം ചെയ്‌വവനെന്നാചാര്യൻ."
(വള്ളത്തോൾ – "എന്റെ ഗുരുനാഥൻ")



**12. വിരോധം**

"വിരോധം യോ വിരുദ്ധാർഥവാചിനാം സംഗതിം പുനഃ
സമർപ്പയന്നുല്ലിഖതി പ്രതീതേർയുക്തിയുക്തതാം."

(3. 50. പ്രതീതികൊണ്ട് വിരുദ്ധാർഥവാചികളായവയുടെ യുക്തിയുക്തതയെ പദാന്തരം കൊണ്ടോ അർഥസാമർഥ്യംകൊണ്ടോ സമർപ്പിച്ചുകൊണ്ട് അവയുടെ സാംഗത്യം വെളിപ്പെടുത്തുന്നത് വിരോധം.) ഉദാഹരണം:

"കുപതിമപി കളത്രവല്ലഭം, മഹാദോഷമപി സകലകലാധിഷ്ഠാനം"
(കുപതിയെങ്കിലും കളത്രവല്ലഭനും മഹാദോഷനെങ്കിലും സകലകലാധിഷ്ഠാനവുമായവനെ. ദുഷ്ടനായ ഭർത്താവെങ്കിലും ഭാര്യയ്ക്കു പ്രിയൻ, ദോഷങ്ങൾ നിറഞ്ഞവനെങ്കിലും എല്ലാ കലകളുടെയും ഇരിപ്പിടമായവൻ. ഇങ്ങനെ വിരോധപ്രതീതി. കുപതി – ഭൂമിയുടെ നാഥൻ, രാജാവ്; മഹാദോസ്സുകൾ, ശക്തമായ കൈകൾ ഉള്ളവൻ – ഇങ്ങനെ വിരോധപരിഹാരം. മറ്റുദാഹരണങ്ങൾ:

"കാലം കുറഞ്ഞ ദിനമെങ്കിലുമർഥദീർഘം
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവനമെന്നു നിന്റെ–
യാ ലോലമേനി പറയുന്നനുകമ്പനീയം." (*വീണപൂവ്,* 10)

"വൈവശ്യമുള്ളിലിയലായ്ക ശുഭേ! നിരുദ്ധ–
നായ് വന്നതിപ്പൊഴനിരുദ്ധനുമെന്നതിങ്കൽ."
(*ബന്ധനസ്ഥനായ അനിരുദ്ധൻ,* 51)

സമാസോക്തി, സഹോക്തി എന്നിവ മറ്റലങ്കാരങ്ങളിൽ അന്തർഭവിക്കുമെന്നതുകൊണ്ടും സൗന്ദര്യശൂന്യമായതുകൊണ്ടും അലങ്കാരങ്ങളല്ലെന്നാണ് കുന്തകന്റെ അഭിപ്രായം.

**13. ദൃഷ്ടാന്തം**

"വസ്തുസാമ്യം സമാശ്രിത്യ യദന്യസ്യോപദർശനം
ഇവാദ്യസംഭവേ തത്ര ദൃഷ്ടാന്തഃ സോഭിധീയതേ."

(3. 53. രണ്ടു വസ്തുക്കൾ തമ്മിലുള്ള സാദൃശ്യത്തെ ആസ്പദമാക്കി അവർണ്യത്തിന്റെ ഉപനിബന്ധനം, 'ഇവ' മുതലായവയില്ലെങ്കിൽ, ദൃഷ്ടാന്തമെന്നു പറയപ്പെടുന്നു.) ഉദാഹരണം:

"സരസിജമനുവിദ്ധം ശൈവലേനാപി രമ്യം;
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി;
ഇയമധികമനോജ്ഞാ വല്കലേനാപി തന്വീ;
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം?"

(*അഭിജ്ഞാനശാകുന്തളം*, 1. 12. താമരപ്പൂ പായൽ പറ്റിയാലും ചേലുള്ളതത്രേ; അമ്പിളിക്ക് മറു മലിനമായിട്ടും അഴകിയറ്റുന്നു; ഈ പെൺകൊടി മരവുരി കൊണ്ടും ഏറെ മനോഹരിതന്നെ; മധുരമായ ആകൃതികൾക്ക് എന്തുണ്ട് അലങ്കാരമാവാതെ?) ഇവിടെ ആദ്യത്തെ മൂന്നു വരികൾ മാത്രമാണ് ഉദാഹരണം. മറ്റുദാഹരണം:

"എന്നുമല്ലസുലഭാംഗഭംഗിയാ–
ളിന്നുമിത്തരുണി പൗരിമാരിലും;
മിന്നുകില്ലി ശരദഭ്രശാതയായ്
ഖിന്നയാകിലുമഹോ! തടില്ലത?" (*നളിനി*, 23)

**14. അർഥാന്തരന്യാസം**

"വാക്യാർഥാന്തരവിന്യാസോ മുഖ്യതാല്പര്യസാമ്യതഃ
ജ്ഞേയഃ സോർഥാന്തരന്യാസോ യഃ സമർഥഹതയാഹിതഃ."

(3. 54. മുഖ്യതാല്പര്യസാദൃശ്യംകൊണ്ട് ഉപപത്തിയോജനയോടെ മറ്റൊരു വാക്യാർഥത്തെ സഹൃദയാഹ്ലാദകമായി ഉപനിബന്ധിക്കുന്നത് അർഥാന്തരന്യാസം.) സാമാന്യത്തെ വിശേഷംകൊണ്ടും വിശേഷത്തെ സാമാന്യംകൊണ്ടും സമർഥിക്കുന്നു. ഉദാഹരണം:

"അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യദാര്യമസ്യാമഭിലാഷി മേ മനഃ;
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ."

(*അഭിജ്ഞാനശാകുന്തളം*, 1. 14. സംശയമില്ല, ഇവൾ ക്ഷത്രിയന് വേൾക്കാവുന്നവൾതന്നെ; ആര്യമായ എന്റെ മനസ്സ് ഇവളിൽ അഭിലാഷം കൊണ്ടുവല്ലോ. നല്ലതും തീയതും വേർതിരിച്ചറിയുന്നവർക്ക് സംശയം തോന്നുന്നിടത്ത് പ്രമാണം സ്വന്തം മനസ്സിന്റെ വൃത്തികളാണല്ലോ.) വേറെ ഉദാഹരണം:

"ദൂരെ നിന്ന യമിതന്നെയാശു ക–
ണ്ടാരതെന്നുമുടനേയറിഞ്ഞവൾ;
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം." (*നളിനി,* 45)

**15. ആക്ഷേപം**

"നിഷേധച്ഛായയാക്ഷേപഃ കാന്തിം പ്രഥയിതും പരാം
ആക്ഷേപ ഇതി സ ജ്ഞേയഃ പ്രസ്തുതസ്യൈവ വസ്തുനഃ."

(3. 55. പ്രകൃഷ്ടമായ ശോഭയുളവാക്കുന്നതിന് നിഷേധഭംഗിയിൽ പ്രസ്തുതം തന്നെയായ വസ്തുവിനെ പിൻവലിക്കുന്നത് ആക്ഷേപം.) ഉദാഹരണം:

"സുഭഗ, വിളംബസ്വ സ്തോകം
യാവദിദം വിരഹകാതരം ഹൃദയം
സംസ്ഥാപ്യ ഭണിഷ്യാ–
മ്യ,ഥവാ,പക്രമ, കിം ഭണാമഃ!"

(ഹേ സുഭഗ, അല്പം കാത്തിരിക്കൂ. വിരഹകാതരമായ ഈ ഹൃദയത്തെ ഉറപ്പിച്ചുനിർത്തിയിട്ട് ഞാൻ പറയാം. അല്ലെങ്കിൽ പോയ്ക്കൊള്ളൂ. എന്താണ് ഞാൻ പറയേണ്ടത്!)

വേറെ ഉദാഹരണം:

"മുഷിഞ്ഞ വസ്ത്രങ്ങളും മെടഞ്ഞ വാർകൂന്തലും
മെലിഞ്ഞ ലാവണ്യൈകഭൂഷമാമുടലുമായ്
അത്തലിൻ ശരീരംപോലാ വന്ന യുവതിയെ
സ്നിഗ്ധമാം നയനത്താൽ ദർശിച്ച നിമിഷത്തിൽ
'മേനകേ! നിനക്കെന്തീ മാറ്റ'മെന്നേവം ചോദി–
പ്പാനാവാം മുതിർന്നതു മുനിതൻ തിരുമുഖം!
പിന്നീടിങ്ങനെയത്രേ ചോദിച്ചൂ: 'സ്ഫുടസമ്രാട്–
ചിഹ്നനാമിക്കുഞ്ഞിന്റെയമ്മയാം നീയാർ വത്സേ?'"
(*അച്ഛനും മകളും*)

**16. വിഭാവന**

"സ്വകാരണപരിത്യാഗപൂർവകം കാന്തിപുഷ്ടയേ
ഭാവനാർഥസ്യ കേനാപി വിശേഷേണ വിഭാവനാ."

(3. 57. ശോഭാതിശയത്തിനുവേണ്ടി സ്വകാരണപരിത്യാഗപൂർവം ഏതെങ്കിലും വിശേഷംകൊണ്ട് വസ്തുവിനെ ഭാവന ചെയ്യുന്നത് വിഭാവന.) ഉദാഹരണം:

"അസംഭൃതം മണ്ഡനമംഗയഷ്ടേ–
രനാസവാഖ്യം കരണം മദസ്യ
കാമസ്യ പുഷ്പവ്യതിരിക്തമസ്ത്രം
ബാല്യാത്പരം സാഥ വയഃ പ്രപേദേ."

(*കുമാരസംഭവം,* 1. 28. അനന്തരം അവൾ, തൂമെയ്യിന് അണിഞ്ഞൊരുക്കേണ്ടാത്ത അലങ്കാരവും ആസവമെന്നു പേരില്ലാത്ത മദസാധനവും കാമന്ന് പൂവിനു പുറമെയുള്ള അസ്ത്രവുമായ ബാല്യത്തിനുശേഷമുള്ള പ്രായത്തിലെത്തി.) ഇവിടെ കൃത്രിമമായ കാരണത്തെ പരിത്യജിച്ച്, ലോകോത്തരമായ സഹജവിശേഷവിശിഷ്ടത വർണ്യവസ്തുവിനുണ്ടെന്ന് കവി അഭിപ്രായപ്പെടുന്നു. മറ്റുദാഹരണം:

"കൊടി തേർ പട കോട്ട കൊത്തളം
കൊടിയോരായുധമൊന്നുമെന്നിയേ
നൊടിയിൽ ഖലജിഹ്വ കൊള്ളിയാ–
ലടിയേ വൈരിവനം ദഹിക്കുമേ." (*ചിന്താവിഷ്ടയായ സീത,* 80)

വിഭാവനയ്ക്കു പുറമെ ഇവിടെ ഉപമയും രൂപകവും കൂടിയുണ്ട്.

**17. സസന്ദേഹം**

"യസ്മിന്നുത്പ്രേക്ഷിതം രൂപമുത്പ്രേക്ഷാന്തരസംഭവാത്
സന്ദേഹമേതി വിച്ഛിത്ത്യൈ സസന്ദേഹം വദന്തി തം."

(3. 58. വിച്ഛിത്തിക്കുവേണ്ടി ഉത്പ്രേക്ഷിതമായ രൂപം മറ്റൊരുത്പ്രേക്ഷ സംഭവിക്കുന്നതുകൊണ്ട് സന്ദേഹത്തെ പ്രാപിക്കുന്നതിനെ സസന്ദേഹം എന്നു പറയുന്നു.) ചുരുക്കത്തിൽ അഭിധാവൈചിത്ര്യമാണ് സസന്ദേഹം. ഉദാഹരണം:

"രഞ്ജിതാ നു വിവിധാസ്തരുശൈലാഃ?
നാമിതാ നു ഗഗനം സ്ഥഗിതം നു?
പൂരിതാ നു വിഷമേഷു ധരിത്രീ?
സംഹൃതാ നു കകുഭസ്തിമിരേണ?"

(*കിരാതാർജുനീയം,* 9. 15. പല പല മരങ്ങൾക്കും മലകൾക്കും കറുപ്പടിച്ചിരിക്കുകയാണോ? ആകാശം താഴ്ത്തപ്പെടുകയോ നിശ്ചലമാക്കപ്പെടുകയോ ചെയ്തോ? ഭൂമിയിലെ കുഴികൾ നിറയ്ക്കപ്പെട്ടുവോ? ദിക്കുകൾ ഇരുട്ടുകൊണ്ട് ചുരുട്ടിവെച്ചുവോ?)

മറ്റുദാഹരണം:

"കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളൊരീ–
പ്പൂവൽമെയ് പൂണ്മോർ താൻ ഭാഗ്യവാന്മാർ?
ലാവണ്യദുഗ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോ ഇത് തമ്പുരാനേ!
ക്ഷോണിക്കിരുൾ നീങ്ങാൻ ദൈവംതാൻ കത്തിച്ചു–
കാണിക്കും കാഞ്ചനക്കൈവിളക്കോ!
ചാണയ്ക്കുവെച്ചേറെച്ചന്തം വരുത്തിയ



മാണിക്യക്കല്ലോ ഈ മഞ്ജുരൂപം!
(വള്ളത്തോൾ – "ഒരു ചിത്രം", 6–7)

**18. അപഹ്നുതി**

"അന്യദർപ്പയിതും രൂപം വർണനീയസ്യ വസ്തുനഃ
സ്വരൂപാപഹ്നവോ യസ്യാമപഹ്നുതിരസൗ മതാ."

(3. 59. വർണ്യവസ്തുവിന്റെ മറ്റൊരു രൂപത്തെ അർപ്പിക്കുന്നതിനുവേണ്ടി സ്വന്തം രൂപത്തെ മറച്ചുവെക്കുന്നിടത്ത് അപഹ്നുതി.) ഉദാഹരണം:

"ഭാസ്വാനേഷ ജഗത്യശേഷനയനം
തേജസ്വിനാമഗ്രണീഃ
നായം കാന്തതമാനനാപ്തസുരുചിർ–
നേത്രോത്സവശ്ചന്ദ്രമാഃ
പര്യായേണ മനോഭുവാ വിരഹിണാം
വേദ്ധും മനോ നിർദയം
പുഷ്പേഷുർനിശിതാഗ്രതാം വിജയിനീം
നേതും നിയുക്തോ മമ."

(ഇത് ലോകത്തിന്റെ മുഴുവൻ കണ്ണും തേജസ്വികളുടെ മുന്നണിനേതാവുമായ സൂര്യനാണ്; പ്രിയാമുഖത്തിന്റെ സൗന്ദര്യമിയന്നതും കണ്ണിന് ഉത്സവവുമായ ചന്ദ്രനല്ല. കാമൻ വിരഹികളുടെ നിർദയം മാറി മാറി തുളയ്ക്കുന്നതിനുവേണ്ടി പൂവമ്പുകളെ കൂർപ്പിച്ച് വിജയക്ഷമമാക്കുവാൻ നിയോഗിച്ചതാണെന്ന് എനിക്കു തോന്നുന്നു.) വേറെ ഉദാഹരണം – വിദേശത്തുനിന്ന് സ്വരാജ്യത്തേക്കു മടങ്ങുമ്പോൾ, വഴിക്ക് ഒരു സത്രത്തിൽ രാത്രി കഴിച്ചുകൂട്ടുന്ന ഒരു വണിജയുവാവ് ഹേമന്തോദ്ദീപിതപ്രിയാവിരഹതാപനായിട്ട് സ്വയം പറയുന്നു:

"മട്ടിപ്പാലു പുകച്ച മഞ്ജുമണിമ–
ച്ചല്ലീ വഴിസ്സത്ര;മ–
ക്കട്ടിപ്പോർമുലയല്ല, രണ്ടു കനക–
ച്ചെപ്പാണിതെന്നന്തികേ;
ഒട്ടിപ്പോൾ വിരമിക്ക; നാലു തിഥിയാൽ
ഞാനങ്ങു ചെന്നാ,ലിതേ
മട്ടിൽത്തേ വിഹരിച്ചിടാം ഹൃദയഭൂ–
സാമന്ത, ഹേമന്തമേ!
(*വിലാസലതിക,* 88)

**19. സംസൃഷ്ടി**

"രാജന്തി യത്രാലങ്കാരാ അന്യോന്യാന്വിതവൃത്തയഃ

യഥാ പദാർഥാ വാക്യാർഥേ സംസൃഷ്ടിഃ സാഭിധീയതേ.”

(3. 60. വാക്യാർഥത്തിൽ പദങ്ങളെന്നപോലെ അലങ്കാരങ്ങൾ അന്യോന്യാന്വിതവൃത്തികളായി ശോഭിക്കുന്നിടത്ത് സംസൃഷ്ടി.) ഉദാഹരണം:

“ആശ്ലിഷ്ടോ നവകുങ്കുമാരുണരവി–
വ്യാലോകിതൈർവിസ്തൃതോ
ലംബാന്താംബരയാ സമേത്യ ഭുവനേ
ധ്യാനാന്തരേ സന്ധ്യയാ
ചന്ദ്രാംശൂത്കരകോരകാകുലപതദ്–
ധ്വാന്തദ്വിരേഫോധുനാ
ദേവ്യേവാർപിതദോഹദഃ കുരവകേ
ഭാതി പ്രദോഷാഗമഃ.”

(പുതുകുങ്കുമം പോലെ ചെമന്ന സൂര്യന്റെ നോട്ടങ്ങളാൽ ആശ്ലേഷിക്കപ്പെട്ട്, തൂങ്ങിക്കിടക്കുന്ന അംബരത്തോടുകൂടിയ സന്ധ്യയോടൊപ്പം ലോകത്തിൽ ധ്യാനത്തിനിടയിൽ  വിശാലമാക്കപ്പെട്ട, ചന്ദ്രന്റെ രശ്മികളാകുന്ന പൂമൊട്ടുകളിൽ വന്നുവീഴുന്ന ഇരുളാകുന്ന വണ്ടുകളോടുകൂടി, ഇപ്പോൾ ദേവി ദോഹദം നൽകിയ സന്ധ്യാഗമം അശോകത്തിൽ ശോഭിക്കുകയാണ്.) ഇവിടെ സ്വയം കൃതകൃത്യമായ രൂപകം മുതലായ അനേകം അലങ്കാരങ്ങൾ ഒന്നുചേർന്ന് വാക്യാർഥവക്രതാവിച്ഛിത്തി കൈവരുത്തിയിരിക്കുന്നു.

വേറെ ഉദാഹരണം:

“നിനയാ ഗുണപുഷ്പവാടി ഞാ–
നിനിയക്കാട്ടുകുരങ്ങിനേകുവാൻ
വനവായുവിൽ വിണ്ട വേണു പോൽ
തനിയേ നിന്നു പുലമ്പുവാനുമേ.” (*ചിന്താവിഷ്ടയായ സീത,* 40)

ഏകദേശവിവർത്തിരൂപകം, ഉപമ എന്നിവയുടെ സംസൃഷ്ടി. മുൻപുദ്ധരിച്ച ചില പദ്യങ്ങളിലും സംസൃഷ്ടി കാണാം.

**20. സങ്കരം**

“അലങ്കാരകലാപോയമന്യൈഃ സങ്കീർണതാം ഗതഃ
സ്ഫുരന്നനേകധാ വാക്യേ സങ്കരഃ സോഭിധീയതേ.”

(3. 61. ഈ അലങ്കാരങ്ങൾ മറ്റുള്ളവയുമായി ഇടകലർന്ന് വാക്യത്തിൽ പലതരത്തിൽ വിളങ്ങുമ്പോൾ സങ്കരം.) ഉദാഹരണം:

“രോഹന്മൂലാതിഗൗരൈരുരഗപതിഫണൈ–
സ്തത്ര പാതാളകുക്ഷൗ
പ്രോദ്യദ്ബാലാങ്കുരശ്രീർദിശി ദിശി ദശനൈ–



അസ്മിന്നാകാശദേശേ വികസിതകുസുമാ
രാശിഭിസ്താരകാണാം
നാഥ! ത്വത്കീർത്തിവല്ലീ ഫലതി ഫലമിദം
ബിംബമിന്ദോഃ സുധാർദ്രം.”

(അവിടെ പാതാളകുക്ഷിയിൽ അനന്തസർപ്പത്തിന്റെ ഏറെ വെളുത്ത പത്തികളാൽ വേരു മുളച്ച്, ഓരോ ദിക്കിലും ദിഗ്ഗജങ്ങളുടെ ഈ ദന്തങ്ങളാൽ പുത്തൻ മുളകൾ പൊടിച്ചുവന്ന്, ഈ ആകാശദേശത്ത് നക്ഷത്രക്കൂട്ടത്താൽ വിരിഞ്ഞ പൂക്കളാർന്ന് പ്രഭോ, അങ്ങയുടെ കീർത്തിവല്ലി ഫലിക്കുകയാണ്; ഫലമിതാ, സുധാർദ്രമായ ചന്ദ്രബിംബം!) ഇവിടെ കീർത്തിവല്ലി എന്ന രൂപകം, യുക്തിയുക്തമാകണമെങ്കിൽ ‘രോഹന്മൂലാ’ദികളായ ഉത്പ്രേക്ഷകൾ കൂടിയേ തീരൂ. ഇവയെ തമ്മിൽ വേർതിരിക്കുക വയ്യ. അതിനാൽ സങ്കരാലങ്കാരം. മറ്റുദാഹരണം:

“ആഴിവീചികളനുവേലം വെൺനുരകളാൽ
തോഴികൾപോലേ തവ ചാരുതൃപ്പദങ്ങളിൽ
തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നു, തൃപ്തി
കൈവരാതഴിക്കുന്നു, പിന്നെയും തുടരുന്നു.” (“മാതൃവന്ദനം”, 40)

ഉപമാ–രൂപകങ്ങളുടെ സങ്കരമാണിവിടെ. മുൻപുദ്ധരിച്ച പദ്യങ്ങളിൽ ചിലതിലും സങ്കരാലങ്കാരമുണ്ട്.

യഥാസംഖ്യം, ആശിസ്സ്, വിശേഷോക്തി. ഹേതു, സൂക്ഷ്മം, ലേശം, ഉപമാരൂപകം എന്നിങ്ങനെ മറ്റുള്ളവർ അലങ്കാരമായെണ്ണുന്ന പലതിനെയും കുന്തകൻ മുൻപറഞ്ഞ കാരണങ്ങളെ മുൻനിർത്തി അലങ്കാരങ്ങളായി ഗണിക്കുന്നില്ല.

ഈ വിവരണത്തിൽനിന്ന്, താൻ അംഗീകരിച്ച ഇരുപതലങ്കാരങ്ങളുടെയും ലക്ഷണങ്ങൾ കുന്തകൻ നൽകുന്നത് വക്രോക്തിദൃഷ്ടിയിലൂടെ മാത്രമാണെന്നു കാണാം. വിച്ഛിത്തിവിശേഷമാണ് അലങ്കാരവിഭജനത്തിൽ അദ്ദേഹം സ്വീകരിച്ച മാനദണ്ഡം. കവിപ്രതിഭാനിർവർതിതത്വമാണ് മറ്റൊരു ഘടകം. പിൽക്കാലത്ത് ഈ അളവുകോൽവെച്ച് അലങ്കാരനിർണയം നടത്തിയ *അലങ്കാരസർവസ്വ*കാരനായ രുയ്യകൻ കുന്തകനോട് ഏറെ കടപ്പെട്ടിരിക്കുന്നു. ഏതുതരം താണ പദ്യത്തിലും ഏതെങ്കുലുമൊരു അലങ്കാരം പറഞ്ഞാലേ സംസ്കൃതക്കാർക്കു തൃപ്തിയാവൂ എന്നും മറ്റുമുള്ള വിമർശനങ്ങൾ പൊതുവിൽ സംസ്കൃതസാഹിത്യശാസ്ത്രകൃതികളെ സംബന്ധിച്ചിടത്തോളം ശരിയാണ്. കുന്തകൻ, രുയ്യകൻ എന്നിങ്ങനെ അല്പം ചിലർ മാത്രമാണ് ഇതിന്നപവാദം. അതുകൊണ്ടുതന്നെ സംസ്കൃതസാഹിത്യവി

മർശനത്തിൽ കുന്തകന്റെ അലങ്കാരവിവരണം സവിശേഷപാധാന്യ മർഹിക്കുന്നു.

### 5. പ്രകരണവക്രത

*വക്രോക്തിജീവിതം* നാലാമുന്മേഷത്തിൽ പ്രകരണവക്രതയും പ്രബന്ധവക്രതയും നാനാഭേദപ്രഭേദങ്ങളോടെ വിവരിക്കപ്പെടുന്നു. അനേകവാക്യങ്ങളുടെ സമൂഹമായ സമ്പൂർണകൃതിയുടെ ഒരംശത്തെ യാണ് പ്രകരണം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ഒരു പ്രക രണത്തെ കവി സഹജവും ആഹാര്യവുമായ സൗകുമാര്യമണിയിച്ച് രമണീയമാക്കുമ്പോൾ അത് പ്രകരണവക്രതയ്ക്ക് ഉദാഹരണമായി ത്തീരും. ഇതിന് കുന്തകൻ ഒൻപത് ഉൾപ്പിരിവുകൾ കൽപ്പിക്കുന്നു ണ്ട്.

1. പുരാണകഥയിൽ തനിക്ക് അഭിമതമായൊരു വസ്തു മൂലക ഥയ്ക്ക് ഇടിവു തട്ടിക്കാതെയും അസംഭവ്യത തോന്നിക്കാതെയും ഇണ ക്കിച്ചേർക്കുന്നത്. *രഘുവംശ*ത്തിൽ രഘുവിന്റെ അടുത്ത് കൗത്സൻ ഗുരുദക്ഷിണയ്ക്കുവേണ്ടി ആവശ്യപ്പെടുന്ന സംഭവത്തെ ഉദാഹരണ ണമായി കൊടുത്തിരിക്കുന്നു. മലയാളത്തിൽ *ചിന്താവിഷ്ടയായ സീത, അച്ഛനും മകളും* എന്നീ രണ്ടു ഖണ്ഡകാവ്യങ്ങൾ മുഴു വൻതന്നെ ഇത്തരം പ്രകരണവക്രതയ്ക്ക് ഉദാഹരണങ്ങളാണ്. ആ കൃതികളെ സംബന്ധിച്ചിടത്തോളം അത് ഒരു കണക്കിൽ പ്രബന്ധവ ക്രതയെന്നു പറയുന്നതാവും ശരി. ഇങ്ങനെയല്ലാതെതന്നെ ഈ പ്രക രണവക്രതയ്ക്ക് കുമാരനാശാന്റെയും വള്ളത്തോളിന്റെയും കൃതി കളിൽനിന്ന് ഉദാഹരണങ്ങൾ കണ്ടെത്താം. *ചണ്ഡാലഭിക്ഷുകി*യിൽ ജാതിയുടെ നിരർഥകതയെയും സ്നേഹത്തിന്റെ മഹത്വത്തെയും വെളിപ്പെടുത്തിക്കൊണ്ട് ശ്രീബുദ്ധൻ നടത്തുന്ന സുദീർഘപ്രഭാഷണം നോക്കുക. ഇത് മൂലകഥയിൽ സൂചിപ്പിച്ചതാണ്. എങ്കിലും ഇത്ര യുക്തിയും അത്രയും വൈദഗ്ധ്യവും സ്വാരസ്യവും അവിടെ കൈവ ന്നിട്ടില്ല.

2. ഇതിവൃത്തകഥയിൽ സ്വന്തം പ്രതിഭാശക്തികൊണ്ട് നവീനമാ യൊരു ഉപകഥ കല്പിച്ച് അതിനെ കാവ്യത്തിന്റെ മുഴുവൻ ജീവിത ഭൂതമാകുമാറ് ഉപനിബന്ധിക്കുന്നത്. മൂലകഥയിൽ തീരെ ഇല്ലാത്തതോ (ഉദാഹരണം: *അഭിജ്ഞാനശാകുന്തള*ത്തിലെ ദുർവാസഃശാപഘടന), അതിലുള്ളത് അനൗചിത്യയുക്തമെന്നു തോന്നിയതുകൊണ്ട് പുതിയ രീതിയിൽ മാറ്റം വരുത്തിയതോ (ഉദാ- *ഉദാത്തരാഘവ*ത്തിൽ മാനിനെ കൊല്ലാൻ പോയ ലക്ഷ്മണനെ രക്ഷിക്കാൻ രാമൻ പോകുന്നതായി ചിത്രീകരിച്ചത്) ആവാം ഇത്. മലയാളത്തിൽനിന്ന് ഉദാഹരണം: *മഗ്ദ ലനമറിയ*ത്തിൽ മറിയത്തിന്റെ പൂർവചരിത്രം പുതുതായി കൂട്ടിച്ചേർത്ത താണ്. മൂലകഥയിൽ യേശുവും പരീശനും തമ്മിലുള്ള സംഭാഷണ മായി കൊടുത്ത ഭാഗത്തിൽ കടം വീട്ടലിന്റെ കാര്യം അത്യാവശ്യമ ല്ലായ്കയാൽ ഒഴിവാക്കുകയും ബാക്കിയുള്ളതിൽ അവസാനവാക്യം മാത്രം ഭംഗ്യന്തരേണ അവതരിപ്പിക്കുകയും മറ്റുള്ളവ ഔചിത്യപൂർവം കവിവാക്യത്തിൽ വർണിക്കുകയും ചെയ്തിരിക്കുന്നു.



കാവ്യത്തിന്റെ മുഖ്യഫലസിദ്ധിക്ക് പ്രയോജനപ്രദമായ വിധത്തിൽ പ്രകരണത്തെ ഉപകാര്യോപകാരകഭാവത്തിൽ നിബന്ധിക്കുന്നത്. ഉദാ ഹരണം – *ഉത്തരരാമചരിതം*. ഒന്നാമങ്കത്തിൽ ഭാവിപുത്രന്മാർക്ക് രാമൻ ജൃംഭകാസ്ത്രം ദാനം ചെയ്യുന്നത്. അഞ്ചാമങ്കത്തിൽ ഈ ജൃംഭ കാസ്ത്രം പ്രധാനകഥയ്ക്ക് പ്രയോജകീഭവിക്കുന്നുണ്ട്. മലയാളത്തിൽ *ശിഷ്യനും മകനും* എന്ന ഖണ്ഡകാവ്യത്തിൽനിന്നുദാഹരിക്കാം: ര ണ്ടാംഖണ്ഡാരംഭത്തിലെ ''ആ മാനുഷർഷഭനഗസ്തൃമു ഖാപ്തകൃഷ്ണപ്രേമാമൃതസ്തുതിവശീകൃതരാധികേശൻ" എന്ന പര ശുരാമവിശേഷണത്തിൽ സൂചിപ്പിച്ച കാര്യം ഒടുവിൽ നാലാം ഖണ്ഡ ത്തിൽ രാധാകൃഷ്ണന്മാരുടെ വിജയകരമായ മാധ്യസ്ഥ്യനിർവഹണ ത്തിന് പ്രയോജനപ്പെടുന്നു.

4. സഹൃദയർക്കു വിരസത തോന്നാത്ത മട്ടിൽ രസാലങ്കാര ങ്ങൾകൊണ്ടു സുന്ദരമാക്കിയ വസ്തുവെത്തന്നെ വീണ്ടും വീണ്ടും അനുസ്മരിപ്പിച്ച് പരിചയം പുതുക്കുന്നത്. ഉദാഹരണം: *താപസവ ത്സരാജ*ത്തിൽ രണ്ട്, നാല്, അഞ്ച്, ആറ് അങ്കങ്ങളിൽ കരുണരസത്തെ പുനഃപുനരുദ്ദീപിപ്പിച്ചത്. മലയാളത്തിൽ, *ചിന്താവിഷ്ടയായ സീത* യിലെ നായികയുടെ മനസ്സിലെ ഭാവസംഘർഷങ്ങൾ – തനിക്ക് പേറേ ണ്ടിവന്ന അപമാനത്തിന് കാരണക്കാരനായ രാജാവിനോടുള്ള അമർഷവും പ്രിയതനമനെന്ന നിലയ്ക്ക് രാമനെന്ന വ്യക്തിയോടുള്ള അതിരറ്റ സ്നേഹബഹുമാനങ്ങളും തമ്മിലുള്ള കേന്ദ്രസംഘർഷം വിശേഷിച്ചും – ഇടയ്ക്കിടെ ഓർമിപ്പിക്കുന്നത് ഉദാഹരണമായി ചൂണ്ടി ക്കാട്ടാം.

5. കഥാവൈചിത്ര്യത്തിനുവേണ്ടി ജലക്രീഡാദിവർണനങ്ങൾ ഘ ടിപ്പിക്കുന്നത്. ഉദാഹരണം: *രഘുവംശ*ത്തിൽ കുശന്റെ ജലക്രീഡാ വർണനം. മലയാളത്തിൽനിന്ന്: "കിളിക്കൊഞ്ചൽ"ലിൽ "ഭൂലോകരംഗ ത്തേക്കീവക നാട്യങ്ങൾ ശീലിക്കുമിച്ചെറുനർത്തകിയെ" എന്ന വരി കളിൽ അവസാനിക്കുന്ന സീതക്കുട്ടിയുടെ ബാല്യലീലകളുടെ വർണ

നം കഥവൈചിത്ര്യത്തിനുതകും വിധം ഘടിപ്പിച്ചത് ഉദാഹരണം. *കരുണ*യിൽ ഒന്നാം ഭാഗത്തിലെ "കഞ്ജബാണൻതന്റെ പട്ടം കെട്ടിയ രാജ്ഞിയെപ്പോലെ" ഇരിക്കുന്ന വാസവദത്തയുടെ വർണനയും രണ്ടാം ഭാഗത്തിലെ ചുടുകാട്ടിന്റെ പശ്ചാത്തലത്തിൽ "ചേലച്ചീന്തിനാൽ മറഞ്ഞു നാൽപ്പാമരമരിഞ്ഞുകൂട്ടിയ മാതിരി"യുള്ള അവളുടെ വർണനയും പരഭാഗശോഭ വരുത്തിക്കൊണ്ട് കഥാവൈചിത്ര്യം വർധിപ്പിച്ചതും ഉദാഹരിക്കാം.

6. അംഗിയായ രസത്തെ ഏതെങ്കിലും ഒരു പ്രകരണത്തിൽ അന്യാദൃശമാംവിധം ആവിഷ്കരിക്കുന്നത്. ഉദാഹരണം: *വിക്രമോർവശീയം* നാലാമങ്കത്തിൽ പുരൂരവസ്സിന്റെ വിപ്രലംഭശൃംഗാരാവിഷ്കരണം. മലയാളത്തിൽ *ലീല*യിൽ മൂന്നാം സർഗത്തിൽ – വിശേഷിച്ച്, "കുയിലിണയിലലിഞ്ഞുപാടിടുന്നു" എന്നു തുടങ്ങി "ഞാൻ വലഞ്ഞു" എന്നവസാനിക്കുന്ന നാലു ശ്ലോകങ്ങളിൽ അംഗിരസം (വിപ്രലംഭശൃംഗാരം – "ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം" എന്നു പ്രത്യേകം ഓർക്കുക) ഗാഢമായി ആവിഷ്കരിച്ചിരിക്കുന്നത് ഉദാഹരണമാക്കാം.

7. പ്രധാനവസ്തുസിദ്ധിക്കായി നൂതനമായൊരു പ്രകരണവൈചിത്ര്യം നിബന്ധിക്കുന്നത്. ഉദാഹരണം: *മുദ്രാരാക്ഷസം* ആറാമങ്കത്തിലെ രാക്ഷസപ്രവേശം. *അച്ഛനും മകളും* എന്ന ഖണ്ഡകാവ്യത്തിൽ "ഞാൻ കാട്ടിത്തരാമേ മുത്തച്ഛനെ..." എന്നു തുടങ്ങി സർവദമനനെ അവതരിപ്പിക്കുന്ന പ്രകരണം മലയാളത്തിൽനിന്ന് ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

8. നാടകത്തിനകത്ത് മറ്റൊരു നാടകം ചേർക്കുന്നത്. ഉദാഹരണമായി, *ഉത്തരരാമചരിതം* ഏഴാമങ്കത്തിലെ അന്തർനാടകം. കുമാരനാശാന്റെയോ വള്ളത്തോളിന്റെയോ കൃതികളിൽ ഈ പ്രകരണവക്രതാഭേദത്തിന് ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ കിട്ടില്ല. പക്ഷേ, കവിതയ്ക്ക് കവിതാരചനതന്നെ വിഷയമാക്കുന്ന വള്ളത്തോളിന്റെ "കാറ്റിൽ പറന്ന കവിത" പോലുള്ള കൃതികളെ വേണമെങ്കിൽ ഒട്ടൊക്കെ സമാനമായ ഉദാഹരണങ്ങളാക്കാമെന്നു തോന്നുന്നു.

9. മുഖപ്രതിമുഖാദിസന്ധികളിണക്കി പൂർവോത്തരബന്ധം പുലർത്തിക്കൊണ്ട് കുറേ പ്രകരണങ്ങളടുക്കിവെക്കുന്നത്. ഉദാഹരണം: പുഷ്പദൂഷിതകപ്രകരണം, കുമാരസംഭവം. ഇവിടെയും മലയാളത്തിൽ കൃത്യമായി ഇതേപോലുള്ള ഉദാഹരണങ്ങളില്ല. പക്ഷേ, ഗാന്ധിജി വെടിയേറ്റതുമുതൽ അദ്ദേഹത്തിന്റെ ചിതാഭസ്മം പുണ്യതീർഥങ്ങളിൽ ഒഴുക്കിയതുവരെയുള്ള വിവിധസന്ദർഭങ്ങളെ അധികരിച്ച് എഴുതിയ പന്ത്രണ്ട് കവിതകളുടെ സമാഹാരമായ വള്ളത്തോളിന്റെ *ബാപ്പുജി* ഈ പ്രകരണവക്രതാഭേദത്തിന് ഉദാഹരണമാക്കാവുന്നതേയുള്ളൂ.

**6. പ്രബന്ധവക്രത**

നാടകം, മഹാകാവ്യം, ഖണ്ഡകാവ്യം മുതലായ മുഴുകൃതികളെയാണ് പ്രബന്ധശബ്ദംകൊണ്ട് വിവക്ഷിക്കുന്നത്. പ്രബന്ധവ്യാപിയായ വക്രത പ്രബന്ധവക്രത. ഈ വക്രതയും പല തരത്തിലുണ്ട്.

1. മൂലകൃതിയിലെ അംഗിരസം മാറ്റി പകരം മറ്റൊന്ന് നിബന്ധിക്കുന്നത്. *മഹാഭാരത*കഥ അവലംബിച്ച് എഴുതപ്പെട്ട ഭട്ടനാരായണന്റെ *വേണീസംഹാരം* നാടകത്തിൽ ഭാരതത്തിലെ ശാന്തരസം വിട്ട് വീരരസം ഉപനിബന്ധിച്ചിരിക്കുന്നു. ശൃംഗാരരസപ്രധാനമായ *അഭിജ്ഞാനശാകുന്തള*ത്തെ ആസ്പദമാക്കി വള്ളത്തോൾ രചിച്ച *അച്ഛനും മകളും* വീരരസപ്രധാനമോ വാത്സല്യപ്രധാനമോ ആണ്. കരുണരസപ്രധാനമായ *വാല്മീകിരാമായണം* അവലംബിച്ച് കുമാരനാശാൻ രചിച്ച *ചിന്താവിഷ്ടയായ സീത*യിൽ അങ്ങനെ ഏതെങ്കിലുമൊരു രസം അംഗിയാണെന്നു നിർണയിക്കാൻ പ്രയാസം. സീതയുടെ മനസ്സിലെ ഭാവസംഘർഷങ്ങൾ സഹൃദയഹൃദയങ്ങളിൽ ആഴത്തിൽ പതിയത്തക്ക രീതിയിൽ അവതരിപ്പിച്ചിരിക്കയാണ് ആ കാവ്യത്തിൽ. അങ്ങനെ ഈ രണ്ടു കൃതികളും കുന്തകാഭിമതമായ ഈ പ്രബന്ധവക്രതയുടെ ഉദാഹരണങ്ങളായി വർത്തിക്കുന്നു.

2. ലോകോത്തരവിശിഷ്ടനായ നായകന് അത്രതന്നെ ഹർഷമുളവാക്കുന്നതല്ലെങ്കിൽ, കഥയുടെ അതുവരെയുള്ള ഭാഗം മാത്രം ആവിഷ്കരിച്ച് ബാക്കി ഭാഗം വിടുന്നത്. ഭാരവിയുടെ *കിരാതാർജുനീയ*ത്തിൽ ധർമപുത്രന്റെ ജീവിതോദയപ്രാരംഭം മാത്രം വിവരിക്കുന്നു. അർജുന–കിരാതയുദ്ധവർണനത്തോടെ കാവ്യം സമാപിക്കുന്നു. "കിളിക്കൊഞ്ചലി"നെയും ഇവിടെ ഉദാഹരിക്കാമെന്നു തോന്നുന്നു. സീതയുടെ കുട്ടിക്കാലത്തെ ഒരു സംഭവത്ത മാത്രം ചിത്രീകരിക്കാനാണ് വള്ളത്തോൾ മുതിരുന്നത്. അതേ സമയം,

"കന്യക തീർമാനം ചെയ്തു: 'മറ്റാരും വേ,–
ണ്ടെന്നെയെന്നമ്മതാൻ വേട്ടാൽ മതി!'
പൊട്ടിച്ചിരിച്ചുപോയ് സർവരും, കുട്ടിയോ
കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം."

എന്നീ അവസാനവരികളിൽ രാമായണത്തിലെ സീതാന്ത്യത്തെ സൂചിപ്പിച്ചിട്ടുമുണ്ട്. ബാല്യസഹജമായ ഒരു ചേഷ്ടയായി മാത്രം നമുക്കതിനെ കാണാനും സാധിക്കും. *പത്മപുരാണ*ത്തിലുള്ളതാണിക്കഥ. "സീത ഈ തത്തകളിൽ പിടയെ, തന്റെ വിവാഹം കഴിഞ്ഞേ വിടൂ

എന്നു പറഞ്ഞു ബന്ധിക്കയാൽ അതവിടെക്കിടന്നു മരിച്ചുവെന്നും, ഈ വ്യസനം നിമിത്തം ആൺതത്ത സീതയെക്കുറിച്ച് 'നിന്നെ ഞാൻ ഭർത്താവോട് വേർപെടുത്തും' എന്നു പ്രതിജ്ഞ ചെയ്ത് ഗംഗയിൽ ചാടി മരിച്ചുവെന്നും മറ്റുമായി ഈ കഥ നീണ്ടുപോകുന്നു. പുനർജ നിച്ച ഈ കിളികളാണുപോൽ *ലവണാസുരവധം* ആട്ടക്കഥയിലെ മണ്ണാനും മണ്ണാത്തിയും. *പത്മപുരാണ*ത്തിലെ സീത ബാലികയല്ല, യുവതിയാണ്" എന്ന് കുട്ടിക്കൃഷ്ണമാരാർ "കിളിക്കൊഞ്ച"ലിന്റെ വ്യാഖ്യാനാന്ത്യത്തിൽ എഴുതിയ കുറിപ്പ് ഈ പ്രബന്ധവക്രതയുടെ സ്വാരസ്യത്തിലേക്ക് കൂടുതൽ വെളിച്ചം വീശും.

3. മറ്റു കാര്യങ്ങൾ വർണിച്ച് മുഖ്യകഥ മുറിഞ്ഞുപോയി എന്നു തോന്നുമ്പോഴേക്കും അതിലേക്ക് മടങ്ങിവരുന്നതും ഒരുതരം പ്രബ ന്ധവക്രതതന്നെ. *ശിശുപാലവധം* ഉദാഹരണം. ഇത് വാസ്തവത്തിൽ കൃതിയുടെ മഹത്വത്തെ ഉയർത്തിപ്പിടിക്കുന്നതല്ലെന്നാണ് തോന്നുന്ന ത്. മാഘനെപ്പോലുള്ള കവികളുടെ ശാഖാചംക്രമണത്തെ വിമർശി ക്കുന്നതിനു പകരം അതിനെ വാഴ്ത്തുന്നുവോ എന്ന തോന്നലുള വാക്കുന്നുണ്ട് കുന്തകന്റെ ഈ പ്രബന്ധവക്രതാഭേദവിവരണോദാഹ രണങ്ങൾ. ഏതായാലും കുമാരനാശാന്റെയും വള്ളത്തോളിന്റെയും പക്വത വന്ന പിൽക്കാലകൃതികളിൽനിന്ന് ഈ പ്രബന്ധവക്രതാപ്ര ഭേദത്തിന് ഉദാഹരണങ്ങൾ കണ്ടെത്താൻ സാധ്യമല്ല. ഇതിനെ ഗുണ മായി കാണുന്നപക്ഷം, മാറിയും മറിഞ്ഞും തിരിഞ്ഞും വരുന്ന, രാമ നെക്കുറിച്ച് വിമർശനാത്മകമായും ന്യായീകരണപരമായുമെല്ലാം മാറിമാറിവരുന്ന, സീതയുടെ വിവിധചിന്തകൾ അലതല്ലുന്ന *ചിന്താ വിഷ്ടയായ സീത*യെ ഉദാഹരിക്കാം.

4. ഒരു ഫലസിദ്ധി മാത്രമുദ്ദേശിച്ച് ഉപനിബന്ധിക്കപ്പെട്ട നായകന് മറ്റു ഫലങ്ങൾകൂടി കിട്ടുന്നതായി വർണിക്കുന്നത്. ഹർഷദേവന്റെ *നാഗാനന്ദം* നാടകത്തിലെ നായകനായ ജീമൂതവാഹനന് ഫലസിദ്ധി കളുളവാകുന്നത് നിദർശനമായി ചൂണ്ടിക്കാട്ടാം. *ശിഷ്യനും മകനും* എന്ന കാവ്യത്തിൽ നായകന് ഗുരുവിനെ കാണുക മാത്രമായിരുന്നു ലക്ഷ്യമെങ്കിലും അപ്രതീക്ഷിതമായ സംഭവവികാസങ്ങളാൽ അതി നുപുറമെ എല്ലാവരുടെയും പ്രീതിപാത്രമാവാൻ കഴിഞ്ഞുവെന്നത് ഈ പ്രബന്ധവക്രതാഭേദത്തിന്റെ ഉദാഹരണമായി ആ കൃതിയെ ചൂണ്ടി ക്കാട്ടാൻ പ്രേരകമാകുന്നു. *ചണ്ഡാലഭിക്ഷുകി*യെയും *കരുണ*യെയും ഇക്കൂട്ടത്തിൽ പെടുത്താം. മാതംഗിക്കും വാസവദത്തയ്ക്കും ആന ന്ദനോടും ഉപഗുപ്തനോടും യഥാക്രമം തോന്നിയ മമതാനുരാഗം കാവ്യാന്ത്യത്തിൽ അതിലേറെ ബൗദ്ധധർമമാർഗാനുയായിത്വവും



നിർവാണവും വരെ അവർക്കു നേടിക്കൊടുത്തുവല്ലോ.

5. കഥാവസ്തുസൗന്ദര്യത്തെ അവലംബിച്ചുമാത്രമല്ല, ഗ്രന്ഥനാ മത്തെ ആസ്പദമാക്കിയും വക്രത വരാം. അതും പ്രബന്ധവക്രത യുടെ ഒരു പ്രഭേദമത്രേ. അതതു പ്രബന്ധങ്ങളുടെ മുഖ്യഘടകത്തിൽ കണ്ണു നട്ടുകൊണ്ടുള്ള 'അഭിജ്ഞാനശാകുന്തളം', 'മുദ്രാരാക്ഷസം' എന്നീ പേരുകൾ നോക്കുക.

വിരോധാലങ്കാരസുന്ദരമായ 'ബന്ധനസ്ഥനായ അനിരുദ്ധൻ', സ്വന്തം മകളോട് വിശ്വാമിത്രൻ കാണിച്ചിരുന്ന അക്ഷന്തവ്യമായ ഔദാ സീന്യത്തെയും അതിൽ യാദൃച്ഛികമായാണെങ്കിലും അദ്ദേഹത്തിനു ചെയ്യേണ്ടിവന്ന പശ്ചാത്താപ–പ്രായശ്ചിത്തങ്ങളെയും അതിസമർഥ മായി ധ്വനിപ്പിക്കുന്ന 'അച്ഛനും മകളും', സീതയുടെ അന്തർഭാവസ ംഘർഷങ്ങളെ നിപുണമായി നിവേദനം ചെയ്യുന്ന 'ചിന്താവിഷ്ടയായ സീത', ജാതിവ്യവസ്ഥയുടെ ക്രൂരത വ്യഞ്ജിപ്പിക്കുന്ന 'ദുരവസ്ഥ' എന്നിങ്ങനെ ഈ പ്രബന്ധവക്രതാഭേദത്തിന് അനേകം ഉദാഹരണ ങ്ങൾ ചൂണ്ടിക്കാട്ടാം.

6. ഒരേ കഥയെ ആസ്പദമാക്കി ഭിന്നകവികൾ ഭിന്നകാവ്യങ്ങൾ രചിക്കുന്നു. ആ ഓരോന്നും വക്രതയ്ക്ക് ഉദാഹരണമാണെന്നാണ് കുന്തകമതം. പ്രതികവിഭിന്നവിചിത്രമാർഗമായിരിക്കുമല്ലോ അവ. *രാമാ യണ*കഥതന്നെ കൈകാര്യം ചെയ്യുന്ന രാമാഭ്യുദയം, ഉദാത്തരാഘ ***വം, ബാലരാമായണം*** മുതലായ സംസ്കൃതകൃതികളെയാണ് കുന്ത കൻ ഉദാഹരണമാക്കുന്നത്. മലയാളത്തിൽ കുമാരനാശാന്റെയും വള്ള ത്തോളിന്റെയും പ്രമുഖകൃതികളിൽനിന്നു മാത്രം ഉദാഹരണങ്ങളെ ടുത്താൽത്തന്നെ *ചിന്താവിഷ്ടയായ സീത*, "കിളിക്കൊഞ്ചൽ", *കൊച്ചുസീത*, "ഒരു തോണിയാത്ര" മുതലായവ ചൂണ്ടിക്കാണിക്കാം. കുമാരനാശാന്റെ *ചണ്ഡാലഭിക്ഷുകി*യും ടാഗോറിന്റെ *ചണ്ഡാലി ക*യും മറ്റുദാഹരണങ്ങൾ. വള്ളത്തോളിന്റെ "അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ", ഇടശ്ശേരിയുടെ "അമ്പാടിയിലേക്കു വീണ്ടും" എന്നിവയും ഉദാഹരിക്കാം.

7. പ്രതിനവങ്ങളായ ഉപായങ്ങളുപയോഗിച്ചുകൊണ്ടുള്ള നീതി മാർഗങ്ങളെ ആസ്പദമാക്കിയും കുന്തകൻ പ്രബന്ധവക്രത കല്പി ക്കുന്നുണ്ട്. *മുദ്രാരാക്ഷസം, താപസവത്സരാജം* മുതലായവ ഉദാഹര ണങ്ങളായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ജാതിവ്യവസ്ഥയ്ക്കെതി രെയുള്ള സാമൂഹ്യവിമർശനം ലക്ഷ്യമാക്കിക്കൊണ്ട് കുമാരനാശാൻ എഴുതിയ *ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ* എന്നിവയും വേശ്യാവൃ ത്തിയുടെ അനാശാസ്യത ചൂണ്ടിക്കാട്ടുക എന്ന ലക്ഷ്യം മുൻനിർത്തി

വള്ളത്തോൾ രചിച്ച *കൊച്ചുസീത*യും ദേശീയസ്വാതന്ത്ര്യസമരത്തെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹംതന്നെ എഴുതിയ ഒട്ടേറെ *സാഹിത്യമഞ്ജരി*ക്കവിതകളും ഈ പ്രബന്ധവക്രതയ്ക്ക് ഉദാഹരണങ്ങളത്രേ.

★



## 3
# വക്രോക്തി വൈലോപ്പിള്ളിയിൽ

ഭാമഹൻ മുതൽ കുന്തകൻവരെയുള്ള സംസ്കൃതസാഹിത്യവിമർശകർ രൂപപ്പെടുത്തിക്കൊണ്ടുവന്ന ശരിയായ അർഥത്തിലുള്ള വക്രോക്തിസങ്കല്പത്തിൽനിന്ന് ഇന്നത്തെ കേരളീയസഹൃദയന് എന്ത് ഉൾക്കൊള്ളാനുണ്ട്? ഇത് കാതലയൊരു പ്രശ്നമാണ്. ഭാവശില്പത്തെക്കൂടി അഭിവ്യാപിച്ചുനിൽക്കുന്ന രൂപശില്പത്തെക്കുറിച്ചുള്ള ചിന്ത എന്ന നിലയിൽ പ്രാചീനമായ വക്രോക്തിതത്ത്വങ്ങളെ നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കവി ആശയത്തെ എങ്ങനെ ആവിഷ്കരിക്കുന്നു എന്ന അന്വേഷണം എന്നും പ്രസക്തമാണല്ലോ.

സംസ്കൃതസാഹിത്യവിമർശകരെപ്പോലെ രീതി, വക്രോക്തി, രസം, ധ്വനി മുതലായവയെപ്പറ്റി ഗാഢമായ ചർച്ചയിൽ മുഴുകാൻ പാശ്ചാത്യനിരൂപകർ ഒരുമ്പെട്ടതായി തോന്നുന്നില്ല. ആനിലയ്ക്ക് നാമിവിടെ വരച്ചുകാട്ടിയ രീതിയിലുള്ള വക്രോക്തിസങ്കല്പത്തോട് താരതമ്യം ചെയ്യാൻ പറ്റിയ നിരൂപണതത്ത്വങ്ങൾ വല്ലതും അവിടെ അന്വേഷിക്കുന്നതുകൊണ്ട് പറയത്തക്ക പ്രയോജനമുണ്ടാവില്ല. എന്നാലും സ്റ്റൈൽ, റട്ടറിക്, മെറ്റഫർ, ആന്റിഗ്വിറ്റി മുതലായവയെപ്പറ്റിയുള്ള ചർച്ചകളിൽ ചിലതെടുത്ത് വക്രോക്തിസങ്കല്പവുമായി ഒട്ടൊക്കെ ബന്ധപ്പെടുത്താവുന്ന ചില ചിന്തകൾ കണ്ടെത്താം. വിപുലമായ തോതിലുള്ള, ഗൗരവപൂർവമായ ഒരു താരതമന്യപഠനത്തിന് സാധ്യത കുറയും.

മലയാളത്തെ സംബന്ധിച്ചിടത്തോളം സാഹിത്യശാസ്ത്രത്തിന് സ്വന്തമായ അടിത്തറയില്ലാത്തുകൊണ്ട് താത്വികപഠനത്തിലുള്ള താരതമ്യത്തിന്റെയോ വളർച്ചയെപ്പറ്റിയുള്ള ചർച്ചയുടെയോ പ്രശ്നം ഉത്ഭവിക്കുന്നില്ല. പ്രായോഗികമണ്ഡലത്തിലാകട്ടെ ഇത്തരം താരതമ്യങ്ങൾ നടത്താൻ പറ്റിയ വിഭവസാമഗ്രികൾ വേണ്ടുവോളമുണ്ട്. പാശ്ചാത്യവും പൗരസ്ത്യവുമായ കലാസിദ്ധാന്തങ്ങളെ ബോധപൂർവമായും ഒട്ടൊക്കെ അബോധപൂർവമായും ആവോളം ഉൾക്കൊണ്ടിട്ടുള്ള ഒന്നാണ് നമ്മുടെ സർഗാത്മകസാഹിത്യം – ആധുനികകാലഘട്ടത്തിലേത് വിശേഷിച്ചും. രൂപശില്പത്തിലും അതുവഴി ഭാവശില്പത്തിലും കഴിവതും നിഷ്കർഷ വേണമെന്നു വന്നിട്ടുള്ളത് ആധുനികകാലഘട്ടത്തിലാണല്ലോ. ഏതെങ്കിലും ഒരതിർവരമ്പിടുക പ്രയാസമാണെ

ങ്കിലും കവിത്രയത്തിന്റെ കാലഘട്ടത്തോടുകൂടിയാണ് കാവ്യമണ്ഡലത്തിൽ ഈ ചിന്ത ഗൗരവമായി രൂപപ്പെടുന്നത്. അതിനുശേഷമാകട്ടെ അത് വർധിച്ചുവരികയും ചെയ്തു.

ഈ കാലഘട്ടത്തിലെ മിക്ക കൃതികളിൽനിന്നും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ഇത് തെളിയിക്കുന്നതിന് പ്രയാസമില്ല. വക്രോക്തിസിദ്ധാന്തത്തിലെ ഓരോ അംശത്തെയും കുമാരനാശാന്റെയും വള്ളത്തോളിന്റെയും ഇടശ്ശേരിയുടെയും പ്രഖ്യാതകൃതികളിൽനിന്ന് ഉദാഹരണങ്ങളുദ്ധരിച്ച് കഴിഞ്ഞ അധ്യായത്തിൽ വിവരിക്കുകയുണ്ടായി. കുന്തകാഭിമതമായ വക്രോക്തി എന്താണെന്ന് മലയാളകവിതാവായനക്കാർക്ക് കൂടുതൽ വിശദമാകാൻ ആ ഭാഗങ്ങൾ ഉപകരിച്ചിട്ടുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഇതേ സിദ്ധാന്തത്തെത്തന്നെ ഒരു സമ്പൂർണകൃതിയെത്തന്നെ അപഗ്രഥനത്തിന് വിധേയമാക്കിക്കൊണ്ട് വിശദീകരിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ആ സമ്പൂർണകൃതി വൈലോപ്പിള്ളിയുടെ "ഋശ്യശൃംഗൻ" (*ഋശ്യശൃംഗനും അലക്സാണ്ടറും*, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം) എന്ന നാടകമാവട്ടെ.

ആദ്യമായി വർണവിന്യാസവക്രത. ശബ്ദാലങ്കാരത്തെപ്പറ്റി അനുകൂലമായി എന്തെങ്കിലും വിചാരിക്കുന്നതുപോലും ഏതോ മഹാപരാധമാണന്നൊരു ധാരണ എങ്ങനെയോ കുറേക്കാലമായി നമ്മുടെ നാട്ടിൽ പരന്നുകഴിഞ്ഞിട്ടുണ്ട്. ദ്വിതീയാക്ഷരപ്രാസവാദമാവാം അതിനു തുടക്കമിട്ടത്. കവികൾ "തത്വത്തിൽ അംഗീകരിക്കുക"യും പ്രസ്താവനകൾ നടത്തുകയും ചെയ്തത് എന്തായാലും ശരി, പ്രവർത്തിച്ചത് ശബ്ദാലങ്കാരങ്ങളോട് ഉള്ളാലെ പക്ഷപാതം പുലർത്തിക്കൊണ്ടുതന്നെയാണെന്നതിന് അവരുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു. രൂപശില്പത്തിന്റെ ഏറ്റവും സ്ഥൂലമായ ഘടകം ശബ്ദഭംഗിയാണല്ലോ. ഏറ്റവും സ്ഥൂലമെന്നതുകൊണ്ട് അതൊഴിവാക്കാവുന്നതാണെന്നർഥമില്ല. ഒഴിവാക്കിയാൽ രൂപഭംഗിക്ക് അത്രകണ്ട് ഇടിവുതട്ടുകയും ചെയ്യും. അതിൽ മാത്രമാവരുത് നിഷ്കർഷ എന്നല്ലാതെ അതിൽ നിഷ്കർഷ പാടില്ലെന്ന് ഏതു സാഹിത്യകലാമർമജ്ഞനും വിധിക്കില്ല. വർണവിന്യാസവക്രതയുടെ പ്രസക്തിയും ഇതുതന്നെ

പ്രമദയും മഞ്ജരിയും ഋശ്യശൃംഗന്റെ മുന്നിൽ പന്തടിച്ചുകൊണ്ട് പാടുന്ന കുമ്മി കേൾക്കൂ:

"ധ്യാനലോലമിത്ര നാളും നീയിരുന്നതെന്തേ?
കാനനത്തിൽ കൂവളത്തിൻ കായ പോലെൻ പന്തേ?
ശുദ്ധനിത്യശൂന്യതയുൾക്കൊണ്ടു നീയിന്നോളം



അദ്യ നീയോ നൃത്തമാടും മർത്യചിത്തഗോളം.
പോകപോകെന്നാഞ്ഞുതള്ളി ഞാൻ വിടുമ്പോളേവം
മാഴ്കി മാഴ്കി നീ കുതിപ്പിതെങ്കലേക്കേ പാവം!
സാദമെന്യേ ദുർവിധിയിൽ തട്ടിമുട്ടിത്തീരേ
വേദനിക്കും നിന്നെ ഞാനിന്നോമനിക്കും; പോരേ?
ഇച്ചലന,മിക്കദന,മിസ്സുഖസമ്മർദം
മെച്ചമേറും ജീവിതമാണന്യമെല്ലാം വ്യർഥം!"

ഋശ്യശൃംഗമുനികുമാരനെ എങ്ങനെയൊക്കെ ആകർഷിക്കാമെന്നതാണ് ആ വേശപ്പെൺകൊടിമാരുടെ നോട്ടം. കാൽച്ചിലങ്കകളും കുപ്പിവളകളും കിലുങ്ങുമാറ് പന്തടിച്ചാടിയുലയുന്ന ആ പെൺകിടാങ്ങളുടെ ഹൃദയത്തിൽ ഉയർന്നും താഴ്ന്നും വീണ്ടുമുയർന്നും വരുന്ന വികാരങ്ങളെ ആവിഷ്കരിക്കുന്ന വരികളാണിവ. അവരുടെ അകവും പുറവും ഒരുപോലെ ധ്വനിക്കുന്നുണ്ട്, ഈ വരികളിൽ. ഭാവാനുഗുണമായ വൃത്തത്തിനുള്ളിൽ ആദിയിലും അന്ത്യത്തിലും ഇടയിലുമൊക്കെയായി ശബ്ദാലങ്കാരത്തിന്റെ പൊൽക്കാൽച്ചിലങ്കകൾ കോർത്തുകെട്ടിയിരിക്കുന്നത് രസപുഷ്ടിക്ക് എത്രമാത്രം ഉതകിയിരിക്കുന്നുവെന്നോ?

ഋശ്യശൃംഗനെയും കൂട്ടി ആശ്രമം വിടുന്ന ആ വിജയശ്രീകളുടെ ആശ്രമാന്തരീക്ഷത്തോടുള്ള അഭ്യർഥനയിലെ ഒരു ഭാഗം:

"വാരിളംകിളികളേ, പോരുമീ വേദപാഠം,
പോരിക കൂടേ നിങ്ങൾക്കിന്നനധ്യായം.
സ്വർണതോരണം തൂക്കൂ കർണികാരകങ്ങളേ,
പുണ്യസൗരഭം വീശൂ പൈങ്കുളിർക്കാറ്റേ!"

ഒരു പ്രത്യേകരീതിയിലുള്ള ഈ വർണവിന്യാസവും "കല്യാണീകളവാണീ" ആ കൈകൊട്ടിക്കളിപ്പാട്ടുരീതിയുമെല്ലാം ദീർഘസുന്ദരാകാരനായ ഋഷികുമാരനെ ആശ്രമത്തിൽനിന്നു മറ്റൊരാശ്രമത്തിലേക്ക് നയിക്കുന്ന ആ സന്ദർഭത്തിന് തികച്ചും അനുയോജ്യമായിട്ടുണ്ട്.

നമ്മുടെ നാടോടിഗാനങ്ങളിലൂടെയും മറ്റും വളർച്ച പ്രാപിച്ചുവന്ന അന്താദിപ്രാസംപോലുള്ള പദാവർത്തനരൂപമായ ആ വർണവിന്യാസക്രമത്തെ വൈലോപ്പിള്ളി എത്ര സമർഥമായി ഉപയോഗപ്പെടുത്തുന്നുവെന്നു നോക്കൂ:

"അത്യഗാധസമുദ്രത്തിൽ മുങ്ങി മുത്തെടുത്തൂ
മുത്തെടുത്തൂ പാവമൊരു മുക്കുവക്കിടാത്തി.
അത്തൊഴിലിലെന്തു മിച്ചം? പത്തുവെള്ളിപ്പുത്തൻ.

പത്തു പുത്തൻ, കവിൾത്തട്ടിൽ കൊച്ചുകണ്ണീർത്തുള്ളി.
മുത്തു ഞാത്തിലണിയുന്നു പൃഥ്വീപാലപുത്രി,
പൃഥ്വീപാലപുത്രി ചെയ്ത ഭാഗ്യമത്രേ ഭാഗ്യം!"

ഋശ്യശൃംഗനെ അംഗരാജ്യത്തു കൊണ്ടുവന്നു. വറ്റിവരണ്ടു കിടന്ന അവിടം പെരുമഴകൊണ്ടു കുളിർത്തു. ആ സുന്ദരനായ ഋഷിയുവാവിന്റെ രാഗധാര ശാന്താദേവിയിലേക്ക് ഒഴുകിത്തുടങ്ങി. ഇതിനെല്ലാം ഒത്താശ ചെയ്ത ആ വേശകുമാരിമാരിൽ ഒരുവളുടെ – മഞ്ജരിയുടെ – ഋശ്യശൃംഗാഭിമുഖമായ പ്രേമാങ്കുരത്തെ ധ്വനിമധുരമായി വർണിക്കുന്നതാണ് ഈ ഗാനശകലമെന്നറിയുമ്പോൾ, ആ വൃത്തവും ആ രീതിയിലുള്ള പരാവർത്തനവും പ്രസ്തുതശോകച്ഛായയെ പരിപോഷിപ്പിക്കാൻ എത്രമേൽ ഉപകരിച്ചിട്ടുണ്ടെന്നു വ്യക്തമാവും.

അപ്പോൾ, ഇവിടെ വെറും വർണവിന്യാസവക്രതയായി, ശബ്ദാലങ്കാരമായി നിൽക്കുകയല്ല, മറിച്ച്, രസഭാവപോഷകമായി സന്ദർഭത്തെയാകെ കൊഴുപ്പിക്കുകയാണ്. അങ്ങനെയല്ലെങ്കിൽ, അതുകൊണ്ടെന്തു പ്രയോജനം? പദപൂർവാർധവക്രതയിൽ പല വിഭാഗങ്ങളുണ്ടല്ലോ. അവയിൽ മിക്കതും *ഋശ്യശൃംഗ*നിൽ കാണാം. ആനകളുടെ ചിന്നംവിളി കേട്ട മഞ്ജരി പേടി പൂണ്ട് ചോദിക്കുന്നു: "ഹാ! എന്റെ നെഞ്ച് പിടയ്ക്കുകയാണ്. ഈ വഴിക്കെങ്ങാനും വരുമോ?" പ്രമദയുടെ മറുപടി: "ഏയ്, വിഭണ്ഡകന്റെ താവളത്തിലേക്കോ?" ഇവിടെ വിഭണ്ഡകൻ എന്ന പദത്തിന് ഒരു മഹർഷിയുടെ പേര് എന്നതിലും കവിഞ്ഞ അർഥവ്യാപ്തി അനുഭവവേദ്യമാണ്. സർവസംഹാരകമായ തപശ്ശക്തിയുടെ ഉടയാളെന്ന ധ്വനി ആ പദം ഉൾക്കൊള്ളുന്നുണ്ട്. രൂഢിവൈചിത്ര്യവക്രത എന്ന് കുന്തകനും അർഥാന്തരസംക്രമിതവാച്യധ്വനി എന്ന് ആനന്ദവർധനനും ഏത് കലാമർമത്തെ മനസ്സിൽ കണ്ടുകൊണ്ടാണോ, അതാണ് ഇവിടെ നാം കാണുന്നത്.

ആശ്രമപ്രാന്തത്തിലെത്തിയ പ്രമദാമഞ്ജരിമാരുടെ സംഭാഷണത്തിലൂടെയാണല്ലോ, അംഗരാജാവായ ലോമപാദന്റെ ആജ്ഞയനുസരിച്ച് ഋശ്യശൃംഗന്റെ ആനയനത്തിന് ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ അനാവരണം ചെയ്യപ്പെടുന്നത്. അംഗരാജ്യത്ത് മഴയ്ക്കു വഴി തെളിയിക്കുന്നതിനു പുറമെ അതിനേക്കാളും ഉരത്തതാണ് അമ്മയുടെ ലക്ഷ്യം എന്ന ഉപക്രമത്തോടെ പ്രമദ പറയുകയാണ്: "അമ്മ പറഞ്ഞതു കേട്ടില്ലേ, നാം അനംഗരാജാവിന്റെ ദൂതികളാണെന്ന്! അംഗരാജ്യത്ത് മഴ പെയ്യിക്കാൻ അവിടത്തെ രാജാവിന്റെ കല്പനപ്രകാരം പുറപ്പെട്ട അവർ അതിന് കാമത്തിന്റെ മാർഗമാണല്ലോ കൈക്കൊ



ണ്ടത്. കാമദേവന്റെ ദൂതികളെന്നു പറയുന്നതിനു പകരം "അനംഗരാജാവിന്റെ ദൂതികൾ" എന്നു പറഞ്ഞതുകൊണ്ട് അവളുടെ ആശയം വളരെ ഭംഗിയായും അതിശക്തമായും ധ്വനിച്ചിരിക്കുന്നു. തങ്ങൾ അംഗരാജാവിന്റെ ദൂതികളല്ല, അനംഗരാജാവിന്റെ, അംഗമില്ലാത്ത, അദൃശ്യമൂർത്തിയായ കാമന്റെ – ദൂതികളാണ്! എന്തൊരഭിമാനമാണ് ആ വാക്കിൽ വിജൃംഭിച്ചുനിൽക്കുന്നത്! പര്യായവക്രതയ്ക്ക് മികച്ചൊരു ദാഹരണമാണിത്.

അമൂർത്തവസ്തുവിനെ മൂർത്തമായി കല്പിച്ചുകൊണ്ടും മറ്റുമുള്ള ഉപചാരവക്രതയ്ക്ക് ചങ്ങമ്പുഴ തൊട്ടിങ്ങോട്ടുള്ള മലയാളകവികളുടെ കൃതികളിൽ ഒരു ക്ഷാമവുമില്ല. രൂപകാതിശയോക്തിയുടെയോ മറ്റോ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്താവുന്നതിലധികം വ്യാപ്തിയും ചമത്കാരാതിശയവും അത്തരം പ്രയോഗങ്ങൾക്കുണ്ട്. "ആ വിഭണ്ഡകമഹർഷി പോയ്ക്കഴിഞ്ഞിട്ട് ഈ വനമെല്ലാം ഇപ്പോഴൊന്നു തെളിയുന്നതേ ഉള്ളൂ എന്നു തോന്നും, നേരം ഇത്ര പുലർന്നിട്ടും" എന്ന മുഖവുരയോടെ തുടങ്ങുന്ന ആ പ്രകൃതിസൗന്ദര്യവർണനഗാനത്തിലെ ചില ഭാഗങ്ങൾ നോക്കൂ:

"മൂടൽമഞ്ഞുകൾ മാറിയുണർന്ന
പാട്, കാട് കുളിർത്തുനിൽക്കുന്നു;
താവിനിന്ന വിളർച്ച തീർന്നപ്പോൾ
തൂവെളിച്ചം ചിരിച്ചതേയുള്ളൂ;
ആവൂ! തെന്നലിൽ പാതി വിടർന്ന
പൂവ് വീർപ്പു വിടുന്നതേയുള്ളൂ.
*　　*　　*
ധ്യാനം ചെയ്യും പ്രശാന്തിയെക്കാണാ–
നാനന്ദങ്ങളണഞ്ഞതേയുള്ളൂ."

ഋശ്യശൃംഗന്റെ പ്രശാന്തജീവിതത്തിൽ വന്നണയാൻ പോകുന്ന ആനന്ദങ്ങളുടെ തിരനോട്ടത്തെ സുന്ദരമായി വ്യഞ്ജിപ്പിക്കുന്ന പ്രസ്തുതഗാനത്തിന് ഈ പ്രയോഗഭംഗികൾ കൂടുതൽ സൗഭാഗ്യമണിയിച്ചിട്ടുണ്ടെന്നു കാണാം. സംസ്കൃതകാവ്യങ്ങളിൽ താരതമ്യേന വളരെ ചുരുക്കമായി, ഏറെക്കുറെ രൂപകാതിശയോക്തിപോലുള്ള ഏതെങ്കിലുമൊരു അലങ്കാരപ്പേരിട്ടു വിളിക്കാവുന്ന മട്ടിൽ പരിമിതമായ ചമത്കാരത്തോടുകൂടി, കാണപ്പെടുന്ന ഈ ഉപചാരവക്രത ആംഗലകവിതയുടെ അഗാധമായ സ്വാധീനത്തിന്റെ ഫലമായിക്കൂടിയാവാം, എത്ര വിപുലമായ വളർച്ചയാണ് നേടിയിരിക്കുന്നത്! ഒറ്റക്കേൾവിക്കുതന്നെ മറ്റാരും പ്രയോഗിക്കുകയില്ലെന്നുറപ്പു തോന്നുന്ന

"താമരനൂൽ ചാടിക്കൊണ്ട് തടവു ചാടുന്ന മുനികുമാരൻ", "കാറ്റി ലാകെ മണത്തെഴും മാനിന്റെ നോട്ടം", "കരൾമുറിവിൽ കരുണാ പൂർവം മുകരുന്ന മധുദ്രാവം", "പൂജാമണിക്കിലുക്കങ്ങളായ ചിരി കൾ", "വിൽമുനയേന്തിക്കൊണ്ടുനിൽക്കുന്ന കായാമ്പൂവൊളിമേഘം" തുടങ്ങിയ *ഋശ്യശൃംഗ*നിലെ ശ്രീമയമായ ബിംബങ്ങൾ ഇക്കാര്യം വിളി ച്ചുപറയും.

അടുത്തത് വിശേഷണവക്രത. "ഋജുശീലനായ ഋശ്യശൃംഗകു മാരൻ കണ്ണടച്ചിരുട്ടാക്കുന്നതെന്തിന്" എന്നും "പണ്ടൊരിക്കൽ കൗശി കഹ്രദത്തിൽവെച്ച് ഒരു രക്ഷസ്സ് (ഉർവശി) ധർമിഷ്ഠനായ താതവിഭ ണ്ഡകനെ അവതാളത്തിലാക്കിയതായി ഞാനും കേട്ടിട്ടുണ്ട്" എന്നും മറ്റുമുള്ള വാക്യങ്ങളിലെ വിശേഷണങ്ങൾ വെറുതെ ഒരു ഭംഗിക്കു വേണ്ടി ചേർത്തതല്ല. അർഥഗർഭങ്ങളായ അത്തരം വിശേഷണങ്ങളുടെ വ്യംഗ്യമണ്ഡലം ഒരു പരികരാലങ്കാരത്തിന്റെ പരിധിക്കകത്ത് ഒതു ങ്ങിനിൽക്കുകയുമില്ല. വിശേഷണവക്രത എന്നു പേരിട്ടുവിളിച്ചപ്പോൾ കുന്തകൻ ഇതെല്ലാം കണ്ടിരിക്കാം. വിശേഷണരൂപത്തിൽ മുൻപിൽ പ്രയോഗിച്ചാൽ ഒട്ടൊക്കെ ശിഥിലവും ദുർബലവുമായേക്കാവുന്ന യുക്തിഗർഭമായ പദങ്ങളെ പിന്നിൽക്കെട്ടി അതിശക്തമായി ഭാവാവി ഷ്കരണം നടത്തിയ സന്ദർഭങ്ങൾ ഒട്ടല്ല. "സ്ത്രീയെ അപമാനിക്കാം; അവൾ മാംസക്കെണിയല്ലേ? ചണ്ഡാളനെ അകറ്റിനിർത്താം; അവന്റെ പൂർവജന്മദുഷ്കൃതമല്ലേ പിഴച്ചത്?"

ഏതാണ്ട് ഒരനിർവചനീയതയെക്കുറിക്കുന്ന സംവൃതിവക്രത, നിസ്സാരമെന്നു നാം തള്ളിക്കളഞ്ഞേക്കാവുന്ന പല സന്ദർഭങ്ങളിലും ധ്വനി ചിതറിക്കൊണ്ട് വിലസുന്നതു കാണാം. പ്രമദാമഞ്ജരിമാരുടെ ദർശനസ്പർശനാദികൾ തന്നിലുളവാക്കിയ അനുഭൂതികൾ ഋശ്യശൃം ഗൻ അച്ഛനെ വർണിച്ചുകേൾപ്പിക്കുന്ന ഘട്ടം നല്ലൊരുദാഹരണമാ ണ്: "അവരെനിക്ക് ഒന്നാന്തരം മരവുരികളും പൂമാലകളും തന്നു. പുതിയതരം ഫലമൂലങ്ങളും. എന്തു മൃദുത്വം! ...എനിക്കു കുടിക്കാൻ ഒരു തരം വെള്ളം തന്നു. രക്തചന്ദനത്തിന്റെ നിറം! നല്ല സ്വാദും ഗന്ധ വും. കുടിച്ചിട്ടെനിക്ക് വല്ലാത്തൊരിമ്പം! ... അവർ എന്റെ ജടയ്ക്കു പിടിച്ച് മുഖം താഴ്ത്തി മുഖത്തോടടുപ്പിച്ച് അമർത്തിക്കൊണ്ട് ഒരൊ ച്ചയുണ്ടാക്കി! എനിക്ക് വീർപ്പ് മുട്ടിപ്പോയി. എങ്കിലും വല്ലാത്തൊരു സുഖം തോന്നി." ഈ കഥപാത്രത്തിന്റെ സവിശേഷതകൊണ്ട് കുന്ത കൻ വിവരിച്ചതിലും കവിഞ്ഞൊരു സംവരണം (മറച്ചുവെപ്പ്. മദ്യം, ആശ്ലേഷം, ചുംബനം മുതലായ ശരിയായ വാക്കുകൾ അവനറിയാ



ത്തതുകൊണ്ടുകൂടിയാണല്ലോ ഇത്.) കൂടി ഈ സംവൃതിവക്രതയി ലുണ്ട്. ആശ്രമം വിട്ടുപോന്നപ്പോൾ ആ പ്രശാന്തിപൂർണമായ പരിസ രത്തോട് എന്തെന്നില്ലാത്ത ഒരു മമതാബന്ധം വന്നുകഴിഞ്ഞിരുന്ന മഞ്ജരി തന്റ അനുഭൂതികളെ വിവരിക്കുന്നിടത്തും സംവൃതിവക്ര തയുടെ സൗന്ദര്യം നമുക്ക് ദർശിക്കാം. "എന്തൊരു നിർവൃതിയാണ വിടെ!" "എന്നാലും ആ ശുദ്ധി! ആ ശാന്തി!" മുതലായ അവളുടെ വാക്കുകൾ ശ്രദ്ധിക്കുക. ലിംഗവൈചിത്ര്യവക്രതയ്ക്ക്, മുൻപ് പ്രസ്താ വിച്ചതുപോലെ, സ്ത്രീ എന്ന അർഥത്തിൽ പുല്ലിംഗശബ്ദം (ഉദാഹ രണം: ദാരാഃ – ഭാര്യ) പ്രയോഗിക്കുന്നതുപോലുള്ള ഉദാഹരണങ്ങൾ സംസ്കൃതത്തിലെന്നപോലെ മലയാളത്തിൽ കിട്ടില്ലല്ലോ. എന്നാൽ സ്ത്രീപുംനപുംസകലിംഗങ്ങൾ മൂന്നുമുള്ള ശബ്ദമായാലും "നാമൈവ സ്ത്രീതി പേശലം" എന്ന രീതിയനുസരിച്ച് ശാലീനസൗ ന്ദര്യം സൂചിപ്പിക്കാനും മറ്റുമായി സ്ത്രീലിംഗരൂപംതന്നെ പ്രയോഗി ക്കുന്നതിന് മലയാളത്തിലും ഉദാഹരണങ്ങളുണ്ട്. "മർമരമരുളീ കാ, റ്റുകലത്തൊരു ചമ്പകമലർവനിയുണ്ടേ" – ഇവിടെ 'വന'മെന്നു പ്രയോ ഗിക്കാതെ 'വനി' എന്നു സ്ത്രീലിംഗത്തിൽ പ്രയോഗിച്ചതുകൊണ്ട് സവിശേഷമായൊരു സൗകുമാര്യം കൈവന്നതായി തോന്നും. സംസ്കൃതകവിതയിൽനിന്ന് ഉദ്ധരിച്ചതിൽനിന്ന് അല്പം വ്യത്യസ്ത മായ സ്വഭാവത്തോടുകൂടിയാണെങ്കിലും അപൂർവസുന്ദരമായ ഒരു തരം ക്രിയാവൈചിത്ര്യവക്രത *ഋശ്യശൃഗ*നിൽ കാണാം.

"പ്രമദ – ലവംഗൻ സമർഥനാണ്. അത്ര വേഗം ഭസ്മമാവാൻ കൂട്ടാ ക്കില്ല." അവനെയങ്ങ് ശപിച്ച് ഭസ്മമാക്കിക്കളയാൻ ആർക്കും അത്ര എളുപ്പമല്ല എന്നാണ് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോഴത്തെ ധ്വനി മുഴു വൻ ചോർന്നുപോയേനേ! പ്രയോജകത്തിനു പകരം കേവലം പ്രയോ ഗിച്ചതുകൊണ്ട് കൈവന്നതാണിത്. "അവർ നടക്കുമ്പോഴൊക്കെ സ്വർണം കിടന്നു കൂവുകയാണ്" എന്ന് ഋശ്യശൃംഗൻ പ്രമദാമഞ്ജ രിമാരെപ്പറ്റി പറയുമ്പോൾ 'സ്വർണച്ചിലങ്കകൾ കിലുങ്ങുന്നു' എന്ന ആശയത്തിന്റെ ഉക്തിഭംഗി കലർതതിയ ആ പ്രയോഗം നമ്മുടെ മനം കവരുന്നു. കൂവുക എന്ന പ്രവൃത്തി ചെയ്യുവാൻ അശക്തമായ സ്വർണം അങ്ങനെ ചെയ്യുന്നു എന്നു വർണിച്ചതിലെ ക്രിയാവൈ ചിത്ര്യവക്രതകൂടി ആ ആകർഷകതയ്ക്കു കാരണമാവാം. "ഊർജ സ്വലമായ താരുണ്യം അല്പസുഖങ്ങളെ ഊട്ടാനുള്ളതല്ല, വാർധക്യ ത്തിനു സാധിക്കുന്നതിനേക്കാൾ സുദൃഢമായി ബ്രഹ്മത്തെ ആശ്ലേ ഷിക്കാനുള്ളതാണ്." എന്ന വിഭണ്ഡകവചനങ്ങളുടെ അർഥാന്തരപ രമായ ധ്വനികൾക്കു മുഴുവൻ പ്രഭവകേന്ദ്രമായി നിൽക്കുന്നത് മറ്റെ

ന്തിലുമുപരി ആ ക്രിയകളാകുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഭാവശില്പത്തെ അഭിവ്യാപിച്ചുനിൽക്കുന്ന രൂപശില്പത്തിന്റെ, വക്രോക്തിയുടെ, ജീവാതുവായ ഉക്തിവൈചിത്ര്യമാണ്, അലങ്കാരമെന്നു തോന്നിച്ചുകൊണ്ട് നമ്മുടെ മുൻപിൽ വന്നുനിൽക്കുന്ന ബിംബങ്ങൾക്കെല്ലാം മിഴിവിയറ്റുന്നത്.

അടുത്തതായി പ്രകരണവക്രതയിലേക്കു കടക്കാം. വ്യാസനും വാല്മീകിയും പറഞ്ഞുതന്ന ഋശ്യശൃംഗോപാഖ്യാനമാണ് വൈലോപ്പിള്ളി തന്റെ *ഋശ്യശൃംഗ*നാടകത്തിന് വിഷയമാക്കിയിരിക്കുന്നത്. പക്ഷേ, ആ ഇതിഹാസഭാഗങ്ങളോ കുട്ടിക്കൃഷ്ണമാരാർ അസൂയാവഹമായ കൗശലത്തോടെ പുനരാവിഷ്കരിച്ച പ്രസ്തുതഭാഗമോ വായിക്കുന്ന അവസരത്തിൽ അനുഭവിക്കാൻ കഴിയാത്ത ഭാവരസപ്രപഞ്ചത്തിലേക്കു നമ്മെ കൊണ്ടുചെന്നെത്തിക്കുകയാണ് *ഋശ്യശൃംഗ*നിലൂടെ ഈ കവി. വക്രോക്തിദൃഷ്ടിയിലൂടെ നോക്കിയാൽ, ചില പ്രകരണവക്രതാപ്രകാരങ്ങളുടെ കുശലമായ പ്രയോഗമാണ് അതിന് മുഖ്യകാരണം. കാളിദാസൻ *മഹാഭാരത*ത്തിലെ ശാകുന്തളോപാഖ്യാനത്തെ *അഭിജ്ഞാനശാകുന്തള*മാക്കി മാറ്റിയപ്പോൾ എന്തു നേടിയോ അതിൽനിന്ന് വളരെയൊന്നും കുറഞ്ഞതല്ല വൈലോപ്പിള്ളി ഇവിടെ നേടിയത്. അനസൂയ, പ്രിയംവദ എന്ന രണ്ടു സഖികളെപ്പോലെ, ഇവിടെയിതാ മഞ്ജരിയും പ്രമദയും; പേരുകളുടെ യൗഗികാർഥത്തിലൂടെയുള്ള ആ സ്വഭാവവ്യഞ്ജനം പോലും ഇവിടെയും സാധിച്ചിരിക്കുന്നു. വൃദ്ധകർഷകദമ്പതികളെ പ്രവേശിപ്പിച്ച് വിഭണ്ഡകന്റെ ക്രോധമൊടുക്കുന്നതും കവിയുടെ സ്വതന്ത്രകല്പനതന്നെ. ഈ നാലുപേരെ ഒഴിച്ചുനിർത്തി *ഋശ്യശൃംഗ*നൊന്നു വായിച്ചുനോക്കിയാൽ ഇവരുടെ വില നല്ലപോലെ മനസ്സിലാവും.

സന്ദർഭാനുഗുണമായ രസഭാവങ്ങൾ വ്യഞ്ജിപ്പിക്കുന്ന പത്തുപതിനഞ്ചു കവിതാഖണ്ഡങ്ങൾ ചേർത്തിട്ടുള്ളതും നാടകത്തിന്റെ കാവ്യഭംഗി വളരെയേറെ വർധിപ്പിക്കുന്നു. വിസ്തരിച്ചുപപാദിക്കാവുന്ന ഇവയെല്ലാം പ്രകരണവക്രതയുടെ പ്രകാരഭേദങ്ങളിൽ പെടുന്നു എന്നുമാത്രം പറഞ്ഞു നിർത്തട്ടെ.

അവസാനമായി, പ്രബന്ധവക്രതയ്ക്കുദാഹരണമായും *ഋശ്യശൃംഗ*നെ ചൂണ്ടിക്കാട്ടാം. വിശദമായ വ്യാഖ്യാനമർഹിക്കുമാറ് മൂലകഥയിൽ നിഴലിച്ചുമാത്രം കാണുന്ന വിരുദ്ധഭാവങ്ങളുടെ സമന്വയത്തെ വൈലോപ്പിള്ളി തന്റെ കൃതിയിൽ കേന്ദ്രസ്ഥാനത്തു നിർത്തി തെളിയിച്ചുകാട്ടിയിരിക്കുന്നു. നീതിമാർഗോപദേശങ്ങളെ ആസ്പദമാക്കി



കുന്തകൻ വിവരിച്ച പ്രബന്ധവക്രതയുടെ പുതിയ രീതിയിലുള്ള മുന്തിയ ഉദാഹരണമാണിത്. പ്രമദാ–മഞ്ജരിമാരുടെ സംഭാഷണങ്ങളിലൂടെയും ഒടുവിൽ വിഭണ്ഡകന്റെതന്നെ വാക്കുകളിലൂടെയും കലാത്മകത കൈവിടാതെ ആവിഷ്കൃതമായ ആ ദർശനം മലയാളനിരൂപണവേദിയിൽ അർഹിക്കുന്നത്ര ശ്രദ്ധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. നാലാമങ്കത്തിൽ പ്രമദ പറയുന്നു: "അതെ, വഴി നിറയെ ദുഃഖത്തിന്റെ മുള്ള്. അതുകൊണ്ട് വേദനിക്കാതിരിക്കാൻ നാട്ടിൽ ചിലർ അന്യരുടെ ചുമലിൽ സവാരി ചെയ്യുന്നു. കാട്ടിലെ ചില വിഭണ്ഡകന്മാർ കാലു മരവിപ്പിച്ചു ശീലിക്കുന്നു. അവർ തമ്മിൽ, മറ്റുള്ളവരെ കബളിപ്പിക്കാൻ, ഒരു ഗൂഢാലോചനയും! മുള്ളു പെറുക്കിക്കളയാൻ ഉത്സാഹിക്കുന്നവർ എത്ര ചുരുക്കം!'" അവതാരികയിൽ വിഷ്ണുനാരായണൻ നമ്പൂതിരി നിരീക്ഷിച്ചതുപോലെ, ജീവിതത്തിന്റെ വഴിയിൽനിന്ന് മുള്ളു നീക്കുവാനുള്ള സാർഥകവും സഫലവുമായ പരിശ്രമത്തിന്റെ കഥയാണ് *ഋശ്യശൃംഗൻ*. ജീവിതത്തിന്റെ പുനഃസൃഷ്ടിക്ക് അത് വിത്ത് വിതയ്ക്കുന്നു.

കുറച്ചുമുൻപ്, പ്രകരണവശാൽ, വൈലോപ്പിള്ളിയെ കാളിദാസനുമായി ബന്ധപ്പെടുത്തി ഒരു ചിന്ത തുടങ്ങിവെച്ചല്ലോ. അത് പ്രബന്ധവക്രതയുടെ കാര്യത്തിലും പ്രസക്തമത്രേ. കാളിദാസീയമെന്നു വിളികൊണ്ട ദർശനം തന്നെയാണ് വൈലോപ്പിള്ളിയും കൈക്കൊള്ളുന്നത്. ഗോയ്ഥേയുടെ വിഖ്യാതമായ ശാകുന്തളപ്രശംസയിൽ സൂചിപ്പിച്ചതുമാതിരി, രതിവിരതികളുടെയും ലൗകികാലൗകികങ്ങളുടെയും അതുപോലുള്ള മറ്റു ദ്വന്ദ്വങ്ങളുടെയും സമന്വയമാണല്ലോ കാളിദാസീയദർശനത്തിന്റെ കാതൽ. അതേറ്റവുമധികം ഉൾക്കൊണ്ട കവി വള്ളത്തോളാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ പൂർണഫലാഗമമെന്നു വിശേഷിപ്പിക്കാവുന്ന *അച്ഛനും മകളും* എന്ന കൃതിയിൽ ആ സമഗ്രദർശനം കാണാം. *ഋശ്യശൃംഗ*നിൽ വൈലോപ്പിള്ളി തെല്ലുകൂടി മുന്നിട്ടുനിൽക്കുന്നില്ലേ എന്നു തോന്നാം. "ബ്രഹ്മധ്യാനം ചെയ്യുന്നവൻ ഓരോ സുഷിരംകൊണ്ടും പരമാനന്ദമനുഭവിക്കുന്നു" എന്നവസാനിക്കുന്ന വിഭണ്ഡകന്റെ തത്വോപദേശത്തെ, "അച്ഛൻ ദ്വേഷ്യപ്പെടരുത്. സമാധി ശീലിക്കുമ്പോഴുള്ളതിനേക്കാൾ വ്യക്തമായ ആനന്ദം അവരുടെ സൗഹാർദത്തിൽ എനിക്കു തോന്നി" എന്ന നിഷ്കളങ്കമായ സത്യവാങ്മൂലംകൊണ്ട് ആവിയാക്കുകയാണ് ഋശ്യശൃംഗൻ.

"ഞാനൊന്നു ചോദിക്കട്ടേ സാദരം മഹാമുനേ,
ധ്യാനത്തിലുൾച്ചേർന്നൊരസ്സച്ചിദാനന്ദം താനോ,

മാനിച്ചീയിളം പൂമെയ് പുൽകലിലുളവായൊ–
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം?"

എന്ന വള്ളത്തോളിന്റെ ആ നേരിട്ടുള്ള ചോദ്യത്തേക്കാൾ രൂപത്തിലും ഭാവത്തിലും ഇതിന് ഊക്കും മൂർച്ചയും കൂടും.

"എന്റെ തലയിലെ കൊമ്പ് തടവിക്കൊണ്ട് അവരും എന്നെ പരിഹസിച്ചു. അമ്മയെവിടെ എന്നും ചോദിച്ചു." എന്ന ഋശ്യശൃംഗന്റെ വസ്തുതത്വകഥനത്തിന് സമാനസ്വഭാവമുള്ള,

"അച്ഛനമ്മമാർ കാലേ വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാനച്ഛനുമെന്നേ വേണ്ടൂ" എന്ന ശകുന്തളാവചസ്സിനേക്കാൾ ഉള്ളിൽ ആഞ്ഞുതറയ്ക്കത്തക്ക പരിഹാസമുനയുണ്ട്.

ഈ താരതമ്യചിന്ത നിർത്തി *ഋശ്യശൃംഗ*നിലേക്കുതന്നെ മടങ്ങാം. ഐഹികനിരാസത്തിലൂടെ ആത്മസാക്ഷാത്കാരം നേടാമെന്നു വ്യാമോഹിച്ച വിഭണ്ഡകൻ, വിജയം പൂണ്ട ജീവിതരതിയുടെ മുൻപിൽ അടി പണിയുന്നതാണ് നാമീ നാടകത്തിൽ കാണുന്നത്. വിരതിയിൽനിന്നു രതിയിലേക്കുള്ള പ്രയാണം നമുക്കിവിടെ നിരീക്ഷിക്കാം – *കുമാരസംഭവ*ത്തിലെപ്പോലെ എന്നുകൂടി, തെറ്റിദ്ധരിക്കാതിരിക്കാൻ, കൂട്ടിച്ചേർക്കട്ടെ. ഇത് വൈലോപ്പിള്ളിയുടെ സമഗ്രമായ ദർശനംതന്നെ. രതിക്കുവേണ്ടിയുള്ള രതിയല്ല, ലോകനന്മയ്ക്കുവേണ്ടിയുള്ള ജീവിതകാമനയാണത്. വിഷ്ണുനാരായണൻ നമ്പൂതിരി പ്രസ്താവിച്ചതുപോലെ, "വിരതിയിൽ സ്ഖലിക്കുന്ന രതി ആ കാവ്യപ്രപഞ്ചത്തിൽ എവിടെത്തപ്പിയാലും കൈയിൽത്തടയുന്ന ഒരമൂല്യ ഭാവബിന്ദുവാണ്. നിഷേധത്തിന്റെ പാരമ്യത്തിലുള്ള ഒരു സമന്വയം, അനുദ്വിഗ്നതയുടെ കേന്ദ്രത്തിലൊരു സർവാശ്ലേഷകത്വം, താനൊരു വെറും സൗന്ദര്യത്മകനെന്ന ക്ഷമാപണത്തിനു തൊട്ടുപിൻപേ 'മർത്ത്യരേ! യുഗം വെല്ലുവിളിപ്പൂ!' എന്ന ആഹ്വാനം! – അങ്ങനെ നോക്കിയാൽ, എല്ലാം അടക്കിയൊതുക്കിക്കൊണ്ട് ബോധപൂർവം സമഗ്രജീവിതാശ്രമത്തിലേക്കിറങ്ങിവരുന്ന മുനികുമാരനിൽ 'ഏകജീവിതാനശ്വരഗാന'ത്തിനു തയ്യാറെടുക്കുന്ന *കന്നിക്കൊയ്ത്തി*ലെ വൈലോപ്പിള്ളിയെയും കണ്ടെത്താം."



**ഉപസഹാരം**

വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയവക്രത എന്നിവ വർണ–പദകേന്ദ്രിതമായ അതിസൂക്ഷ്മചാരുതകളെ അനാവരണം ചെയ്തുകൊണ്ട് ആ പഴയ കാലത്തെന്നപോലെ വിവിധതലങ്ങളിലുള്ള സാഹിത്യകൃതികളുടെ ആസ്വാദന–വിമർശനങ്ങളെ സുശക്തമാക്കാൻ പോരുന്നവയാണ്. വാക്യകേന്ദ്രിതമായ ആസ്വാദന–വിമർശനങ്ങളെ പുഷ്ടിപ്പെടുത്താൻ ഏറെ ഉപകരിക്കുന്നവയാണ് കുന്തകന്റെ വാക്യവക്രതാവിചാരം. പ്രകരണവക്രത, പ്രബന്ധവക്രത എന്നിവയാകട്ടെ സമ്പൂർണകൃതികളെ ഭാഗികമായും സമഗ്രമായും സമീപിച്ചുകൊണ്ടുള്ള ആസ്വാദന–വിമർശനപഠനങ്ങൾക്ക് മാതൃകയാണ്. സംസ്കൃതത്തിൽ ആ വകുപ്പിൽപെടുന്ന പഠനങ്ങൾ വളരെ വളരെ ചുരുക്കമാണ്. ആകെക്കൂടിയുള്ളത് *ധ്വന്യാലോക*ത്തിലെ ചില ഭാഗങ്ങൾ മാത്രം. ആ നിലയ്ക്ക് *വക്രോക്തിജീവിത*ത്തിന് സുപ്രധാനമായൊരു സ്ഥാനമാണുള്ളത്. താരതമ്യാത്മകവിമർശനത്തിലേക്കും സാമൂഹ്യശാസ്ത്രാധിഷ്ഠിതവിമർശനത്തിലേക്കും കുന്തകന്റെ ആറാമത്തെയും ഏഴാമത്തെയും പ്രബന്ധവക്രതകളെന്ന് സൂക്ഷ്മമാലോചിച്ചാൽ വ്യക്തമാകും.

ഇപ്രകാരം രചനാശില്പചർച്ചയ്ക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളതെങ്കിലും ഉള്ളടക്കത്തിലെ ഗുണദോഷനിരൂപണത്തിലേക്കും കാര്യമായി വെളിച്ചം വീശുന്നവയാണ് കുന്തകന്റെ ഷട്പ്രകാരവക്രതാവിചാരമെന്ന് *വക്രോക്തിജീവിത*ത്തിന്റെ സമഗ്രപഠനം നമ്മെ ബോധ്യപ്പെടുത്തുന്നു. കുന്തകന്റെ അപൂർവത്വശോഭയോലുന്ന മാർഗ–ഗുണനിരൂപണമാകട്ടെ, ശൈലീവിജ്ഞാനീയവിമർശനത്തിന് ഏറ്റവും നല്ല ഉദാഹരണമാകുന്നു. മാർഗ–ഗുണസിദ്ധാന്തത്തെ അടിസ്ഥാനമാക്കി സാഹിത്യനിരൂപണം നടത്തണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതെങ്ങനെയെന്ന് അദ്ദേഹം ചുരുക്കത്തിൽ സൂചിപ്പിക്കുന്നുമുണ്ട്. മാതൃഗുപ്തൻ, മായുരാജൻ, മഞ്ജീരൻ തുടങ്ങിയവരുടെ കാവ്യങ്ങൾ സൗകുമാര്യവും വൈചിത്ര്യവും കലർന്ന് സൗന്ദര്യം ചിന്തുന്നവയാകുന്നു. അവരുടെ കൃതികളെ മധ്യമമാർഗദൃഷ്ടിയിലൂടെയാണ് നിരൂപണം ചെയ്യേണ്ടത്. സഹജസൗകുമാര്യസുഗങ്ങളാണ് കാളിദാസൻ, സർവസേനൻ തുടങ്ങിയവരുടെ കൃതികൾ. സുകുമാരമാർഗാനുയായിയായാണ് അവയുടെ ചർച്ച നിർവഹിക്കേണ്ടത്. വിചിത്രവക്രതാവിജൃംഭിതമാണ് മിക്കവാറും ബാണഭട്ടന്റെയും ഭവഭൂതിയുടെയും രാജശേഖരന്റെയും നാടകങ്ങളും. അവയുടെ നിരൂപണം വിചി

ത്രമാർഗാനുസാരിയായാണ് നടത്തേണ്ടത്. മലയാളത്തിൽ മധ്യമമാർഗ ത്തിന് ഇടശ്ശേരി, എൻ. വി. മുതലായവരുടെയും സുകുമാരമാർഗ ത്തിന് വള്ളത്തോൾ, ഓ. എൻ. വി. മുതലായവരുടെയും വിചിത്ര മാർഗത്തിന് കുമാരനാശാൻ, കടമ്മനിട്ട മുതലായവരുടെയും കവിത കൾ ഉദാഹരിക്കാവുന്നതാണ്.  ഗദ്യസാഹിത്യകൃതികളെയും ഇതു പോലെ തരം തിരിക്കാൻ കഴിയും. ശൈലീവിജ്ഞാനീയത്തെ ആസ്പ ദമാക്കിയുള്ള ശക്തിപ്പെടുത്തുന്നതിന് കുന്തകന്റെ ഈ മാർഗഗുണ നിരൂപണം വളരെയേറെ സഹായകരമാവും.

ആനിലയ്ക്ക് ജാതി–ജന്മി–നാടുവാഴിത്തത്തിന്റെ സന്തതിയെ ങ്കിലും സംസ്കൃതസാഹിത്യവിമർശനത്തിലെ മറ്റു ചില സിദ്ധാന്ത ങ്ങളെപ്പോലെ – പ്രത്യേകിച്ച് രസധ്വനിദർശനം – കുന്തകന്റെ വക്രോ ക്തിസിദ്ധാന്തം (മുൻപ് പലപ്പോഴും സൂചിപ്പിച്ചപോലെയും മഹിമഭ ട്ടൻ വ്യക്തമായി അഭിപ്രായപ്പെട്ടതുപോലെയും ധ്വനിസിദ്ധാന്തവും വക്രോക്തിസിദ്ധാന്തവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല.) പൂർണമായല്ലെങ്കിൽ ഭാഗികമായെങ്കിലും ഇന്നത്തെ സാഹിത്യവിമർശ നത്തിലും ഉപയോഗപ്പെടുത്താൻ കഴിയും. ഈ ഗ്രന്ഥത്തിൽത്തന്നെ കുമാരനാശാന്റെയും വള്ളത്തോളിന്റെയും വൈലോപ്പിള്ളിയുടയും ഇടശ്ശേരിയുടെയും കവിതകളിൽനിന്ന് വക്രോക്തിയുടെ വിവിധഘ ടകങ്ങൾക്ക് ഉദാഹരണമായുദ്ധരിച്ചതിൽനിന്ന് തെളിയുന്ന ഒരു വസ്തുത ആ സിദ്ധാന്തം ആധുനികകാലത്തും പ്രസക്തമാണെന്ന ല്ലാതെ മറ്റെന്താണ്? തീർച്ചയായും കുന്തകൻ അക്കാലത്ത് പറഞ്ഞ എല്ലാം ഇക്കാലത്ത് പ്രസക്തമാവില്ല. ചിലത് തികച്ചും പ്രസക്തമായി രിക്കും; പലതും ആംശികമായി പ്രസക്തമായിരിക്കും; ചിലത് പാടേ അപ്രസക്തമായെന്നുമിരിക്കും. അതതു സന്ദർഭങ്ങളിൽ ഇതേക്കുറിച്ച് ചില ചില സൂചനകൾ നൽകാൻ ശ്രമിച്ചിട്ടുണ്ട്. പറഞ്ഞുവരുന്നത് ഇത്രയേയുള്ളു: മലയാളസാഹിത്യവിമർശനത്തെ സമ്പുഷ്ടമാക്കുന്ന തിന് വക്രോക്തിസിദ്ധാന്തത്തിനും അപ്രധാനമല്ലാത്ത ഒരു പങ്കു വഹി ക്കാൻ കഴിയും. ആ വഴിക്കുള്ളൊരു എളിയ ശ്രമത്തിന്റ ഫലമാണീ പുസ്തകം.

★